# അത്ഭുതപ്രകാശത്തിലേക്ക്

**തപാൽമാർഗ്ഗം നടത്തുന്ന**
**സൗജന്യ ബൈബിൾ പഠന കോഴ്സ്**

By

**T. John Mathew**
Bible Study Centre, Mannuthy,
Thrissur - 680 651, Kerala

# ഉള്ളടക്കം

ആമുഖം ........ 3

**Lesson - I**

അദ്ധ്യായം 1 : ബൈബിൾ എന്ന ഗ്രന്ഥം ........ 5

അദ്ധ്യായം 2 : സൃഷ്ടിയും പാപവും ........ 12

**Lesson - II**

പാപ പരിഹാരം ........ 23

**Lesson - III**

നാം ക്രിസ്തുവിൽ ........ 36

**Lesson - IV**

കർത്താവിന്റെ രണ്ടു കല്പനകൾ ........ 55

**Lesson - V**

അനുസരിക്കാൻ കഴിയുന്നതെങ്ങനെ? ........ 79

**Lesson - VI**

ശിഷ്യത്വവും പ്രത്യാശയും ........ 116

# ആമുഖം

അസതോ മാ സദ്ഗമയ:
തമസോ മാ ജ്യോതിർഗമയ:
മൃത്യോർ മാ അമൃതംഗമയ

'അസത്തിൽനിന്ന് എന്നെ സത്തിലേക്ക്, തമസ്സിൽ നിന്ന് ജ്യോതിസ്സിലേക്ക്, അഥവാ മരണത്തിൽ നിന്നു മരണമില്ലായ്മ യിലേക്ക് (നിത്യ ജീവനിലേക്ക്) എന്നെ നയിക്കണമേ' എന്ന ഈ ഉപനിഷദ്പ്രാർത്ഥന [ബൃഹദാരണ്യകോപനിഷത്ത് 1:3:28] നാം പലപ്പോഴും കേട്ടിട്ടുണ്ട്. ജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ചും ലക്ഷ്യത്തെക്കുറിച്ചും ചിന്തിച്ച പ്രാചീന ഭാരതത്തിലെ ഋഷി മാരുടെ ഹൃദയാന്തർഭാഗത്തു നിന്നുയർന്ന പ്രാർത്ഥനയാണിത്. ഏതൊരു മനുഷ്യന്റെയും ഉള്ളിന്റെ ഉള്ളിൽ യഥാർത്ഥ സത്യം കണ്ടെത്തുവാനും അജ്ഞാനാന്ധകാരത്തിൽ നിന്ന് ജ്ഞാന ത്തിന്റെ ദിവ്യപ്രകാശത്തിലേക്കു കടന്നു വരുവാനുമുള്ള ഉൽ ക്കടമായ ആഗ്രഹമുണ്ട്. ആ ആഗ്രഹം സഫലീകരിക്കുന്നതിനു വേണ്ടി മനുഷ്യർ തങ്ങളുടെ ബുദ്ധിയുപയോഗിച്ചു നടത്തിയി ട്ടുള്ള പരിശ്രമങ്ങളുടെ ഫലമായി നിരവധി തത്വശാസ്ത്രങ്ങളും മതങ്ങളും രൂപം കൊണ്ടിട്ടുമുണ്ട്. എന്നാൽ അവ ഒന്നും തന്നെ മേലുദ്ധരിച്ച പ്രാർത്ഥയ്ക്ക് സർവ്വശക്തനും സർവ്വജ്ഞാനിയുമായ ദൈവം നൽകുന്ന മറുപടിയായി ഇരുന്നിട്ടില്ല. അതിനു മറുപടി യായി ഇരിക്കുന്ന ഒരു ഗ്രന്ഥം ലോകത്തിലുണ്ട്; അതിൽ "ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു" (യോഹന്നാൻ 14:6) എന്നും "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു; എന്നെ അനു ഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും" (യോഹന്നാൻ 8:12) എന്നും ഒരാൾ പ്രസ്താവിച്ചിരിക്കുന്ന തായി നാം കാണുന്നു. അത്ഭുതകരമായ നിരവധി സവിശേഷതക ളുള്ള ഈ മഹത്ഗ്രന്ഥം ആർ മുഖാന്തരം എഴുതപ്പെട്ടു, അതിൽ

പറഞ്ഞിരിക്കുന്നതെല്ലാം സത്യമാണോ, ആണെന്നതിനു വല്ല തെളിവുമുണ്ടോ, അതിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങളെന്തൊക്കെയാണ്, ഇത്യാദികാര്യങ്ങൾ ഏതൊരാളും മനസ്സിലാക്കാൻ ശ്രമിക്കേണ്ടതാണ്. ആ പരിശ്രമം നടത്തുന്ന ഒരാളിനെ സംബന്ധിച്ചിടത്തോളം വളരെ പ്രയോജനകരമായി അനുഭവപ്പെടുന്ന ഒരു പഠനപദ്ധതിയാണ് **"അത്ഭുത പ്രകാശത്തിലേക്ക്"** എന്ന ഈ വേദപഠന കോഴ്സ്. പുരാതനകാലത്തു ജീവിച്ചിരുന്ന ചിന്തകൻമാർ കണ്ടെത്തുവാനാഗ്രഹിച്ച ദിവ്യജ്ഞാനത്തിന്റെയും ദൈവികജീവന്റെയും അത്ഭുതപ്രകാശം ദൈവവചനമായ ബൈബിൾ പഠിക്കുമ്പോഴാണ് നമുക്കു ദൃഷ്ടിഗോചരമായിത്തീരുന്നത്. ഈ അഖിലാണ്ഡത്തെക്കുറിച്ചും വർത്തമാനകാലത്തെക്കുറിച്ചുമുള്ള യഥാർത്ഥ വസ്തുതകൾ മനസ്സിലാക്കുന്നതിനും അവയുടെ വെളിച്ചത്തിൽ ജീവിതം ക്രമീകരിക്കുന്നതിനും 1984 മുതൽ നടത്തിക്കൊണ്ടിരിക്കുന്ന ഈ വേദപഠനകോഴ്സ് പലരെയും സഹായിച്ചിട്ടുണ്ട്.

മണ്ണുത്തി
12/10/2014

**റ്റി. ജോൺ മാത്യു**

ആറു പാഠങ്ങളുടെയും ഒടുവിൽ തന്നിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഴുതി തപാൽ മാർഗ്ഗം അയച്ചു തന്ന്, 50 ശതമാനമോ അതിലധികമോ മാർക്ക് കരസ്ഥമാക്കുന്നവർക്ക് മെറിറ്റ് സർട്ടിഫിക്കറ്റും, സമ്പൂർണ്ണ ബൈബിളും അയച്ചു തരുന്നതാണ്.

BIBLE STUDY CENTRE
P.B. 14, P.O. MANNUTHY
THRISSUR, KERALA - 680 651, INDIA.
Ph: 0487 - 2371573 / (O) 8547371573

# അത്ഭുത പ്രകാശത്തിലേക്ക്

## Lesson - I

### അദ്ധ്യായം 1

## ബൈബിൾ എന്ന ഗ്രന്ഥം
## ബൈബിൾ ഒറ്റനോട്ടത്തിൽ

ഏറ്റവും അധികം പ്രചാരത്തിലിരിക്കുന്നതും ഏറ്റവും അധികം ആളുകളാൽ വായിക്കപ്പെട്ടുകൊണ്ടിരിക്കുന്നതും ഏറ്റവും പുരാതനവുമായ ഗ്രന്ഥമാണ് ബൈബിൾ. 66 പുസ്തകങ്ങൾ ഇതിൽ ഉൾക്കൊണ്ടിരിക്കുന്നു. പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടു ഭാഗങ്ങളായി ഇതു വിഭജിക്കപ്പെട്ടിരിക്കുന്നു. പഴയ നിയമത്തിൽ 39 ഉം പുതിയ നിയമത്തിൽ 27 ഉം പുസ്തകങ്ങളാണുള്ളത്. പഴയ നിയമത്തിലെ ആദ്യത്തെ പുസ്തകമായ ഉൽപത്തിയിൽ ഭൂമിയും ആകാശവും മറ്റും ദൈവം സൃഷ്ടിച്ചതിനുശേഷം ഭൂമിയിൽ ജീവജാലങ്ങളെയും മനുഷ്യനെയും സൃഷ്ടിച്ചതിനെപ്പറ്റി പറഞ്ഞിരിക്കുന്നു. മനുഷ്യൻ അകപ്പെട്ടു പോകാനിടയായ വലിയ അപകടത്തെപ്പറ്റി (പാപത്തിനടിമയായിത്തീർന്നതിനെപ്പറ്റി) ഉല്പത്തി 3-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നു. പുതിയ നിയമത്തിന്റെ ഒടുവിലത്തെ വെളിപ്പാടു പുസ്തകത്തിൽ പാപവും അതിന്റെ ഫലമായ ശാപവും മരണവും എന്നെന്നേക്കുമായി തുടച്ചു നീക്കപ്പെടുന്നതും പാപമോചനം ലഭിച്ചിട്ടില്ലാത്തവർ നിത്യ ശിക്ഷാവിധിക്കിരയാകുന്നതും പുതിയ ആകാശവും ഭൂമിയും സ്ഥാപിതമാകുന്ന കാര്യവും വിവരിച്ചിരിക്കുന്നു. (വെളിപ്പാട് 1-ാം അദ്ധ്യായം നോക്കുക)

ഉല്പത്തി മുതൽ വെളിപ്പാടു വരെയുള്ള പുസ്തകങ്ങൾ 1600 വർഷങ്ങൾകൊണ്ട് 40-ൽ അധികം ഗ്രന്ഥകാരന്മാരാൽ എഴുതപ്പെട്ടതാണ്. ചില പുസ്തകങ്ങളുടെ എഴുത്തുകാർ ആരെന്ന് സംശയാതീതമായി തെളിയിക്കപ്പെട്ടിട്ടില്ല. എന്നാൽ അവർ അജ്ഞാതരായിരിക്കുന്നെങ്കിലും ദൈവനിയോഗത്താലാണ് എഴുതിയതെന്ന് അവരുടെ എഴുത്തുകളും, ആ എഴുത്തുകളെക്കുറിച്ച് പിൽക്കാലത്തെ എഴുത്തുകാരും പ്രവാചകൻമാരും പറഞ്ഞിട്ടുള്ള സാക്ഷ്യങ്ങളും തെളിയിക്കുന്നുണ്ട്. (800-ലധികം പഴയനിയമ വേദഭാഗങ്ങൾ പുതിയ നിയമത്തിൽ പ്രത്യേകമായി എടുത്തു പരാമർശിച്ചിട്ടുണ്ട്. പുതിയനിയമത്തിന്റെ എഴുത്തുകാർ പഴയ നിയമം മുഴുവനും ദൈവവചനമായി അംഗീകരിച്ചിരിക്കുന്നു എന്നതിന്റെ തെളിവാണിത്).

B.C 1500 മുതൽ A.D 100 വരെയുള്ള കാലയളവിൽ വിവിധ രാജ്യങ്ങളിൽ വിവിധ ഭാഷക്കാരായി ജീവിച്ചിരുന്നവരും പരസ്പരം അറിഞ്ഞിട്ടില്ലാത്തവരുമായ ഈ ഗ്രന്ഥകാരൻമാരെല്ലാവരും ഒരേ വിഷയത്തെപ്പറ്റിയാണെഴുതിയിരിക്കുന്നത്. എല്ലാവരുടെയും എഴുത്തുകൾ ഒരുമിച്ചു ചേർത്തു നോക്കുമ്പോഴാണ് ഈ പുസ്തകത്തിന്റെ വിവിധ ഭാഗങ്ങൾ തമ്മിലുള്ള സമ്പൂർണ്ണമായ യോജിപ്പു മനസ്സിലാകുന്നത്. ഒറ്റ വാചകത്തിൽ ചുരുക്കി പറഞ്ഞാൽ മനുഷ്യരാശിയും ദൈവവുമായുള്ള ബന്ധത്തിന്റെ വിവരണമാണ് ഈ പുസ്തകം. ദൈവം എങ്ങനെ മനുഷ്യനെ സൃഷ്ടിച്ചുവെന്നും എത്രത്തോളം അവനെ സ്നേഹിച്ചു എന്നും പാപം എന്ന ഭീകരമായ അടിമത്തത്തിന് മനുഷ്യമനസ്സു വിധേയപ്പെട്ടതെങ്ങനെയാണെന്നും പാപത്തിന്റെ ഫലമായ നിത്യശിക്ഷാവിധിയിൽനിന്ന് അവനെ മോചിപ്പിക്കുവാൻ ദൈവം ഒരുക്കിയ മാർഗ്ഗമെന്താണെന്നും അതു വിവരിക്കുന്നു. ആ മാർഗ്ഗമുപയോഗിച്ച് സാത്താന്റെ അടിമത്തത്തിൽ നിന്ന് അവനെ വിടുവിച്ചു രക്ഷിക്കുന്നതിനുവേണ്ടിയുള്ള വിമോചനസമരം ദൈവം തന്നെ ആരംഭിച്ചു വിജയകരമായ പരിസമാപ്തിയിലെത്തിക്കുന്ന ഈ അഖിലാണ്ഡത്തിലെ ഏറ്റവും വലിയ സംഭവമാണ് ഈ

പുസ്തകം പ്രതിപാദിക്കുന്നത്. മനുഷ്യന്റെ പാപം മൂലം ഭൂമി ശാപത്തിനു വിധേയമായി; ഉപദ്രവം ചെയ്യുന്ന മുൾച്ചെടികളും രോഗം ഉളവാക്കുന്ന അണുക്കളും അതിലുണ്ടായി; മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പ് ദൈവത്തിന്റെ പ്ലാനും പദ്ധതിയും അനുസരിച്ചു പൂർത്തീകരിക്കപ്പെട്ടു കഴിയുമ്പോൾ പാപമോചനം പ്രാപിച്ചിട്ടില്ലാത്തവർ നിത്യനരകത്തിലേക്കു തള്ളപ്പെടുകയും ഇപ്പോഴത്തെ ഭൂമി അഗ്നിയാലുള്ള ശുദ്ധീകരണത്തിനു വിധേയമാക്കപ്പെടുകയും അതിനെത്തുടർന്ന് പാപത്തിന്റെ ഫലമായ യാതൊരു ശാപവും അനീതിയും ദുഃഖവും ഇല്ലാത്ത, നീതി വസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കപ്പെടുകയും ചെയ്യും; ദൈവം ഒരുക്കിയ പാപപരിഹാരം സ്വീകരിച്ച സകലരും നിത്യജീവനുള്ള ദൈവമക്കളായി ദൈവത്തോടുകൂടെ എന്നെന്നേക്കും വസിക്കും. ഇപ്രകാരം മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി ദൈവം ഒരുക്കി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വലിയ പദ്ധതിയാണ് ബൈബിളിന്റെ ഉള്ളടക്കം.

## ഗ്രന്ഥ കർത്താവ്

ബൈബിൾ എഴുതപ്പെട്ടത് മാനുഷിക കരങ്ങളാലാണെങ്കിലും അതു മനുഷ്യൻ രചിച്ച ഗ്രന്ഥമല്ല. ഇതിന്റെ പഴയ നിയമത്തിൽ 2000-ത്തിലധികം പ്രാവശ്യം ദൈവം (യഹോവ) ഇപ്രകാരം അരുളിച്ചെയ്തു എന്നു പറഞ്ഞുകൊണ്ട് ഗ്രന്ഥകർത്താവ് തന്റെ എഴുത്ത് ആരംഭിക്കുകയും തുടരുകയും ചെയ്തിരിക്കുന്നതായി കാണാൻ കഴിയും. പുതിയനിയമം യേശുക്രിസ്തുവിന്റെ കല്പനപ്രകാരം തന്റെ ശിഷ്യന്മാർ എഴുതിയതാണെന്ന് മത്തായി 28:20 ൽ നിന്നു നമുക്ക് മനസ്സിലാക്കാൻ സാധിക്കും. യേശുക്രിസ്തു കല്പിച്ചതൊക്കെയും തന്നിൽ വിശ്വസിക്കുന്ന എല്ലാവരെയും പഠിപ്പിക്കുവാൻ വേണ്ടിയായിരുന്നു ശിഷ്യന്മാർ സുവിശേഷങ്ങളും ലേഖനങ്ങളും എഴുതിയത്. ഒടുവിലത്തെ പുസ്തകമായ യോഹന്നാന്നുണ്ടായ വെളിപ്പാട് 1-ാം അദ്ധ്യായം ആരംഭവാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ദൈവം തന്റെ

ദാസൻമാർക്ക്, ഭാവിയിൽ സംഭവിക്കാനുള്ളത് യോഹന്നാൻ മുഖാന്തരം വെളിപ്പെടുത്തിക്കൊടുത്തു എന്നാണ്. ചുരുക്കത്തിൽ പഴയ നിയമവും പുതിയ നിയമവും അടങ്ങിയ ബൈബിൾ ദൈവ ത്തിന്റെ വചനം തന്നെയാണെന്നുള്ള അവകാശവാദം ഈ പുസ്തകത്തിൽ അങ്ങോളമിങ്ങോളം നാം കാണുന്നുണ്ട്. ഈ അവകാശവാദം സത്യം തന്നെയാണോ എന്നു പരിശോധിച്ചു മനസ്സിലാക്കുവാൻ നമുക്ക് സാധ്യമാണ്. ഒന്നുകിൽ ഈ അവ കാശവാദം ശരിയും ബൈബിൾ ദൈവവചനം തന്നെയുമാണ്; അല്ലെങ്കിൽ ഇത് മനുഷ്യനിർമ്മിതമായ ഒരു ഗ്രന്ഥമാണ്; അതു മല്ലെങ്കിൽ ഇതു പിശാചിനാൽ രചിക്കപ്പെട്ട ഗ്രന്ഥമാണ്. ഇതിൽ ഏതാണ് ശരിയെന്ന് പരിശോധിച്ചു നോക്കാം. മനുഷ്യനാൽ ആണ് ഇതു രചിക്കപ്പെട്ടതെങ്കിൽ ദൈവം ഇപ്രകാരം അരുളിച്ചെയ്തു എന്ന് ഇതിന്റെ ഗ്രന്ഥകാരൻമാർ രേഖപ്പെടുത്തിയിരിക്കുന്നത് വ്യാജമാണ്. അതിനാൽ വ്യാജം പറയുന്നവരും തിന്മ ഇഷ്ട പ്പെടുന്നവരുമാണ് ഇത് എഴുതിയതെന്നു പറയേണ്ടിവരും. ഭോഷ്ക്കു പറകയും വിശ്വസിക്കയും ചെയ്യുന്നവർക്കും തിന്മ ചെയ്യുന്നവർക്കും ഉണ്ടാകാൻ പോകുന്ന ശിക്ഷാവിധിയെക്കുറിച്ചു (വെളിപ്പാട് 21 : 8) മുന്നറിയിപ്പു നൽകുന്ന ഈ ഗ്രന്ഥം വ്യാജം ഇഷ്ടപ്പെടുന്നവരാണ് എഴുതിയതെന്നു വിചാരിക്കുന്നത് ന്യായ മാണോ? അങ്ങനെ പറയുവാൻ യുക്തിബോധം നമ്മെ അനുവദി ക്കുന്നില്ല. മാത്രമല്ല ഇതിന്റെ എഴുത്തുകാർ രേഖപ്പെടുത്തിയത് അവർ ജീവിച്ചിരുന്ന കാലത്തു നിലവിലിരുന്ന മാനുഷിക ജ്ഞാന ത്തിനതീതമായ സംഗതികളായിരുന്നു; ഉദാഹരണത്തിന്, ഉല്പത്തി പുസ്തകം 3-ാം അദ്ധ്യായം 15-ാം വാക്യത്തിൽ മനുഷ്യ വർഗ്ഗത്തെ പാപത്തിലകപ്പെടുത്തിയ സാത്താനെ തകർത്ത് അവന്റെ മേൽ വിജയം വരിക്കുന്ന ആളിനെക്കുറിച്ച് സ്ത്രീയുടെ (അവളുടെ) സന്തതിയെന്നു പറഞ്ഞിരിക്കുന്നു. ഈ പുസ്തക ത്തിൽ അനേകമാളുകളുടെ ജനനത്തെക്കുറിച്ചു പറയുന്നുണ്ട്; അവിടെയെല്ലാം ജനിച്ചയാളിനെക്കുറിച്ച് പുരുഷന്റെ സന്തതി എന്നാണു പറഞ്ഞിരിക്കുന്നത്. ആദം ശേത്തിനെ ജനിപ്പിച്ചു,

ശേത്ത് എനോശിനെ ജനിപ്പിച്ചു, എനോശ് കേനാനെ ജനിപ്പിച്ചു എന്നിങ്ങനെ അനേകമാളുകളുടെ ജനനത്തെക്കുറിച്ച് പറഞ്ഞിരിക്കുന്ന ഉല്പത്തി 5-ാം അധ്യായത്തിലും അതു പോലെ വംശാവലി രേഖപ്പെടുത്തിയിട്ടുള്ള എല്ലാ ഭാഗങ്ങളിലും ജനിച്ചിരിക്കുന്ന ആളിനെ പുരുഷന്റെ സന്തതിയായിട്ടാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ജനിച്ചതു സ്ത്രീയിൽ നിന്നാണെങ്കിലും ഇവരെ ആരെയും സ്ത്രീസന്തതിയെന്നു വിശേഷിപ്പിച്ചിട്ടില്ല. എന്നാൽ ഈ പതിവിനു വിരോധമായി പിശാചിന്റെ തല തകർത്തു മനുഷ്യവർഗ്ഗത്തിനു രക്ഷ നൽകാൻ പോകുന്ന ആളിനെക്കുറിച്ചു പറയുമ്പോൾ സ്ത്രീയുടെ സന്തതി എന്ന പദപ്രയോഗമാണ് എഴുത്തുകാരൻ ഉപയോഗിച്ചിരിക്കുന്നത്. അയാളുടെ സ്വന്തബുദ്ധി ഉപയോഗിച്ചു ചെയ്തിരിക്കുന്ന കാര്യമല്ല ഇതെന്ന് വ്യക്തമാണ്. സ്ത്രീയുടെ മാത്രം സന്തതിയായി ഒരു മനുഷ്യൻ ജനിക്കുന്ന കാര്യം അയാളുടെ ജ്ഞാനത്തിനപ്പുറമായ സംഗതിയായിരുന്നു; പക്ഷേ അയാൾ അങ്ങനെ എഴുതി. ഉൽപത്തി പുസ്തകം ഉൾപ്പെടെയുള്ള പഴയ നിയമത്തിന്റെ ആദ്യത്തെ 5 പുസ്തകങ്ങൾ ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന് ഏതാണ്ട് 1500 വർഷങ്ങൾക്കു മുമ്പ് ദൈവ നിയോഗപ്രകാരം മോശെ എഴുതിയെന്ന സൂചനയാണ് വചനത്തിൽ കാണുന്നത്. എഴുതിയ വ്യക്തി ആരായിരുന്നാലും അയാൾക്കുണ്ടായിരുന്ന സാധാരണ മനുഷ്യന്റെ ജ്ഞാനം അനുസരിച്ചല്ല സ്ത്രീയുടെ സന്തതി പിശാചിന്റെ തലതകർക്കും എന്നെഴുതിയത്. അയാളുടെ സ്വന്തബുദ്ധി അനുസരിച്ച് എഴുതിയതായിരുന്നെങ്കിൽ പുരുഷന്റെ സന്തതിയെന്നേ രേഖപ്പെടുത്തുമായിരുന്നുള്ളു, ബി. സി. 750 നോടടുത്തു ജീവിച്ചിരുന്ന യെശയ്യാവ് “കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും, അവനു ഇമ്മാനുവേൽ (ദൈവം നമ്മോടുകൂടെ) എന്നു പേർ വിളിക്കും” (യെശയ്യാവ് 7:14) എന്നു പ്രവചിച്ചു. സ്വന്ത ബുദ്ധിയനുസരിച്ചു പ്രവചനം എഴുതുകയായിരുന്നെങ്കിൽ ഒരിക്കലും അദ്ദേഹം ഇങ്ങനെ എഴുതുമായിരുന്നില്ല; മറ്റുള്ളവർ തന്നെ ഭ്രാന്തനെന്നു വിളിക്കാനിടവരുത്തുന്ന ഈ പ്രവചനം അദ്ദേഹം നടത്തിയത്

മാനുഷിക ജ്ഞാനത്തിനപ്പുറമായ ജ്ഞാനമുള്ള ഒരാളുടെ പ്രേരണ നിമിത്തം തന്നെയാണ്. മോശെയുടേയും യെശയ്യാവിന്റെയും പ്രവചനങ്ങളുടെ അർത്ഥം യേശുക്രിസ്തുവിന്റെ ജനനവും പാപപരിഹാരാർത്ഥമുള്ള തന്റെ മരണവും ഉയിർത്തെഴുനേൽപ്പും നടന്നു കഴിഞ്ഞപ്പോൾ മാത്രമാണ് ലോകത്തിനു മനസ്സിലാകാൻ തുടങ്ങിയത്. പഴയനിയമത്തിലുള്ള പല പ്രവചനങ്ങളും ഇത്തരത്തിലുള്ളവയാണ്. മനുഷ്യവർഗ്ഗത്തെ പാപത്തിന്റെ ശിക്ഷയിൽ നിന്നു വിടുവിക്കുന്ന രക്ഷകൻ മരണം സഹിക്കുന്നതായും ദീർഘായുസ്സു പ്രാപിക്കുന്നതായും ഒരേ വാക്യത്തിൽ തന്നെ (യെശയ്യാവ് 53:10) പറഞ്ഞിരിക്കുന്നു, പ്രത്യക്ഷത്തിൽ പരസ്പരവിരുദ്ധവും യുക്തിഹീനവുമായ ഈ ആശയത്തിന്റെ രഹസ്യം 750 വർഷങ്ങൾക്കുശേഷം യേശുക്രിസ്തവിന്റെ മരണവും പുനരുത്ഥാനവും നടന്നുകഴിഞ്ഞപ്പോഴാണ് വെളിപ്പെടുത്തപ്പെട്ടത്. ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നത് ബൈബിൾ, സ്വന്തബുദ്ധിയുപയോഗിച്ചു മനുഷ്യർ രചിച്ച ഗ്രന്ഥമല്ല എന്നുള്ളതാണ്.

അങ്ങനെയെങ്കിൽ ഇതിന്റെ രചയിതാവ് ആരാണ്? ഒന്നുകിൽ ദൈവം അല്ലെങ്കിൽ പിശാച്: അതല്ലാതെ മറ്റൊരു സാദ്ധ്യതയില്ല. പിശാച് മനുഷ്യവർഗ്ഗത്തെ വഞ്ചിച്ചു പാപത്തിലകപ്പെടുത്തിയ കാര്യവും പാപത്തിന്റെ അടിമത്തത്തിൽനിന്ന് മനുഷ്യനെ രക്ഷിക്കുവാൻ ദൈവം ഒരുക്കിയ പദ്ധതിയും പിശാച് നിത്യ നരകാഗ്നിയിലേക്കു തള്ളപ്പെടാൻ പോകുന്നതും വിവരിച്ചിരിക്കുന്ന ഈ ഗ്രന്ഥം പിശാചു തന്നെ എഴുതി എന്നു വിചാരിക്കുന്നത് യുക്തിപൂർവ്വമല്ല. അതിനാൽ മൂന്നാമത്തെ സാധ്യത - ദൈവം തന്നെയാണ് ഇതിന്റെ യഥാർത്ഥ എഴുത്തുകാരൻ - എന്നതാണ് സത്യമെന്ന നിഗമനത്തിൽ നാം എത്തിച്ചേരുന്നു. പാപത്തോടുള്ള വെറുപ്പ്, അതിന്റെ ശിക്ഷാവിധി, പാപപരിഹാരത്തിനുള്ള മാർഗ്ഗം മനുഷ്യനു നൽകിയിരിക്കുന്നതിലൂടെ അവനോടു പ്രദർശിപ്പിച്ചിരിക്കുന്ന സ്നേഹം, നീതിയുടെയും സത്യത്തിന്റേയും വിശുദ്ധിയുടെയും പ്രാധാന്യം മുതലായ വിഷയങ്ങളാണ് ഈ ഗ്രന്ഥത്തിൽ

പ്രതിപാദിച്ചിരിക്കുന്നത്. അതിനാൽ ഇതിന്റെ എഴുത്തുകാരൻ നീതി, സത്യം, വിശുദ്ധി ഇവ ഇഷ്ടപ്പെടുന്നവനും പാപത്തെ വെറുക്കുന്നവനും മനുഷ്യനെ സ്നേഹിക്കുന്നവനും മാനുഷ ജ്ഞാനത്തിനതീതമായ ദിവ്യജ്ഞാനമുള്ളവനുമാണെന്നു തെളിയുന്നു. ഇപ്രകാരമുള്ള ആൾ ദൈവമല്ലാതെ മറ്റാരാണ്? യഹോവ ഇപ്രകാരം അരുളിചെയ്യുന്നു എന്ന് 2000-ത്തിലധികം തവണ ഈ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതു പരിപൂർണ്ണമായും സത്യമാണ്. വിവിധ കാലങ്ങളിൽ വിവിധ സ്ഥലങ്ങളിൽ ജീവിച്ചിരുന്ന തന്റെ ദാസൻമാരായ പ്രവാചകൻമാരോടു ദൈവം കല്പിച്ചതനുസരിച്ച് എഴുതപ്പെട്ടതും തന്റെ പരിശുദ്ധാത്മാവിനാൽ പിൽക്കാലത്ത് ഒന്നിച്ചു കൂട്ടിച്ചേർക്കപ്പെടുകയും ചെയ്ത ഗ്രന്ഥമാണിത്. “എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ” എന്ന് 2 തിമോഥെയോസ് 3:16 ൽ പറഞ്ഞിരിക്കുന്നതും “പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ” എന്ന് 2 പത്രോസ് 1 : 21-ൽ പറഞ്ഞിരിക്കുന്നതും പൂർണ്ണമായും സത്യം ആണെന്നതിനു ധാരാളം തെളിവുകൾ ഈ ഗ്രന്ഥം കൂടുതൽ പഠിക്കുമ്പോൾ ലഭിക്കുന്നതാണ്.

## അദ്ധ്യായം 2

# സൃഷ്ടിയും പാപവും

### അഖിലാണ്ഡവും മനുഷ്യനും

ഉല്പത്തി പുസ്തകം 1-ാം അദ്ധ്യായം ആദ്യവാക്യം "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" എന്നാണ്. ആകാശം എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് ഭൂമിയുടെ ഉപരിതലത്തിലുള്ള വായുമണ്ഡലവും അതിനപ്പുറത്തുള്ള ബഹിരാകാശവുമാണ്. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം ആകാശത്തിൽ ഉൾക്കൊണ്ടിരിക്കുന്നു. ഇവയെല്ലാം ആദിയിൽ ദൈവം എങ്ങനെ സൃഷ്ടിച്ചു എന്നതു വിശദീകരിച്ചിട്ടില്ല. വിശദീകരിച്ചിരുന്നെങ്കിൽ ലോകത്തിലെ ഏറ്റവും വലിയ ശാസ്ത്രജ്ഞന്മാർക്കുപോലും അതു വായിച്ചു മനസ്സിലാക്കുവാൻ കഴിയുമായിരുന്നില്ല. ദൈവവും മനുഷ്യനുമായുള്ള ബന്ധത്തെക്കുറിച്ചുള്ള സുപ്രധാന സത്യങ്ങൾ എല്ലാ മനുഷ്യരും മനസ്സിലാക്കേണ്ടതാണ്; അവ ഏതൊരു മനുഷ്യനും പ്രയാസം കൂടാതെ മനസ്സിലാക്കാൻ സാധിക്കുന്ന വിധത്തിൽ രേഖപ്പെടുത്തുക എന്നതു മാത്രമാണ് ദൈവാത്മാവ് ദൈവവചനം മുഖാന്തരം ചെയ്തിരിക്കുന്നത്. അതിനാലാണ് ബൈബിൾ വെളിപ്പെടുത്തുന്ന സത്യങ്ങൾ ശാസ്ത്രതത്ത്വങ്ങളുടെ വിശദീകരണമായിരിക്കുന്നില്ലെങ്കിലും ശരിയായ ശാസ്ത്രസത്യങ്ങൾക്കനുസൃതമായിത്തന്നെ കാണപ്പെടുന്നത്. ഈ അഖിലാണ്ഡത്തിന്റെ സൃഷ്ടിയെക്കുറിച്ച് വിദ്യാഭ്യാസമുള്ളവനായാലും ഇല്ലാത്തവനായാലും മനസ്സിലാക്കേണ്ട സത്യം അതിൽ അവൻ കാണുന്ന സകലവും ദൈവം സൃഷ്ടിച്ചിട്ടുള്ളതാണെന്നാണ്. അവയോരോന്നും സൃഷ്ടിച്ചിട്ട് എത്ര കാലമായി എന്നു കൃത്യമായി മനസ്സിലാക്കാൻ വചനത്തിൽ

സൂചനയില്ല. ആദിയിൽ എന്നു പറഞ്ഞാൽ എത്ര കോടി വർഷങ്ങൾക്കുമുൻപു വേണമെങ്കിലും ആകാം; വളരെ ചുരുങ്ങിയ ഒരു കാലഘട്ടത്തിനു മുമ്പു വേണമെങ്കിലും ആകാം; കൃത്യമായി ദൈവം അതു വെളിപ്പെടുത്തിയിട്ടില്ല.

ആകാശവും അതിലെ എണ്ണമറ്റ പ്രകാശഗോളങ്ങളും സൃഷ്ടിച്ച ദൈവം അവയുടെ വെളിച്ചം ഭൂമിയുടെ ഉപരിതലത്തിലെത്തുവാൻ ഇടയാക്കുകയും പകലും രാവും തമ്മിൽ വേർപിരിക്കയും ചെയ്തതായി വചനത്തിൽ പറഞ്ഞിരിക്കുന്നു (ഉല്പത്തി 1: 14-18). സസ്യലതാദികൾ ഭൂമിയിൽ മുളച്ചുവരട്ടെയെന്നു ദൈവം കല്പിച്ചപ്പോൾ അങ്ങനെ സംഭവിച്ചു (ഉല്പത്തി 1:11-12). അതിനുശേഷം ജലജന്തുക്കളെയും പറവജാതിയെയും ദൈവം സൃഷ്ടിച്ചു. അതുകഴിഞ്ഞിട്ടാണ് ഭൂമിയിലെ വിവിധ ജന്തുക്കളെ സൃഷ്ടിച്ചത്; ഇവയെ എല്ലാം ഉണ്ടാക്കിയതിനുശേഷം ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു (ഉല്പത്തി 1:27). 'ദൈവം ആത്മാകുന്നു' (യോഹന്നാൻ 4:24) എന്നാണ് വചനം വെളിപ്പെടുത്തിയിരിക്കുന്നത്; ആത്മാവായ ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചു എന്നു പറഞ്ഞാൽ ആത്മികഗുണങ്ങളിലും കഴിവുകളിലും ദൈവത്തോടു സാദൃശ്യമുള്ളവനായി മനുഷ്യനെ സൃഷ്ടിച്ചു എന്നാണ് മനസ്സിലാക്കേണ്ടത്. ആത്മാവായ ദൈവം ശരീരരൂപത്തോടുകൂടി മനുഷ്യർക്കു പ്രത്യക്ഷപ്പെട്ടിട്ടുള്ളപ്പോൾ മനുഷ്യരൂപത്തിലാണ് പ്രത്യക്ഷപ്പെട്ടിട്ടുള്ളത് എന്ന കാര്യവും ഇതോടുള്ള ബന്ധത്തിൽ ഓർക്കേണ്ടതാണ് (ഉല്പത്തി 18:1-2 വാക്യങ്ങൾ വായിക്കുക). ജ്ഞാനം, വിവേകം, ബുദ്ധി, ഇച്ഛാശക്തി, ചിന്തിച്ചു തീരുമാനം എടുക്കാനുള്ള കഴിവ്, മനസ്സിന്റെ ആഗ്രഹം അനുസരിച്ചു ശരീരത്തെ നിയന്ത്രിക്കാനുള്ള കഴിവ് ഇവയൊക്കെ മനുഷ്യനുണ്ട്. അവ ദൈവാത്മാവിന്റെ ഗുണങ്ങളുടെയും, കഴിവുകളുടെയും സാദൃശ്യങ്ങളാണ്. ഈ വിശേഷതകളോടുകൂടി സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ശരീരം ഭൂമിയിലെ

മണ്ണുപയോഗിച്ചാണ് ദൈവം നിർമ്മിച്ചത് എന്ന് ഉല്പത്തി 2:7-ൽ പറഞ്ഞിരിക്കുന്നു. നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചു അവനിലേക്കു ജീവശ്വാസം ഊതി എന്ന് അവിടെ പറഞ്ഞിരിക്കുന്നതിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്നത്, മനുഷ്യശരീരത്തിൽ കാണുന്ന സകല ഘടകവസ്തുക്കളും മണ്ണിലുള്ളവയാണെന്നാണ്. ഏതുപ്രകാരം ആ ഘടകവസ്തുക്കൾ മണ്ണിൽനിന്ന് എടുത്തു കൂട്ടിയോജിപ്പിച്ചു എന്ന് വചനത്തിൽ വിശദീകരിച്ചിട്ടില്ല. എന്നാൽ അവയെല്ലാം മണ്ണിൽ നിന്നാണ് എടുത്തത് എന്നു വ്യക്തമാക്കിയിരിക്കുന്നു; ശരീരം നശിക്കുമ്പോൾ അതു മണ്ണായി രൂപാന്തരപ്പെടുന്നത്, വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ഈ വസ്തുത തികച്ചും സത്യമാണെന്നു തെളിയിക്കുകയും ചെയ്യുന്നു.

ആദിമനുഷ്യനായ ആദാമിന്റെ വാരിയെല്ലുകളിലൊന്നെടുത്ത് അതിനെ ഒരു സ്ത്രീയാക്കിത്തീർക്കുകയും അവളെ അവനു ഭാര്യയായി നൽകുകയും ചെയ്തു എന്ന് ഉൽപ്പത്തി 2-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നു. ഇവിടെയും ദൈവം നടത്തിയ സൃഷ്ടികർമ്മത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കിയിട്ടില്ല. ഉൽപ്പത്തി പുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത് ദൈവം എന്തൊക്കെ എന്തിൽ നിന്നു സൃഷ്ടിച്ചു എന്നു മാത്രമാണ്; എങ്ങനെ എപ്രകാരം സൃഷ്ടിച്ചു എന്ന് വെളിപ്പെടുത്തിയിട്ടില്ല. ആദാമിനെ ദൈവം സൃഷ്ടിച്ചിട്ട് എത്ര വർഷങ്ങളായി എന്നു മനസ്സിലാക്കുവാൻ ആവശ്യമായ തെളിവുകൾ ദൈവവചനത്തിലുണ്ട്. ഏറ്റവും പുരാതനമായ മാനവസംസ്കാരങ്ങൾ സംബന്ധിച്ച തെളിവുകളും മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് എത്ര വർഷങ്ങൾക്കു മുമ്പാണ് എന്നതിനെപ്പറ്റി ബൈബിൾ നൽകുന്ന തെളിവുകളും തമ്മിൽ പൊരുത്തപ്പെടുന്നുമുണ്ട്.

## പാപത്തിന്റെ ഉത്ഭവം

ഭൂമിയിലുള്ള സകലത്തിന്മേലും വാഴുവാനധികാരമുള്ള സർവ്വഭൂമിയുടെയും അധിപതിയായിട്ടാണ് ദൈവം ആദാമിനെ

ഏദൻ തോട്ടത്തിൽ താമസ്സിപ്പിച്ചത്. തന്റെ സ്രഷ്ടാവും പിതാവും ദൈവമാണ് എന്നു മനസ്സിലാക്കി ആ ദൈവത്തെ സ്നേഹിക്കയും അനുസരിക്കയും ചെയ്യാനുള്ള ചുമതല ആദാമിനുണ്ടായിരുന്നു; എന്നാൽ, ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള സ്വാതന്ത്ര്യത്തോടുകൂടി മനുഷ്യനെ ദൈവം സൃഷ്ടിച്ചതിനാൽ, തന്നെ അനുസരിക്കുന്നതിനും അനുസരിക്കാതിരിക്കുന്നതിനുമുള്ള കഴിവ് അവനു നല്കേണ്ടതാവശ്യമായിരുന്നു. ചിന്തിച്ചു സ്വന്തമായ തീരുമാനങ്ങളെടുക്കാൻ കഴിവില്ലാത്ത ഒരു യന്ത്രത്തെപ്പോലെ മനുഷ്യൻ ആയിരിക്കുവാൻ ദൈവം ആഗ്രഹിച്ചില്ല. അതിനാൽ തോട്ടത്തിലുള്ള സകല വൃക്ഷങ്ങളുടെയും ഫലം തിന്നാം, അതിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം മാത്രം തിന്നരുത് എന്ന് ദൈവം കല്പിച്ചു. ആദാമിനും ഹവ്വയ്ക്കും ആവശ്യമായിരുന്നതിന്റെ അനേക മടങ്ങ് ആഹാരം തോട്ടത്തിലെ മറ്റു വൃക്ഷങ്ങളിൽനിന്ന് ലഭ്യമായിരുന്നു. ദൈവത്തിന്റെ കൽപ്പന ആദാം ലംഘിച്ചതായി ഉല്പത്തി 3-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു. മനുഷ്യന്റെയും ദൈവത്തിന്റെയും ശത്രുവും തിന്മയുടെ ഉറവിടവുമായ സാത്താൻ ആദാമിന്റെ ഭാര്യയായ ഹവ്വയെ വശീകരിച്ച് തിന്നരുതെന്നു ദൈവം കൽപ്പിച്ചിരുന്ന വൃക്ഷത്തിന്റെ ഫലം അവർ രണ്ടുപേരും തിന്നാൻ ഇടവരുത്തി (ഉല്പത്തി 3 :1-6). ആദാം തന്റെ പിതാവായ ദൈവത്തെ ധിക്കരിക്കയും അതേ സമയം തന്റെ ശത്രുവിനെ അനുസരിക്കയും ചെയ്തു; തന്റെ ചിന്താസ്വാതന്ത്ര്യത്തെയും പ്രവർത്തന സ്വാതന്ത്ര്യത്തെയും ബഹുമാനിച്ചിരുന്ന ദൈവത്തിനു തന്റെ മേൽ ഉണ്ടായിരുന്ന അധികാരം എടുത്തു മാറ്റി അത് തന്നെ അടിമയാക്കുന്ന സാത്താനു നൽകി. ഭൂമിമേൽ വാഴുന്നതിനുള്ള അധികാരം ദൈവത്തിൽനിന്നു ലഭിച്ചിരുന്ന ആദാമിനെ തന്റെ അടിമയാക്കിയതു മൂലം സാത്താൻ ഈ ഭൂമിയുടെ അധിപനായിത്തീർന്നു. പാപത്തിന്റെ വാഴ്ച ലോകത്തിൽ ഇപ്രകാരമാണ് ആരംഭിച്ചതെന്നു ദൈവവചനം വ്യക്തമാക്കുന്നു. സകല മനുഷ്യരും ആദാമിന്റെ സന്തതികളായതിനാൽ പാപത്തിന്റെ ആധിപത്യം എല്ലാവരിലും കാണപ്പെടുന്നു; ഒരു

കുടുംബനാഥൻ അയാളുടെ നല്ല വീട് വിറ്റിട്ട് മറ്റൊരു മോശമായ വീടു വാങ്ങിയാൽ അയാൾക്കും മക്കൾക്കും ആ മോശമായ വീട്ടിൻമേൽ മാത്രമാണ് അവകാശമുണ്ടായിരിക്കുക. പഴയ നല്ല വീടിൻമേൽ അവകാശം ഉണ്ടായിരിക്കയില്ല. അതുപോലെ മനുഷ്യവർഗ്ഗമാകുന്ന കുടുംബത്തിന്റെ നാഥനായ ആദാം തനിക്കുണ്ടായിരുന്ന ദൈവികസ്വാതന്ത്ര്യം വിറ്റുകളയുകയും സാത്താന്റെ അടിമത്തം വാങ്ങുകയും ചെയ്തതിനാൽ താനും തന്റെ കുടുംബം (മനുഷ്യവർഗ്ഗം) മുഴുവനും പാപത്തിനടിമകളായിത്തീർന്നു.

## പാപവും പാപപ്രവൃത്തികളും

സാത്താന്റെ അധികാരത്തിൻ കീഴിൽ ഇരിക്കുന്ന അവസ്ഥ എന്നാണ് പാപിയായിരിക്കുക എന്നതിന്റെ അർത്ഥം; പാപപ്രവൃത്തികൾ ചെയ്യുന്നത് സാത്താന്റെ ഈ അധികാരത്തിൻ കീഴിൽ ഇരുന്നുകൊണ്ട് അവനാൽ നിയന്ത്രിക്കപ്പെടുന്നതു നിമിത്തമാണ്. "ഇതാ ഞാൻ അകൃത്യത്തിൽ ഉരുവായി; പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു" (സങ്കീർത്തനം 51 : 5) എന്നു വചനത്തിൽ പറഞ്ഞിരിക്കുന്നതിന്റെ ആശയം ആദാമിൽനിന്നു ജനിക്കുന്ന ഏതൊരു മനുഷ്യനും സാത്താന്റെ അടിമയായിട്ടാണു ജനിക്കുന്നത് എന്നാണ്. പാപിയായി മനുഷ്യൻ ജനിക്കുകയും വളരുമ്പോൾ താൻ പാപിയാണെന്ന സത്യം പാപപ്രവൃത്തികളിലൂടെ തെളിയിക്കുകയും ചെയ്യുന്നു. ഒരുവൻ പാപിയായത് അവന്റെ ആദിപിതാവു സാത്താന്റെ ആധിപത്യത്തിൻ കീഴിലകപ്പെട്ടുപോയതുകൊണ്ടും അവൻ പാപം ചെയ്തുകൊണ്ടു ജീവിക്കുന്നത് സാത്താന്റെ അടിമത്തത്തിൻ കീഴിൽ തുടരുന്നതു കൊണ്ടുമാണ്.

## പാപത്തിന്റെ ഫലം

തിന്നരുതെന്നു കൽപ്പിച്ച വൃക്ഷത്തിന്റെ ഫലം തിന്നാൽ മരണം സംഭവിക്കുമെന്നു ദൈവം ആദാമിനു മുന്നറിയിപ്പു നൽകി

യിരുന്നത് അവഗണിച്ചുകൊണ്ട് ആദാം ഫലം തിന്നെങ്കിലും ഉടനെ മരിച്ചു വീണില്ല; അപ്പോൾ 'മരിക്കും' എന്നു പറഞ്ഞതിന്റെ അർത്ഥം എന്തായിരുന്നു? 'അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന'വർ എന്ന് എഫെസോസിലെ ദൈവജനത്തെ ക്കുറിച്ചു ദൈവാത്മാവു രേഖപ്പെടുത്തിയിരിക്കുന്നത് (എഫെസ്യർ 2:1) ഇതോടുള്ള ബന്ധത്തിൽ പ്രത്യേകം ശ്രദ്ധാർഹമാണ്. ജീവ നോടിരിക്കുന്ന മനുഷ്യരെക്കുറിച്ചാണ് 'മരിച്ചവരായിരുന്ന'വർ എന്ന് അവിടെ പറഞ്ഞിരിക്കുന്നത്. പാപത്തിന്റെ അടിമത്തത്തിൻ കീഴിലായിരുന്നവർ എന്ന അർത്ഥത്തിലാണ് ഇപ്രകാരം പ്രസ്താ വിച്ചിരിക്കുന്നത്. മരണം എന്ന പദത്തിന്റെ അർത്ഥം ജീവൻ വേർപെടുക എന്നതാണല്ലോ. ആദാമിനു ജീവൻ ലഭിച്ചത് ദൈവ ത്തിൽ നിന്നാണ്; ആ ജീവൻ ദൈവത്തോടു ബന്ധപ്പെട്ടാണിരു ന്നത്. ആദം പാപം ചെയ്ത നിമിഷത്തിൽ ദൈവത്തോടു തനിക്കുണ്ടായിരുന്ന ആത്മിക ബന്ധം ഇല്ലാതായി; ദൈവത്തിൽ നിന്ന് ആത്മികമായി വേർപ്പെട്ടു പോയതിനാൽ ആത്മികമരണം അപ്പോൾ തന്നെ തനിക്കു സംഭവിച്ചു. മരണത്തിന്റെ ശക്തിക്കു വിധേയനായി, തന്നെ അന്വേഷിച്ചു ചെന്ന ദൈവത്തോടു ബന്ധം പുലർത്തുവാൻ ധൈര്യമില്ലാതെ ഭയപ്പെട്ട് ഒളിച്ചിരിക്കുന്ന, ദൈവ ത്തിൽനിന്ന് അകന്നു പോയ ഒരുവനായിട്ടാണ് ആദാം കാണ പ്പെട്ടത് (ഉല്പത്തി 3:8-10). പാപത്തിന്റെ ഫലമായ മരണം കൊണ്ടർത്ഥമാക്കുന്നത് ദൈവവുമായി ബന്ധം വേർപെട്ടിരിക്കുന്ന അവസ്ഥയാകുന്ന ആത്മിക മരണവും അതിനെത്തുടർന്നുണ്ടാ കാൻ പോകുന്ന ശാരീരികമരണവും ഏറ്റവും ഒടുവിലായി പാപ പ്രവൃത്തികൾക്കു ലഭിക്കുവാൻ പോകുന്ന നിത്യശിക്ഷാവിധിയു മാണ്. യേശുക്രിസ്തു മൂലമുള്ള പാപപരിഹാരം സ്വീകരിക്കാതെ ശാരീരിക മരണത്തിനു വിധേയപ്പെടുന്നവർ നിത്യശിക്ഷാവിധി യിലേക്കു തള്ളപ്പെടുന്ന അനുഭവത്തെ രണ്ടാം മരണമെന്നു വചനത്തിൽ വിശേഷിപ്പിച്ചിരിക്കുന്നു (വെളിപാട് 21:8). ഇപ്രകാരം 'പാപത്തിന്റെ ശമ്പള'മായ മരണം (റോമർ 6:23) മൂന്നു ഘട്ടങ്ങളി ലായിട്ടാണു സംഭവിക്കുന്നത്. ആദാമിലൂടെ മനുഷ്യവർഗ്ഗം

സാത്താന്റെ അടിമത്തത്തിൻ കീഴിൽ ആയ നിമിഷത്തിൽ ദൈവവുമായി ആത്മിക ബന്ധം ഇല്ലാതാകയും അങ്ങനെ ഒന്നാം ഘട്ടമായ ആത്മികമരണം സംഭവിക്കയും ചെയ്തു; രണ്ടാം ഘട്ട മായ ശാരീരികമരണവും മൂന്നാം ഘട്ടമായ നിത്യശിക്ഷാവിധിയും ഇനി ഉണ്ടാകയും ചെയ്യും; എന്നാൽ രണ്ടാം ഘട്ടമായ ശാരീരിക മരണം സംഭവിക്കുന്നതിനു മുൻപ് പാപത്തിന്റെ അടിമത്ത ത്തിൽനിന്നു വിടുവിക്കപ്പെടുന്നതിനും അങ്ങനെ ആത്മികമായി ജീവനുള്ളവനായിത്തീരുന്നതിനും അതിന്റെ ഫലമായി ശാരീരിക മരണത്തെ തോൽപ്പിച്ച് ഉയിർത്തെഴുന്നേൽക്കുന്നവനായും (1 കൊരിന്ത്യർ 15:51-54 വരെ വായിക്കുക) നിത്യശിക്ഷയിൽനിന്ന് ഒഴിവുള്ളവനായും തീരുന്നതിന് ദൈവം മനുഷ്യനുവേണ്ടി ഒരു മാർഗ്ഗം ഒരുക്കിയിട്ടുണ്ട്. പാപപരിഹാരത്തിലൂടെ സാത്താന്റെ അടിമത്തത്തിൽ നിന്നു മോചനം പ്രാപിക്കുക എന്നതാണ് അതിന്റെ അടിസ്ഥാന തത്ത്വം. പാപപരിഹാരത്തിനു ദൈവം ഒരുക്കിയിരിക്കുന്ന ആ മാർഗ്ഗം എന്താണെന്ന് അടുത്ത പാഠത്തിൽ വിശദീകരിക്കാം.

# ചോദ്യങ്ങൾ

## അദ്ധ്യായം 1

# ബൈബിൾ എന്ന ഗ്രന്ഥം

1. a) ബൈബിൾ ഉദ്ദേശം എത്ര പേർ ചേർന്ന് എത്ര കാലം കൊണ്ടാണ് എഴുതിയത്?

   b) ബൈബിളിന്റെ ആകെക്കൂടിയുള്ള വിഷയം എന്തെന്ന് ഒറ്റ വാചകത്തിൽ ചുരുക്കിപ്പറയുക.

2. പഴയ നിയമം എഴുതിയ പ്രവാചകൻമാർ ദൈവനിയോഗത്താലാണ് എഴുതിയതെന്ന് അവകാശപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ തെളിവെന്ത്?

3. a) പുതിയ നിയമത്തിലെ സുവിശേഷങ്ങളും ലേഖനങ്ങളും യേശുക്രിസ്തുവിന്റെ ശിഷ്യൻമാർ എന്തിനു വേണ്ടിയാണ് എഴുതിയത്? എങ്ങനെ അത് മനസ്സിലാക്കാം?

   b) വെളിപ്പാടുപുസ്തകം എഴുതിയതിന്റെ പിന്നിലെ ഉദ്ദേശ്യം ചൂണ്ടിക്കാണിക്കുന്ന വാക്യം ഉദ്ധരിക്കുക.

4. a) ഉല്പത്തി പുസ്തകത്തിന്റെ എഴുത്തുകാരൻ സ്വന്ത ജ്ഞാനത്തിനൊത്തവണ്ണമല്ല എഴുതിയതെന്നു വ്യക്തമാക്കുന്ന ഒരു പദപ്രയോഗം (വാചകം) ചൂണ്ടിക്കാണിക്കുക.

   b) യെശയ്യാവ് സ്വന്ത ബുദ്ധിക്കനുയോജ്യമായ കാര്യങ്ങളല്ല രേഖപ്പെടുത്തിയതെന്നു തെളിയിക്കുന്ന ഒരു വാക്യം ഉദ്ധരിക്കുക.

5. a) ബൈബിൾ പിശാചിന്റെ പ്രേരണയാലാണ് എഴുതപ്പെട്ടത് എന്നു വിചാരിക്കുന്നത് ശരിയല്ലെന്നു ചിന്തിക്കുവാൻ കാരണമെന്താണ്?

b) ബൈബിളിന്റെ യഥാർത്ഥ എഴുത്തുകാരൻ ഏതൊക്കെ സദ്ഗുണങ്ങളും കഴിവുകളും ഉള്ളവനാണ്?

6. ദൈവനിയോഗപ്രകാരമാണ് ബൈബിൾ എഴുതപ്പെട്ടതെന്നും അതു മുഴുവനും ദൈവവചനം ആണെന്നും പറഞ്ഞിരിക്കുന്ന രണ്ടു വേദഭാഗങ്ങൾ ഉദ്ധരിക്കുക.

## അദ്ധ്യായം 2
# സൃഷ്ടിയും പാപവും

7. സൃഷ്ടിപ്പിന്റെ ശാസത്രീയമായ വിശദാംശങ്ങൾ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ടോ? ഇല്ല എങ്കിൽ കാരണമെന്താണ്?

8. a) ദൈവം മനുഷ്യനെ തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചു എന്നു പറഞ്ഞാൽ അതിന്റെ ആശയം എന്താണ് ? ദൈവാത്മാവിന്റെ എന്തെല്ലാം ഗുണങ്ങളാണ് മനുഷ്യനിൽ കാണപ്പെടുന്നത്?

b) നിലത്തെ പൊടികൊണ്ട് മനുഷ്യനെ ദൈവം നിർമ്മിച്ചു എന്നു പറഞ്ഞിരിക്കുന്നതിൽ നിന്ന് മനുഷ്യശരീരത്തിന്റെ ഘടകവസ്തുക്കളെക്കുറിച്ച് എന്താണ് മനസ്സിലാക്കേണ്ടത്?

9. a) ഹവ്വ സൃഷ്ടിക്കപ്പെട്ടതെങ്ങനെയാണ്?

b) മനുഷ്യൻ ഭൂമിയിൽ സൃഷ്ടിക്കപ്പെട്ടിട്ട് എത്ര കാലമായി എന്നു മനസ്സിലാക്കാൻ മാർഗ്ഗമെന്താണ്?

10. a) എന്തുകൊണ്ടാണ് ദൈവം തന്നെ അനുസരിക്കുന്നതിനും അനുസരിക്കാതിരിക്കുന്നതിനുമുള്ള സ്വാതന്ത്ര്യത്തോടുകൂടി ആദാമിനെ സൃഷ്ടിച്ചത്?

b) ആദാം പാപത്തിലകപ്പെട്ടതിൽ ഹവ്വ വഹിച്ച പങ്ക് എന്താണ്?

11. തിന്നരുതെന്നു പറഞ്ഞ വൃക്ഷത്തിന്റെ ഫലം പറിച്ചു തിന്നപ്പോൾ മനുഷ്യൻ

a) ആരെയാണ് അനുസരിച്ചത്?

b) ആരെയാണ് ധിക്കരിച്ചത്?

c) ആർ മനുഷ്യന്റെ യജമാനനായിത്തീർന്നു?

12. a) ആദാം പാപം ചെയ്യുന്നതിനു മുൻപ് മനുഷ്യൻ മരണത്തിനു വിധേയനായിരുന്നില്ലെന്നു ചിന്തിക്കുവാൻ കാരണമെന്ത്?

b) ദോഷകരമായ മുൾച്ചെടികളും രോഗാണുക്കളും മറ്റും ഭൂമിയിൽ എപ്പോൾ എന്തുകൊണ്ടുണ്ടായി?

13. a) പാപിയായിരിക്കുക എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം എന്താണ്?

b) മനുഷ്യൻ പാപപ്രവൃത്തികൾ ചെയ്തു പോകുന്നത് എന്തുകൊണ്ടാണ്?

c) നാം ഭൂമിയിൽ ജനിക്കുന്നത് പാപികളായിട്ടാണെന്നു തെളിയിക്കുന്ന ഒരു വേദവാക്യം ഉദ്ധരിക്കുക.

14. പാപത്തിന്റെ ഫലമായ മരണത്തിന്റെ മൂന്നു ഘട്ടങ്ങൾ ഏവ?

15. പാപ പരിഹാരത്തിനുള്ള മാർഗ്ഗം ഒരുക്കിയതാരാണ്?

a) അതു സ്വീകരിക്കാനുള്ള അവസരം എപ്പോഴാണുള്ളത്?

b) പാപ പരിഹാരം ലഭിക്കുന്നതിന്റെ ഫലമെന്താണ്?

**“AND THE WORLD IS PASSING AWAY AND ALSO ITS LUSTS; BUT THE ONE WHO DOES THE WILL OF GOD ABIDES FOREVER”**

**(I JOHN 2:17)**

**“ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു”**

**(1 യോഹ. 2:17)**

# അത്ഭുത പ്രകാശത്തിലേക്ക്

# Lesson - II

## പാപ പരിഹാരം

മനുഷ്യവർഗ്ഗത്തിന്റെ പാപം പരിഹരിക്കപ്പെടുന്നതിനു പാപ മില്ലാത്ത ഒരു മനുഷ്യൻ പാപത്തിന്റെ ശിക്ഷയായ മരണം അനുഭവിക്കേണ്ടതാവശ്യമായിരുന്നു. ഇപ്രകാരമുള്ള ഒരു മനുഷ്യൻ ആദാമിന്റെ സന്തതിയായി ഭൂമിയിൽ ജനിക്കുക അസാദ്ധ്യമായിരുന്നതിനാൽ ദൈവം തന്നെ മനുഷ്യാവതാരം എടുക്കുകയും പാപ പരിഹാരത്തിനായി സ്വയം യാഗമർപ്പിക്കുകയും ചെയ്യേണ്ടിവന്നു. ആ മനുഷ്യനാണ് ദൈവപുത്രനായ[1] യേശുക്രിസ്തു. എന്നാൽ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിനു മുമ്പ് ലോകത്തിൽ ജീവിച്ചിരുന്നവർക്കും പാപ പരിഹാരത്തിനുള്ള മാർഗ്ഗം ദൈവം നൽകിയിരുന്നു; അതാണു മൃഗങ്ങളുടെ യാഗം. മൃഗയാഗവും യേശുക്രിസ്തുവിന്റെ ക്രൂശുമരണവും തമ്മിൽ വളരെ പ്രധാനപ്പെട്ട ബന്ധമുണ്ട്; അതു താഴെ വിവരിക്കുന്നു.

### മൃഗയാഗവും ക്രിസ്തുവിന്റെ ക്രൂശുമരണവും

പാപപരിഹാരത്തിനായി മൃഗങ്ങളെ യാഗം കഴിച്ചുകൊണ്ടിരുന്ന വിധം പഴയ നിയമത്തിലെ ലേവ്യ പുസ്തകത്തിൽ വിശദീകരിച്ചിട്ടുണ്ട്. യാഗമർപ്പിക്കപ്പെടുന്ന മൃഗം എല്ലാവിധയോഗ്യത

---

1. ഒരു പുത്രൻ തന്റെ പിതാവിന്റെ ഗുണങ്ങളും രൂപഭാവങ്ങളും എങ്ങനെ പ്രദർശിപ്പിക്കുന്നുവോ, അങ്ങനെ അദൃശ്യനായ ദൈവത്തിന്റെ ഗുണവിശേഷങ്ങൾ ലോകത്തിനു വെളിപ്പെടുത്തി കൊടുത്തിരിക്കുന്ന ആദിയോ അന്തമോ ഇല്ലാത്ത ത്രിയേക ദൈവത്തിലെ ആളത്വം എന്ന അർത്ഥമാണ് ദൈവപുത്രൻ എന്ന പദത്തിനുള്ളത്.

കളുമുള്ളതായിരിക്കണമെന്നും അതിനു യാതൊരു കുറവും ഉണ്ടായിരിക്കാൻ പാടില്ലെന്നും ദൈവം പ്രത്യേകം നിഷ്ക്കർഷിച്ചിരുന്നതായും അവിടെ കാണുന്നു (ലേവ്യ 1:10; 3:1; 3:6). ഇങ്ങനെ ദൈവം കല്പിച്ചിരുന്നതിന്റെ കാരണം പുതിയ നിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. പഴയ നിയമ കാലത്തെ പ്രമാണങ്ങളൊക്കെയും പിൽക്കാലത്തു സംഭവിക്കാൻ പോകുന്ന കാര്യങ്ങളുടെ നിഴൽ മാത്രമായിരുന്നുവെന്ന് എബ്രായർ 10:1–ൽ നാം വായിക്കുന്നു. ആദാം പാപം ചെയ്തതിനെത്തുടർന്ന് പാപപരിഹാരത്തിനായി നടത്തപ്പെട്ട മൃഗത്തിന്റെ യാഗവും[2] അതിനുശേഷം ലോകത്തിൽ നടന്ന ആയിരക്കണക്കിനുള്ള അത്തരം യാഗങ്ങളും വാസ്തവത്തിൽ, വരുവാനിരുന്ന ഒരു വലിയ യാഗത്തിന്റെ നിഴൽ മാത്രമായിരുന്നു. സ്ത്രീയുടെ സന്തതിയായി ജനിക്കുന്ന പാപമില്ലാത്ത ഒരു മനുഷ്യൻ മനുഷ്യവർഗ്ഗത്തിന്റെ പാപത്തിനു പരിഹാരം വരുത്തുകയും അങ്ങനെ പിശാചിന്റെ തല തകർക്കുകയും ചെയ്യുമെന്നു ദൈവം ഹവ്വയോട് അരുളിച്ചെയ്ത വചനം യേശുക്രിസ്തുവിലാണു നിവൃത്തിയായത്. ആദാമിന്റെ കാലം മുതൽ ദൈവകല്പന പ്രകാരം നടന്ന സകല യാഗങ്ങളും യേശുക്രിസ്തുവിന്റെ ക്രൂശിലെ യാഗത്തെയാണു ചൂണ്ടിക്കാണിച്ചിരുന്നത്. യാഗമൃഗത്തിന്റെ മരണം യേശു ക്രൂശിൽ സഹിക്കാൻ പോകുന്ന മരണത്തിന്റെ സാദൃശ്യമായിരുന്നു. അതിനാൽ യേശുക്രിസ്തുവിന്റെ ക്രൂശീകരണത്തിനു മുമ്പ് ലോകത്തിൽ പാപപരിഹാരത്തിനായി നടന്നിട്ടുള്ള മൃഗങ്ങളുടെ യാഗങ്ങൾ മൂലം വാസ്തവത്തിലുള്ള പാപപരിഹാരമല്ല ഉണ്ടായിക്കൊണ്ടിരുന്നത്. പിന്നെയോ, നടക്കാനിരുന്ന യഥാർത്ഥ പാപപരിഹാര യാഗത്തിന്റെ അടിസ്ഥാനത്തിൽ താല്ക്കാലിക പാപപരിഹാരം മാത്രമാണ് അവ നല്കിയിരുന്നത്. യേശുക്രിസ്തു ക്രൂശിൽ മരിച്ചില്ലായിരുന്നെങ്കിൽ ഈ മൃഗങ്ങളുടെ യാഗങ്ങൾക്കു യാതൊരു അർത്ഥവും ഉണ്ടാകുമായിരു

2. പാപത്തിലകപ്പെട്ട ആദാമിനും ഹവ്വയ്ക്കും തോൽ കൊണ്ടുള്ള ഉടുപ്പു ദൈവം നല്കി എന്ന് ഉല്പത്തി പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. പാപപരിഹാരത്തിനായി ഒരു മൃഗം യാഗമർപ്പിക്കപ്പെട്ടതു കൊണ്ടാണ് അതിന്റെ തോൽ കൊണ്ട് ഉടുപ്പുണ്ടാക്കിയത് എന്നു മനസ്സിലാക്കാം.

ന്നില്ല. മനുഷ്യനായി അവതരിക്കുവാൻ പോകുന്ന ദൈവപുത്രനെക്കുറിച്ചു പഴയ നിയമകാലത്തു ജീവിച്ചിരുന്നവർ വേണ്ടതുപോലെ മനസ്സിലാക്കിയിരുന്നില്ലെങ്കിലും ദൈവത്തിൽ വിശ്വസിച്ചു ദൈവകല്പനയനുസരിച്ചു യാഗം കഴിച്ചതിനാൽ ആ യാഗം പ്രതിനിധാനം ചെയ്ത (ചൂണ്ടിക്കാണിച്ച) യേശുവിന്റെ ക്രൂശിലെ യാഗം മൂലമുള്ള പാപപരിഹാരം അവർക്കും കൂടെ ലഭ്യമാക്കുന്നതിനായി ദൈവം നൽകിയിരുന്ന മാർഗ്ഗമായിരുന്നു മൃഗയാഗം എന്നു മനസ്സിലാക്കാൻ സാധിക്കും.

## യേശുവിന്റെ ജനനവും ക്രൂശുമരണവും

ദൈവപുത്രനായ യേശുക്രിസ്തു മറിയ എന്ന കന്യകയിൽ നിന്ന് ഒരു ശിശുവായി ഈ ഭൂമിയിൽ ജന്മമെടുത്തു. [ഇക്കാര്യം വിശദമായി മനസ്സിലാക്കുന്നതിന് ലൂക്കോസ് 1, 2 അദ്ധ്യായങ്ങൾ വായിക്കുക]. യേശുവിന്റെ ജനനവും ക്രൂശുമരണവും ഉയിർത്തെഴുന്നേൽപ്പും എല്ലാം ദൈവം അനാദികാലത്തു തന്നെ നിർണ്ണയിച്ചിരുന്ന കാര്യങ്ങളാണ്. മനുഷ്യൻ പാപത്തിലകപ്പെടുമെന്നു ദൈവം അറിഞ്ഞിരുന്നതിനാൽ പാപത്തിൽ നിന്ന് അവനെ വീണ്ടെടുക്കാനുള്ള മാർഗ്ഗവും ഒരുക്കിയിരുന്നു. അതിനാൽ യേശുവിന്റെ ക്രൂശുമരണം സകല മാനവ ജാതിയുടെയും പാപ പരിഹാരത്തിനു വേണ്ടിയാണെന്ന സത്യവും ആ ക്രൂശുമരണത്തിന്റെ അനേക വിശദാംശങ്ങളും പഴയ നിയമ പ്രവാചകൻമാർക്കു ദൈവം വെളിപ്പെടുത്തികൊടുത്തിരുന്നു. "എന്നാൽ അവൻ നമ്മുടെ (മനുഷ്യവർഗ്ഗത്തിന്റെ) അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി, അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു" (യെശയ്യാവ് 53 :5) എന്ന് യെശയ്യാവ് പ്രവചിച്ചത്, യേശുവിന്റെ ക്രൂശുമരണത്തിന് 750 വർഷങ്ങൾക്കു മുമ്പായിരുന്നു. യേശുവിന്റെ ശിഷ്യൻമാരിലൊരുവനാണ് യേശുവിനെ ഒറ്റിക്കൊടുക്കുന്നതെന്നും നേരത്തെ പ്രവചിക്കപ്പെട്ടിരുന്നു: "ഞാൻ വിശ്വ

സിച്ചവനും എന്റെ അപ്പം തിന്നവനുമായ എന്റെ പ്രാണ സ്നേഹിതൻ പോലും എന്റെ നേരെ കുതികാൽ ഉയർത്തിയിരിക്കുന്നു.” (സങ്കീർത്തനം 41 :9) എന്നു ദാവീദ് മുഖാന്തരം ബി.സി 1000–ൽ ദൈവം അരുളിച്ചെയ്തിരുന്നതാണ്. യൂദാ യേശുവിനെ ഒറ്റിക്കൊടുത്തപ്പോൾ ഈ പ്രവചനം നിവൃത്തിയായി (യോഹ: 13:18–19 വാക്യങ്ങൾ നോക്കുക). യേശുവിന്റെ മനുഷ്യാവതാരത്തിന് 500 വർഷം മുമ്പ് “എന്നാൽ യഹോവ എന്നോട്: അതു ഭണ്ഡാരത്തിൽ ഇട്ടുകളക; അവർ എന്നെ മതിച്ചിരിക്കുന്ന മനോഹരമായോരു വില തന്നേ എന്നു കല്പിച്ചു; അങ്ങനെ ഞാൻ ആ മുപ്പതു വെള്ളിക്കാശു വാങ്ങി യഹോവയുടെ ആലയത്തിലെ ഭണ്ഡാരത്തിൽ ഇട്ടുകളഞ്ഞു” (സെഖർയ്യാവ് 11:13) എന്ന് അരുളിച്ചെയ്യപ്പെട്ട പ്രവചനം യൂദാ മുപ്പതു വെള്ളിക്കാശ് വാങ്ങി യേശുവിനെ ഒറ്റിക്കൊടുത്തിട്ട് അതിനെക്കുറിച്ചു പശ്ചാത്തപിച്ച് ആ പണം കൊണ്ടുപോയി ഭണ്ഡാരത്തിൽ ഇട്ടപ്പോൾ നിറവേറി (മത്തായി 26:15; മത്തായി 27:3–10 വാക്യങ്ങൾ നോക്കുക). “.... അവർ എന്റെ കൈകളെയും കാലുകളെയും തുളച്ചു, എന്റെ അസ്ഥികളൊക്കെയും എനിക്കു എണ്ണാം (സങ്കീർത്തനം: 22:16–17) എന്ന് യേശുവിന്റെ ജനനത്തിന് 1000 വർഷങ്ങൾക്കു മുമ്പു ദാവീദു മുഖാന്തരം ദൈവം അരുളിച്ചെയ്തത് യേശു ക്രൂശിക്കപ്പെട്ടപ്പോൾ നിറവേറി. മനുഷ്യരുടെ കൈകാലുകൾ ആണികൊണ്ടു കുരിശിൽ തറച്ച് അവരെ ആണികളിന്മേൽ തൂക്കി നിർത്തി വേദനിപ്പിച്ചു കൊല്ലുന്ന സമ്പ്രദായം ലോകത്തിലില്ലാതിരുന്ന കാലത്താണ് ദാവീദ് ഈ വാക്കുകൾ രേഖപ്പെടുത്തിയത്. പിൽക്കാലത്തു നിലവിൽ വന്നതും റോമാ സാമ്രാജ്യത്തിൽ എ.ഡി. നാലാം നൂറ്റാണ്ടു വരെ ഉപയോഗിക്കപ്പെട്ടിരുന്നതും വളരെ ക്രൂരവുമായ ഒരു വധരീതിയായിരുന്നു ഇത്. യേശുവിനെ കുരിശിൽ കിടത്തി ആണികളാൽ തറച്ചപ്പോൾ അവന്റെ കൈകളും കാലുകളും തുളയ്ക്കപ്പെട്ടു; അതിനുശേഷം അവന്റെ കുരിശു നിൽക്കേണ്ട കുഴിയിലേക്ക് ഇറക്കിയിട്ടപ്പോൾ ആ വീഴ്ചയുടെ ആഘാതത്തിൽ അവന്റെ ശരീരത്തിലെ അസ്ഥികൾ പലതും പരസ്പരം ബന്ധം വിട്ടു. “അവർ അവന്നു ദുഷ്ട

ന്മാരോടു കൂടെ ശവക്കുഴി കൊടുത്തു'' എന്ന് യെശയ്യാവ് 53:9-ലും "അവൻ അതിക്രമക്കാരോടു കൂടെ എണ്ണപ്പെട്ടു " എന്ന് ഇതേ അദ്ധ്യായം 12-ാം വാക്യത്തിലും പറഞ്ഞിരിക്കുന്നത് 750 വർഷങ്ങൾക്കു ശേഷം യേശുവിന്റെ ഇടത്തും വലത്തും രണ്ടു ദുഷ്പ്രവൃത്തിക്കാരെ ക്രൂശിച്ചപ്പോൾ നിവൃത്തിയായി. യേശുവിന്റെ ക്രൂശീകരണത്തെ സംബന്ധിക്കുന്ന വേറെയും പല പ്രവചനങ്ങൾ പഴയനിയമത്തിലുണ്ട്. അവയെല്ലാം തക്കസമയത്ത് കൃത്യമായി യേശുവിൽ നിറവേറി. ഇതു വ്യക്തമാക്കുന്നത് യേശുവിന്റെ ക്രൂശീകരണം ഒരു യാദൃച്ഛികസംഭവമല്ല, പിന്നെയോ മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനായി ലോകസ്ഥാപനത്തിനു മുമ്പു തന്നെ ദൈവം ഒരുക്കിയിരുന്ന മാർഗ്ഗമായിരുന്നു എന്നാണ്. ക്രൂശിലെ തന്റെ യാഗത്തെക്കുറിച്ചുള്ള സകല പ്രവചനങ്ങളും നിവൃത്തിയാകുകയും മാനവരാശിയുടെ പാപപരിഹാരത്തിന്റെ വേല തന്നിൽ പൂർത്തിയാകുകയും ചെയ്ത നിമിഷത്തിൽ, "നിവൃത്തിയായി'' എന്നു പറഞ്ഞ് യേശു തലചായ്ച്ച് ആത്മാവിനെ ഏല്പിച്ചു കൊടുത്തു (യോഹ: 19:30).

## യേശുവിന്റെ ഉയിർത്തെഴുനേൽപ്പ്

പാപത്തിന്റെ ഫലമായ നിത്യശിക്ഷാവിധിയെക്കുറിച്ച് രണ്ടാം മരണമെന്നു വചനത്തിൽ പറഞ്ഞിരിക്കുന്നതിനാൽ (വെളി. 20:14-15) ഒന്നാമത്തെ മരണം എന്നു പറയുമ്പോൾ അതിൽ ആത്മിക മരണവും ശാരീരിക മരണവും ഉൾപ്പെട്ടിരിക്കുന്നു എന്നു മനസ്സിലാക്കാം. പാപത്തിനടിമയായ ഒരാൾ ഒന്നാം മരണത്തിനു വിധേയപ്പെടുന്നതു നിമിത്തം അയാളുടെ പാപത്തിനു പരിഹാരം വരുന്നില്ല; അതിനാൽ രണ്ടാം മരണമായ നിത്യശിക്ഷാവിധിയിലേക്ക് അയാൾ കടക്കേണ്ടിവരുന്നു. യേശുക്രിസ്തു ക്രൂശിൽ വച്ചു പിതാവായ ദൈവത്താൽ കൈവിടപ്പെടുകയും (മത്തായി 27:46) ശാരീരിക മരണം അനുഭവിക്കുകയും ചെയ്തപ്പോൾ പാപത്തിന്റെ ശമ്പളമായ മരണം പാപമില്ലാത്ത ഒരു മനുഷ്യൻ സഹിക്കയും അങ്ങനെ മനുഷ്യവർഗ്ഗത്തിന്റെ പാപത്തിനു പരിഹാര

മുണ്ടാകയുമാണ് ചെയ്തത്. പാപത്തിനു പരിഹാരമുണ്ടാകാത്ത തിന്റെ ഫലം നിത്യമരണമായിരിക്കുന്നതുപോലെ പാപ പരിഹാര ത്തിന്റെ ഫലം നിത്യജീവനാണ്. പാപ പരിഹാരത്തിന്റെ ഫലം നിത്യജീവനായതിനാൽ തന്റെ ക്രൂശുമരണത്തിലൂടെ പാപം പരിഹരിച്ചു കഴിഞ്ഞപ്പോൾ യേശുവിനു തന്റെ ജീവൻ തിരികെ പ്രാപിക്കുവാൻ അധികാരം ലഭിച്ചു. എന്നാൽ മരണത്തിന്റെ അനുഭവം പൂർണ്ണമാകുന്നത് ജീവൻ നഷ്ടപ്പെട്ട ശരീരം കല്ലറ യിൽ അടക്കപ്പെട്ടു കഴിയുമ്പോഴാണല്ലോ. അതനുസരിച്ച് യേശു വിന്റെ ശരീരം കല്ലറയിൽ അടക്കപ്പെടുന്നതിനും മൂന്നാം നാൾ വരെ താൻ മരണത്തിനധീനനായിരിക്കുന്നതിനും ദൈവം അനുവദിച്ചു. മൂന്നാം നാളിൽ അപ്പോ: പ്രവൃ: 2:24-ൽ പറഞ്ഞിരി ക്കുന്നതുപോലെ പിതാവായ ദൈവം "മരണപാശങ്ങളെ അഴി ച്ചിട്ടു അവനെ ഉയിർത്തെഴുന്നേൽപ്പിച്ചു. മരണം അവനെ പിടിച്ചു വെക്കുന്നതു അസാദ്ധ്യമായിരുന്നു." മരണത്തെ ജയിച്ച് യേശു ഉയിർത്തെഴുന്നേറ്റത് തന്റെ മരണം മുഖാന്തരം മനുഷ്യവർഗ്ഗ ത്തിന്റെ പാപം പരിഹരിക്കപ്പെട്ടു എന്നതിന്റെ തെളിവാണ്; യേശു നമ്മെപ്പോലെ പാപത്തിനധീനനായ ഒരു സാധാരണ മനുഷ്യ നായിരുന്നെങ്കിൽ തന്റെ മരണം മൂലം പാപത്തിനു പരിഹാര മുണ്ടാകുമായിരുന്നില്ല. തനിക്ക് ഉയിർത്തെഴുനേൽക്കാൻ സാധിക്കയുമില്ലായിരുന്നു. താൻ പാപമില്ലാത്ത മനുഷ്യനായി അവതരിച്ച ദൈവപുത്രനായിരുന്നതിനാലാണ് തന്റെ മരണം മൂലം പാപത്തിനു പരിഹാരം വന്നതും, പാപ പരിഹാരം മൂലം മരണത്തെ ജയിച്ചു ജീവൻ തിരികെ പ്രാപിക്കുവാൻ തനിക്ക് അധികാരം ഉണ്ടായിരുന്നതും. യേശു ഒരേ സമയം ദൈവപുത്രനും മാനവ രാശിയുടെ പാപത്തിനു പരിഹാരം വരുത്താനായി മനുഷ്യജന്മം എടുത്ത മനുഷ്യപുത്രനും ആയിരുന്നതിനാൽ ക്രൂശിൽ തന്റെ ജീവൻ കൊടുത്തശേഷം ദൈവപുത്രൻ എന്ന നിലയിൽ ആ ജീവൻ തിരികെ പ്രാപിച്ചു; എന്നാൽ പാപത്തിനു പരിഹാരം വരു ത്തിയ മനുഷ്യപുത്രൻ എന്ന നിലയിൽ യേശു പിതാവിനാൽ ഉയിർത്തെഴുന്നേൽക്കപ്പെടുകയാണ് ചെയ്തത്.

യേശു മരണത്തെ ജയിച്ച് ഉയിർത്തെഴുനേൽക്കുമെന്ന കാര്യവും പഴയനിയമ പ്രവാചകന്മാർ മുഖേന ദൈവം അരുളിച്ചെയ്തിരുന്നു. "നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല; നിന്റെ പരിശുദ്ധനെ ദ്രവത്വം[3] കാണ്മാൻ സമ്മതിക്കുകയില്ല" (സങ്കീർത്തനം 16:10) എന്ന് യേശുവിന്റെ ക്രൂശുമരണത്തിന് ആയിരം വർഷങ്ങൾക്കു മുമ്പ് ദൈവാത്മപ്രേരണയാൽ ദാവീദുരാജാവു രേഖപ്പെടുത്തിയിരുന്നു. അകൃത്യയാഗമായിത്തീർന്നു മരണം സഹിക്കുന്ന മനുഷ്യൻ ദീർഘായുസ്സു പ്രാപിക്കുമെന്നും തന്റെ പ്രയത്നഫലം കണ്ടുതൃപ്തനാകുമെന്നും (യെശയ്യാവ് 53:10-12) 750 വർഷങ്ങൾക്കു മുമ്പ് യെശയ്യാവ് പ്രവചിച്ചിരുന്നു. ഈ പ്രവചനങ്ങളൊക്കെ യേശു മരണത്തെ ജയിച്ചുയിർത്തെഴുന്നേറ്റപ്പോൾ നിറവേറി. താൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുമെന്ന പ്രവചനം തന്റെ ശിഷ്യന്മാർ മനസ്സിലാക്കിയിട്ടില്ലാഞ്ഞതിനാൽ ഉയിർത്തെഴുന്നേല്പിനെക്കുറിച്ചുള്ള വാർത്ത ആദ്യം അവർ വിശ്വസിച്ചില്ല; കല്ലറയ്ക്കൽ ചെന്ന് ഉള്ളിൽ നോക്കി കണ്ടു ബോദ്ധ്യപ്പെടുകയും ഉയിർത്തെഴുന്നേറ്റ യേശുവിനെ നേരിൽ കാണുകയും ചെയ്തപ്പോഴാണ് അവർ വിശ്വസിച്ചത്. അവർക്കും മറ്റുള്ളവർക്കും പഴയ നിയമത്തിൽ തന്നെക്കുറിച്ചു രേഖപ്പെടുത്തിയിരുന്ന പ്രവചനങ്ങൾ എല്ലാം കൃത്യമായി നിറവേറ്റപ്പെട്ടതെങ്ങനെയെന്ന് യേശു പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു (ലൂക്കോസ് 24:25-27). യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പും തുടർന്നുള്ള സംഭവങ്ങളും തന്റെ സ്വർഗ്ഗാരോഹണവും മത്തായി 28, ലൂക്കോസ് 24, യോഹന്നാൻ 20, 21 എന്നീ അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്നതു ശ്രദ്ധിച്ചു വായിക്കുക.

## നമ്മുടെ രക്ഷ

ഭൂമിയിലുള്ള സകല മനുഷ്യരും ആദാമിൽ നിന്നു ജനിച്ചവരായിരുന്നതിനാൽ പാപത്തിനധീനരാണെന്നു നേരത്തെ വ്യക്ത

3. ശരീരം മരണശേഷം ദ്രവിച്ചു മണ്ണായിത്തീരുന്ന അനുഭവം.

മാക്കിയിട്ടുണ്ടല്ലോ. നമോരോരുത്തരും ആ അർത്ഥത്തിൽ പാപിയായി തീർന്ന ആദാമിലുള്ളവരാണ്. അതിന്റെ ഫലമായി നമുക്കു പാപികൾ എന്ന അവസ്ഥയും പാപപ്രവൃത്തികൾ ചെയ്തുപോകുന്ന സ്വഭാവവും പാപത്തിന്റെ നിത്യശിക്ഷാവിധിക്കുള്ള അർഹതയുമാണുള്ളത്; പാപത്തിനു പരിഹാരം വരുത്തിയ മനുഷ്യനായ യേശുക്രിസ്തുവിൽ നാം ആയിത്തീർന്നാൽ അതിന്റെ ഫലമായി പാപമോചനവും ദൈവമക്കൾ എന്ന പദവിയും പാപത്തിന്റെ വശീകരണത്തെ ജയിച്ചു ജീവിക്കുന്നതിനുള്ള കഴിവും നിത്യജീവനും ലഭിക്കുന്നു. ക്രിസ്തുവിൽ ആയിത്തീരുന്നതിനുള്ള മാർഗ്ഗം വളരെ ലളിതമാണ്; എന്നാൽ അതു ശരിയായി മനസ്സിലാക്കി പ്രയോജനപ്പെടുത്തുക എന്നതു വളരെ പ്രധാനപ്പെട്ട കാര്യമാണ്. ആർ ക്രിസ്തുവിൽ ആയിത്തീരാൻ ആഗ്രഹിക്കുന്നുവോ ആ ആൾ ചെയ്യേണ്ടത് ആയാൾക്കുവേണ്ടി യേശു ക്രൂശിൽ വരുത്തിയ പാപപരിഹാരം സ്വീകരിക്കുക എന്നതു മാത്രമാണ്. സൗജന്യമായ ഈ പാപപരിഹാരം സ്വീകരിക്കാത്ത ഒരുവന് അതു നല്കുവാൻ ദൈവത്തിനു സാദ്ധ്യമല്ല. എങ്ങനെയാണ് ഒരാളിന് ക്രിസ്തുവിൽ ആയിത്തീരാനും അങ്ങനെ പാപമോചനം ലഭിക്കാനും കഴിയുന്നതെന്ന് റോമർ 10:9-ൽ പറഞ്ഞിരിക്കുന്നു. "യേശുവിനെ കർത്താവ്[4] എന്ന് വായ്കൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയം കൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും" എന്നാണ് അവിടെ വായിക്കുന്നത്. കോളജിൽ ഒരു വിദ്യാർത്ഥിക്കു പ്രവേശനം ലഭിക്കണമെങ്കിൽ അവൻ പൂരിപ്പിച്ച് ഒപ്പിട്ടു കൊടുക്കേണ്ട ഒരു അപേക്ഷാഫോറമുണ്ട്; യേശുക്രിസ്തുവിൽ ആയിത്തീരുന്നതിനും അങ്ങനെ ദൈവരാജ്യത്തിലേക്കു പ്രവേശനം ലഭിക്കുന്നതിനും ഓരോ മനുഷ്യനും പൂരിപ്പിച്ചു ദൈവ മുമ്പാകെ സമർപ്പിക്കേണ്ട അപേക്ഷാഫോറമാണ് ഈ വാക്യമെന്ന് ഒരർത്ഥത്തിൽ പറയാം. രക്ഷിക്ക

4. കർത്താവ് എന്ന പദത്തിനു കർത്തൃത്വം (ഭരണം) നടത്തുന്നയാൾ എന്നാണർത്ഥം.

പ്പെടുന്നതിന് അഥവാ പാപമോചനം പ്രാപിക്കുന്നതിന് ഉള്ള വ്യവസ്ഥ ഈ വാക്യത്തിൽ വ്യക്തമാക്കിയിരിക്കുന്നു. ആർ ഈ വ്യവസ്ഥ പാലിക്കുന്നുവോ അവൻ (അവൾ) രക്ഷിക്കപ്പെട്ട് ഒരു ദൈവപൈതലായിത്തീരും. ഈ വ്യവസ്ഥ ആർ പാലിക്കാതിരിക്കുന്നുവോ അയാളെ രക്ഷിക്കുവാൻ ദൈവത്തിന്റെ പക്കൽ യാതൊരു മാർഗ്ഗവുമില്ല. "അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളായി തീരുവാൻ അവൻ അധികാരം കൊടുത്തു" (യോഹ: 1:12) എന്നു വചനം പറഞ്ഞിരിക്കുന്നു. യേശു മൂലമുള്ള പാപപരിഹാരത്തെക്കുറിച്ച് മനസ്സിലാക്കി സ്വമനസ്സാലെ അതു സ്വീകരിക്കുന്നവർക്കു മാത്രമാണ് യേശുവിന്റെ രക്ഷ ലഭിക്കുന്നത്. ക്രിസ്തീയ കുടുംബങ്ങളിൽ ജനിക്കുന്ന ശിശുക്കൾക്കു മാമോദീസാ നൽകിയാൽ അവർ ദൈവമക്കളായിത്തീരും എന്നു ചിലർ വിശ്വസിക്കുന്നുണ്ട്; ദൈവവചനത്തിൽ യാതൊരടിസ്ഥാനവുമില്ലാത്ത ഒരു ഉപദേശമാണിത്.നാമോരോരുത്തരുടെയും രക്ഷയ്ക്കുള്ള മാർഗ്ഗം യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ച് അക്കാര്യം പ്രാർത്ഥനയിൽ ദൈവത്തോട് ഏറ്റു പറയുക എന്നതാണ്. അങ്ങനെ ചെയ്യുമ്പോൾ മാത്രമേ പാപിയായിത്തീർന്ന ആദ്യത്തെ ആദാമിലായിരുന്ന അവസ്ഥയിൽ നിന്നു വിടുവിക്കപ്പെട്ട്, മനുഷ്യവർഗ്ഗത്തെ മുഴുവൻ പ്രതിനിധാനം ചെയ്തുകൊണ്ട് പാപത്തിനു പരിഹാരം വരുത്തിയ രണ്ടാമത്തെ ആദാമാകുന്ന യേശുക്രിസ്തുവിൽ ആയിത്തീർന്ന അനുഭവം നമ്മിലുണ്ടാകുകയുള്ളു. നമ്മുടെ പാപപരിഹാരത്തിന്റെ വില ക്രൂശിൽ കൊടുത്തു തീർത്തശേഷം, ആ സത്യം നാം എപ്പോൾ അംഗീകരിക്കും എന്നുള്ള ആകാംക്ഷയോടെ യേശുക്രിസ്തു നമ്മെ രക്ഷിപ്പാൻ സദാ കാത്തിരിക്കയാണ്. ഓരോ മനുഷ്യന്റെയും ഹൃദയവാതില്ക്കൽ അവൻ സദാ സമയവും ക്രൂശിലെ തന്റെ സ്നേഹത്തിന്റെ സന്ദേശത്താൽ മുട്ടിക്കൊണ്ടിരിക്കയാണ്. (വെളിപ്പാട് 3:20).

“യേശുവേ ഞാൻ പാപിയാണെന്നു സമ്മതിക്കുന്നു. അവിടുന്ന്[5] എന്റെ പാപത്തിന്റെ ശിക്ഷയായ മരണം എനിക്കു പകരമായി ക്രൂശിൽ സഹിച്ച് എന്റെ പാപത്തിനു പരിഹാരം വരുത്തി എന്നു ഞാൻ വിശ്വസിക്കുന്നു; എന്റെ പാപം പരിഹരിക്കുകയും മരണത്തെ ജയിച്ച് അവിടുന്ന് ഉയിർത്തെഴുന്നേൽക്കയും ചെയ്തതിനായി സ്തോത്രം. അങ്ങയെ എന്റെ രക്ഷിതാവും കർത്താവുമായി ഞാൻ സ്വീകരിക്കുന്നു. അവിടുന്ന് എന്റെ ഹൃദയത്തിലേക്കു വരേണമേ; വന്നതിനായി സ്തോത്രം; ആമേൻ”[6] എന്ന് ഒരാൾ ആത്മാർത്ഥമായി തന്റെ ഹൃദയത്തിൽ ദൈവത്തോടു പ്രാർത്ഥിച്ചു പറയുമ്പോഴാണ് യേശു അയാളുടെ രക്ഷിതാവും കർത്താവും (ജീവിതനായകനും) ആയിത്തീരുന്നത്. പ്രാർത്ഥനയിലൂടെയുള്ള ഏറ്റു പറച്ചിലിന്റെ വാക്കുകൾ കൃത്യമായി ഇങ്ങനെ തന്നെയായിരിക്കണമെന്നില്ല; ഉപയോഗിക്കുന്ന വാക്കുകളുടെ ആശയം ഇതായിരിക്കണമെന്നേയുള്ളു. ചുരുക്കത്തിൽ യേശു മൂലമുള്ള പാപമോചനത്തിലുള്ള വിശ്വാസം ഒരാൾ ദൈവ സന്നിധിയിൽ ഏറ്റുപറഞ്ഞു പ്രാർത്ഥിക്കുമ്പോൾ ദൈവം അയാളുടെ പാപം മോചിച്ചുകൊടുക്കയും അയാൾ പാപത്തിന്റെ ശിക്ഷാവിധിയിൽ നിന്നു വിടുവിക്കപ്പെട്ട ഒരാളായി അഥവാ യേശുക്രിസ്തുവിലുള്ള ഒരു പുതിയ സൃഷ്ടിയായി രൂപാന്തരപ്പെടുകയും ചെയ്യുന്നു.

“അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും (പാപത്തിന്റെ നിത്യശിക്ഷാവിധി) ഇല്ല” (റോമർ 8:1).

“ഒരുത്തൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടി ആകുന്നു” (2 കൊരിന്ത്യർ 5:17).

---

5. സർവ്വശക്തനായ ദൈവത്തിന്റെ മഹത്വത്തിനു യോജിച്ച വിധത്തിൽ സംബോധന ചെയ്യാൻ പറ്റിയ പദങ്ങൾ ഒരു ഭാഷയിലുമില്ല. ഹൃദയത്തിൽ ബഹുമാനം പ്രകടിപ്പിച്ചുകൊണ്ട്, ‘നീ, അവിടുന്ന്, തിരുമേനി തുടങ്ങിയ പദങ്ങളിലേതു വേണമെങ്കിലും സൗകര്യം പോലെ നമുക്കുപയോഗിക്കാം.

6. “ആമേൻ” എന്ന് പ്രാർത്ഥനയുടെ ഒടുവിൽ സാധരണയായി പറയുന്നതിന് “അങ്ങനെ തന്നെ” എന്നാണർത്ഥം.

# ചോദ്യങ്ങൾ

1) മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരത്തിനു ദൈവം തന്നെ മനുഷ്യാവതാരമെടുക്കുകയും സ്വയം യാഗമർപ്പിക്കയും ചെയ്യേണ്ടിവന്നതെന്തുകൊണ്ടാണ്?

2) a) മൃഗയാഗം എന്തിനെയാണ് ചൂണ്ടിക്കാണിച്ചത്?

   b) മൃഗത്തിന്റെ യാഗം മൂലം എപ്രകാരമുള്ള പാപപരിഹാര മാണു ലഭിച്ചിരുന്നത്?

3) a) യേശുവിന്റെ മരണം സകല മനുഷ്യരുടെയും പാപ ത്തിന്റെ ശിക്ഷയായിരിക്കുമെന്നു ചൂണ്ടിക്കാണിക്കുന്ന പഴയ നിയമത്തിലെ ഒരു വാക്യം എഴുതുക.

   b) യേശുവിനെ ഒറ്റിക്കൊടുക്കുന്നതു തന്റെ ഒരു ശിഷ്യൻ തന്നെയായിരിക്കുമെന്നു സൂചിപ്പിക്കുന്ന പ്രവചന വാക്യം എഴുതുക.

4) a) യേശുവിന്റെ കൈകാലുകൾ കുരിശോട് ചേർത്ത് ആണി കളാൽ തറയ്ക്കപ്പെട്ടപ്പോൾ നിറവേറ്റപ്പെട്ട പ്രവചനവാക്യം ഉദ്ധരിക്കുക.

   b) ഈ പ്രവചനം എന്നാണ് രേഖപ്പെടുത്തപ്പെട്ടത്?

5) a) രണ്ടു ദുഷ്പ്രവൃത്തിക്കാരെ യേശുവിന്റെ ഇടത്തും വലത്തുമായി ക്രൂശിച്ചപ്പോൾ നിറവേറിയ പ്രവചനം ഏതാണ്?

   b) യേശുവിന്റെ ക്രൂശീകരണത്തിന് എത്ര വർഷം മുമ്പാണ് ആ പ്രവചനം നടത്തപ്പെട്ടത്?

6) യേശു ക്രൂശിൽ തല ചായ്ച്ച് ആത്മാവിനെ ഏല്പിച്ചു കൊടുക്കുന്ന സമയത്തു "നിവൃത്തിയായി" എന്നു പറഞ്ഞ തിന്റെ അർത്ഥമെന്തായിരുന്നു?

7) പാപിയായ മനുഷ്യൻ ശാരീരിക മരണം അനുഭവിച്ചു കഴിഞ്ഞ് രണ്ടാം മരണമാകുന്ന നിത്യശിക്ഷാവിധിയ്ക്കു വിധേയനാകുന്നു; പാപിയായ മനുഷ്യന്റെ സ്ഥാനത്ത് യേശു മരണം സഹിച്ചപ്പോൾ മരണത്തെ തോല്പിച്ചു ജീവൻ തിരികെ പ്രാപിക്കാൻ യേശുവിന് അധികാരം ഉണ്ടായിരുന്നു അതിന്റെ കാരണമെന്താണ്?

8) യേശുവിന്റെ ശരീരം ദ്രവിച്ചു പോകയില്ലെന്നു പ്രസ്താവിക്കുന്ന പഴയ നിയമത്തിലെ പ്രവചനം ഏതാണ്?

9) പാപത്തിനടിമയായ ആദാമിൽ നിന്ന്, പാപപരിഹാരം വരുത്തിയ ക്രിസ്തുവിൽ നാം ആയിത്തീരുമ്പോൾ നമുക്ക് എന്താണു ലഭിക്കുന്നത്?

10) a) ഒരുവൻ ക്രിസ്തുവിൽ ആയിത്തീരുന്നതിന് എന്തു ചെയ്യണം?

b) നിങ്ങൾ ക്രിസ്തുവിൽ ആയിത്തീർന്നിട്ടുണ്ടോ?

**“AND THE SPIRIT AND THE BRIDE SAY, ‘COME’**
**AND LET THE ONE WHO HEARS SAY, ‘COME’.**
**AND LET THE ONE WHO IS THIRSTY COME;**
**LET THE ONE WHO WISHES TAKE THE**
**WATER OF LIFE WITHOUT COST”**
**(REVELATION 22:17)**

“വരിക എന്നു ആത്മാവും മണവാട്ടിയും പറയുന്നു;
കേൾക്കുന്നവനും വരിക എന്നു പറയട്ടെ;
ദാഹിക്കുന്നവൻ വരട്ടെ;
ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ”
(വെളിപാട് 22:17)

# അത്ഭുത പ്രകാശത്തിലേക്ക്

# Lesson - III

# നാം ക്രിസ്തുവിൽ

## തെളിവുകൾ

യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുന്നവർ ദൈവമക്കളായിത്തീരും എന്നു നാം കണ്ടു കഴിഞ്ഞു. ഒരാൾ ഇപ്രകാരം ചെയ്ത് ക്രിസ്തുവിൽ ആയിത്തീർന്നിരിക്കുന്നു എന്നത് അയാൾക്കും മറ്റുള്ളവർക്കും മനസ്സിലാക്കുന്നതിനു സഹായകമായ ചില തെളിവുകൾ വചനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്; അവ ചുരുക്കമായി താഴെ വിവരിച്ചിരിക്കുന്നു.

## I) ദൈവത്തോടുള്ള നന്ദി

ദൈവമക്കൾ സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളും പൗരൻമാരുമാണ്; "നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെ നിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു" (ഫിലിപ്യർ 3:20) എന്നാണ് വചനം പറയുന്നത്. ഒരാൾ ദൈവത്തിൽ നിന്നു ജനിച്ചു ദൈവരാജ്യത്തിന്റെ പൗരനായിതീരുന്നതു വരെ അയാൾ സാത്താന്റെ (പിശാചിന്റെ) രാജ്യമായ നിത്യനരകത്തിന്റെ പൗരനാണ്; അയാളുടെ അവകാശം നരകത്തിലും, അയാളുടെ ചുമതലകൾ സാത്താന്റെ ഇഷ്ട പ്രകാരമുള്ള പ്രവൃത്തികളുമാണ്. യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിന്റെ ഫലമായി സർവ്വശക്തനും ഈ അഖിലാണ്ഡത്തിന്റെ സ്രഷ്ടാവുമായ ദൈവത്തിന്റെ പൈതലായി അയാൾ തീരുകയും അങ്ങനെ സ്വർഗ്ഗത്തിന്റെ അവകാശിയായി

തീരുകയും ചെയ്യുന്നു. പിന്നീട് അയാൾക്കു പിശാചിന്റെ ഇഷ്ട പ്രകാരമല്ല, തന്റെ പിതാവായ ദൈവത്തിന്റെ ഇഷ്ടപ്രകാരം ജീവിക്കാനുള്ള ചുമതല മാത്രമാണുള്ളത്. പിശാചിന്റെ അടിമത്തത്തിൻ കീഴിൽ നിത്യനരകത്തിന്റെ ഓഹരിക്കാരനായി കഴിഞ്ഞിരുന്ന അയാളെ വിടുവിച്ചു സ്വർഗ്ഗത്തിന്റെ പൗരനും അവകാശിയുമാക്കിത്തീർത്ത ദൈവത്തോട് അയാൾക്കു വലിയ നന്ദി തോന്നുമെന്നതു തീർച്ചയാണ്. അത് അയാൾ പ്രകടിപ്പിക്കുന്നത് ദൈവത്തെ സ്തുതിച്ചു പ്രാർത്ഥിക്കുന്നതിലൂടെയാണ്. യേശുവിനെ രക്ഷിതാവായി സ്വീകരിച്ച ഒരാൾ പ്രാർത്ഥനയിലൂടെ "പിതാവായ ദൈവമേ, അവിടുത്തെ പുത്രന്റെ ക്രൂശുമരണം മൂലം എന്റെ പാപം അവിടുന്നു മോചിച്ചു തന്നതായി സ്തോത്രം!"[1] എന്ന് ദൈവ മുമ്പാകെ ആത്മാർത്ഥമായി പറയുവാനുള്ള പ്രേരണ ഒരാളിന്റെ ഹൃദയത്തിലുണ്ടാകുന്നത് അയാൾ രക്ഷിക്കപ്പെട്ട ഒരു ദൈവ പൈതലാണെന്നുള്ളതിന്റെ തെളിവാണ്.

## II) ദൈവമക്കളോടുള്ള സ്നേഹം

"നാം മരണം വിട്ടു ജീവനിൽ കടന്നിരിക്കുന്നു എന്നു സഹോദരൻമാരെ സ്നേഹിക്കുന്നതിനാൽ നമുക്കു അറിയാം" (1 യോഹ. 3:14) എന്നു വചനം പറയുന്നു. വാക്കിനാലും നാവിനാലുമുള്ളതല്ല, പിന്നയോ, പ്രവൃത്തിയിലും സത്യത്തിലുമുള്ള വാസ്തവമായ[2] സ്നേഹമാണ് ഇവിടെ അർത്ഥമാക്കുന്നത്.

1. സ്തോത്രം ചയ്യുക എന്നതിനു നന്ദി പറയുക എന്നാണർത്ഥം. ദൈവം നമുക്കു നൽകിയ രക്ഷയോർത്തു സ്തോത്രം ചെയ്യുന്നതിനു പ്രത്യേകമായി തിരഞ്ഞെടുത്ത വാചകങ്ങളില്ല. നമ്മുടെ ഹൃദയത്തിൽ നിന്നുയരുന്ന നന്ദിയുടെ വാക്കുകൾ ദൈവസന്നിധിയിൽ നമുക്കറിയാവുന്ന ഭാഷയിൽ സമർപ്പിക്കുക മാത്രമാണ് ചെയ്യേണ്ടത്. ഇതു നാം തീർച്ചയായും ചെയ്യേണ്ടതാണെന്ന് കൊലോസ്യർ 1:12-13 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നതു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
2. യഥാർത്ഥത്തിലുള്ള സ്നേഹം എന്താണെന്ന് 1 യോഹ 3:15-18 വരെ വാക്യങ്ങളിൽ വിശദീകരിച്ചിരിക്കുന്നതു ശ്രദ്ധിക്കുക. മറ്റുള്ള ദൈവമക്കളുടെ നന്മയ്ക്കായി കഷ്ടമോ പ്രയാസമോ സഹിക്കാൻ നാം തയ്യാറാകുന്നതിലൂടെയും അവരുടെ വിഷമങ്ങൾ ലഘൂകരിക്കാൻ നമുക്കു കഴിയുന്ന സഹായം ചെയ്യുന്നതിലൂടെയുമാണ് അവരോടുള്ള സ്നേഹം പ്രകടമാക്കുന്നത്.

ദൈവത്തിൽ നിന്നു ജനിച്ച മറ്റുള്ള സഹോദരീസഹോദരന്മാരോട് യഥാർത്ഥത്തിലുള്ള സ്നേഹം നമുക്കു തോന്നും; അവരും നാമും ഒരേ പിതാവിന്റെ മക്കളായതിനാൽ അവരുടെ ഭാരങ്ങൾ നാമും കൂടെ ചേർന്നു വഹിക്കേണ്ടതാണെന്നുള്ള ചിന്ത (ഗലാത്യർ 6:2) മൂലം അവർക്കു വേണ്ടി പ്രാർത്ഥിക്കയും അവരെ സഹായിക്കുവാൻ നാം ശ്രമിക്കയും ചെയ്യുന്നു എന്നതാണ് നാം ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവ്.

## III) പാപത്തിൻമേലുള്ള ജയം

ക്രിസ്തുവിലായിത്തീർന്ന ദൈവമക്കളെക്കുറിച്ച്, "അവനിൽ (ക്രിസ്തുവിൽ) വസിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല, പാപം ചെയ്യുന്നവൻ ആരും അവനെ കണ്ടിട്ടില്ല, അറിഞ്ഞിട്ടുമില്ല" (1 യോഹ.3:6) എന്നാണ് വചനത്തിൽ പറഞ്ഞിരിക്കുന്നത്. "ദൈവത്തിൽ നിന്നു ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല, അവന്റെ വിത്തു അവനിൽ വസിക്കുന്നു; ദൈവത്തിൽ നിന്നു ജനിച്ചതിനാൽ അവനു പാപം ചെയ്വാൻ കഴികയുമില്ല" (1 യോഹ.3:9) എന്നു നാം വായിക്കുന്നു. ദൈവത്തിന്റെ മക്കൾക്കു ദൈവത്തിന്റെ സ്വഭാവമാണുള്ളത്. പാപം ചെയ്യുന്ന സ്വഭാവമല്ല അവരിൽ കാണപ്പെടുന്നത്. പാപത്തിന്റ സാന്നിദ്ധ്യവും പിശാചിന്റെ വശീകരണതന്ത്രങ്ങളും നിറഞ്ഞ ഈ ലോകത്തിൽ പാപത്തെ ജയിച്ചു ജീവിക്കുന്ന അനുഭവമാണ് അവരിൽ കാണപ്പെടുന്നത്. എന്നാൽ അവരെ പാപത്തിൽ അകപ്പെടുത്തി അവർക്കു ദൈവവുമായുള്ള കൂട്ടായ്മക്കു തടസ്സം[3] വരുത്താൻ സാത്താൻ സദാ പരിശ്രമിച്ചുകൊണ്ടാണിരിക്കുന്നത്. അതുകൊണ്ടാണ് പിശാചിന്റെ തന്ത്രങ്ങ

3. പാപം ദൈവവും നാമും തമ്മിലുള്ള ബന്ധത്തിനു തടസ്സം സൃഷ്ടിക്കുന്നു. വിദ്യുച്ഛക്തി പ്രവഹിച്ചുകൊണ്ടിരിക്കുന്ന കമ്പി ഇടയ്ക്കു വെച്ചു മുറിഞ്ഞാൽ, കത്തി നിന്നിരുന്ന ബൾബുകൾ പെട്ടെന്ന് അണഞ്ഞുപോകുന്നതുപോലെ, ദൈവമക്കളിൽ പാപം ഉണ്ടായാൽ ദൈവിക ശക്തി അവരിലൂടെ വ്യാപരിക്കുന്നതു നിന്നുപോകും; അവരുടെ പ്രാർത്ഥന ദൈവം കേൾക്കയില്ല; "എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നെങ്കിൽ കർത്താവു കേൾക്കയില്ലായിരുന്നു" (സങ്കീർത്തനം 66:18) എന്നാണ് വചനം പറയുന്നത്.

ളോട് എതിർത്തു നിന്ന് അവയെ തോല്പിക്കുവാൻ എങ്ങനെ സാധിക്കുമെന്ന് എഫെസ്യർ 6:10-18 വരെ വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നത്. പിശാചിന്റെ തന്ത്രങ്ങളെ പരാജയപ്പെടുത്തുന്നതിനാവശ്യമായ കാര്യങ്ങൾ ചെയ്യുന്നതിൽ എന്തെങ്കിലും കുറവു നമ്മിലുണ്ടായാൽ അവന്റെ തന്ത്രങ്ങളിൽ നാം അകപ്പെടുകയും പാപത്തിൽ വീഴുകയും ചെയ്തെന്നു വരും. ഇപ്രകാരം സംഭവിച്ചാൽ പാപം ചെയ്യുന്ന സ്വഭാവം അഥവാ പിശാചിന്റെ സ്വഭാവം നമ്മിൽ വീണ്ടും ഉണ്ടായി എന്നല്ല അതിന്റെ അർത്ഥം; പിന്നെയോ, പാപം ചെയ്യാതെ ജീവിക്കാൻ നമ്മെ പ്രേരിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന, നമ്മിലുള്ള ദൈവികസ്വഭാവത്തിനു വിരുദ്ധമായ പ്രവൃത്തി പിശാചിന്റെ പ്രേരണയാൽ നാം ചെയ്തു പോയി എന്നു മാത്രമേ അർത്ഥമുള്ളു. ദൈവത്തിൽ നിന്നു ജനിച്ച ഒരാൾ ഇങ്ങനെ പാപത്തിൽ അകപ്പെട്ടുപോയാൽ അയാൾ അതിനെക്കുറിച്ച് ആത്മാർത്ഥമായി അനുതപിക്കുകയും ദൈവ സന്നിധിയിൽ തന്റെ പാപം ഏറ്റു പറകയും യേശുക്രിസ്തുവിന്റെ ക്രൂശിലെ യാഗം മൂലം പാപം ക്ഷമിച്ചുതരേണമേ എന്നു ദൈവത്തോടപേക്ഷിക്കയും ചെയ്യും. 1 യോഹ.1:9 ഉം 1 യോഹ.2:1-2 വാക്യങ്ങളും ഇതു വ്യക്തമാക്കുന്നു. ചുരുക്കത്തിൽ പാപത്തിന്റെ വശീകരണത്തെ ജയിച്ചു ജീവിക്കുന്ന അനുഭവവും അബദ്ധവശാൽ പാപത്തിൽ അകപ്പെട്ടുപോയെങ്കിൽ അതിനെക്കുറിച്ചനുതപിച്ച് യേശുക്രിസ്തുവിന്റെ നാമത്തിൽ പാപക്ഷമയ്ക്കായി ദൈവത്തോടു പ്രാർത്ഥിക്കുന്ന സ്വഭാവവും ഏതെങ്കിലും വ്യക്തിയോടാണ് തെറ്റു ചെയ്തിരിക്കുന്നതെങ്കിൽ അതിന് അയാളുടെ മുമ്പാകെ ന്യായമായ പരിഹാരം ചെയ്യുന്ന സ്വഭാവവും ഒരാളിൽ കാണപ്പെടുന്നത് അയാൾ ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നതിന്റെ തെളിവാണ്. ദൈവികസ്വഭാവം അയാളിലുള്ളതിനാൽ അയാൾ പാപത്തെ വെറുക്കുന്നു; പാപം ചെയ്യുന്നില്ല;[4] അബദ്ധ

4. പാപം ചെയ്യുന്നില്ല എന്നതിന്, പാപം ചെയ്യുന്ന സ്വാഭാവമില്ല എന്നാണർത്ഥമെന്ന്, 1 യോഹ.3:6 നോടു 1 യോഹ. 2: 1-2 വാക്യങ്ങൾ ചേർത്തു വായിക്കുമ്പോൾ വ്യക്തമാകുന്നു: പാപത്തിലകപ്പെട്ടുപോകാനുള്ള സാദ്ധ്യത ഒട്ടുമില്ലെന്ന് അതിനർത്ഥമില്ല.

വശാൽ പാപത്തിലകപ്പെട്ടു പോയെങ്കിൽ അനുതപിച്ചു ക്ഷമ യ്ക്കായി അപേക്ഷിച്ച് അതിനു പരിഹാരം വരുത്തുകയും ചെയ്യുന്നു. അങ്ങനെ പാപത്തിന്റെ വശീകരണത്തിൻമേൽ വിജയം വരിച്ചുകൊണ്ട് ജീവിതം നയിക്കുന്നത് നാം ദൈവമക്ക ളായി തീർന്നു എന്നതിന്റെ സുപ്രധാന തെളിവുകളിലൊന്നാണ്.

## IV) ദൈവത്തോടും ദൈവവചനത്തോടുമുള്ള സ്നേഹം

യേശുക്രിസ്തു തന്റെ സകല മഹിമയും തേജസ്സും വെടിഞ്ഞ് വെറും ഒരു ദരിദ്രമനുഷ്യനായി ഈ ഭൂമിയിൽ അവതരിച്ച് ഏറ്റവും നിന്ദ്യമായ ക്രൂശുമരണം സഹിച്ചത്, തന്റെ പാപ പരിഹാരത്തിനു വേണ്ടിയാണെന്ന് ഒരു വ്യക്തി വിശ്വസിച്ചാൽ ദൈവത്തോട് അയാൾക്കു വളരെ സ്നേഹം തോന്നുക തികച്ചും സ്വാഭാവിക മാണ്. നാം ഓരോരുത്തർക്കും വേണ്ടി ക്രൂശിൽ സ്വന്തജീവൻ നല്കിയ യേശുവിനെ സ്നേഹിക്കാതിരിക്കാൻ സത്യം അംഗീ കരിച്ചിട്ടുള്ള ഒരാൾക്ക് ഒരിക്കലും സാദ്ധ്യമല്ല. അതിനാൽ യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ച ഒരാൾ ദൈവത്തെ വളരെയധികം സ്നേഹിക്കുമെന്നതിനു സംശയമില്ല.

ദൈവത്തോടുള്ള സ്നേഹം നാം പ്രദർശിപ്പിക്കുന്നത് എങ്ങനെ യാണെന്ന് വചനം വെളിപ്പെടുത്തുന്നുണ്ട്. "അവന്റെ (ദൈവ ത്തിന്റെ) കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം" എന്നു 1 യോഹ. 5:3-ലും "നിങ്ങൾ എന്നെ സ്നേഹി ക്കുന്നു എങ്കിൽ എന്റെ (യേശുവിന്റെ) കല്പനകളെ കാത്തു കൊള്ളും" എന്ന് യോഹ.14:15-ലും നാം വായിക്കുന്നു. ഒരു ദൈവപൈതൽ ദൈവത്തെ സ്നേഹിക്കയും ആ സ്നേഹം ദൈവ ത്തിന്റെ കല്പനകൾ പ്രമാണിക്കുന്നതിലൂടെ പ്രകടമാക്കുകയും ചെയ്യുമെന്ന് ഇതിൽ നിന്നു വ്യക്തമാകുന്നു. ദൈവത്തിന്റെ കല്പനകൾ പ്രമാണിക്കുന്നതിന്റെ ആദ്യപടി ആ കല്പനകൾ എന്തൊക്കെയാണെന്നു കൃത്യമായി മനസ്സിലാക്കുക എന്നതാണ്. ഇത് സാധിക്കുന്നതിന്, "കർത്താവേ നിന്റെ വചനം ശരിയായി

മനസ്സിലാക്കാൻ തക്കവണ്ണം അവിടുത്തെ ആത്മാവിനാൽ എന്റെ ഹൃദയക്കണ്ണുകൾ പ്രകാശിപ്പിച്ചു തരേണമേ"[5] എന്നു പ്രാർത്ഥിച്ചുകൊണ്ട് ദൈവവചനം ശ്രദ്ധയോടെ വായിച്ചു ധ്യാനിക്കേണ്ടതാവശ്യമാണ്. വചനം വായിക്കുകയാണ് ദൈവത്തിന്റെ കല്പനകൾ മനസ്സിലാക്കുന്നതിനുള്ള മാർഗ്ഗം; ദൈവത്തിന്റെ കല്പനകൾ മനസ്സിലാക്കാതെ അവ അനുസരിക്കാൻ സാദ്ധ്യമല്ല, അവ അനുസരിക്കാതെ ദൈവത്തെ സ്നേഹിക്കാനും സാദ്ധ്യമല്ല. ദൈവത്തെ സ്നേഹിക്കുന്നില്ലെങ്കിൽ ദൈവ മകൻ (മകൾ) ആയിത്തീർന്നിട്ടില്ല എന്നാണർത്ഥം. അതിനാൽ ദൈവത്തോടുള്ള സ്നേഹം ദൈവത്തിന്റെ കല്പനകൾ മനസ്സിലാക്കി അനുസരിക്കുന്നതിലൂടെ പ്രത്യേക്ഷമാക്കാനാഗ്രഹിച്ചുകൊണ്ട് വചനം പ്രാർത്ഥനയോടും ശ്രദ്ധയോടും കൂടി വായിച്ചു പഠിക്കുന്ന സ്വഭാവം ഒരാളിൽ കാണപ്പെടുന്നത് അയാൾ ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്ന വ്യക്തിയാണെന്നതിന്റെ തെളിവാണ്. പ്രതികൂല സാഹചര്യങ്ങൾ നിമിത്തമോ അക്ഷരാഭ്യാസമില്ലാത്തതുകൊണ്ടോ ഒരാൾ വചനം വായിക്കാതിരിക്കുന്നെങ്കിൽ അയാൾ ദൈവമകനല്ല എന്നു വരികയില്ല. ദൈവകല്പനകൾ മനസ്സിലാക്കി അനുസരിക്കുന്നതിനുള്ള ആത്മാർത്ഥമായ ആഗ്രഹം ഏതെങ്കിലും തരത്തിൽ അയാളിൽ കാണപ്പെടുന്നെങ്കിൽ അതു ദൈവത്തോടും ദൈവ വചനത്തോടുമുള്ള സ്നേഹം തന്നെയാണ്.

## നാം ക്രിസ്തുവിലോ?

നാം വാസ്തവത്തിൽ ക്രിസ്തുവിലായിത്തീർന്നിട്ടുണ്ടോ എന്നു സ്വയം പരിശോധിച്ച് ഉറപ്പു വരുത്താൻ മേൽ ചൂണ്ടി

5. ദൈവത്മാവു നമ്മുടെ ഹൃദയകണ്ണുകൾ പ്രകാശിപ്പിക്കുമ്പോഴാണ് വചനത്തിലെ സത്യങ്ങൾ വാസ്തവത്തിൽ എങ്ങനെ ആയിരിക്കുന്നുവോ അങ്ങനെ തന്നെ നമുക്കു കാണുവാൻ സാധിക്കുന്നത്. അതുകൊണ്ടാണ് എഫെസോസിലെ വിശ്വാസികളുടെ ഹൃദയ ദൃഷ്ടി പ്രകാശിപ്പിക്കപ്പെടേണ്ടതിനായി പൗലോസപ്പൊസ്തലൻ പ്രാർത്ഥിച്ചത് (എഫെസ്യർ 1:16-19). വചന സത്യങ്ങളിലൂടെ നമ്മെ വഴി നടത്തുന്ന ഗുരുനാഥൻ പരിശുദ്ധാത്മാവാണെന്നു കർത്താവ് തന്നെ അരുളിച്ചെയ്തിട്ടുണ്ട് (യോഹ. 16:19). അതിനാൽ വചനം വായിച്ചു മനസ്സിലാക്കാൻ തുടങ്ങുമ്പോൾ ദൈവാത്മാവു നമ്മുടെ ഹൃദയക്കണ്ണുകൾ പ്രകാശിപ്പിച്ചു തരേണ്ടതിനായി തീർച്ചയായും പ്രാർത്ഥിക്കേണ്ടതാണ്.

ക്കാണിച്ചിരിക്കുന്ന തെളിവുകൾ മതിയായവയാണ്. അവയുടെ വെളിച്ചത്തിൽ നമ്മെത്തന്നെ പരിശോധിക്കുമ്പോൾ നാം ക്രിസ്തുവിൽ ആയിത്തീർന്നിട്ടില്ല എന്നാണു കാണുന്നതെങ്കിൽ പാഠം 2 ന്റെ അവസാന ഭാഗത്തു വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധയോടെ വീണ്ടും വായിച്ചു മനസ്സിലാക്കിയ ശേഷം അവിടെ പറഞ്ഞിരിക്കുന്ന പ്രാർത്ഥന ആത്മാർത്ഥമായി ദൈവ സന്നിധിയിൽ പ്രാർത്ഥിച്ച് യേശുക്രിസ്തുവനെ വാസ്തവത്തിൽ, നമ്മുടെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കേണ്ടതാണ്. അതിന്റെ ഫലമായി മുകളിൽ ചൂണ്ടിക്കാണിച്ച വിധത്തിലുള്ള പരിവർത്തനങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകുമെന്നതു നിശ്ചയമാണ്.

## യേശുക്രസ്തു നമ്മുടെ കർത്താവ്

യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുന്നതിന്റെ ഫലമായി നാം ദൈവമക്കളായിത്തീരുന്നുവെന്നു നേരത്തെ കണ്ടുവല്ലോ. കർത്താവ് എന്ന പദത്തിന്റെ അർത്ഥം കർത്തൃത്വം അഥവാ ഭരണം നടത്തുന്നയാൾ എന്നതാണെന്നു പ്രത്യേകം ശ്രദ്ധിക്കണം. സാത്താന്റെ അധികാരപരിധിയിൽ നിന്നു നാം വിടുവിക്കപ്പെടുന്നതും നമ്മുടെ ഹൃദയത്തിന്മേൽ സാത്താനു വാഴ്ച നടത്താൻ അധികാരമില്ലാതായിത്തീരുന്നതും യേശുക്രിസ്തു നമ്മുടെ ഹൃദയത്തിലേക്കു വരുന്നതു നിമിത്തമാണ്. പിശാചിന്റെ അടിമത്തത്തിൽ നിന്നു നമ്മെ മോചിപ്പിക്കുന്നതിന് യേശു കൊടുക്കേണ്ടി വന്ന വില തന്റെ സ്വന്തം ജീവൻ തന്നെയായിരുന്നു; തന്റെ ജീവൻ നമുക്കു വേണ്ടി നല്കി യേശു നമ്മെ പാപത്തിന്റെ ശിക്ഷാവിധിയായ നിത്യമരണത്തിൽനിന്നു വിടുവിച്ചതിനാൽ നമ്മുടെ ജീവിതത്തെ വാസ്തവത്തിൽ മരണത്തിന്റെ അധികാരികയായ പിശാചിന്റെ കയ്യിൽ നിന്ന് യേശു വിലയ്ക്കു വാങ്ങിയിട്ടുള്ളതാണ്. അതിനാൽ നമ്മുടെ ജീവിതത്തെ പൂർണ്ണമായി നിയന്ത്രിക്കുന്നതിനും നമ്മുടെ ഹൃദയത്തിൽ ഭരണം നടത്തുന്നതിനും അധികാരമുള്ളത് യേശുവിനാണ്. ഈ യാഥാർത്ഥ്യം നാം

അംഗീകരിക്കണം. നമ്മുടെ ഹൃദയത്തിൻമേൽ യേശുക്രിസ്തു അധികാരം പ്രയോഗിക്കുന്നത് ക്രൂരനായ ഒരു ഭരണാധികാരിയെപ്പോലെയല്ല; നമ്മുടെ സ്വാതന്ത്ര്യത്തിൻമേൽ യാതൊരു നിയന്ത്രണവും ചെലുത്തുവാൻ യേശുക്രിസ്തു മുതിരുന്നില്ല; അവന്റെ ഇഷ്ടപ്രകാരം നിയന്ത്രിക്കപ്പെടുന്നതിനു നാം നമ്മെത്തന്നെ ഏല്പ്പിച്ചുകൊടുക്കുമ്പോൾ മാത്രമേ യേശുവിന്റെ ഭരണം നമ്മുടെ ഹൃദയത്തിൽ അനുഭവപ്പെടുകയുള്ളു. ഭരണം നടത്തുന്നതിനുള്ള അധികാരം പൂർണ്ണ ഹൃദയത്തോടെ നാം വിട്ടുകൊടുക്കാതിരുന്നാൽ യേശു അതു നമ്മിൽ നിന്നു പിടിച്ചു വാങ്ങുകയില്ല; നമ്മെ സ്നേഹിക്കുന്ന രക്ഷിതാവ് ഒരിക്കലും ഒരു കയ്യേറ്റക്കാരനെ പോലെ നമ്മോടു പെരുമാറുകയില്ല; നമുക്ക് ഏറ്റവും നന്മയായിട്ടുള്ളത് എന്തൊക്കെയാണെന്നറിയുന്നത് അവിടുന്നാണ്; ആ നന്മ പൂർണ്ണമായി അനുഭവിച്ചുകൊണ്ട് നാം ജീവിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു; ഇതു സാദ്ധ്യമായിത്തീരുന്നത് അവന്റെ കരങ്ങളിലേക്ക് നമ്മുടെ ജീവിതത്തിന്റെ നിയന്ത്രണം പൂർണ്ണമായി വിട്ടുകൊടുക്കുന്നതു മൂലമാണ്. നമ്മുടെ ജീവിതത്തിന്റെ നിയന്ത്രണം പൂർണ്ണമായി യേശുവിനു വിട്ടു കൊടുക്കാതിരുന്നാൽ സാത്താൻ പല പ്രലോഭനങ്ങളും കൊണ്ടുവരും; അവനു നമ്മുടെ ഹൃദയത്തിൽ വാഴ്ച നടത്തുവാനുണ്ടായിരുന്ന അധികാരം നഷ്ടപ്പെട്ടെങ്കിലും വചനമാകുന്ന പാതയിലൂടെ നേരെ മുന്നോട്ടു പോകുന്നതിനു പകരം അതിൽ നിന്ന് ഇടത്തോട്ടും വലത്തോട്ടുമൊക്കെ മാറുന്നതിന്നുള്ള പ്രേരണ നമുക്കു തരാൻ അവനു കഴിവുണ്ട്; കാരണം അവന്റെ വാഴ്ച നടക്കുന്ന, പാപത്തിന്റെ സാന്നിധ്യമുള്ള ലോകത്തിലാണു നാം ജീവിക്കുന്നത്. ശരിയായ വിധത്തിൽ വചനമാകുന്ന പാതയിലൂടെ നമ്മുടെ ജീവിതവാഹനം മുന്നോട്ടു പോകണമെങ്കിൽ ഇതിന്റെ സമ്പൂർണ്ണമായ നിയന്ത്രണം നാം യേശുവിനു വിട്ടുകൊടുത്തേ മതിയാകൂ; യേശുവിനെ കർത്താവായി സ്വീകരിക്കുക എന്നു പറഞ്ഞാൽ ഇപ്രകാരം നാം ചെയ്യുക എന്നാണർത്ഥം.

## കർത്തൃത്വം യേശുവിനു തന്നെയോ?

യേശു നമ്മുടെ കർത്താവാണ് എന്നു വാസ്തവമായി നാം അംഗീകരിച്ചിരിക്കുന്നു എങ്കിൽ യേശുപറഞ്ഞിട്ടുള്ളതാണ് നാം അനുസരിക്കുക; അതിനു പകരം മറ്റുള്ളവർ പറയുന്നതു നാം അനുസരിക്കയില്ല. നാം ആരെയാണോ അനുസരിക്കുന്നത് ആ ആളാണ് നമ്മുടെ കർത്താവ്. ഒരാൾ ദൈവവചനം മനസ്സിലാക്കാൻ ശ്രമിക്കാതെ അയാൾ ബന്ധപ്പെട്ടു നില്ക്കുന്ന സഭയുടെ നിർദ്ദേശങ്ങളും ആചാരങ്ങളും അനുസരിച്ചു കൊണ്ടു ജീവിക്കുന്നു എങ്കിൽ യേശുക്രിസ്തുവല്ല, സഭയാണ് അയാളുടെ ഹൃദയത്തിൽ ഭരണം നടത്തുന്ന കർത്താവ്. ലോകത്തിലെ സഭകളെല്ലാം അനേക വ്യക്തികൾ ചേർന്നുണ്ടായിരിക്കുന്ന സമൂഹങ്ങളാണ്; ഏതെങ്കിലും കാര്യത്തിൽ ദൈവവചനത്തിനു വിരോധമായി ഈ സമൂഹങ്ങളെ അനുസരിക്കുക എന്നു പറഞ്ഞാൽ യേശുക്രിസ്തുവിന്റെ കർത്തൃത്വം വക വെക്കാതെ നാം നമ്മുടെ സ്വന്ത ഇഷ്ടപ്രകാരം പ്രവർത്തിക്കുക എന്നതാണതിന്റെ അർത്ഥം. ഈ തെറ്റ് നമ്മിലുണ്ടാകാതെ സൂക്ഷിക്കുന്നതിനുള്ള ഏകമാർഗ്ഗം യേശു കല്പിച്ചിട്ടുള്ളത് അഥവാ ദൈവവചനം, ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കുകയും അതനുസരിച്ചു നമ്മുടെ ജീവിതത്തിൽ ആവശ്യമായ പരിവർത്തനങ്ങൾ വരുത്തുകയും ചെയ്യുക എന്നതാണ്. വചനം മനസ്സിലാക്കുമ്പോൾ ഇതുവരെ ശരിയെന്നു നാം കരുതിയിരുന്ന പല കാര്യങ്ങൾ തെറ്റാണെന്നു കണ്ടെന്നു വരാം; അങ്ങനെ സംഭവിക്കുമ്പോൾ ശരിയായിട്ടുള്ളതെന്താണോ അതനുസരിക്കുവാൻ ആത്മാർത്ഥമായി നാം ആഗ്രഹിക്കുകയും അതിനു വേണ്ട കൃപയ്ക്കായും കഴിവിനായും ദൈവത്തോടപേക്ഷിക്കയും ചെയ്യേണ്ടതാണ്. അപ്പോൾ ദൈവേഷ്ടപ്രകാരമുള്ള ആ ആവശ്യം[6] നമുക്കു സാധിച്ചു കിട്ടുകയും വചനം കൃത്യമായി അനുസരിച്ചു കൊണ്ടു മുന്നോട്ടുപോകാൻ കഴികയും

6. അടുത്ത പേജിൽ

ചെയ്യും. ഈ അനുഭവം നമ്മിലുണ്ടാകുന്നെങ്കിൽ മാത്രമേ യേശു ക്രിസ്തു വാസ്തവമായി നമ്മുടെ കർത്താവാണെന്നു പറയാൻ സാധിക്കുകയുള്ളു.

## വിജയ രഹസ്യം

ഒരാൾ യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുന്നതിന്റെ ഫലമായി ദൈവാത്മാവ് അയാളുടെ ഹൃദയത്തിൽ പ്രവേശിക്കുന്നു.[7] ആത്മാവിന്റെ ഫലമായ സ്നേഹം[8] അയാളുടെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും പ്രകടമാകുന്നതു കാണാൻ കഴിയും. ആവോളം മറ്റുള്ളവർക്കു നന്മ ചെയ്യാനാഗ്രഹിക്കുന്ന ഒരുവനായി അയാൾ തീരുന്നു. ദൈവത്തിന്റെ സ്നേഹം അയാളുടെ ഹൃദയത്തിൽ വ്യാപരിക്കുന്നതിനാൽ മറ്റുള്ളവരെ പാപത്തിന്റെ അടിമത്തത്തിൽ നിന്നു വിടുവിച്ചു ദൈവമക്കളാക്കിത്തീർക്കുവാനാഗ്രഹിച്ചു കൊണ്ട് ദൈവേഷ്ടത്തിനൊത്തവണ്ണം ജീവിക്കയും പ്രവർത്തിക്കയും ചെയ്യുക എന്ന ലക്ഷ്യത്തോടെ വിജയകരമായി മുന്നോട്ടു പോകുനതിനുള്ള

6. ഫിലിപ്യർ 4:6-7 വാക്യങ്ങളിൽ നമ്മുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവമുമ്പാകെ അറിയിച്ചാൽ നമുക്കു സംതൃപ്തിയും സമാധാനവും ലഭിക്കത്തക്കവിധത്തിൽ നമ്മുടെ അപേക്ഷ സ്വീകരിച്ചു ദൈവം ഉത്തരമരുളും എന്നു പറഞ്ഞിരിക്കുന്നു; 1 യോഹന്നാൻ 5:14-ൽ ദൈവത്തിന്റെ ഇഷ്ടപ്രകാരം നാം എന്തപേക്ഷിച്ചാലും അതു നമുക്കു ലഭിക്കുമെന്നു പറഞ്ഞിരിക്കുന്നു. കർത്താവിന്റെ കല്പനകൾ അനുസരിക്കുക എന്നത് ദൈവത്തിന്റെ ഇഷ്ടമാണ്. അതിനാൽ ഒരു കാര്യം കർത്താവു നമ്മോടു കല്പിച്ചിട്ടുണ്ടെന്നു നാം മനസ്സിലാക്കുകയും അതു നാം ഇതുവരെ അനുസരിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുന്നെങ്കിൽ അതനുസരിക്കാനാവശ്യമായ കൃപക്കായി പ്രാർത്ഥിക്കുകയും കഴിയുന്നതും വേഗത്തിൽ അനുസരിക്കയും ചെയ്യേണ്ടതാണ്.

7. "…..ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല" (റോമർ 8:9) എന്നാണ് വചനം പറയുന്നത്; ക്രിസ്തുവിലായിരിക്കുന്ന ഒരുവനിൽ ദൈവാത്മാവു വസിക്കുന്നുണ്ട്; ആ വ്യക്തിയുടെ ശരീരം ദൈവാത്മാവിന്റെ മന്ദിരം (വാസസ്ഥാനം) ആണ് (1 കൊരിന്ത്യർ 6:19).

8. ദൈവത്തിൽ നിന്നു ജനിച്ച ഒരാളിൽ ദൈവാത്മാവിന്റെ ഫലമായ സ്നേഹം അതിന്റെ വിവിധ രൂപങ്ങളായ സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നീ സ്വഭാവങ്ങളിൽ പ്രത്യക്ഷപ്പെടുന്നുവെന്ന് ഗലാത്യർ 5:22-ൽ പറഞ്ഞിരിക്കുന്നു.

മാർഗ്ഗം വചനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഏഫെസ്യർ 6:10-18 വരെ വാക്യങ്ങളിൽ ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം[9] എന്നാലെന്താണെന്നതിനെപ്പറ്റിയും അതു ധരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും പറഞ്ഞിരിക്കുന്നു. ഈ വേദഭാഗത്തിന്റെ ഒടുവിൽ പറഞ്ഞിരിക്കുന്നത് ദൈവ വചനം എന്ന ആത്മാവിന്റെ വാൾ കൈക്കൊള്ളണം എന്നാണ്. സാത്താനെതിരെ വിജയകരമായി ആക്രമണം നടത്തി അവന്റെ അടിമത്തത്തിൻ കീഴിൽ കഴിയുന്നവരെ മോചിപ്പിക്കണമെങ്കിൽ ദൈവവചനമാകുന്ന വാൾ നാം സ്വീകരിക്കണം. വചനം കൈക്കൊള്ളുക എന്നു പറഞ്ഞാൽ വചനം ശരിയായി മനസ്സിലാക്കി നമ്മുടെ സ്വന്ത ജീവിതത്തിൽ അനുസരിക്കയും അതു മറ്റുള്ളവരെ അനുസരിക്കാൻ പഠിപ്പിക്കയും ചെയ്യുക എന്നാണാശയം. ഇതു നാം ചെയ്യുമ്പോൾ നമ്മുടെ ആത്മിക ജീവിതം വിജയകരമായിത്തീരും. പഴയ നിയമത്തിലെ യോശുവയുടെ പുസ്തകം 1 : 7-8 വാക്യങ്ങളിൽ യിസ്രായേൽജനത്തെ വിജയകരമായി കനാൻ നാട്ടിലേക്കു നയിക്കുവാൻ എങ്ങനെ സാധിക്കുമെന്ന് ദൈവം യോശുവയ്ക്കു പറഞ്ഞകൊടുക്കുന്നതു നാം വായിക്കുന്നു. "എന്റെ ദാസനായ മോശെ നിന്നോടു കല്പിച്ചിട്ടുള്ള ന്യായപ്രമാണമൊക്കെയും അനുസരിച്ചു നടക്കേണ്ടതിനു നല്ല ഉറപ്പും ധൈര്യവും ഉള്ളവനായി മാത്രം ഇരിക്ക: ചെല്ലുന്നേടത്തൊക്കെയും നീ ശുഭമായിരിക്കേണ്ടതിന്നു അതു വിട്ടു ഇടത്തോട്ടോ വലത്തോട്ടോ മാറരുത്...എന്നാൽ നിന്റെ പ്രവൃത്തി സാധിക്കും; നീ കൃതാർത്ഥനായും ഇരിക്കും" എന്നാണ് യോശുവയോടു ദൈവം അരുളിച്ചെയ്തത്. അന്ന് യിസ്രായേലിനു[10] നല്കപ്പെട്ടിരുന്ന ദൈവ

9. "നിങ്ങളുടെ അരയ്ക്കു സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം കാലിന്നു ചെരിപ്പാക്കിയും എല്ലാറ്റിന്നും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാൻതക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നില്പിൻ. രക്ഷ എന്ന ശിരസ്ത്രവം ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ" (എഫെസ്യർ 6:14-17).

10. യെഹൂദൻമാർ എന്ന് അറിയപ്പെടുന്നവരാണ് യിസ്രായേൽ ജനം. പഴയ നിയമ കാലത്ത് സത്യദൈവത്തെ അറിഞ്ഞ് അവനെ സേവിക്കുവാൻ ഇറങ്ങിപ്പുറപ്പെട്ട അബ്രഹാമിന്റെ അനന്തരഗാമികളാണവർ.

വചനം മോശെ മുഖാന്തരം എഴുതപ്പെട്ട ന്യായപ്രമാണ പുസ്തകങ്ങൾ മാത്രമായിരുന്നു; ആ വചനം ശരിയായി മനസ്സിലാക്കി അതിൽ നിന്ന് ഇടത്തോട്ടോ, വലത്തോട്ടോ മാറാതെ അതു കൃത്യമായി അനുസരിച്ചുകൊണ്ടു മുമ്പോട്ടു പോയതിനാൽ വളരെ വിജയകരമായി യിസ്രായേൽ ജനത്തിന്റെ നായകസ്ഥാനം വഹിക്കുവാൻ യോശുവയ്ക്കു സാധിച്ചു. ഇന്നു നമുക്ക് പഴയ നിയമവും പുതിയ നിയമവും അടങ്ങുന്ന സമ്പൂർണ്ണമായ ദൈവവചനം ലഭിച്ചിട്ടുണ്ട്. അതു ശരിയായി മനസ്സിലാക്കി അനുസരിക്കുവാൻ കൃപ തരേണമേ എന്നു പ്രാർത്ഥിച്ചശേഷം വായിച്ചു ധ്യാനിക്കുമ്പോൾ നേരത്തെ മനസ്സിലാകാതിരുന്ന അനേകം കാര്യങ്ങൾ നമുക്കു മനസ്സിലായിത്തുടങ്ങും; മനസ്സിലാകുന്ന കാര്യങ്ങൾ അനുസരിച്ചു പ്രയോജനപ്പെടുത്താൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്; വചനം നമ്മെ തെറ്റിദ്ധരിപ്പിക്കാൻ[11] സാത്താൻ പരിശ്രമിക്കുമെന്ന കാര്യവും നാം ഓർമയിൽ വയ്ക്കണം. തെറ്റായി ധരിച്ചാൽ നാം അനുസരിക്കുന്നതും തെറ്റായ വിധത്തിലായിരിക്കും; അപ്പോൾ ദൈവത്തെ അനുസരിക്കയാണെന്നു ചിന്തിച്ചുകൊണ്ടു നമ്മെ തെറ്റിദ്ധരിപ്പിച്ച സാത്താനെയായിരിക്കും നാം അനുസരിക്കുന്നത്; അവന്റെ പ്രേരണയനുസരിച്ചു വചനത്തിൽ നിന്ന് ഇടത്തോട്ടും വലത്തോട്ടുമൊക്കെ മാറുന്ന അനുഭവമായിരിക്കും നമ്മിൽ കാണപ്പെടുന്നത്.

ക്രൈസ്തവ ലോകത്തെ മുഴുവനും തന്നെ ദൈവവചനമാകുന്ന പാതയിൽ നിന്ന് ഇടത്തോട്ടും വലത്തോട്ടുമൊക്കെ തിരിച്ച് അവരുടെ ആത്മിക ജീവിതത്തിൽ വലിയ പരാജയമുണ്ടാക്കുന്നതിൽ സാത്താൻ വിജയിച്ചിരിക്കയാണ്. അവന്റെ തന്ത്രങ്ങളെ തോല്പിച്ചുകൊണ്ടു ദൈവേഷ്ടപ്രകാരം ജീവിക്കണമെന്നു നാം ആഗ്രഹിക്കുമ്പോൾ നേരത്തെ ചൂണ്ടിക്കാണി

---

11. വചനത്തിന്റെ ഉടയവനായ യേശുക്രിസ്തുവിനെത്തന്നെ വചനം ദുർവ്യാഖ്യാനം ചെയ്തു പഠിപ്പിക്കുവാൻ സാത്താൻ പരിശ്രമിച്ചുവെന്ന് മത്തായി 4:1–11 വരെ വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നു, മനുഷ്യാവതാരം ചെയ്ത ദൈവപുത്രനോടു സാത്താൻ ഇങ്ങനെ ഇടപെട്ടെങ്കിൽ മനുഷ്യരായ നമ്മെ വചനം തെറ്റിദ്ധരിപ്പിക്കാൻ അവൻ വളരെയധികം ശ്രമിക്കുമെന്നതിനു സംശയമില്ല.

ച്ചതുപോലെ, യേശുവിന്റെ കർത്തൃത്വം പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് ദൈവാത്മ സഹായത്തോടെ വചനം പഠിക്കയും അനുഭവമാക്കുകയും ചെയ്യണം. അപ്പോൾ കനാൻ നാടു പിടിച്ചടക്കുന്നതിൽ യോശുവയ്ക്കുണ്ടായതുപോലുള്ള വലിയ വിജയം ആത്മിക ജീവിതത്തിൽ നമുക്കുണ്ടാകും. ദൈവമുമ്പാകെ ഒരു നാളിൽ നില്ക്കുമ്പോൾ ധാരാളമായ പ്രതിഫലത്തിനു നാം അർഹതയുള്ളവരായിരിക്കുകയും ചെയ്യും. മാത്രമല്ല ദൈവവചനം നമ്മിൽ വസിക്കുന്നതു[12] മൂലം വളരെ ഫലപ്രദമായി പ്രവർത്തിക്കാൻ നമുക്കു സാധിക്കുകയും അനേകർ നാം മുഖാന്തരം നിത്യജീവനുള്ള ദൈവ മക്കളായി രൂപാന്തരപ്പെട്ടിരിക്കുന്നതു കണ്ടു സന്തോഷിക്കാൻ ഇടയാകയും ചെയ്യും.

[വിശദീകരണം ആവശ്യമായ പദങ്ങൾക്കും വാചകങ്ങൾക്കും കൊടുത്തിരിക്കുന്ന നമ്പർ അനുസരിച്ചുള്ള വിശദീകരണക്കുറിപ്പ് ഓരോ പേജിന്റെയും അടിയിൽ കൊടുത്തിരിക്കുന്നതു പ്രത്യേകം ശ്രദ്ധിക്കുക. താഴെ തന്നിരിക്കുന്ന 15 ചോദ്യങ്ങളുടെ ആകെ മാർക്ക് 75 ആണ്]

12. ഫലപ്രദമായ ക്രിസ്തീയ ജീവിതം നയിക്കാൻ കഴിയുന്നതിന്റെ രഹസ്യം വചനത്തിലൂടെ കർത്താവു നമ്മിൽ വസിക്കുന്ന അനുഭവമാണെന്ന് യോഹന്നാന്റെ സുവിശേഷം 15:1-10 വരെയുള്ള വാക്യങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നു.

# ചോദ്യങ്ങൾ

1. a) ദൈവ മക്കൾക്കു ദൈവത്തോടു വളരെ നന്ദി തോന്നാൻ കാരണമെന്താണ്?

   b) എങ്ങനെയാണ് ഒരാൾക്കു ദൈവത്തോടു നന്ദി പ്രകടിപ്പിക്കാൻ കഴിയുന്നത്?

2. a) എങ്ങനെയാണ് യഥാർത്ഥ സ്നേഹം നാം നമ്മുടെ സഹോദരൻമാരോടു പ്രകടിപ്പിക്കുന്നത്?

   b) സഹോദരൻമാരെ സ്നേഹിക്കാത്തവൻ ദൈവത്തിൽ നിന്നു ജനിച്ചവനാണോ? ഇതു മനസ്സിലാക്കാൻ സഹായിക്കുന്ന വാക്യം എഴുതുക.

3. a) ദൈവമക്കളിൽ കാണപ്പെടുന്നത് ആരുടെ സ്വാഭാവമാണ്?

   b) പഴയ സ്വഭാവം മാറി പുതിയസ്വഭാവം ദൈവമക്കളിൽ ഉണ്ടാകാൻ കാരണമെന്താണ്?

4. a) ദൈവമക്കൾക്കു പാപം ചെയ്യുന്ന സ്വഭാവമുണ്ടോ?

   b) ദൈവ മക്കൾ പാപത്തിൽ അകപ്പെട്ടു പോകുക സാദ്ധ്യമാണോ? അകപ്പെട്ടു പോയാൽ അവർ എന്തു ചെയ്യണം?

5. a) ദൈവമക്കൾ പാപത്തിലകപ്പെടുന്നതിന്റെ ഫലമെന്താണ്? പിശാചിന്റെ മക്കളോടു കൂടി അവർ നിത്യ നരകത്തിനർഹരായിത്തീരുമോ?

   b) പാപത്തിൽ അകപ്പെടാതെ സൂക്ഷിക്കുന്നതിനുള്ള മാർഗ്ഗമെന്താണ്?

6. a) പാപത്തിൽ രസിച്ചു ജീവിക്കുന്ന സ്വഭാവം ഒരു ദൈവ പൈതലിൽ കാണപ്പെടുമോ?

b) പാപത്തിലകപ്പെടുന്ന ദൈവപൈതൽ അനുതപിച്ചു ക്ഷമയ്ക്കായി അപേക്ഷിച്ചാൽ പാപ പരിഹാരം ലഭിക്കു മെന്നു പറയുന്ന ഒരു വേദവാക്യം ഉദ്ധരിക്കുക.

7. a) യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്ന ഒരാൾക്കു ദൈവത്തോടു സ്നേഹം തോന്നുമോ? തോന്നുമെങ്കിൽ അതിന്റെ കാരണമെന്താണ്?

b) എങ്ങനെയാണ് ദൈവത്തോടുള്ള സ്നേഹം നമുക്കു പ്രകടിപ്പിക്കാൻ സാധിക്കുന്നത്?

8. a) ദൈൈവത്തിന്റെ കല്പനകൾ പ്രമാണിക്കുന്നതിന്റെ ആദ്യപടി എന്താണ്?

b) ദൈവവചനം വായിച്ചു മനസ്സിലാക്കാൻ കഴിവും അനു കൂല സാഹചര്യങ്ങളുമുണ്ടായിട്ടും അതിന് ആഗ്രഹം തോന്നാത്ത ഒരു വ്യക്തി ദൈവത്തിൽ നിന്ന് ജനിച്ച യാളാണെന്നു പറയാൻ കഴിയുമോ?

9. a) ഒരാൾ ക്രിസ്തുവിലായിത്തീർന്നിട്ടുണ്ടെന്നതിന്റെ തെളിവുകൾ ചുരുക്കി ഒറ്റ വാചകത്തിൽ എഴുതുക

10. a) കർത്താവ് എന്ന പദത്തിന്റെ അർത്ഥം വിശദീകരിക്കുക.

b) യേശുവിന്റെ കർത്തൃത്വം നമ്മുടെ ജീവിതത്തിൽ അനു ഭവപ്പെടുന്നതിനു നാം എന്തു ചെയ്യണം?

11. a) ദൈവവചനം മനസ്സിലാക്കി അനുസരിക്കുന്നതിനു പകരം ഒരാൾ തന്റെ സഭ പഠിപ്പിക്കുന്നതു മാത്രം അനുസരിച്ചു കൊണ്ടു ജീവിച്ചാൽ,

a) യേശുക്രസ്തു അയാളുടെ കർത്താവാണോ?

b) ആരെയാണ് കർത്താവായി അയാൾ പരിഗണിക്കുന്നത്?

12. ദൈവവചനം ധ്യാനിച്ചു മനസ്സിലാക്കുമ്പോൾ ഇതുവരെ നാം ചെയ്തു വന്നിരുന്ന വല്ല കാര്യവും തെറ്റാണെന്നു കണ്ടാൽ നാമെന്തു ചെയ്യണം?

13. വചനപ്രകാരം ജീവിക്കുന്നതിനുള്ള കഴിവിനായി അപേക്ഷിച്ചാൽ ദൈവം അതു നല്കുമെന്നു വിചാരിക്കാൻ ന്യായമെന്താണ്?

14. a) ദൈവത്തിൽ നിന്നു ജനിച്ച ഒരു വ്യക്തിയുടെ ഹൃദയത്തിൽ മറ്റുള്ളവർക്കു നന്മ ചെയ്തുകൊണ്ടു ജീവിക്കാനുള്ള പ്രേരണ എന്തു കൊണ്ടാണുണ്ടാകുന്നത്?

b) വചനമെന്ന ആത്മാവിന്റെ വാൾ കൈക്കൊള്ളുക എന്നു പറഞ്ഞിരിക്കുന്നതിന്റെ ആശയമെന്താണ്?

15. a) വചനത്തിന്റെ പാതയിൽ നിന്ന് ഇടത്തോട്ടോ വലത്തോട്ടോ മാറിയാൽ എന്താണു കുഴപ്പം വരിക?

b) വചനം തെറ്റു പറ്റാതെ കൃത്യമായി മനസ്സിലാക്കി അനുസരിക്കുന്നതു മൂലമുള്ള പ്രയോജനമെന്താണ്?

## അനുബന്ധം

# ദൈവത്തെ അനുസരിച്ച ദാനിയേൽ

ക്രിസ്തുവിൽ ആയിത്തീർന്നു പുതിയ സൃഷ്ടിയായി നമുക്ക് ഈ ലോകത്തിൽ ജീവിക്കാൻ എങ്ങനെ സാധിക്കുമെന്ന് പഴയ നിയമത്തിലെ ദാനിയേലിന്റെ പുസ്തകം ചൂണ്ടിക്കാണിക്കുന്നു. ഇതു ശ്രദ്ധയോടെ പഠിക്കുന്നതു പ്രയോജനകരമായിരിക്കുമെന്ന തിനു സംശയമില്ല.

നെബുഖദ്നേസർ രാജാവിന്റെ അടിമകളായി ബാബേലി ലേക്കു കൊണ്ടുപോകപ്പെട്ട യെഹൂദബാലൻമാരായ ദാനിയേൽ, ഹനന്യാവ്, മീശായേൽ, അസര്യാവ് എന്നിവർ ബാബിലോന്യ രാജ ധാനിയിൽ താമസിക്കേണ്ടി വന്നു; എങ്കിലും സത്യദൈവത്തെ വിശ്വസ്തതയോടെ സേവിച്ചുകൊണ്ടു ജീവിക്കാൻ അവർക്കു സാധിച്ചു. രാജനിശ്ചയ പ്രകാരമുള്ള വീഞ്ഞും ഭക്ഷണവും കഴിക്കയും ബാബിലോന്യ വിഗ്രഹങ്ങളുടെ മുമ്പിൽ കുമ്പിട്ടു നമസ്ക്കരിക്കയും ചെയ്തുകൊണ്ടു ജീവിക്കുന്നതാണു ബുദ്ധി എന്നു ചിന്തിച്ചുപോകുന്ന സാഹചര്യങ്ങളായിരുന്നു അവർക്കു ണ്ടായിരുന്നത്. എന്നാൽ രാജാവു കഴിക്കുന്ന ഭക്ഷണം കൊണ്ടോ അദ്ദേഹം സേവിക്കുന്ന ദേവൻമാരെക്കൊണ്ടോ തങ്ങളെത്തന്നെ അശുദ്ധരാക്കുകയില്ലെന്നു ഹൃദയത്തിൽ അവർ നിശ്ചയിച്ചു. ദൈവേഷ്ടമനുസരിച്ചുമാത്രം ജീവിക്കാൻ ഇടയാക്കണമേ എന്ന് അവർ നിരന്തരം പ്രാർത്ഥിച്ചു. അതിന്റെ ഫലമായി പ്രതിബന്ധങ്ങളെയെല്ലാം തരണം ചെയ്യാനാവശ്യമായ കൃപ ദൈവം അവർക്കു നൽകി.

അവർക്കുവേണ്ടി നിശ്ചയിക്കപ്പെട്ടിരുന്ന ബാബിലോന്യ രീതിയനുസരിച്ചുള്ള ഭക്ഷണത്തിനും വീഞ്ഞിനും പകരം, ദൈവ

ഭക്തിക്കനുസൃതമായ രീതിയിലുള്ള ഭക്ഷണം കഴിച്ചുകൊണ്ടു ജീവിക്കുന്നതിനുള്ള അനുവാദം അവർക്കു ലഭിച്ചു. പോഷക സമൃദ്ധമായ ഭക്ഷണം അവർ കഴിച്ചില്ലെങ്കിലും മറ്റുള്ള ബാലൻ മാരെക്കാൾ ബുദ്ധിയും ശരീരപുഷ്ടിയുമുള്ളവരായി അവർ കാണപ്പെട്ടു. സ്വർണ്ണ ബിംബത്തിന്റെ മുമ്പിൽ നമസ്ക്കരിക്കാ ഞ്ഞതിന്റെ പേരിൽ തീച്ചൂളയിലേക്ക് അവർ എറിയപ്പെട്ടെങ്കിലും അവരുടെ വസ്ത്രങ്ങൾക്കുപോലും കേടു സംഭവിച്ചില്ല. ദൈവ ത്തോടല്ല, രാജാവിനോടുവേണം പ്രാർത്ഥിക്കാനെന്ന കല്പന ലംഘിച്ചതിന്റെ ഫലമായി സിംഹഗുഹയിലേക്കെറിയപ്പെട്ട ദാനിയേലിനെ രക്ഷിക്കുവാൻ ദൈവം സിംഹങ്ങളുടെ വായടച്ചു. “എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും” (1 ശമുവേൽ 2:30) എന്ന വാഗ്ദത്തപ്രകാരം ദൈവം ദാനിയേലിനെയും കൂട്ടു കാരെയും മറ്റുള്ള സകല ഉദ്യോഗസ്ഥന്മാരുടെയും മേധാവിക ളായി ഉയർത്തി; ദൈവത്തെ വിശ്വസ്തതയോടെ സേവിച്ചനു സരിക്കുന്നവർ അനുഗ്രഹിക്കപ്പെടുന്നു എന്ന സത്യം ദാനിയേ ലിന്റെ ജീവചരിത്രം വ്യക്തമാക്കുന്നു. ഇന്നത്തെ കാലത്തും പ്രതി കൂല സാഹചര്യങ്ങൾ കണ്ടു ഭയപ്പെടാതെ ദൈവേഷ്ടപ്രകാരം ജീവിക്കാൻ കൃപതരേണമേ എന്നു പ്രാർത്ഥിച്ചുകൊണ്ടു വചനം അനുസരിക്കാൻ തയ്യാറാകുന്നവരെ ദൈവം തീർച്ചയായും കാക്കുകയും പരിപാലിക്കുകയും ധാരാളമായി അനുഗ്രഹിക്കയും ചെയ്യും; സംശയമില്ല.

“സൈന്യങ്ങളുടെ യഹോവ നമ്മോടുകൂടെ ഉണ്ട്; യാക്കോ ബിന്റെ ദൈവം നമ്മുടെ ദുർഗ്ഗം ആകുന്നു” സങ്കീർത്തനം 46:7.

**“NOT EVERYONE WHO SAYS TO ME, ‘LORD, LORD’ WILL ENTER THE KINGDOM OF HEAVEN ; BUT HE WHO DOES THE WILL OF MY FATHER WHO IS IN HEAVEN” (MATTHEW 7:21)**

**“എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നവൻ എവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത് ” (മത്തായി 7:21)**

# അത്ഭുത പ്രകാശത്തിലേക്ക്

# Lesson - IV

## കർത്താവിന്റെ രണ്ടു കല്പനകൾ

കർത്താവായ യേശുക്രിസ്തു നമുക്കു നൽകിയിരിക്കുന്ന വളരെ പ്രധാനപ്പെട്ട രണ്ടു കല്പനകളെക്കുറിച്ച് ഈ പാഠത്തിൽ വിശദീകരിച്ചിരിക്കുകയാണ്. A, B, എന്നിങ്ങനെ രണ്ടു ഭാഗങ്ങളായി ഇതു വിഭജിച്ചിരിക്കുന്നു; A യിൽ സ്നാനം എന്ന കല്പനയെക്കുറിച്ചും B യിൽ കർത്താവിന്റെ മരണത്തെ പ്രസ്താവിക്കുവാൻ നമുക്കു നല്കപ്പെട്ടിരിക്കുന്ന കല്പനയെക്കുറിച്ചും പ്രതിപാദിച്ചിരിക്കുന്നു.

### A. സ്നാനം

തന്റെ സ്വർഗ്ഗാരോഹണത്തിനു തൊട്ടു മുമ്പ്, കർത്താവു തന്റെ ശിഷ്യന്മാരോട്, “ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ” (മത്തായി 28:19-20)[1] എന്നരുളിച്ചെയ്തു. താൻ കല്പിച്ചതെന്തെല്ലാമാണോ അതെല്ലാം ലോകത്തിലെ സകല ജനവും അനുഭവമാക്കത്തക്കവണ്ണം പഠിപ്പിച്ച് അവരെയും തന്റെ ശിഷ്യരാക്കിത്തീർക്കണമെന്നാണ് കർത്താവ് തന്റെ ശിഷ്യന്മാരോടു കല്പിച്ചത്. ഇപ്രകാരം വചനം പഠിപ്പിച്ചതിന്റെ ഫലമായിട്ടാണ് സ്നാനം ഏല്ക്കേണ്ടതിന്റെ

---

1. അടുത്ത പേജിൽ

ആവശ്യകതയും സ്നാനത്തിന്റെ അർത്ഥവും യേശുവിൽ വിശ്വസിച്ചവർക്കു മനസ്സിലായതും അവർ ആ കല്പന അനുസരിക്കാൻ ഇടയായതും. ഒന്നാം നൂറ്റാണ്ടിൽ യേശു മൂലമുള്ള പാപമോചനത്തെക്കുറിച്ചു പ്രസംഗിച്ചതുകേട്ട് യേശുവിനെ രക്ഷിതാവായി സ്വീകരിച്ചവർ ഉടൻ തന്നെ സ്നാനമേറ്റതായി വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അപ്പോ: പ്രവൃ: 2:41 ൽ, പത്രോസിന്റെ പ്രസംഗം കേട്ടു മാനസ്സാന്തരപ്പെട്ടവരെക്കുറിച്ച് "അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനമേറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു" എന്നു പറഞ്ഞിരിക്കുന്നു. "എന്നാൽ ദൈവരാജ്യത്തെയും യേശുക്രിസ്തുവിന്റെ നാമത്തെയും കുറിച്ചുള്ള സുവിശേഷം അറിയിക്കുന്ന ഫിലിപ്പോസിനെ (ഫിലിപ്പോസിൽ നിന്നു കേട്ട ദൈവ വചനം) അവർ വിശ്വസിച്ചപ്പോൾ, പുരുഷന്മാരും സ്ത്രീകളും സ്നാനമേറ്റു" എന്ന് അപ്പോ: പ്രവൃ: 8: 34-39 വരെയുള്ള വാക്യങ്ങളിലും കാണുന്നു. അപ്പോസ്തലനായ പൗലോസ് മാനസ്സാന്തരപ്പെട്ട് യേശുവിൽ വിശ്വസിച്ചു കഴിഞ്ഞു താമസിയാതെ സ്നാനമേറ്റതായി അപ്പോ: പ്രവൃ: 9:18 ൽ വായിക്കുന്നു. കൊർന്നെല്യോസും തന്റെ ഭവനത്തിൽ കൂടിയിരുന്നവരും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു കഴിഞ്ഞയുടൻ സ്നാനമേറ്റതായി അപ്പോ: പ്രവൃ: 10:47-48 വാക്യങ്ങളിൽ വായിക്കുന്നു; ഫിലിപ്യ പട്ടണത്തിലെ ലുദിയ എന്ന സ്ത്രീയും അവളുടെ കുടുംബവും യേശുവിൽ വിശ്വസിക്കയും അതിനെത്തുടർന്ന് സ്നാനമേല്ക്കയും ചെയ്തതായി അപ്പോ: പ്രവൃ: 16:14-15 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നു.

---

1. ഈ വചനഭാഗം റോമൻ കത്തോലിക്കാ സഭയുടെ വിശുദ്ധഗ്രന്ഥം പുതിയ നിയമത്തിൽ തർജ്ജമചെയ്തു കാണുന്നത് ഇപ്രകാരമാണ്:- "അതുകൊണ്ട് നിങ്ങൾ പോയി സർവ്വജനപദങ്ങളേയും ശിഷ്യപ്പെടുത്തി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുവിൻ; ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളവയെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" (വി. ഗ്രന്ഥം പുതിയ നിയമം; പേജ് 65. പ്രസാധകർ: സാൻജോസ് ബുക്ക് സ്റ്റാൾ; മാന്നാനം, 1980). വചനം പഠിക്കുന്നതു മൂലം യേശുവിന്റെ ശിഷ്യനാകുവാൻ താല്പര്യം തോന്നുകയും അതിനെത്തുടർന്ന് സ്നാനമേൽക്കയും ചെയ്യുമെന്ന് ഇവിടെ കാണുന്ന ആശയമാണ് ശരിയായിട്ടുള്ളത്.

അവിടത്തെ കാരാഗൃഹ പ്രമാണിയും കുടുംബവും കർത്താവിന്റെ വചനം കേൾക്കയും യേശുവിനെ രക്ഷിതാവായി സ്വീകരിക്കയും ചെയ്തിട്ട് താമസിയാതെ സ്നാനം ഏറ്റതായി ഇതേ അദ്ധ്യായം 32-33 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നു. പുതിയ നിയമത്തിൽ അപ്പോസ്തലന്മാർ മുഖേന കർത്താവ് നമുക്ക് നല്കിയിട്ടുള്ള കല്പനകൾ പലതുണ്ട്; എന്നാൽ തന്റെ സ്വർഗ്ഗാരോഹണത്തിനു മുമ്പ് കർത്താവ് പ്രത്യേകമായി എടുത്തുപറഞ്ഞ കല്പനയാണ് സ്നാനം. അതിനാൽ ഇത് യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ച ഒരാളിനെ സംബന്ധിച്ചിടത്തോളം ഒന്നാമതായി അനുസരിക്കേണ്ടതും വളരെ പ്രധാനപ്പെട്ടതുമായ കല്പനയാണെന്നു തന്നെ ചിന്തിക്കേണ്ടിയിരിക്കുന്നു. ഈ കല്പനയെക്കുറിച്ചു പഠിക്കുമ്പോൾ എന്താണ് ഇതിന്റെ അർത്ഥമെന്നും എപ്പോൾ എങ്ങനെ വേണം ഇത് അനുഷ്ഠിക്കേണ്ടത് എന്നും മറ്റും മനസ്സിലാക്കേണ്ടതു വളരെ ആവശ്യമാണ്. ആ കാര്യങ്ങൾ താഴെ വിശദീകരിക്കാം.

ഒരാൾ യേശുവിനെ തന്റെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുന്നു എന്നു പ്രാർത്ഥനയിലൂടെ ദൈവ മുമ്പാകെ ഏറ്റുപറയുമ്പോൾ അർത്ഥമാക്കുന്നത് യേശു ക്രൂശിൽ മരിച്ചതും ഉയിർത്തെഴുന്നേറ്റതും പാപിയായ അയാളുടെ സ്ഥാനത്തു നിന്നു കൊണ്ട് അയാൾക്കു പകരമായിട്ടായിരുന്നു എന്ന് അയാൾ വിശ്വസിക്കുന്നു എന്നാണ്. യേശു തന്റെ സ്ഥാനത്തു നിന്നു കൊണ്ടു മരണം സഹിച്ചു എന്നു വിശ്വസിക്കുന്നതു മൂലം യേശുവിലൂടെ അയാൾ തന്റെ പാപത്തിന്റെ ശിക്ഷയായ മരണം സഹിക്കയും പാപപരിഹാരം പ്രാപിച്ച് യേശുവിലൂടെ മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേല്ക്കയും ചെയ്യുന്നു. അയാളുടെ ഹൃദയത്തിൽ സംഭവിക്കുന്ന ഈ ആത്മിക പരിവർത്തനം പുറമേ കാണാൻ സാദ്ധ്യമല്ല; സ്നാനം ഇത് പുറമെ കാണാവുന്നതാക്കിത്തീർക്കുന്നു; അതാണ് ഈ കർമ്മത്തിന്റെ പ്രാധാന്യവും പ്രയോജനവും. അതുകൊണ്ടാണ്, “സ്നാനത്തിൽ നിങ്ങൾ അവനോടു

(യേശുവിനോടു) കൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യാപാര ശക്തിയിലുള്ള വിശ്വാസത്താൽ അവനോടു കൂടെ നിങ്ങളും ഉയിർത്തെഴുന്നേല്ക്കയും ചെയ്തു" എന്ന് കൊലോസ്യർ 2:12 ൽ പറഞ്ഞിരിക്കുന്നത്. സ്നാനം എന്നത് മരിച്ച് അടക്കപ്പെടുന്നതിന്റെയും ഉയിർത്തെഴുന്നേല്ക്കുന്നതിന്റെയും സാദൃശ്യമാണ്[2] അതിനാൽ യേശുവിനോടു കൂടെ മരിക്കയും ഉയിർത്തെഴുന്നേല്ക്കയും ചെയ്യുക എന്ന ആത്മികാനുഭവം ഹൃദയത്തിലുണ്ടായിട്ടുള്ള ഒരാൾ സ്നാനമേല്ക്കുമ്പോൾ, തന്നിൽ സംഭവിച്ചു കഴിഞ്ഞ അദൃശ്യമായ ആ അനുഭവം സ്നാനത്തിലൂടെ ദൃശ്യ[3]മാക്കിതീർക്കുകയാണ് ചെയ്യുന്നത്.

## സർട്ടിഫിക്കറ്റ്

എം. എ. പരീക്ഷ എഴുതി പാസ്സാകുന്നതിനാവശ്യമായ മാർക്ക് ലഭിച്ചുകഴിഞ്ഞ ഒരാൾ സർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം എം. എ. ക്കാരനാണ്. എന്നാൽ അയാൾ എം. എ. ക്കാരനായിത്തീർന്നു എന്ന വസ്തുത പ്രത്യക്ഷ രൂപത്തിൽ തെളിയുന്നത് എം. എ. ഡിഗ്രി സർട്ടിഫിക്കറ്റ് അയാൾ സ്വീകരിക്കുമ്പോൾ മാത്രമാണ്. അതിനാൽ, സർവ്വകലാശാലയിൽ നിന്ന് ഡിഗ്രി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലൂടെയാണ് അയാൾ എം. എ. ക്കാരനാകുന്നത് എന്നു നാം പറയുന്നു. ഇതുപോലെ തന്നെ യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ച ഒരാൾ യേശുവിലൂടെ മരിക്കയും, ഉയിർത്തെഴുന്നേല്ക്കയും ചെയ്തു കഴിഞ്ഞിരിക്കുന്നു എങ്കിലും തന്നിലുണ്ടായ അദൃശ്യമായ ഈ ആത്മികാനുഭവം സ്നാനം മൂലം ദൃശ്യമാക്കപ്പെടുമ്പോഴാണ് തനിക്കു തന്നെയും മറ്റുള്ളവർക്കും അതു കാണുവാൻ സാധിക്കുന്നത്. അതുകൊണ്ടാണ് സ്നാനത്തിലൂടെ ഒരുവൻ യേശുവിനോടു കൂടെ

2. റോമർ 6 : 2-5 വരെയുള്ള വാക്യങ്ങൾ ഇതു വ്യക്തമാക്കുന്നു.
3. 'ദൃശ്യം' എന്നതിനു കാണാവുന്നത് എന്നും 'അദൃശ്യം' എന്നതിന് നമ്മുടെ കണ്ണുകൾക്കു മറഞ്ഞിരിക്കുന്നത് എന്നുമാണ് അർത്ഥം.

മരിക്കയും അടക്കപ്പെടുകയും ഉയിർത്തെഴുന്നേല്ക്കയും ചെയ്യുന്നു എന്നു വചനത്തിൽ പറഞ്ഞിരിക്കുന്നത്. "സ്നാനമേറ്റു നിന്റെ പാപങ്ങളെ കഴുകിക്കളയുക" എന്ന് അപ്പോ: പ്രവൃ: 22:16 ൽ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥവും മുകളിൽ വിശദീകരിച്ച സത്യത്തിന്റെ വെളിച്ചത്തിൽ വേണം മനസ്സിലാക്കുവാൻ. "അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു" എന്ന് 1 യോഹന്നാൻ 1 : 7 ന്റെ അവസാന ഭാഗത്തു പറഞ്ഞിരിക്കുന്നതിൽ നിന്നും പാപം കഴുകിക്കളയപ്പെടുന്നത് യേശുക്രിസ്തുവിന്റെ ക്രൂശിലെ ബലിമരണത്തിലുള്ള വിശ്വാസത്താലാണെന്നു സ്പഷ്ടമാണ്; സ്നാനമെന്ന ബാഹ്യകർമ്മത്താലാണ് പാപം കഴുകിക്കളയപ്പെടുന്നതെന്നു ചിന്തിച്ചാൽ ക്രൂശിക്കപ്പെട്ടുകൊണ്ടിരുന്നപ്പോൾ മാനസ്സാന്തരപ്പെട്ട് യേശുവിൽ വിശ്വസിച്ച ദുഷ്പ്രവൃത്തിക്കാരന് (ലൂക്കോസ് 23:39-43) പാപമോചനം ലഭിച്ചില്ലെന്നു വിചാരിക്കേണ്ടിവരും; അതു ശരിയല്ലല്ലോ.[4] അപ്പോൾ "സ്നാനമേറ്റു നിന്റെ പാപങ്ങളെ കഴുകിക്കളയുക" എന്ന് അനന്യാസ് ശൗലിനോടു പറഞ്ഞതിന്റെ അർത്ഥം എന്താണ്? യേശുവിന്റെ ക്രൂശുമരണത്തിലും ഉയിർത്തെഴുന്നേല്പിലുമുള്ള വിശ്വാസത്താൽ അവന്റെ പാപങ്ങൾ കഴുകിക്കളയപ്പെട്ടു എന്ന അദൃശ്യമായ ആന്തരികസത്യം[5] ദൃശ്യമായിത്തീരുന്നതിന് അതിന്റെ സാദൃശ്യമായ സ്നാനം അവൻ ഏല്ക്കേണ്ടതാവശ്യമായിരുന്നു. അതിനാൽ, "നിന്റെ പാപം

4. യേശുവിനോടുകൂടെ മരിച്ചുയിർത്തെഴുന്നേൽക്കുന്ന ആത്മികാനുഭവം ഹൃദയത്തിലുണ്ടാകുന്നത് സ്നാനമേൽക്കുമ്പോഴാണെന്നു ചിന്തിക്കുവാൻ വചനം അനുവദിക്കുന്നില്ല, പാപമോചനം പ്രാപിച്ച് നിത്യജീവനുള്ള ദൈവമക്കളായിതീരുന്നത് യേശുവിനെ രക്ഷിതാവും കർത്താവുമായി നമ്മുടെ ഹൃദയത്തിൽ വിശ്വാസത്താൽ സ്വീകരിക്കുമ്പോഴാണെന്ന് റോമർ: 10 : 9; റോമർ 5:1; യോഹന്നാൻ 1 : 12; യോഹ: 3 : 16; യോഹ: 3 : 18; തുടങ്ങിയ നിരവധി വാക്യങ്ങൾ വ്യക്തമാക്കുന്നതിനാൽ യേശുവിനോടു കൂടെ മരിച്ചുയിർത്തെഴുന്നേൽക്കുന്ന ആത്മികാനുഭവം നമ്മുടെ ഹൃദയത്തിലുണ്ടാകുന്നത് യേശുവിനെ നമ്മുടെ രക്ഷിതാവും കർത്താവുമായി നാം സ്വീകരിച്ച് ആ വിശ്വാസം ദൈവമുമ്പാകെ ഏറ്റുപറയുന്ന നിമിഷത്തിൽത്തന്നെയാണെന്നതിനു സംശയമില്ല

5. ഹൃദയത്തിന്നുള്ളിൽ സംഭവിച്ച പരിവർത്തനമാകുന്ന സത്യം.

കഴുകിക്കളയപ്പെട്ടു എന്ന വസ്തുത സ്നാനമെന്ന ബാഹ്യകർമ്മ[6]ത്തിലൂടെ ദൃശ്യമാക്കുക" എന്നതായിരുന്നു അനന്യാസിന്റെ വാക്കുകളുടെ അർത്ഥം. ശൗലിന്റെ പാപങ്ങൾ യേശുവിന്റെ രക്തത്താൽ കഴുകിക്കളയപ്പെട്ടു എന്ന സത്യം മറ്റുള്ളവരെയും ശൗലിന്റെ മനസ്സാക്ഷിയെത്തന്നെയും ബോദ്ധ്യപ്പെടുത്തുന്ന കർമ്മമായി സ്നാനം ഇരുന്നതുകൊണ്ടാണ് "സ്നാനമേറ്റു പാപങ്ങളെ കഴുകിക്കളയുക" എന്ന പദപ്രയോഗം അനന്യാസ് ഉപയോഗിച്ചത്.

ഒരു വ്യക്തി മികച്ച ഒരു പരീക്ഷ പാസ്സായി ഡിഗ്രി സമ്പാദിച്ചു എന്ന വസ്തുതയുടെ കാണപ്പെട്ട തെളിവ് അയാളുടെ ഡിഗ്രിസർട്ടിഫിക്കറ്റ് ആയിരിക്കുന്നതുപോലെ, ഒരാൾ യേശുവിലുള്ള വിശ്വാസം മുഖേന അവനോടു കൂടെ മരിക്കയും ഉയിർത്തെഴുന്നേൽക്കയും ചെയ്തതിന്റെ കാണപ്പെട്ട തെളിവ്, ആ ആത്മികാനുഭവത്തെ സാദൃശ്യരൂപത്തിൽ കാണിക്കുന്ന കർമ്മം അയാൾ അനുഷ്ഠിക്കുന്നു എന്നതാണ്.[7] ദൃശ്യമായ ആ കർമ്മത്തിലൂടെ ഒരാൾ തന്റെ മനസ്സാക്ഷിയുടെയും മറ്റുള്ളവരുടെയും മുമ്പാകെ താൻ യേശുവിലൂടെ പാപത്തിനു മരിച്ചു പാപപരിഹാരം പ്രാപിക്കയും നിത്യജീവനുള്ളവനായി ഉയിർത്തെഴുന്നേല്ക്കയും ചെയ്തിരിക്കുന്നു എന്ന് പ്രഖ്യാപിക്കയാണ് ചെയ്യുന്നത്. ഈ പ്രഖ്യാപനകർമ്മം എപ്പോൾ എപ്രകാരം അനുഷ്ഠിക്കണം എന്നു താഴെ വിവരിക്കുന്നു.

---

6. പുറമേ കാണാൻ കഴിയുന്ന കർമ്മം.

7. പരീക്ഷ പാസാകാത്ത ഒരാളിന് വ്യാജസർട്ടിഫിക്കറ്റ് ചമച്ച് താൻ ബിരുദം സമ്പാദിച്ചവനാണെന്ന് ഭാവിക്കാൻ കഴിയുന്നതുപോലെ യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചു പാപമോചനം പ്രാപിച്ചിട്ടില്ലാത്ത ഒരുവനു സ്നാനമേറ്റ് താൻ ദൈവമകാനാണെന്നു ഭാവിക്കാൻ കഴിയും. അങ്ങെയുള്ളവർ മാനസ്സാന്തരപ്പെടാതെ സ്നാനമേറ്റ് തങ്ങളെത്തന്നെയും മറ്റുള്ളവരെയും വഞ്ചിച്ചുകൊണ്ട് ജീവിക്കുന്നു. ഫലത്തിൽ നിന്നു വൃക്ഷത്തെ തിരിച്ചറിയാം എന്നു കർത്താവ് പറഞ്ഞിരിക്കുന്നതിന്റെ (ലൂക്കോസ് 6:43-45) വെളിച്ചത്തിൽ ഇവരുടെ ദുഷ്പ്രവൃത്തികൾ കണ്ട് ഇവർ ദൈവമക്കളല്ലെന്ന് നാം മനസ്സിലാക്കേണ്ടതാണ്. ഇവർ ഏറ്റിട്ടുള്ള സ്നാനം തങ്ങൾ ദൈവമക്കളാണെന്ന് മറ്റുള്ളവർ ധരിക്കേണ്ടതിന് അവർ കൊണ്ടു നടക്കുന്ന വ്യാജസർട്ടിഫിക്കറ്റു മാത്രമാണ്.

## സ്നാനത്തിന്റെ വിധം

"അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നേ, അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും" എന്ന് റോമർ 6:2-5 വരെ വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നു. യേശുക്രിസ്തുവിന്റെ മരണത്തോടും പുനരുത്ഥാനത്തോടും (ഉയിർത്തെഴുന്നേല്പിനോടും) നാം ഏകീഭവിക്കുന്നതിന്റെ, അഥവാ, നാം യേശുവിലൂടെ മരിക്കയും മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേല്ക്കയും ചെയ്യുന്നതിന്റെ - സാദൃശ്യമാണ് സ്നാനമെന്ന് ഇവിടെ വ്യക്തമാക്കിയിരിക്കയാണ്; മരിച്ച് അടക്കപ്പെടുന്നതിന്റെയും കല്ലറയിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുന്നതിന്റെയും സാദൃശ്യമായി സ്നാനം ഇരിക്കണമെങ്കിൽ സ്നാനമേൽക്കുന്ന ആളിന്റെ ശരീരം മുഴുവൻ വെള്ളത്തിൽ മുങ്ങേണ്ടതാവശ്യമാണ്; മുങ്ങിക്കഴിഞ്ഞിട്ട് അതു പുറത്തേക്ക് ഉയർത്തപ്പെടണം. ശരീരം വെള്ളത്തിനടിയിലാകുന്നത് മരിച്ചയാളിന്റെ ശരീരം കല്ലറയിൽ വെയ്ക്കുന്നതിന്റെ സാദൃശ്യവും, വെള്ളത്തിൽ നിന്ന് മുകളിലേക്കു വരുന്നത് ഉയിർത്തെഴുന്നേൽക്കുന്നതിന്റെ സാദൃശ്യവുമാണ്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ വേണം സ്നാനം കഴിപ്പിക്കാനെന്ന് മത്തായി 28:19 ൽ കർത്താവു തന്നെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. സ്നാനരീതിയുടെ അടിസ്ഥനതത്ത്വം ശരീരം വെള്ളത്തിനടിയിലേക്കു താഴ്ത്തപ്പെടണമെന്നും അതിനുശേഷം മുകളിലേക്കുയർന്നു വരണമെന്നും മാത്രമാണ്. വെള്ളത്തിലേക്ക് മുങ്ങുന്നത് ഇന്നവിധത്തി

ലായിരിക്കണമെന്നു പ്രമാണം വയ്ക്കേണ്ട ആവശ്യമില്ലാഞ്ഞതിനാൽ അതിനെപ്പറ്റി വചനത്തിൽ ഒന്നും പറഞ്ഞിട്ടില്ല. സ്നാനം ഏല്ക്കുന്നയാളിന് യാതൊരു ഭയവും പരിഭ്രമവും കൂടാതെ വെള്ളത്തിനടിയിലേക്ക് ശരീരം താഴാൻ അനുവദിക്കുന്നതിനും അതിനുശേഷം മുകളിലേക്ക് ഉയർന്നു വരുന്നതിനും സാധിക്കുന്ന വിധത്തിൽ വേണം ആ ശുശ്രൂഷ നടത്തേണ്ടതെന്നതിന് സംശയമില്ല.

ഏതൊരു കാര്യം ചെയ്യുന്നതും ഉചിതമായും ഭംഗിയായും ആയിരിക്കണമെന്നതാണ് ദൈവഹിതം. 1 കൊരിന്ത്യർ 14:39 ൽ ഈ പൊതുതത്ത്വം സഭയിൽ നടത്തപ്പെടുന്ന വിവിധ ശ്രുശ്രൂഷകളോടുള്ള ബന്ധത്തിൽ പ്രത്യേകം ചൂണ്ടിക്കാണിച്ചിരിക്കുന്നു. സ്നാനശുശ്രൂഷയും ഉചിതമായും യോഗ്യമായും വേണം നടത്തേണ്ടതെന്നതിനു സംശയമില്ല. സ്നാനപ്പെടുന്നയാളിനു യാതൊരു വിഷമവും കൂടാതെ തന്റെ വസ്ത്രം മാറുന്നതിനും മറ്റും വേണ്ട സൗകര്യങ്ങൾ ഈ ശുശ്രൂഷ നടത്തുന്ന സ്ഥലത്തു ക്രമീകരിക്കേണ്ടതാണ്. സ്നാനം നടത്തേണ്ട സ്ഥലം ഇന്നവിധത്തിലായിരിക്കണമെന്നു വചനത്തിൽ പറയുന്നില്ല. ആവശ്യത്തിനു വെള്ളമുള്ള സ്ഥലമായിരിക്കണം എന്നു മാത്രമെ അതിനെപ്പറ്റി പറയാനൊക്കൂ. യോഹന്നാൻ ശലേമിന്നു അരികത്തു ഐനോനിൽ സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്നു; “അവിടെ വളരെ വെള്ളം ഉണ്ടായിരുന്നു” എന്ന് യോഹ: 3:23ൽ പറഞ്ഞിരിക്കുന്നതിൽ നിന്ന്, പ്രയാസം കൂടാതെ വെള്ളത്തിൽ മുങ്ങുവാൻ കഴിയുന്ന സ്ഥലം വേണം സ്നാനശുശ്രൂഷയ്ക്കു തിരഞ്ഞെടുക്കുവാൻ എന്നു നമുക്കു മനസ്സിലാക്കാം. ഇത്രപേരുടെ സാന്നിദ്ധ്യത്തിൽ വച്ചായിരിക്കണം ഈ ശുശ്രൂഷ നിർവ്വഹിക്കേണ്ടത് എന്നൊന്നും വചനത്തിൽ യാതൊരു വ്യവസ്ഥയുമില്ല. സൗകര്യമുള്ള സ്ഥലത്തുവച്ച്, അവിടെ എത്രപേരുണ്ടോ അവരുടെ സാന്നിദ്ധ്യത്തിൽ ഈ ശുശ്രൂഷ നിർവ്വഹിക്കുകയാണ് വേണ്ടത്. വചനത്തിൽ പറഞ്ഞിട്ടുള്ള സ്നാന ശുശ്രൂഷകൾ അങ്ങനെയാണു നടത്തിയിട്ടുള്ളത്.

## വ്യവസ്ഥകൾ

സ്നാനത്തെ സംബന്ധിച്ചിടത്തോളം വചനം നിബന്ധനകൾ വച്ചിരിക്കുന്നത് അതിന്റെ അർത്ഥം, അതു നടത്തുന്ന രീതി, അതിനു വിധേയപ്പെടുന്നതിനുള്ള യോഗ്യത മുതലായ കാര്യങ്ങളിൽ മാത്രമാണ്. സ്നാനമേൽക്കുന്നതിനുള്ള യോഗ്യത അതിന്റെ അർത്ഥത്തിൽ നിന്നു വ്യക്തമാണ്; യേശുവിനെ രക്ഷിതാവായി സ്വീകരിച്ച് യേശുവിനോടുകൂടി മരിക്കയും ഉയിർത്തെഴുന്നേല്ക്കയും ചെയ്യുന്ന ആത്മികാനുഭവത്തെ ഇതു ചൂണ്ടിക്കാണിക്കുന്നതിനാൽ ആ അനുഭവം ഹൃദയത്തിലുണ്ടായിട്ടുള്ള ഒരാളിനു മാത്രമേ ഇതിനർഹതയുള്ളു. അതു ഹൃദയത്തിലുണ്ടാകാതെ ഒരാൾ സ്നാനമേറ്റാൽ അതു ദൈവസന്നിധിയിൽ സ്വീകാര്യമായിരിക്കയില്ല. സ്നാനത്തിന്റെ അർത്ഥം മനസ്സിലാക്കിക്കൊണ്ട്, താൻ വിശ്വാസം മൂലം യേശുവിലൂടെ മരിക്കയും ഉയിർത്തെഴുന്നേൽക്കയും ചെയ്തിരിക്കുന്നു എന്നു ഹൃദയത്തിൽ ബോദ്ധ്യം വരുമ്പോൾ, അഥവാ യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ച് ദൈവമുമ്പാകെ അക്കാര്യം ഏറ്റുപറഞ്ഞശേഷം മാത്രമേ ഒരാൾ ഈ കർമ്മം അനുഷ്ഠിക്കാൻ പാടുള്ളു.

## സ്നാനത്തിന്റെ പ്രധാന്യം

കർത്താവു തന്റെ ശിഷ്യൻമാർക്കു നൽകിയ അന്ത്യകല്പനയിൽ സ്നാനത്തിന്റെ കാര്യം എടുത്തു പറഞ്ഞ് അതിനു വലിയ പ്രാധാന്യം കൊടുത്തതെന്തുകൊണ്ടാണെന്നു മനസ്സിലാക്കുന്നതു നല്ലതാണ്. പാപത്തിനു മരിക്കയും പാപപരിഹാരം നേടി നിത്യജീവൻ പ്രാപിക്കയും യേശുവിലൂടെ ഉയിർത്തെഴുനേൽക്കയും ചെയ്തിരിക്കുന്നു എന്ന് ഒരു വ്യക്തി, സാത്താന്റെ ആധിപത്യത്തിൻ കീഴിലിരിക്കുന്ന ഈ ലോകത്തിൽ വെച്ച് ഉറക്കെ പ്രഖ്യാപിക്കുന്ന കർമ്മമാണ് സ്നാനം. പിശാച് ഏതൊരാളിനെക്കുറിച്ചും ആഗ്രഹിക്കുന്നത് അയാൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ച് തന്റെ അടിമനുകത്തിൽനിന്നും രക്ഷപെടരുതെന്നാണ്;

രക്ഷപെട്ടുപോയെങ്കിൽ ആ സത്യം സ്നാനമെന്ന കർമ്മത്തിലൂടെ അയാൾ പ്രഖ്യാപിക്കുന്നത് സാത്താനെ സംബന്ധിച്ചിടത്തോളം വളരെ ഭ്രമവും നടുക്കവും ഉളവാക്കുന്ന കാര്യമാണ്; രക്ഷിക്കപ്പെട്ട ഒരാളിന്റെ സ്നാനം ആ ആളിന്റെ കാര്യത്തിൽ സാത്താനു സംഭവിച്ച പരാജയത്തിന്റെ പ്രഖ്യാപനമാണ്; യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ മരണത്തിന്റെ അധികാരിയായ സാത്താന്റെമേൽ നേടിയ വിജയം ദൃശ്യരൂപത്തിൽ സ്നാനമെന്ന കർമ്മത്തിലൂടെ ഒരു ദൈവപൈതൽ പ്രഖ്യാപിക്കുമ്പോൾ സാത്താന്റെ ഹൃദയം തകരുന്നു; അതു കൊണ്ടാണ് സ്നാനത്തിന്റെ അർത്ഥത്തെയും യോഗ്യതയെയും രീതിയെയും കുറിച്ചൊക്കെ നിരവധി തെറ്റിദ്ധാരണകൾ ക്രിസ്തീയ ലോകത്തിൽ അവൻ പ്രചരിപ്പിച്ചുകൊണ്ട്, ശരിയായ രീതിയിൽ ഈ കർമ്മം അനുഷ്ഠിക്കുന്നതിൽ നിന്ന് ആളുകളെ പിന്തിരിപ്പിക്കാനും, കഴിയുന്നിടത്തോളം, തികച്ചും അർത്ഥശൂന്യമായ വിധത്തിൽ ഇതനുഷ്ഠിക്കാനിടവരുത്തേണ്ടതിനും അവൻ കഠിനാദ്ധ്വാനം ചെയ്യുന്നത്. സ്നാനത്തിന്റെ അർത്ഥത്തെയോ രീതിയെയോ ദൈവവചനത്തിൽ പറഞ്ഞിരിക്കുന്നതിൽ നിന്ന് ഏങ്ങനെയെങ്കിലും വ്യത്യാസപ്പെടുത്തിയാൽ യേശുക്രിസ്തുവിലൂടെ സാത്താന്റെ മേൽ നാം വിജയം നേടിയതിന്റെ പ്രഖ്യാപനമായി അതിരിക്കയില്ല; അതുകൊണ്ടാണ് "ശരീരത്തിൽ അല്പം വെള്ളം തളിച്ചാൽ മതി; അതു സ്നാനമാണ്; യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു മുമ്പ്, ഒരു ശിശുവായിരിക്കുമ്പോൾ തന്നെ സ്നാനപ്പെടാവുന്നതാണ്, ശിശുക്കളെ[8] സ്നാനപ്പെടുത്തുന്നതുമൂലമാണ് അവർക്കു രക്ഷ ലഭിക്കുന്നത്; സ്നാനം

8. നന്മതിന്മകൾ തമ്മിൽ തിരിച്ചറിയാനോ ദൈവത്തെപ്പറ്റിയോ പിശാചിനെപ്പറ്റിയോ മനസ്സിലാക്കാനോ പ്രാപ്തി ലഭിക്കുന്നതിനു മുമ്പ് ഒരു ശിശു മരിച്ചാൽ അതിന്റെ ആത്മാവു നിത്യനാശത്തിനിരയാകും എന്നു ചിന്തിക്കാൻ വചനത്തിൽ സൂചനയില്ല; മറിച്ചു ചിന്തിക്കുന്നതിനു വചനത്തിൽ സൂചന കാണുന്നുമുണ്ട്; ശിശുക്കളുടെ നിഷ്ക്കളങ്കത ചൂണ്ടിക്കാണിച്ചുകൊണ്ട്, "പൈതങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുത്; ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതു ആകുന്നു" (ലൂക്കോസ് 18 : 16) എന്നാണു കർത്താവു പറഞ്ഞത്. ഈ വേദഭാഗം സൂചിപ്പിക്കുന്നത്, നന്മതിന്മകൾ തിരിച്ചറിഞ്ഞ് ബോധപൂർവ്വം പാപപ്രവൃത്തികൾ ചെയ്തു തുടങ്ങുന്നതിനു മുമ്പ് ശിശുക്കൾ പാപത്തിന്റെ നിത്യശിക്ഷാവിധിക്കർഹരല്ല എന്നാണ്.

മൂലം പാപമോചനം ലഭിക്കും," എന്നും മറ്റുമുള്ള വചനവിരുദ്ധമായ ഉപദേശങ്ങൾ ക്രിസ്തീയ ലോകത്തിൽ പരത്തി സാത്താൻ അനേകരെ വഞ്ചിച്ചിരിക്കുന്നത്. ശരിയായ സ്നാനോപദേശവും അതിന്റെ അർത്ഥവും അവനു സഹിക്കാൻ പാടില്ലാത്തതിനാൽ, ആളുകൾ അതു മനസ്സിലാക്കാതിരിക്കാൻ വേണ്ടി അതിന്റെ സ്ഥാനത്തു പല അബദ്ധോപദേശങ്ങൾ അവൻ കെട്ടിച്ചമച്ച് വളരെ വിദഗ്ധമായി ക്രിസ്തീയ ലോകത്തിൽ കഴിഞ്ഞ കാലങ്ങളിൽ പ്രചരിപ്പിച്ചിട്ടുണ്ട്.; എന്നാൽ വെളിച്ചം അന്ധകാരത്തെ തുടച്ചു നീക്കുന്നതുപോലെ, സ്നാനത്തെക്കുറിച്ചുള്ള ശരിയായ ഉപദേശം ഈ വിഷയത്തിലുള്ള തെറ്റിദ്ധാരണകളെ തുടച്ചു നീക്കിക്കൊണ്ട് ഇന്ന് അനേകരെ വചനത്തിന്റെ നേർപാതയിലേക്കു നയിച്ചു കൊണ്ടിരിക്കയാണ്; സത്യത്തെ സ്നേഹിക്കുന്ന ഏവർക്കും സന്തോഷപ്രദമായ ഒരു വസ്തുതയാണിത്.

## B. തിരുവത്താഴം

യേശുക്രിസ്തു തന്റെ ശിഷ്യൻമാർക്കു നല്കിയ അതിപ്രധാന കല്പനകളിലൊന്നാണ് കർത്താവിന്റെ അത്താഴം (Lord's supper) എന്ന പേരിലറിയപ്പെടുന്ന ശുശ്രൂഷ. താൻ സ്വർഗ്ഗത്തിൽ നിന്നു വീണ്ടും വന്ന് തന്റെ ജനത്തെ തന്നോടു ചേർക്കുന്നതുവരെ അവർ ഈ കർമ്മം അനുഷ്ഠിക്കണമെന്നാണ് യേശു കല്പിച്ചത്. അതിൻപ്രകാരം കർത്താവിന്റെ മരണവും ഉയിർത്തെഴുന്നേല്പും സ്വർഗ്ഗാരോഹണവും കഴിഞ്ഞു ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഈ ഭൂമിയിലേക്കു വരികയും സഭ[9] രൂപം കൊള്ളുകയും ആ

9. 'സഭ' എന്ന പദത്തിന്റെ അർത്ഥം "വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടം" എന്നാണ്; യേശുവിലൂടെയുള്ള സൗജന്യമായ പാപമോചനവും നിത്യജീവനും പ്രാപിച്ചു ദൈവമക്കളായി തീരുവാൻ സകല മനുഷ്യരെയും ദൈവം വിളിക്കുന്നു; ആ വിളി സ്വീകരിച്ച് യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുന്നവർ ആരെല്ലാമാണോ അവരാണ് സഭയുടെ അംഗങ്ങൾ. വിവിധ രാജ്യങ്ങളിലും സ്ഥലങ്ങളിലും അന്യോന്യം അറിയാത്തവരായിട്ടാണ് അവർ വസിക്കുന്നതെങ്കിൽ പോലും അവർ യേശുക്രിസ്തുവിന്റെ സഭയുടെ അംഗങ്ങളാണ്. ഈ വിഷയം കൂടുതലായി അടുത്ത പാഠത്തിൽ വിശദീകരിക്കുന്നതാണ്.

സഭ ഈ കർമ്മം അനുഷ്ഠിക്കാൻ തുടങ്ങുകയും ചെയ്തു. പെന്തക്കോസ്തു[10] നാളിൽ അപ്പോസ്തലനായ പത്രോസിന്റെ പ്രസംഗം കേട്ടവരെക്കുറിച്ച് "അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനമേറ്റു; അന്നു മുവായിരത്തോളം പേർ അവരോടു ചേർന്നു. അവർ അപ്പോസ്തലൻമാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു" (അപ്പോ: പ്രവൃ: 2:41-42) എന്നു വായിക്കുന്നു. ഇതേ അദ്ധ്യായം 47-ാം വാക്യത്തിന്റെ ഒടുവിൽ, "കർത്താവു രക്ഷിക്കപ്പെടുന്ന വരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു" എന്നും കാണുന്നു. ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ....." എന്ന് അപ്പോ: പ്രവൃ: 20:7 ൽ നാം വായിക്കുന്നു. ഈ വേദഭാഗങ്ങൾ വ്യക്തമാക്കുന്നത് അപ്പോസ്തലന്മാരുടെ പ്രസംഗം കേട്ടു മാനസാന്തരപ്പെട്ട് യേശു വിൽ വിശ്വസിച്ചു സഭയുടെ അംഗങ്ങളായിത്തീർന്നവർ ഉടനെ സ്നാനമേല്ക്കയും അവർ അതാതു സ്ഥലങ്ങളിൽ ആഴ്ചയുടെ ഒന്നാം ദിവസം ഒരുമിച്ചുകൂടി ദൈവത്തെ സ്തുതിക്കയും അപ്പം നുറുക്കുന്ന ശുശ്രൂഷ നടത്തുകയും ചെയ്തിരുന്നു എന്നാണ്. "അപ്പം നുറുക്കൽ" എന്ന് ഒന്നാം നൂറ്റാണ്ടിൽ വിശേഷിപ്പിക്കപെട്ട ഈ ശുശ്രൂഷ ആരംഭിക്കാൻ കാരണമെന്തായിരുന്നെന്നും അതിന്റെ അർത്ഥമെന്താണെന്നും വചനം വെളിപ്പെടുത്തുന്നുണ്ട്. താൻ ക്രൂശിക്കപ്പെടുന്നതിനു മുമ്പ് അവസാനമായി ശിഷ്യന്മാരു മായി ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുമ്പോഴാണ് യേശു ഈ ശുശ്രൂഷ ഏർപ്പെടുത്തിയത്. ഈ സംഭവത്തെക്കുറിച്ച് "പിന്നെ അപ്പം എടുത്തു വാഴ്ത്തി നുറുക്കി അവർക്കു കൊടുത്തു; ഇത്

10. ബൈബിളിന്റെ മൂലഭാഷയിൽ "പെന്തക്കോസ്ത്" എന്ന പദത്തിന് "അൻപതാമത്തെ" എന്ന അർത്ഥമാണുള്ളത്. പഴയനിയമ കാലത്ത് യെഹൂദന്മാർ ആചരിച്ചുവന്ന പെസഹാപെരുന്നാളിന് ശേഷം അൻപതാമത്തെ ദിവസം ധാന്യം കൊണ്ടുള്ള പ്രത്യേകമായ ഒരു ഭോജനയാഗം ദൈവമുമ്പാകെ അർപ്പിക്കുക പതിവായിരുന്നു (ലേവ്യ പുസ്തകം 23 : 16). സ്വർഗ്ഗത്തിൽ നിന്നു പരിശുദ്ധാത്മാവു ഭൂമിയിലേക്കു വന്നതും സഭ രൂപം കൊണ്ടതും ഈ ദിവസമായിരുന്നതിനാലാണ് "പെന്തെക്കോസ്തു നാൾ വന്നപ്പോൾ" എന്ന പദപ്രയോഗം അപ്പോസ്തല പ്രവൃത്തികൾ 2 : 1 ൽ കാണുന്നത്.

നിങ്ങൾക്കുവേണ്ടി നൽകുന്ന എന്റെ ശരീരം; എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ'' എന്നു പറഞ്ഞു. അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞ ശേഷം അവൻ പാനപാത്രവും കൊടുത്തു. "ഈ പാനപാത്രം നിങ്ങൾക്കു വേണ്ടി ചൊരിയുന്ന എന്റെ എന്റെ രക്തത്തിലെ പുതിയ നിയമം ആകുന്നു'' എന്ന് യേശു പറഞ്ഞതായി ലൂക്കോസ് 22: 19-20 വാകൃങ്ങളിൽ നാം കാണുന്നു. താൻ കൊല്ലപ്പെടുമെന്നും മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേൽക്കുമെന്നും ശിഷ്യന്മാരോടു നേരത്തെ പറഞ്ഞിരുന്നെങ്കിലും (മർക്കോസ് 8:31; 9:30-32; 10:33-34) അവർ അതിന്റെ കാരണവും അർത്ഥവും ഒന്നും അപ്പോൾ മനസ്സിലാക്കിയിരുന്നില്ല.[11] അവർ അതു മനസ്സിലാക്കിക്കഴിയുമ്പോൾ അനുഷ്ഠിക്കേണ്ടതിനായിട്ടാണ് അപ്പത്തിന്റെയും വീഞ്ഞിന്റെയും ഈ ശുശ്രൂഷ തന്റെ മരണത്തിനു മുമ്പ് യേശു കല്പിച്ചു കൊടുത്തത്. അവരോടു താൻ പറഞ്ഞ വാക്കുകളിൽ നിന്നും മറ്റു വേദഭാഗങ്ങളിൽ നിന്നും ഈ ശുശ്രൂഷയുടെ അർത്ഥമെന്താണെന്നു മനസ്സിലാക്കുവാൻ നമുക്ക് സാധിക്കും.

## അർത്ഥവും പ്രാധാന്യവും

അപ്പം എടുത്ത് അനുഗ്രഹിച്ചു നുറുക്കി ശിഷ്യൻമാർക്കു കൊടുത്തുകൊണ്ട് യേശു പറഞ്ഞത് "ഇത് എന്റെ ശരീരം'' എന്നാണ്; പാനപാത്രം എടുത്ത് സ്തോത്രം ചെയ്തശേഷം അവർക്കു കൊടുത്തപ്പോൾ പറഞ്ഞത്, " ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം'' (മത്തായി 26 : 26-28) എന്നാണ്. ശിഷ്യന്മാർ ആ അപ്പം ഭക്ഷിക്കുകയും പാനപാത്രത്തിൽ നിന്നു കുടിക്കയും ചെയ്തു. അപ്പത്തെ യേശു മാംസമായി രൂപാന്തരപെടുത്തി

11. ദൈവത്തിന്റെ പരിശുദ്ധാത്മാവു ഭൂമിയിലേക്കു വന്ന് ശിക്ഷ്യന്മാരുടെ ഹൃദയക്കണ്ണുകളെ പ്രകാശിപ്പിച്ചു കഴിഞ്ഞപ്പോഴാണ് യേശുവിന്റെ ക്രൂശുമരണത്തിന്റെയും ഉയിർത്തെഴുന്നേല്പിന്റെയും, അപ്പവും വീഞ്ഞും ഉപയോഗിച്ചു നടത്തുവാൻ താൻ കല്പിച്ച ശുശ്രൂഷയുടെയും മറ്റും അർത്ഥം ശരിയായി അവർ മനസ്സിലാക്കിയത്.

യെന്നോ വീഞ്ഞിനെ രക്തമാക്കി തീർത്തുവെന്നോ അല്ല ഇവിടെ പറഞ്ഞിരിക്കുന്നത്. അങ്ങനെ ചെയ്തിരുന്നെങ്കിൽ അതു ഭക്ഷിക്കാനും കുടിക്കാനും ശിഷ്യൻമാർക്ക് പ്രയാസം നേരിട്ടേനെ. അപ്പത്തിനും വീഞ്ഞിനും എന്തെങ്കിലും ഭൗതിക മാറ്റം വരുത്തി ഒരു അത്ഭുതം കാണിക്കുകയായിരുന്നില്ല യേശുവിന്റെ ഉദ്ദേശ്യം. ധാന്യമണികൾ പൊടിക്കപ്പെട്ട് മാവായിത്തീർന്നു വെള്ളം ചേർത്തു കുഴയ്ക്കപ്പെട്ടു തീയുടെ ചൂടേറ്റു നമുക്ക് ശക്തി പ്രദാനം ചെയ്യുന്ന അപ്പമായിത്തീരുന്നതുപോലെ, തന്റെ ശരീരം ക്രൂശിൽ തകർക്കപ്പെട്ട് പാപത്തിനെതിരെയുള്ള ദൈവകോപത്തീയിൽ വെന്തെരിഞ്ഞ്, സകല മാനവജാതിയുടെയും രക്ഷയ്ക്കുതകുന്ന ജീവന്റെ അപ്പമായി താൻ തീരാൻ പോകയാണെന്നായിരുന്നു "ഇത് എന്റെ ശരീരം" എന്ന് അപ്പത്തെ നോക്കിക്കൊണ്ട് യേശു പറഞ്ഞതിന്റെ അർത്ഥം. "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു" (യോഹ. 15:5); "ഞാൻ വാതിൽ ആകുന്നു" (യോഹ. 10:9) എന്നിങ്ങനെയെല്ലാം രൂപകാർത്ഥത്തിൽ താനും തന്റെ ശിഷ്യന്മാരും തമ്മിലുണ്ടായിരിക്കേണ്ട അഭേദ്യബന്ധത്തെക്കുറിച്ചും, സ്വർഗ്ഗരാജ്യത്തിലേക്ക് മനുഷ്യർക്ക് പ്രവേശിക്കാനുള്ള ഏക മാർഗ്ഗം താനാണെന്ന കാര്യത്തെപ്പറ്റിയുമൊക്കെ വിശദീകരിച്ചു സംസാരിച്ചപ്പോഴുപയോഗിച്ച അതേ ഭാഷാശൈലിയാണ് കർത്താവ് ഇവിടെയും ഉപയോഗിച്ചത്. പാനപാത്രത്തിലെ വീഞ്ഞിനെ നോക്കിക്കൊണ്ട്. "ഇതു.....പുതിയ നിയമത്തിനുള്ള എന്റെ രക്തം" എന്ന് പറഞ്ഞതിന്റെ അർത്ഥം ഇപ്രകാരം വിശദീകരിക്കാം:- തന്റെ രക്തം ക്രൂശിൽ ചൊരിയപ്പെട്ടു തന്റെ ജീവൻ ബലിയർപ്പിക്കപ്പെടുന്നതു മൂലമാണ് സകല മനുഷ്യരുടെയും പാപത്തിനു പരിഹാരമുണ്ടാകുന്നത്; താൽക്കാലിക പാപമോചനത്തിനായി നേരത്തെ ദൈവം കല്പിച്ചിരുന്ന മൃഗങ്ങളുടെ യാഗമെന്ന പഴയനിയമ പ്രമാണം തന്റെ ക്രൂശുമരണത്തോടുകൂടെ മാറ്റപ്പെടും; ആ മൃഗയാഗങ്ങൾ ചൂണ്ടിക്കാണിച്ചിരുന്ന സാക്ഷാലുള്ള പാപപരിഹാരയാഗം തന്നിലൂടെ നടക്കുന്നതിനാൽ മൃഗയാഗത്തിലൂടെ പാപമോചനമെന്ന പഴയനിയമ വ്യവസ്ഥ മാറി

അതിന്റെ സ്ഥാനത്ത് തന്നിലുള്ള വിശ്വാസത്താലാണ് പാപ മോചനം ലഭിക്കുന്നതെന്ന പുതിയ ഒരു നിയമം സ്ഥാപിക്കപ്പെടും; ഈ പുതിയ നിയമത്തിന്റെ മുഖാന്തരം ക്രൂശിൽ ചൊരിപ്പെടുന്ന തന്റെ രക്തമായതിനാൽ അതു പുതിയ നിയമത്തിന്നുള്ള രക്ത മാണ്.

അപ്പത്തെക്കുറിച്ചും പാനപാത്രത്തെ കുറിച്ചും കർത്താവ് സംസാരിച്ച വാക്കുകൾ വ്യക്തമാക്കുന്നത്, അവ സകല ലോക ത്തിന്റെയും പാപപരിഹാരത്തിനു വേണ്ടി തകർക്കപ്പെടുവാൻ പോകുന്ന തന്റെ ശരീരത്തിന്റെയും ചൊരിയപ്പെടുവാൻ പോകുന്ന രക്തത്തിന്റെയും സാദൃശ്യങ്ങളാണെന്നാണ്. യേശുവിൽ വിശ്വ സിക്കുന്ന ആളുകൾ ദൈവാരാധനയ്ക്കു കൂടി വരുമ്പോൾ അപ്പവും വീഞ്ഞും ഈ നിലയിൽ ഭക്ഷിക്കയും കുടിക്കയും ചെയ്യുന്ന ശുശ്രൂഷയുടെ അർത്ഥം വിശദീകരിച്ചുകൊണ്ട് അപ്പോസ്തലനായ പൗലോസ് കൊരിന്തു പട്ടണത്തിലെ സഭയ്ക്ക് ഇപ്രകാരം എഴുതി: “കർത്താവായ യേശുവിനെ കാണിച്ചു കൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്ത് സ്തോത്രം ചൊല്ലി നുറുക്കി, ഇതു നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമയ്ക്കായി ഇതു ചെയ്വിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നേ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടുത്തു, ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയ നിയമം ആകുന്നു; ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മയ്ക്കായി ചെയ്വിൻ എന്നു പറഞ്ഞു. അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു” (1 കൊരിന്ത്യർ 11:23-26). ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ[12] യേശു ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം ശിഷ്യൻമാരും മററു വിശ്വാസികളും ഒരുമിച്ചു കൂടി അപ്പം നുറുക്കൽ ശുശ്രൂഷ നടത്തിയപ്പോൾ അവർ യേശുവിന്റെ മരണത്തെ പ്രസ്താവിക്കു

12. അടുത്ത പേജിൽ

കയാണു ചെയ്തതെന്ന് ഈ വാക്യം വ്യക്തമാക്കുന്നു. “യേശുക്രിസ്തു എനിക്കുവേണ്ടി ക്രൂശിൽ മരിച്ചു; അവന്റെ ശരീരം എനിക്കുവേണ്ടി തകർക്കപ്പെടുകയും അവന്റെ രക്തം എനിക്കുവേണ്ടി ചിന്തപ്പെടുകയും ചെയ്തതിനാൽ എന്റെ പാപം പരിഹരിക്കപ്പെട്ടു; എന്റെ പാപം പോക്കി എന്നെ ശുദ്ധീകരിച്ചു ദൈവരാജ്യത്തിന്റെ അവകാശിയാക്കിതീർത്ത കർത്താവിനു ഞാൻ സ്തോത്രം ചെയ്യുന്നു” എന്നിങ്ങനെ ഹൃദയത്തിൽ ചിന്തിച്ചുകൊണ്ടു വേണം ഒരാൾ ഈ ശുശ്രൂഷയിൽ പങ്കെടുക്കേണ്ടതെന്നാണ് പൗലോസപ്പോസ്തോലന്റെ വാക്കുകളുടെ അർത്ഥം. ഈ ചിന്തകളോടു കൂടി ഒരാൾ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കയും ചെയ്യുമ്പോഴാണ് യേശുവിന്റെ മരണം അയാൾക്കു വേണ്ടിയായിരുന്നു എന്ന് അയാൾ പ്രസ്താവിക്കുന്നത്. കർത്താവ് വരുവോളം ഈ ശുശ്രൂഷ നാം അനുഷ്ഠിക്കുന്നു എന്നു വചനത്തിൽ പറഞ്ഞിരിക്കുന്നതു കൊണ്ട്, ഇതു നാം അനുഷ്ഠിക്കുമ്പോൾ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് ഇതുവരെ സംഭവിച്ചിട്ടില്ല എന്നും അതിനായി നാം ആകാംക്ഷയോടെ കാത്തിരിക്കുന്നു എന്നും പരോക്ഷമായി പ്രസ്താവിക്കുക കൂടി ചെയ്യുന്നുണ്ട്. ചുരുക്കത്തിൽ, തിരുവത്താഴം, കർത്താവിന്റെ മേശ, അപ്പം നുറുക്കൽ എന്നീ പദപ്രയോഗങ്ങളാൽ അറിയപ്പെടുന്ന ഈ ശുശ്രൂഷയിൽ ഒരാൾ പങ്കെടുക്കുന്നതിന്റെ അർത്ഥം യേശുവിന്റെ ക്രൂശുമരണം അയാളുടെ പാപപരിഹാരത്തിനു വേണ്ടിയായിരുന്നെന്ന് അയാൾ വിശ്വസിക്കുന്നു എന്നും യേശു വീണ്ടും തന്റെ ജനത്തെ ചേർത്തുകൊള്ളുവാൻ വരുമെന്നും

12. ആഴ്ചയുടെ ആരംഭ ദിവസത്തിൽ മാത്രമേ വിശ്വാസികൾ ഒരുമിച്ചുകൂടി അപ്പം നുറുക്കാവൂ എന്നോ മറ്റേതെങ്കിലും ദിവസത്തിൽ ഇതു ചെയ്യാൻ പാടില്ലെന്നോ വചനം പറയുന്നില്ല. ഒന്നാം ദിവസം പ്രഭാതത്തിലാണ് യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന കാര്യം ശിഷ്യൻമാർ അറിഞ്ഞതും അവരുടെ നിരാശ മാറി അവർക്കു സന്തോഷിക്കാൻ സാധിച്ചതും. ആ നിലയിൽ ഒന്നാം ദിവസത്തിനൊരു പ്രത്യേക പ്രാധാന്യമുണ്ടെന്നു കരുതാം; അതിനാലായിരിക്കണം ആ ദിവസം വിശ്വാസികൾ ഒരുമിച്ചുകൂടി വന്ന് അപ്പം നുറുക്കുകയും പ്രാർത്ഥിച്ചു ദൈവത്തെ സ്തുതിക്കയും ചെയ്യുന്ന പതിവ് അപ്പോസ്തലൻമാരുടെ കാലത്ത് ആരംഭിച്ചത്.

ആ വരവിനായി ആകാംക്ഷയോടെ അയാൾ കാത്തിരിക്കുന്നു എന്നുമാണ്.

## ശ്രദ്ധിക്കേണ്ടകാര്യങ്ങൾ

ഒന്നാം നൂറ്റാണ്ടിൽ എവിടെയെല്ലാം യേശുവിൽ വിശ്വസിച്ചവരുടെ കൂടിവരവുകൾ രൂപംകൊണ്ടുവോ അവിടെയെല്ലാം തിരുവത്താഴ ശുശ്രൂഷ നടത്തപ്പെട്ടു. അന്ന് ഏത് അർത്ഥത്തിൽ എങ്ങനെയാണോ അതു നടത്തിയത്, അതേ അർത്ഥത്തിലും വിധത്തിലുമാണ് ഇന്നും ദൈവമക്കൾ ഇതനുഷ്ഠിക്കേണ്ടത്. "അയോഗ്യമായി അപ്പം തിന്നുകയോ പാനപാത്രം കുടിക്കയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരൻ ആകും. മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്ന് കുടിക്കുകയും ചെയ്‌വാൻ". എന്ന് 1 കൊരിന്ത്യർ 11:27-28 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നു. മുകളിൽ വിശദീകരിച്ച വിധത്തിൽ യേശുക്രിസ്തുവിന്റെ മരണം തന്റെ പാപപരിഹാരത്തിനു വേണ്ടിയായിരുന്നു എന്നു ഹൃദയപൂർവ്വം നന്ദിയോടെ ഓർക്കാത്ത ഒരാൾ ഈ ശുശ്രൂഷയിൽ പങ്കെടുക്കാൻ പാടില്ല എന്നും പങ്കെടുത്താൽ അവൻ ശിക്ഷയ്ക്കു യോഗ്യനായ്ത്തീരുമെന്നുമാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. യേശുക്രിസ്തുവുമായുള്ള ബന്ധം ശരിയായ വിധത്തിൽ പുലർത്തിക്കൊണ്ടിരിക്കുന്ന ഒരാൾ മാത്രമേ ഇതിൽ പങ്കെടുക്കാൻ പാടുള്ളു. ഇതിൽ പങ്കെടുക്കുന്നതിലൂടെ ഒരാൾ യേശുവിനോടുള്ള തന്റെ ബന്ധത്തെ മാത്രമല്ല, പരോക്ഷമായി മറ്റുള്ള തന്റെ സഹവിശ്വാസികളുമായുള്ള ബന്ധത്തെക്കൂടിയാണ് പ്രസ്താവിക്കുന്നത്. "നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറായി അവയവങ്ങളും ആകുന്നു" എന്ന് 1 കൊരിന്ത്യർ 12:27 ൽ പറഞ്ഞിരിക്കുന്നു. ക്രിസ്തുവിനോടുള്ള തങ്ങളുടെ ബന്ധത്തെ പ്രസ്താവിക്കുന്ന ഒരു ശുശ്രൂഷയിൽ ദൈവമക്കൾ പങ്കെടുക്കുമ്പോൾ അവർ അന്യോന്യമുള്ള

സാഹോദര്യബന്ധത്തെക്കൂടെ പരോക്ഷമായി പ്രസ്താവിക്കുക യാണ് ചെയ്യുന്നത്.

യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചു സ്നാനമേൽക്കയും അതിനു ശേഷം വചനപ്രകാരം തന്റെ ജീവിതത്തെ ക്രമീകരിക്കാതെ ദുർനടപ്പുകാരനായോ അത്യാ ഗ്രഹിയായോ വിഗ്രഹാരാധിയായോ ചീത്ത പറയുന്നവനായോ മദ്യപാനിയായോ പിടിച്ചു പറിക്കുന്നവനായോ ഒരാൾ കാണ പ്പെടുന്നെങ്കിൽ അവനോടു കൂടെ ഈ ശുശ്രൂഷയിൽ പങ്കെടു ക്കരുതെന്നു മാത്രമല്ല, സാധരണ തരത്തിലുള്ള ഭക്ഷണം പോലും കഴിക്കരുതെന്ന് 1 കൊരിന്ത്യർ 5:11 ൽ പറഞ്ഞിട്ടുണ്ട്. നാം ആരുടെ യൊക്കെ കൂടെയാണോ ഈ ശുശ്രൂഷയിൽ പങ്കെടുക്കുന്നത്, അവർ നമ്മുടെ അറിവിൻ പ്രകാരം ഇത്തരത്തിലുള്ള ദൂഷ്യങ്ങളു ള്ളവരായിരിക്കാൻ പാടില്ല. ഇതിൽ പങ്കെടുക്കുന്ന ഓരോരുത്തരും തങ്ങളിൽ ഏതെങ്കിലും പാപം അബദ്ധവശാൽ വന്നുപോയിട്ടു ണ്ടെങ്കിൽ വചനപ്രകാരം അതിനു പരിഹാരം വരുത്തിയ ശേഷം വേണം ഇതിൽ പങ്കെടുക്കാനെന്നാണ് തന്നെത്താൻ ശോധന ചെയ്യണമെന്നു പറഞ്ഞിരിക്കുന്നതിന്റെ ആശയം.

## അനുഗ്രഹിക്കുന്ന ആൾ

ആദ്യമായി ഈ ശുശ്രൂഷ ഏർപ്പെടുത്തപ്പെട്ടപ്പോൾ അപ്പവും വീഞ്ഞും തന്റെ ദൃശ്യമായ കരങ്ങളാൽ എടുത്ത് അനുഗ്രഹിച്ച് യേശു തന്റെ ശിഷ്യൻമാർക്കു നൽകുകയാണു ചെയ്തത്. ഇന്ന് യേശുക്രിസ്തു സ്വർഗ്ഗത്തിലാണു വസിക്കുന്നതെങ്കിലും, “രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിലുണ്ട്” (മത്തായി 18:20) എന്ന് അരുളി ച്ചെയ്തിട്ടുള്ളതനുസരിച്ച്, ദൈവമക്കൾ എവിടെ കൂടിവരുന്നുവോ അവിടെ അവരുടെ മദ്ധ്യത്തിൽ അവന്റെ അദൃശ്യസാന്നിദ്ധ്യമുണ്ട്; അപ്പത്തെയും പാനപാത്രത്തെയും അനുഗ്രഹിച്ചു നൽകേണമേ എന്ന് അവർ പ്രാർത്ഥിക്കുമ്പോൾ യേശുക്രിസ്തു തന്നെ തന്റെ

അദൃശ്യമായ കരങ്ങളാൽ അവയെ അനുഗ്രഹിച്ച് അവർക്കു നൽകുന്നു. ഈ ശുശ്രൂഷയിൽ പങ്കെടുത്ത് യേശുവിന്റെ മരണത്തെയും ഉയിർത്തെഴുന്നേൽപിനെയും വീണ്ടും വരവിനെയും പ്രസ്താവിക്കുക എന്നത് യേശുവിൽ വിശ്വസിക്കുന്ന ഒരാളിനെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഒരു കാര്യമാണെന്ന് ഈ വസ്തുതകൾ വ്യക്തമാക്കുന്നു.

## നാം ചെയ്യേണ്ടത്

മേൽ വിവരിച്ചിരിക്കുന്ന സത്യങ്ങളുടെ രത്നച്ചുരുക്കം ഇപ്രകാരമാണ്: രക്ഷിക്കപ്പെട്ടു ദൈവപൈതലായിതീർന്ന ഒരു വ്യക്തി, താൻ ക്രിസ്തുവിനോടു ചേർന്ന് മരണത്തിന്റെ അധികാരിയായ പിശാചിന്റെ മേൽ നേടിയ വിജയം സ്നാനത്തിലൂടെ കഴിയുന്നതും വേഗം പ്രഖ്യാപിക്കേണ്ടതാണ്. അടുത്തതായി അയാൾ ചെയ്യേണ്ടത്, യേശുവിന്റെ കർത്തൃത്വം ജീവിതത്തിൽ അംഗീകരിച്ചു കർത്താവിന്റെ കല്പനകൾ അനുസരിക്കുന്ന മറ്റു ദൈവമക്കളോടു ചേർന്ന് ദൈവത്തെ ആരാധിക്കയും യേശുവിന്റെ മരണത്തെ പ്രസ്താവിക്കുന്ന തിരുവത്താഴ ശുശ്രൂഷയിൽ പങ്കുകൊള്ളുകയുമാണ്. സ്നാനപ്പെടുന്നതിനുള്ള ഏക യോഗ്യത യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുക എന്നതാണെന്നു വചനം വ്യക്തമാക്കുന്നു; അതിനോടു മറ്റു യാതൊരു വ്യവസ്ഥയും കൂട്ടിച്ചേർക്കുവാൻ പാടില്ല; സ്നാനോപദേശം ശരിയായി മനസ്സിലാക്കി സ്വന്ത ജീവിതത്തിൽ അനുസരിച്ചിട്ടുള്ള ഒരാളാണ് മറ്റൊരാളെ സ്നാനപ്പെടുത്തേണ്ടത്. തിരുവത്താഴത്തിൽ പങ്കുകൊള്ളുന്ന ഓരോ വ്യക്തിയും തന്നെത്താൻ ശോധന ചെയ്ത് വചനപ്രകാരം തന്നെയാണ് താൻ അതിൽ പങ്കുകൊള്ളുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ക്രിസ്തീയ ജീവിതം ഫലപ്രദമായി നയിക്കാൻ കഴിയണമെങ്കിൽ സ്നാനത്തെക്കുറിച്ചും തിരുവത്താഴത്തെക്കുറിച്ചുമുള്ള കർത്താവിന്റെ കല്പനകൾ ശരിയായി മനസ്സിലാക്കി അനുസരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

# ചോദ്യങ്ങൾ

[ആകെ മാർക്ക് : 75]

# A

1. നമ്മിൽ സംഭവിച്ച ഏത് ആന്തരിക പരിവർത്തനത്തെയാണ് സ്നാനം ദൃശ്യമാക്കിത്തീർക്കുന്നത്?
2. a) സ്നാനം എന്നത് മരിച്ച് അടക്കപ്പെടുകയും ഉയിർത്തെഴുന്നേല്ക്കയും ചെയ്യുന്നതിന്റെ സാദൃശ്യമാണെന്നു പറയുന്ന വാക്യം ഉദ്ധരിക്കുക

   b) യേശുവിനോടുകൂടെ മരിക്കയും ഉയിർത്തെഴുന്നേൽക്കയും ചെയ്യുന്ന അനുഭവം ഒരാളിന്റെ ഹൃദയത്തിലുണ്ടാകുന്നതു സ്നാനമേല്ക്കുമ്പോഴാണോ?
3. "സ്നാനമേറ്റു നിന്റെ പാപങ്ങളെ കഴുകി കളയുക" എന്ന് അനന്യാസ് ശൗലിനോടു പറഞ്ഞതിന്റെ അർത്ഥമെന്തായിരുന്നു?
4. a) സ്നാനത്താലല്ല, വിശ്വാസത്താലാണ് പാപമോചനം ലഭിക്കുന്നതെന്നു വ്യക്തമാക്കുന്ന ഒരു വാക്യമുദ്ധരിക്കുക

   b) ക്രൂശിക്കപ്പെട്ടുകൊണ്ടിരുന്നപ്പോൾ മാനസാന്തരപ്പെട്ട ദുഷ്പ്രവൃത്തിക്കാരനു പാപമോചനം ലഭിച്ചതു വിശ്വാസത്താലാണോ സ്നാനത്താലാണോ?
5. സ്നാനത്തിലൂടെ ഒരാൾ എന്താണു പ്രഖ്യാപിക്കുന്നത്?
6. a) സ്നാനമേൽക്കുന്നയാളിന്റെ ശരീരം മുഴുവൻ വെള്ളത്തിൽ മുങ്ങുകയും അതിനു ശേഷം പുറത്തേക്കുയർത്തപ്പെടുകയും ചെയ്യണമെന്നു പറയാൻ കാരണമെന്താണ്?

b) ആരുടെ നാമത്തിലാണ് സ്നാനം കഴിപ്പിക്കേണ്ടത്?

7. a) സ്നാനമേൽക്കുന്നയാളിന്റെ യോഗ്യത എന്താണ്?

b) എപ്പോൾ, എവിടെവച്ച്, ആരുടെയൊക്കെ സാന്നിദ്ധ്യത്തിലാണ് സ്നാനപ്പെടേണ്ടതെന്നതിനെപ്പറ്റി വചനത്തിൽ നിബന്ധന വല്ലതുമുണ്ടോ?

8. a) സ്നാനം ശരിയായ വിധത്തിൽ നടത്തുന്നതിനോടു സാത്താനു വലിയ വിരോധം തോന്നാൻ കാരണമെന്താണ്?

b) വചനപ്രകാരമുള്ള സ്നാനരീതിയിൽ അല്പമെങ്കിലും വ്യത്യാസം വരുത്തിയാൽ സാത്താനുണ്ടാകുന്ന നേട്ടമെന്താണ്?

9. a) യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചിട്ടില്ലാത്ത ഒരാളിനു സ്നാനമേൽക്കാൻ കഴിയുമോ? കഴിയുമെങ്കിൽ അയാളുടെ സ്നാനത്തെ ദൈവം എങ്ങനെയാണ് വീക്ഷിക്കുന്നത്?

b) ഇങ്ങനെയുള്ളവർ ദൈവത്തിൽ നിന്നു ജനിച്ചവരല്ലെന്നും ഇവരുടെ സ്നാനം ദൈവം സ്വീകരിച്ചിട്ടില്ലെന്നും എങ്ങനെയാണ് നമുക്കു മനസ്സിലാക്കാൻ കഴിയുന്നത്?

# B

10. a) സഭ എന്ന പദത്തിന്റെ അർത്ഥമെന്താണ്?

b) ഇന്നു ലോകത്തിൽ കാണപ്പെടുന്ന വിവിധ സഭകളിലെ അംഗങ്ങളെല്ലാം ക്രിസ്തുവിന്റെ സഭയുടെ അംഗങ്ങളാണോ? എങ്ങനെയുള്ള വ്യക്തികളാണ് ക്രിസ്തുവിന്റെ സഭയുടെ അംഗങ്ങൾ?

11. a) അപ്പത്തെക്കുറിച്ച്, ഇത് എന്റെ ശരീരം എന്ന് യേശു പറഞ്ഞതിന്റെ അർത്ഥമെന്തായിരുന്നു?

b) പാനപാത്രത്തെക്കുറിച്ച്, “പുതിയ നിയമത്തിന്നുള്ള എന്റെ രക്തം” എന്ന് യേശു പറഞ്ഞതിന്റെ ആശയ മെന്തായിരുന്നു?

12. അപ്പത്തിൽ നിന്നു ഭക്ഷിക്കയും പാനപാത്രത്തിൽ നിന്നു കുടിക്കയും ചെയ്യുമ്പോൾ നാം എന്താണ് ഓർക്കേണ്ടത്?

13. എങ്ങനെയുള്ള വ്യക്തിയാണ് തിരുവത്താഴ ശുശ്രൂഷയിൽ സംബന്ധിക്കുന്നതു മൂലം ശിക്ഷായോഗ്യനായിത്തീരുന്നത്?

14. a) എങ്ങനെയുള്ളവരോടുകൂടിയാണ് നാം അപ്പം നുറുക്കരു തെന്നു വചനത്തിൽ വ്യവസ്ഥയുള്ളത്?

b) ഇന്നു നാം തിരുവത്താഴ ശുശ്രൂഷ നടത്തുമ്പോൾ അപ്പ ത്തെയും വീഞ്ഞിനെയും അനുഗ്രഹിക്കുന്നതാരാണ്?

15. a) ഒരാൾക്കു സ്നാനപ്പെടാൻ ആഗ്രഹം തോന്നിയാൽ അതിന് എങ്ങനെയുള്ളവരുടെ സഹായമാണ് അയാൾ തേടേണ്ടത്?

b) എങ്ങനെയുള്ള ആളുകളോടു ചേർന്നാണ് നാം ദൈവത്തെ ആരാധിക്കയും കർത്തൃമേശ ആചരിക്കയും ചെയ്യേണ്ടത്?

## അനുബന്ധം

# അബ്രഹാമിന്റെ അനുസരണം

ഉല്പത്തി 12 മുതൽ 25 വരെയുള്ള അദ്ധ്യായങ്ങളിൽ, അബ്രഹാം ദൈവത്തെ പൂർണ്ണമായി അനുസരിച്ച കാര്യം വിവരിച്ചിരിക്കുന്നു. ''നീ നിന്റെ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ടു പുറപ്പെട്ടു ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക" (ഉല്പത്തി 12:1) എന്ന കല്പന ഒട്ടും സംശയിക്കാതെ അനുസരിച്ചുകൊണ്ട് അദ്ദേഹം യാത്ര പുറപ്പെട്ടു. മാനുഷിക ദൃഷ്ടിയിൽ അതു ഭോഷത്വമായിരുന്നു; എന്നാൽ "ദൈവത്തിന്റെ ഭോഷത്വം മനുഷ്യരെക്കാൾ ജ്ഞാനമേറിയതും ദൈവത്തിന്റെ ബലഹീനത മനുഷ്യരേക്കാൾ ബലമേറിയതും ആകുന്നു" (1 കൊരിന്ത്യർ 1:25) എന്ന വചനപ്രകാരം, തന്നെ അനുസരിച്ച അബ്രഹാമിന് പ്രതിബന്ധങ്ങളെയും പരീക്ഷകളെയും അതിജീവിക്കാൻ ദൈവം കൃപ നല്കി. തന്റെ കല്പനകളെ കൃത്യമായി അനുസരിച്ച തന്റെ ദാസനെ ദൈവം ഏറ്റവും ഉയർത്തി. ദൈവവചനവും ലോകചരിത്രവും ഇതിനു സാക്ഷ്യം വഹിക്കുന്നു.

ഇന്നു ദൈവത്തെ സ്നേഹിക്കയും അനുസരിക്കുകയും ചെയ്യുന്നവരെ ദൈവം അബ്രഹാമിനെ നടത്തിയതുപോലെ തന്നെ അത്ഭുകരമായി വഴി നടത്തും. അബ്രഹാമിന്റെ അനുസരണം അനേകർക്കു ദൈവത്തെ സേവിക്കുവാൻ പ്രചോദനം നൽകിയിരിക്കുന്നതു പോലെ നമ്മുടെ അനുസരണവും അനേകർക്കു ദൈവത്തെ അനുസരിക്കുവാൻ പ്രേരണ നൽകും. "ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" (യോഹ. 16:33) എന്നരുളിച്ചെയ്തിരിക്കുന്ന കർത്താവിൽ വിശ്വസിച്ചു കൊണ്ട് അവന്റെ കല്പനകൾ അനുസരിക്കാൻ നാം ധൈര്യപ്പെടണം.

**“IF YOU LOVE ME**
**YOU WILL KEEP MY COMMANDMENTS”**
**(JOHN 14:15)**

**“നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ**
**എന്റെ കല്പനകളെ കാത്തുകൊള്ളും”**
**(യോഹന്നാൻ 14:15)**

**“IF ANYONE DOES NOT LOVE THE LORD**
**LET HIM BE ACCURSED.**
**MARANATHA (OUR LORD, COME)”**
**(1 CORINTHIANS 16:22)**

**“കർത്താവിനെ സ്നേഹിക്കാത്തവൻ ഏവനും**
**ശപിക്കപ്പെട്ടവൻ! നമ്മുടെ കർത്താവ് വരുന്നു”**
**(1 കൊരിന്ത്യർ 16:22)**

# Lesson - V

# അനുസരിക്കാൻ കഴിയുന്നതെങ്ങനെ?

കഴിഞ്ഞ പാഠത്തിൽ യേശുക്രിസ്തു നമുക്ക് നൽകിയിട്ടുള്ള രണ്ടു പ്രധാനപ്പെട്ട കല്പനകളെക്കുറിച്ചു നാം മനസ്സിലാക്കി. ഇവ കൂടാതെ നാം അനുസരിക്കേണ്ട മറ്റനേകം കാര്യങ്ങളെക്കുറിച്ചും വചനത്തിൽ നിന്നു നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. വചനത്തിലുള്ള നമ്മുടെ പരിജ്ഞാനം വർദ്ധിക്കുന്നതനുസരിച്ച് നാം ചെയ്യേണ്ടത് ഇന്നിന്നവയെന്നും ചെയ്യരുതാത്തത് ഇന്നിന്നവയെന്നും ഉള്ള നമ്മുടെ അറിവും വർദ്ധിക്കുന്നു. ഈ അറിവു നാം പ്രയോജനപ്പെടുത്തിക്കൊണ്ട് അതിൻപ്രകാരം പ്രവർത്തിച്ചു മുമ്പോട്ടു പോയെങ്കിൽ മാത്രമേ ദൈവേഷ്ടപ്രകാരമുള്ള വിജയകരമായ ജീവിതം നമുക്ക് നയിക്കാൻ സാധിക്കുകയുള്ളു. നാം വചനം ശരിയായി ഗ്രഹിക്കണമെന്നും അതിൻപ്രകാരം തന്നെ പ്രവർത്തിക്കണമെന്നും ദൈവാത്മാവ് നമ്മെക്കുറിച്ചാഗ്രഹിക്കുന്നു; നാം വചനം ഗ്രഹിക്കരുതെന്നും അഥവാ ഗ്രഹിച്ചാൽത്തന്നെ അതനുസരിക്കരുതെന്നും സാത്താൻ ആഗ്രഹിക്കുന്നു. അതിനാൽ വചനം നമ്മെ തെറ്റിദ്ധരിപ്പിക്കുന്നതിനും ശരിയായി നാം ഗ്രഹിക്കാനിടയായിട്ടുണ്ടെങ്കിൽ അതിൻപ്രകാരം പ്രവർത്തിക്കുന്നതിൽ നിന്ന് നമ്മെ തടയുന്നതിനും അവൻ നിരവധി തന്ത്രങ്ങൾ പ്രയോഗിച്ചുകൊണ്ടാണിരിക്കുന്നത്. ഈ പാഠത്തിൽ സാത്താന്റെ പ്രധാനപ്പെട്ട ഒന്നുരണ്ടു തന്ത്രങ്ങൾ ചൂണ്ടിക്കാണിക്കയും അവയെ എങ്ങനെ

അതിജീവിക്കാൻ കഴിയുമെന്ന് വിശദീകരിക്കയും ചെയ്യുന്നു. കൂടാതെ കർത്താവിനെ അനുസരിക്കാനുള്ള ഒരാളിന്റെ ആഗ്രഹം യാഥാർത്ഥ്യമാക്കിത്തീർക്കുന്നതിന് എന്താണ് അയാൾ ചെയ്യേണ്ടതെന്ന് വചനത്തിലെ തെളിവുകളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു. ഇതിലെ ആശയങ്ങൾ ശരിയായി മനസ്സിലാക്കുവാനും പ്രയോജനപ്പെടുത്തുവാനും കൃപ തരേണമേ എന്ന് ദൈവത്തോട് പ്രാർത്ഥിച്ചശേഷം ശ്രദ്ധയോടെ വായന തുടരുക.

## സാത്താന്യ തന്ത്രങ്ങളോടുള്ള സമീപനം

വചനം തെറ്റിദ്ധരിപ്പിച്ചു ദൈവമക്കളെക്കൊണ്ട് ചെയ്യരുതാത്തതു ചെയ്യിപ്പിക്കുവാനും ചെയ്യേണ്ടത് ചെയ്യുന്നതിൽ നിന്ന് അവരെ പിന്തിരിപ്പിക്കുവാനും പ്രധാനമായി രണ്ടു തന്ത്രങ്ങളാണ് സാത്താൻ പ്രയോഗിക്കുന്നത്: ഒന്നാമത്തേത് ദൈവം കല്പിച്ചിരിക്കുന്ന വചനത്തിൽനിന്ന് കുറച്ചു ഭാഗം എടുത്തു മാറ്റുക എന്നതും രണ്ടാമത്തേത് ദൈവം കല്പിച്ചിരിക്കുന്നതിനോട് കല്പിച്ചിട്ടില്ലാത്തത് കൂട്ടിച്ചേർക്കുക എന്നതുമാണ്. ഈ തന്ത്രങ്ങൾ രണ്ടും സാത്താൻ തന്റെ പ്രേരണയ്ക്ക് വിധേയപ്പെടുന്നവരിലൂടെ പ്രയോഗിച്ചു നോക്കുന്നു. ഏതെങ്കിലുമൊന്ന് മിക്കപ്പോഴും ഫലിക്കയും ചെയ്യുന്നു. അങ്ങനെ ദൈവജനത്തെ വഴി തെറ്റിക്കുന്നതിൽ അവൻ വിജയിക്കുന്നു. ദൈവജനം അവന്റെ മുമ്പിൽ പരാജയപ്പെടുകയും ചെയ്യുന്നു. ഈ പരാജയം വാസ്തവത്തിൽ ഒഴിവാക്കാൻ സാധിക്കുന്നതാണ്; ഒഴിവാക്കാനുള്ള മാർഗ്ഗം ദൈവം തന്റെ വചനത്തിലൂടെ നമുക്ക് തന്നിട്ടുമുണ്ട്. അത് നാം സ്വീകരിച്ചാൽ നമ്മുടെ ശത്രുവിന്റെ മേൽ വിജയം വരിക്കുവാൻ നമുക്കു സാധിക്കും. ‘‘പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽപ്പാൻ കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചു കൊൾവിൻ’’ എന്ന് എഫെസ്യർ 6:11-ൽ പറഞ്ഞിരിക്കുന്നു. അത് നാം അനുസരിച്ചാൽ അവന്റെ തന്ത്ര

ങ്ങളെ തോല്പിക്കാൻ കഴിയുമെന്നതു നിശ്ചയമാണ്. ഈ വാക്യ ത്തിനു താഴെയുള്ള വാക്യങ്ങളിൽ ദൈവം നമുക്ക് തരുന്ന സർവ്വായുധവർഗ്ഗത്തിന്റെ വിവരണം കാണുന്നു. അതിൽ ദൈവ വചനത്തെ നമ്മുടെ കയ്യിലെ വാളെന്നും സത്യത്തെ നമ്മുടെ അരയ്ക്കുകെട്ടിയിരിക്കുന്ന ബൽറ്റെന്നും വിശേഷിപ്പിച്ചിരിക്കുന്നു. സത്യമാകുന്ന ബൽറ്റ് നമുക്കുണ്ടായിരിക്കണമെന്ന കാര്യത്തിൽ നാം നിഷ്ക്കർഷ പാലിച്ചാൽ നമ്മുടെ കയ്യിലെ വചനമാകുന്ന വാളിന്റെ ഏതെങ്കിലും ഭാഗം മുറിച്ചുകളയാനോ അതിന്റെ വായ്ത്തലയിന്മേൽ മറ്റെന്തെങ്കിലും കൂട്ടിപ്പിടിപ്പിച്ച് അതിന്റെ മൂർച്ച ഇല്ലാതാക്കാനോ സാത്താന് സാധിക്കയില്ല; അവന്റെ തന്ത്രങ്ങളെ ചെറുത്തു നിൽക്കുന്നതിന്റെ ആദ്യപടി നാം സത്യത്തെ സ്നേഹി ക്കുക എന്നതാണ്. സത്യം അതേ നിലയിൽത്തന്നെ മനസ്സിലാ ക്കാനും അതിൻപ്രകാരം പ്രവർത്തിക്കാനും ആത്മാർത്ഥമായി നാം ആഗ്രഹിക്കണം. ഇപ്രകാരം ആഗ്രഹിക്കുമ്പോൾ നമ്മുടെ മുമ്പിൽ എന്തെല്ലാം തടസ്സങ്ങളുണ്ടെന്നതിനെപ്പറ്റി നാം ചിന്തി ക്കേണ്ട ആവശ്യമില്ല. ഈ ആഗ്രഹം ഹൃദയത്തിലുണ്ടായിക്കഴി ഞ്ഞാൽ സാത്താന്യതന്ത്രങ്ങളെയും അവൻ നമ്മുടെ മുമ്പാകെ കൊണ്ടുവന്നു വച്ചിരിക്കുന്ന തടസ്സങ്ങളെയും വിജയകരമായി നേരിടാനുള്ള പരിശ്രമത്തിന്റെ പകുതിഭാഗം നാം നടത്തി ക്കഴിഞ്ഞു എന്നാണർത്ഥം. സത്യത്തെ നാം ആത്മാർത്ഥമായി സ്നേഹിക്കുമ്പോൾ നാം പഠിക്കുന്ന ദൈവവചനം യാതൊരു തെറ്റും കൂടാതെ, വാസ്തവത്തിൽ അത് ആയിരിക്കുന്ന വിധ ത്തിൽത്തന്നെ അതിൽ നിന്ന് ഒട്ടും എടുത്തു മാറ്റാതെയും അതി നോട് ഒട്ടും കൂട്ടിച്ചേർക്കാതെയും കൃത്യമായി മനസ്സിലാക്കണം എന്ന നിർബന്ധം നമ്മുടെ മനസ്സിലുണ്ടാകുന്നു. അതുണ്ടായി ക്കഴിഞ്ഞാൽ സത്യം പൂർണ്ണമായി ഗ്രഹിച്ചനുസരിക്കാൻ ഇടയാ ക്കേണമേ എന്ന് യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവത്തോട് നാം അപേക്ഷിക്കണം; കൂടാതെ ദൈവം അത് സാധിപ്പിച്ചു

തരും എന്ന് വിശ്വസിച്ചു[1]കൊണ്ട് നമ്മുടെ അപേക്ഷ സ്വീകരിച്ച് ഉത്തരം നൽകുന്നതിനായി സ്തോത്രം ചെയ്യുന്നു എന്ന് ദൈവത്തോടു പറയുകയും ചെയ്യണം; അപ്പോൾ ദൈവം നമുക്കുവേണ്ടി അത്ഭുതങ്ങൾ പ്രവർത്തിക്കുന്നത് നാം കണ്ടുതുടങ്ങും. മലകൾ പോലെ വലുതായിരുന്ന തടസ്സങ്ങളൊക്കെ നീങ്ങി അപ്രത്യക്ഷമാകും (മർക്കോസ് 11:23-24). നാം മുന്നോട്ടു പോകേണ്ട പാത വ്യക്തമായി നമ്മുടെ മുമ്പാകെ തെളിഞ്ഞുവരും; അതിലൂടെ പ്രയാസം കൂടാതെ മുന്നേറുവാൻ നമുക്ക് സാധിക്കയും ചെയ്യും; അതിനാൽ കർത്താവിന്റെ കല്പനകൾ ജീവിതത്തിൽ അനുഭവമാക്കാൻ ആഗ്രഹിക്കുന്നവർക്ക് ദൈവം അത് സാധിപ്പിച്ചുകൊടുക്കും എന്ന കാര്യത്തിൽ യാതൊരു സംശയത്തിനും ന്യായമില്ല. വളരെ പ്രതികൂലമായ സാഹചര്യങ്ങളെ നേരിട്ടുകൊണ്ട്, വിശ്വസ്തതയോടെ ദൈവത്തെ സേവിച്ച രണ്ടുപേരുടെ ചരിത്രം ഇതോടുള്ള ബന്ധത്തിൽ പരിശോധിക്കുന്നത് പ്രയോജനമായിരിക്കുമെന്നതിനാൽ അവർ എങ്ങനെയാണ് ദൈവത്തിലാശ്രയിച്ചുകൊണ്ട് തങ്ങളുടെ മുമ്പാകെയുണ്ടായിരുന്ന തടസ്സങ്ങളെ നേരിട്ടതെന്ന് താഴെ വിശദീകരിക്കുന്നു.

## ദാനിയേൽ

പാഠം 3-ന്റെ അനുബന്ധത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ ദാനിയേൽ, ഹനന്യാവ്, മീശായേൽ അസര്യ്യാവ് എന്നീ യെഹൂദ

---

1. വിശ്വാസം എന്ന പദത്തിന് വചനത്തിൽ നൽകപ്പെട്ടിരിക്കുന്ന അർത്ഥം ദൈവഹിതത്തെക്കുറിച്ചുള്ള വ്യക്തമായ ദർശനവും അതിൻപ്രകാരം പ്രവർത്തിക്കാനുള്ള മനസ്സും എന്നാണ്. എബ്രായർ 11-ാം അദ്ധ്യായവും അതിനോടനുബന്ധപ്പെട്ട പഴയനിയമഭാഗങ്ങളും ഇത് വ്യക്തമാക്കുന്നു. വിശ്വാസത്തോടെ അപേക്ഷിക്കുക എന്നു പറഞ്ഞാൽ ഒരു കാര്യം സംഭവിക്കുന്നത് അഥവാ നടത്തപ്പെടുന്നത് ദൈവഹിതം എന്നറിഞ്ഞുകൊണ്ട് അതിനായി പ്രാർത്ഥിക്കുക എന്നാണർത്ഥം; വിശ്വാസത്തോടെ പ്രാർത്ഥിച്ചുകൊണ്ടു പ്രവർത്തിച്ചാൽ മലകൾ നീങ്ങി കടലിൽ വീഴും എന്ന് മർക്കോസ് 11:23-24-ൽ പറഞ്ഞിരിക്കുന്നതിന്റെ ആശയം മാനുഷിക ദൃഷ്ടിയിൽ അസാദ്ധ്യമെന്നു തോന്നുന്ന കാര്യങ്ങളാണെങ്കിൽത്തന്നെയും അവ സാധിക്കുന്നത് ദൈവഹിതമാണെന്നറിഞ്ഞുകൊണ്ട് അവ സാദ്ധ്യമാക്കിത്തരുവാനപേക്ഷിക്കുകയും, നാം ചെയ്യേണ്ടതു ചെയ്യുകയും ചെയ്താൽ ദൈവം നമ്മുടെ അപേക്ഷപ്രകാരം തീർച്ചയായും പ്രവർത്തിക്കുമെന്നാണ്.

ബാലന്മാർ ദൈവത്തെ വിശ്വസ്തതയോടെ സേവിക്കാനാഗ്രഹമുണ്ടായിരുന്നവരാണ്. യെരൂശലേം നഗരം ബാബേൽ രാജാവായ നെബൂഖദ്നേസർ കീഴടക്കിയപ്പോൾ അവർ തടവുകാരാക്കപ്പെടുകയും അടിമകളെപ്പോലെ ബാബേലിലേക്കു കൊണ്ടുപോകപ്പെടുകയും ചെയ്തു;[2] അവിടെ ദൈവകല്പനകളനുസരിച്ച് ജീവിക്കുന്നത് അസാദ്ധ്യമാക്കുന്ന പല പ്രതികൂല സാഹചര്യങ്ങളുമുണ്ടായിരുന്നു. ദാനിയേലും കൂട്ടുകാരും നല്ല ബുദ്ധിസാമർത്ഥ്യവും കഴിവുമുള്ളവരായിരുന്നതിനാൽ രാജധാനിയിലെ ജോലികളിൽ നിയമിക്കുവാൻ പ്രത്യേക പരിശീലനം നൽകേണ്ടതിന് തെരഞ്ഞെടുത്ത ബാലന്മാരിൽ അവരും ഉൾപ്പെട്ടു. അങ്ങനെ അവർ രാജധാനിയിൽത്തന്നെ താമസിച്ചു കല്ദയരുടെ (ബാബിലോന്യരുടെ) വിദ്യയും ഭാഷയും അഭ്യസിക്കാൻ തുടങ്ങി. രാജാവ് കല്പിച്ചതനുസരിച്ച്, അദ്ദേഹം കഴിച്ചിരുന്ന ഭക്ഷണവും വീഞ്ഞും തന്നെയായിരുന്നു ഇവർക്കും കൊടുക്കേണ്ടിയിരുന്നത്. എന്നാൽ അദ്ദേഹത്തിന്റെ ഭക്ഷണരീതി ദൈവത്തെ അനുസരിച്ച് ജീവിക്കുന്നവർക്ക് യോജിച്ചതായിരുന്നില്ല. കൊട്ടാരത്തിൽനിന്ന് ലഭിക്കുന്ന 'വിശേഷപ്പെട്ട' ഭക്ഷണവും വീഞ്ഞും മൂലം തങ്ങളെത്തന്നെ അശുദ്ധമാക്കരുതെന്ന് ദാനിയേലും കൂട്ടുകാരും ഹൃദയത്തിൽ നിശ്ചയിച്ചു. അവർ തങ്ങളുടെ സകല പ്രശ്നങ്ങളും ദൈവമുമ്പാകെ സമർപ്പിച്ചു പ്രാർത്ഥിക്കുന്നവരായിരുന്നു (ദാനിയേൽ 2:17-18; 6-10 എന്നീ വാക്യങ്ങൾ ഇത് വ്യക്തമാക്കുന്നു). രാജഭോജനം കഴിക്കാനിടയാകാതിരിക്കാനായി അവർ ദൈവത്തോടപേക്ഷിച്ചു; ദൈവമുമ്പാകെ ചെയ്യേണ്ടത് ചെയ്യുവാൻ അവർ ധൈര്യം കാണിക്കയും ചെയ്തു. തങ്ങളുടെ ഭക്ഷണകാര്യങ്ങളുടെ ഉത്തരവാദിത്തം വഹിച്ചിരുന്ന ഉദ്യോഗസ്ഥനോട് രാജാവിന്റെ ഭക്ഷണം തങ്ങളുടെ മേൽ അടിച്ചേല്പിക്കരുതെന്ന് അവർ അപേക്ഷിച്ചു; അപ്പോൾ ദൈവം അയാളുടെ ഹൃദയത്തിൽ പ്രവർത്തിക്കയും ബാലന്മാർക്ക് ദയ ലഭിക്കാനിടവരുത്തുകയും

2. ഈ കാര്യങ്ങളെല്ലാം ബൈബിളിന്റെ പഴയനിയമത്തിലെ ദാനിയേലിന്റെ പുസ്തകത്തിൽ വിവരിച്ചിരിക്കുന്നു.

ചെയ്തു. രാജാവിന്റെ ഭക്ഷണത്തിനു പകരം ശാകപദാർത്ഥവും വെള്ളവും മാത്രം തന്ന് പത്തു ദിവസത്തേക്ക് തങ്ങളെ പരീക്ഷിച്ചു നോക്കുവാൻ അവർ അപേക്ഷിച്ചത് അദ്ദേഹം സ്വീകരിച്ചു. പത്തു ദിവസം കഴിഞ്ഞപ്പോൾ, മോശമായ ഭക്ഷണം കഴിച്ച ദാനിയേലും കൂട്ടുകാരും മെച്ചപ്പെട്ട ഭക്ഷണം കഴിച്ചവരെക്കാൾ പുഷ്ടിയും കഴിവും ഉള്ളവരായി കാണപ്പെട്ടു. തന്നെ അനുസരിക്കാനാഗ്രഹിച്ചവർക്കു വേണ്ടി ദൈവം അത്ഭുതം പ്രവർത്തിച്ചു. അങ്ങനെ ദൈവഹിതപ്രകാരമുള്ള ഭക്ഷണം മാത്രം കഴിച്ചു കൊണ്ട് രാജധാനിയിൽ താമസിച്ചു പഠനം നടത്തുവാൻ വേണ്ട സ്വാതന്ത്ര്യം ദാനിയേലിനും കൂട്ടുകാർക്കും ലഭിക്കുവാൻ ഇട യായി. ഇത് തെളിയിക്കുന്നത് ദൈവവചനം അനുസരിക്കുന്നതിന് നമ്മുടെ മുമ്പാകെ തടസ്സങ്ങളുണ്ടെങ്കിലും നാം ഭയപ്പെടേണ്ട ആവശ്യമില്ലെന്നാണ്. വചനം അനുസരിക്കണമെന്ന് ആത്മാർത്ഥ മായി ആഗ്രഹിക്കുകയും അതിനായി നാം പ്രാർത്ഥിക്കയും അനു സരിക്കുമെന്ന് ദാനിയേലിനെപ്പോലെ ഹൃദയത്തിൽ നിശ്ചയി ക്കയും ചെയ്യുകയാണാവശ്യം. അത് നാം ചെയ്യുമ്പോൾ ആ തടസ്സങ്ങളെ ഒന്നുകിൽ ദൈവം മാറ്റിത്തരും; അല്ലെങ്കിൽ അവയെ അതിജീവിക്കാനാവശ്യമായ കൃപ തരും. ഏതെങ്കിലും വിധത്തിൽ വചനം കൃത്യമായും പൂർണ്ണമായും അനുസരിക്കുവാൻ ദൈവം നമ്മെ പ്രാപ്തിപ്പെടുത്തുമെന്ന കാര്യത്തിൽ സംശയമില്ല.

## പ്രായോഗികമാക്കുക

വചനം അനുസരിക്കുന്നതിൽ അനുഭവപ്പെടുന്ന തടസ്സങ്ങൾ മാറ്റിക്കിട്ടുന്നതിന് ദാനിയേലിന്റെ അനുഭവത്തിലൂടെ മുകളിൽ ചൂണ്ടിക്കാണിച്ച മാർഗ്ഗം നമ്മുടെ ജീവിതത്തിൽ പ്രായോഗിക മാക്കേണ്ടതാണ്. ഉദാഹരണത്തിന്, ദൈവത്തിനും മനുഷ്യർക്കും ഇടയ്ക്കുള്ള ഏകമദ്ധ്യസ്ഥൻ യേശുക്രിസ്തുവാണെന്നും (1 തിമോഥി: 2:5) നമ്മുടെ സകല പ്രാർത്ഥനകളും യേശുക്രിസ്തു വിന്റെ നാമത്തിൽ പിതാവായ ദൈവത്തിന്റെ മുമ്പാകെ സമർപ്പി ക്കുകയാണു വേണ്ടതെന്നും (യോഹ: 16:23-24) മനസ്സിലാക്കി

യിരിക്കുന്ന ഒരു വ്യക്തിയുടെ വീട്ടിലെ മറ്റംഗങ്ങളെല്ലാവരും വൈകിട്ടും കാലത്തും കന്യകമറിയാമിനോടോ വിശുദ്ധന്മാരോടോ ശ്രീകൃഷ്ണനോടോ ഒക്കെ പ്രാർത്ഥിക്കുന്നവരാണെന്ന് വിചാരിക്കുക. അവരോടു ചേർന്ന് അവരുടെ പ്രാർത്ഥന ചൊല്ലുന്നത് ദൈവമുമ്പാകെ തെറ്റാണ്; ആ തെറ്റ് ചെയ്തില്ലെങ്കിൽ അയാൾ വീട്ടുകാരുടെ അപ്രീതിയ്ക്ക് പാത്രമാകും; ആ സാഹചര്യത്തിൽ അയാൾ ഒന്നാമത് ചെയ്യേണ്ടത് ദാനിയേലിനെയും കൂട്ടുകാരെയും പോലെ, ദൈവസന്നിധിയിൽ യേശുക്രിസ്തുവിന്റെ നാമത്തിൽ തന്റെ ആവശ്യം അറിയിക്കുക എന്നതാണ്. അതായത്, തെറ്റായ പ്രാർത്ഥന വീട്ടുകാരോടു ചേർന്നു ചൊല്ലുവാനിടയാകാതിരിക്കത്തക്കവണ്ണം പ്രവർത്തിക്കേണമേ എന്ന് ദൈവത്തോട് യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കയും കർത്താവ് അത് സ്വീകരിച്ചുവെന്ന് വിശ്വസിച്ച് അതിനായി സ്തോത്രം ചെയ്യുകയും വേണം. അതിനുശേഷം, “യേശുക്രിസ്തുവിന്റെ നാമത്തിലല്ലാതെ മറ്റാരുടെയും നാമത്തിൽ പ്രാർത്ഥിക്കുന്നതിന് എന്റെ വിശ്വാസം എന്നെ അനുവദിക്കുന്നില്ല; വിശ്വാസമില്ലാതെയുള്ള പ്രാർത്ഥനയ്ക്ക് അർത്ഥമില്ലല്ലോ; അതിനാൽ നമ്മുടെ വീട്ടിലെ പതിവു പ്രാർത്ഥന ചൊല്ലാൻ എന്നെ ദയവായി നിർബന്ധിക്കരുത്” എന്ന് അയാൾ തന്റെ വീട്ടുകാരോട് പറയണം. അപ്പോൾ ദൈവം അവരിലൂടെ പ്രവർത്തിച്ച് ആവശ്യമായ അനുവാദം തരുവിക്കയോ അല്ലെങ്കിൽ ആ വൈഷമ്യത്തെ വിജയകരമായി തരണം ചെയ്യുന്നതിനായുള്ള പരിശ്രമത്തിന്റെ അടുത്ത പടിയിലേക്ക് നമ്മെ നയിക്കുകയോ ചെയ്യും.

## നീക്കപ്പെടാത്ത തടസ്സങ്ങൾ

നമ്മുടെ മുമ്പാകെയുള്ള തടസ്സങ്ങൾ എല്ലായ്പ്പോഴും ദൈവം നീക്കിത്തരുന്നില്ല. നീക്കിത്തരാതിരിക്കുന്നതുമൂലം കൂടുതലായ ആത്മികനന്മയുണ്ടാകുമെങ്കിൽ തടസ്സങ്ങളെ ധൈര്യപൂർവ്വം നേരിടാനാണ് ദൈവം നമ്മെ അനുവദിക്കുക. ദൈവികപ്രമാണത്തിന് വിരുദ്ധമായ ഭക്ഷണം സംബന്ധിച്ച പ്രശ്നം ദാനിയേലിനും

കൂട്ടുകാർക്കുമുണ്ടായപ്പോൾ ദൈവം അത് നീക്കിക്കൊടുത്തു. എന്നാൽ കുറെക്കഴിഞ്ഞു നെബുഖദ്നേസർ രാജാവ് സ്വർണ്ണം കൊണ്ട് ഒരു വലിയ ബിംബം ഉണ്ടാക്കി; സകല ആളുകളും അതിന്റെ മുമ്പിൽ വീണ് നമസ്ക്കരിക്കണമെന്ന് കല്പിച്ചു. വിഗ്രഹത്തിന് മുമ്പിൽ നമസ്ക്കരിക്കുന്നത് ജീവനുള്ള സത്യ ദൈവം കഠിനമായി വെറുക്കുന്ന കാര്യമായതിനാൽ ദാനിയേലിന്റെ കൂട്ടുകാരായിരുന്ന ശദ്രക്ക്, മേശക്ക്, അബേദ്-നെഗോ (ഹനന്യവ്, മീശായേൽ, അസര്യാവ് എന്നിവയായിരുന്നു അവരുടെ യെഹൂദനാമങ്ങൾ) എന്നിവർ ബിംബത്തെ നമസ്ക്കരിച്ചില്ല.[3] ഈ വിവരമറിഞ്ഞ രാജാവ് അവരെ തന്റെ മുമ്പാകെ ഹാജരാക്കുവാൻ കല്പിച്ചു. അവർ വന്നപ്പോൾ അദ്ദേഹം അവരോട്, ബിംബത്തിന്റെ മുമ്പിൽ വീണ് നമസ്ക്കരിച്ചില്ലെങ്കിൽ എരിയുന്ന തീച്ചൂളയിലേക്കെറിഞ്ഞുകളയും എന്ന് പറഞ്ഞു; അങ്ങനെ ദൈവേഷ്ടം മാനിച്ചു പ്രവർത്തിച്ചാൽ ജീവൻ നഷ്ടപ്പെടുമെന്ന നില അവർക്കുണ്ടായി. എന്നാൽ ആ ഭീകര സാഹചര്യത്തെ അതിജീവിക്കാനാവശ്യമായ ധൈര്യം ദൈവം അവർക്ക് നൽകി; “ഞങ്ങൾ സേവിക്കുന്ന ദൈവത്തിന് ഞങ്ങളെ വിടുവിക്കുവാൻ കഴിയുമെങ്കിൽ, അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽ നിന്നും രാജാവിന്റെ കയ്യിൽ നിന്നും വിടുവിക്കും. അല്ലെങ്കിലും ഞങ്ങൾ രാജാവിന്റെ ദേവന്മാരെ സേവിക്കയില്ല. രാജാവ് നിർത്തിയ സ്വർണ്ണ ബിംബത്തെ നമസ്കരിക്കയുമില്ല എന്ന് അറിഞ്ഞാലും” (ദാനിയേൽ 3:17-18) എന്ന് രാജാവിനോട് പറഞ്ഞു. കോപംകൊണ്ട് ജ്വലിച്ച രാജാവ് ചൂളയുടെ ചൂട് ഏഴുമടങ്ങ് വർദ്ധിപ്പിച്ചതിനു ശേഷം അവരെ ബന്ധനസ്ഥരാക്കി അതിലേക്കെറിയാൻ കല്പിച്ചു. അതിൻപ്രകാരം അവർ ആ തീച്ചൂളയിലേക്കെറിയപ്പെട്ടു. പക്ഷേ, തീയിൽ വീണയുടൻ അവരുടെ കെട്ടുകൾ അഴിയുകയും അവർ നാലാമതൊരാളോടു കൂടി തങ്ങളുടെ വസ്ത്രത്തിനു പോലും ഒരു കേടും സംഭവിക്കാതെ ആ തീയിലൂടെ നടക്കാൻ തുടങ്ങുകയും ചെയ്തു. അവരെ തീച്ചൂളയിലിട്ടവരെ അഗ്നി

3. ദാനിയേലിന്റെ പുസ്തകം 3-ാം അദ്ധ്യായത്തിൽ ഈ സംഭവം വിവരിച്ചിരിക്കുന്നു.

ജ്വാലകൾ ഭസ്മീകരിച്ചു. ഈ കാഴ്ച കണ്ടു ഭ്രമിച്ച നെബൂഖദ്നേസർ അവരോട് പുറത്തു വരാനപേക്ഷിച്ചു. അവർ പുറത്തു വന്നപ്പോൾ അവരുടെ ദൈവമാണ് സത്യദൈവമെന്ന് രാജാവ് ഏറ്റുപറകയും സകലരും ആ ദൈവത്തെ ഭയപ്പെടണമെന്ന് കൽപ്പിക്കയും ചെയ്തു. തന്റെ ദാസന്മാരെ രക്ഷിക്കുവാൻ തീച്ചൂളയിലേക്ക് തന്റെ ദൂതനെ അയച്ച ശദ്രക്കിന്റെയും കൂട്ടുകാരുടെയും ദൈവത്തിന് വിരോധമായി ആരും ഒന്നും പറഞ്ഞു പോകരുതെന്നും അദ്ദേഹം കല്പിച്ചു. അങ്ങനെ ദൈവത്തെ വിശ്വസ്തതയോടെ സേവിക്കാനാഗ്രഹിച്ച ശദ്രക്കിനും മേശക്കിനും അബേദ്-നെഗോവിനും നേരിടേണ്ടിവന്ന വലിയ പ്രതിസന്ധിയിൽ ദൈവം അവർക്ക് വിജയം നൽകുകയും അതുമൂലം അവർ ദൈവമുമ്പാകെയും മനുഷ്യമുമ്പാകെയും ഔന്നത്യം പ്രാപിക്കയും ചെയ്തു. അവർക്ക് നേരിടേണ്ടി വന്ന തടസ്സം ദൈവം നീക്കിക്കൊടുക്കാഞ്ഞത്, അതിനെ വിജയകരമായി നേരിടാനാവശ്യമായ ധൈര്യം അവർക്ക് നൽകാൻ ഉദ്ദേശിച്ചിരുന്നതിനാലാണ്. അതുപോലെ തന്നെ ഇക്കാലത്തും ദൈവമക്കളുടെ വിശ്വാസജീവിതത്തിന്റെ പാതയിൽ തടസ്സങ്ങൾ കാണപ്പെടുകയും അവ മാറ്റിത്തരേണമെന്ന് പ്രാർത്ഥിച്ചിട്ടും ദൈവം അവയെ മാറ്റിത്തരാതിരിക്കയും ചെയ്യുന്നെങ്കിൽ അതിന്റെ അർത്ഥം ആ തടസ്സങ്ങൾ അതിജീവിക്കാനാവശ്യമായ കൃപ ദൈവം അവർക്ക് നൽകുമെന്നാണ്. എങ്ങനെയായാലും ദൈവത്തെ സേവിച്ചനുസരിക്കാനാഗ്രഹിക്കുന്നവർ തടസ്സങ്ങളുടെ മുമ്പിൽ പരാജയപ്പെട്ടു പിന്മാറേണ്ട ആവശ്യമില്ല എന്നത് നിസ്തർക്കമാണ്. വിജയിക്കാൻ കഴിയാത്ത പരീക്ഷ അവർക്കുണ്ടാകാൻ ദൈവം അനുവദിക്കയില്ല എന്ന് 1 കൊരിന്ത്യർ 10:13-ൽ[4] ദൈവാത്മാവ് രേഖപ്പെടുത്തിയിരിക്കുന്നത് ഇക്കാരണത്താലാണ്. വിജയം നേടുന്നതിനാഗ്രഹിച്ചുകൊണ്ട് അതിനായി ശ്രദ്ധയോടെ പ്രാർത്ഥിക്കുമ്പോൾ എന്തൊക്കെയാണ്

4. "മനുഷ്യർക്ക് നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്ക് നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ; നിങ്ങൾക്ക് കഴിയുന്നതിന് മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്ക് സഹിപ്പാൻ കഴിയേണ്ടതിന് പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും." 1 കൊരി: 10:13.

നാം ചെയ്യേണ്ടതെന്ന് ദൈവം കാണിച്ചുതരും; അതിൻപ്രകാരം പ്രവർത്തിക്കയും ദൈവകല്പനകൾക്ക് വിരുദ്ധമായി ഒന്നും പ്രവർത്തിക്കരുതെന്നുള്ള നിശ്ചയത്തിൽ ഉറച്ചു നിൽക്കയും ചെയ്യുമ്പോൾ ദൈവം നമുക്കുവേണ്ടി അത്ഭുതം പ്രവർത്തിക്കുന്നത് കാണുവാൻ സാധിക്കും. ഇപ്രകാരം നാം ദൈവേഷ്ടത്തിനൊത്തവണ്ണം ജീവിക്കുവാൻ ശ്രമിക്കുമ്പോൾ കഷ്ടങ്ങളുടെയും പ്രയാസങ്ങളുടെയും തീച്ചൂളയിലൂടെ ചിലപ്പോൾ കടന്നുപോകാൻ ദൈവം നമ്മെ അനുവദിച്ചെന്നു വരാം; അങ്ങനെ സംഭവിച്ചാൽ ആ കഷ്ടതയുടെ അനുഭവത്തിൽ ദൈവം നമ്മെ കൈവിടുകയില്ലെന്നും ശദ്രക്കിന്റെയും മേശെക്കിന്റെയും അബേദ്നെഗോവിന്റെയും അടുത്തേക്ക് തന്റെ ദൂതനെ അയച്ച ദൈവം നമ്മോടുകൂടെയിരുന്നു നമ്മെ ശക്തീകരിക്കുമെന്നും മനസ്സിലാക്കേണ്ടതാണ്; മാത്രമല്ല, ആ കഷ്ടത നാം സഹിക്കുന്നതുമൂലം നമ്മുടെ ശത്രുവായ സാത്താന്റെ മേൽ വിജയം വരിക്കുകയും ദൈവനാമത്തെ മഹത്വപ്പെടുത്തുകയുമായിരിക്കും നാം ചെയ്യുന്നതെന്നും ഓർക്കേണ്ടതാണ്. യേശുക്രിസ്തു മുഖാന്തരം കഷ്ടങ്ങളിലും പരീക്ഷകളിലും പൂർണ്ണജയമാണ് ദൈവം നമുക്ക് വാഗ്ദാനം ചെയ്തിരിക്കുന്നത്. (റോമർ : 8:35-39).

## വിജയം സുനിശ്ചയം

ദാനിയേലിന്റെയും കൂട്ടുകാരുടെയും ചരിത്രം നമ്മെ ഉദ്ബോധിപ്പിക്കുന്നത്, കർത്താവിനെ അനുസരിച്ചുകൊണ്ട് ജീവിക്കാൻ ആത്മാർത്ഥമായി നാം ആഗ്രഹിക്കുന്നുവെങ്കിൽ അത് സാധിക്കേണ്ടതിനായി ശ്രദ്ധയോടെ നാം പ്രാർത്ഥിച്ചു ധൈര്യത്തോടെ പ്രവർത്തിക്കയും ചെയ്താൽ മാത്രം മതി എന്നാണ്. അപ്പോൾ നമ്മെ നേരിടുന്ന പരീക്ഷകളിന്മേൽ തീർച്ചയായും വിജയം വരിക്കുവാൻ ദൈവം നമ്മെ പ്രാപ്തിപ്പെടുത്തും; നമുക്കുവേണ്ടി മരണം സഹിക്കയും മരണത്തെ ജയിച്ചുയിർത്തെഴുന്നേല്ക്കയും ചെയ്തവനായ കർത്താവ് സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും ഉള്ളവനാണ്. അവൻ നമ്മോടു

കൂടെ എപ്പോഴുമുണ്ട് (മത്തായി: 28:18-20); അവൻ മുഖാന്തരം എല്ലായ്പ്പോഴും ദൈവം നമുക്ക് ജയം നൽകുകയും ചെയ്യുന്നു. (1 കൊരിന്ത്യർ 15:57); ഇത് ഉറപ്പായി വിശ്വസിച്ച് അതിൻപ്രകാരം പ്രവർത്തിക്കുകയാണ് വേണ്ടത്. രക്ഷിക്കപ്പെട്ടുകഴിഞ്ഞാൽ ഒരാൾക്ക് സ്നാനമേൽക്കുന്നതിന് തടസ്സമെന്തെങ്കിലുമുണ്ടെങ്കിൽ അതിനെക്കുറിച്ചു ഭയപ്പെടാതെ അത് മാറ്റിത്തരുവാൻ ദൈവത്തോട് പ്രാർത്ഥിക്കുകയാണ് അയാൾ ചെയ്യേണ്ടത്; അത് മാറ്റപ്പെടുന്നതായി കാണുന്നില്ലെങ്കിൽ, എന്താണ് ചെയ്യേണ്ടതെന്ന് വീണ്ടും പ്രാർത്ഥനയിലൂടെ ദൈവത്തോട് ആലോചന ചോദിക്കയും സ്നാനമേൽക്കുവാൻ ഇടയാക്കേണമേ എന്ന് കൂടുതൽ ശ്രദ്ധയോടെ പ്രാർത്ഥിക്കയും ചെയ്യണം; അപ്പോൾ തടസ്സങ്ങളെയെല്ലാം അതിജീവിച്ചുകൊണ്ട് ആ കല്പന അനുസരിക്കുവാൻ ദൈവം അയാൾക്ക് കൃപ നൽകും; സംശയമില്ല.

## ആവശ്യങ്ങൾ നിറവേറ്റുന്ന ദൈവം

നമ്മുടെ ആത്മികവും ഭൗമികവുമായ സകല ആവശ്യങ്ങളും നിറവേറ്റിത്തരുവാൻ ശക്തനും മനസ്സുള്ളവനുമാണ് നമ്മുടെ ദൈവം; അതിനാലാണ്, "ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടു കൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്" എന്നു ഫിലിപ്പ്യർ 4:6 ൽ പറഞ്ഞിരിക്കുന്നത്. ദൈവം നമ്മെ എത്രമാത്രം സ്നേഹിക്കുന്നുവെന്നും നമുക്കുവേണ്ടി എത്രത്തോളം കരുതുന്നുവെന്നും മനസ്സിലാക്കിയാൽ ദൈവത്തെ പൂർണ്ണമായി അനുസരിക്കുന്നതിന് നാം തീർച്ചയായും മനസ്സുവയ്ക്കും. പിതാവായ ദൈവം യേശുക്രിസ്തുവിനെ സ്നേഹിക്കുന്നതുപോലെ തന്നെ നമ്മെയും സ്നേഹിക്കുന്നുവെന്ന് യോഹ. 17:23-ൽ പറഞ്ഞിരിക്കുന്നു. അതേവിധത്തിൽ യേശുക്രിസ്തുവും നമ്മെ സ്നേഹിക്കുന്നതായി യോഹ: 15:9-ൽ പറഞ്ഞിരിക്കുന്നു. യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടിരിക്കുന്ന ഓരോ വ്യക്തിക്കും ദൈവം കല്പിച്ചിട്ടുള്ള വില എത്ര

വലുതാണെന്ന് നിർണ്ണയിക്കുവാൻ ആർക്കും സാധ്യമല്ല; അതിനാൽ അങ്ങനെയുള്ള ഒരാളിനെ തന്റെ ഹിതപ്രകാരമുള്ള വഴിയിലൂടെ മുന്നോട്ടു നടത്തുവാൻ ആവശ്യമായതെല്ലാം ദൈവം ചെയ്യുമെന്ന കാര്യത്തിൽ യാതൊരു സംശയത്തിനും അവകാശമില്ല. ആ ആൾ ദൈവത്തോടുകൂടെ നിൽക്കാനും ദൈവത്തിൽ നിന്നു സഹായം തേടുവാനും തയ്യാറായിരുന്നാൽ മതി. പലപ്പോഴും നമ്മുടെ ആത്മികവും ഭൗമികവുമായ ആവശ്യങ്ങൾ നിറവേറിക്കിട്ടാത്തത് അവ ദൈവം സാധിപ്പിച്ചുതരുവാനായി, വ്യവസ്ഥപ്രകാരം നാം അപേക്ഷിക്കാത്തതുകൊണ്ടാണ്. "കർത്താവേ, വചനപ്രകാരം മറ്റുള്ള ദൈവമക്കളോടുചേർന്ന് നിന്നെ ആരാധിച്ചും നിന്റെ രക്ഷയുടെ സന്ദേശം ലോകത്തെ അറിയിച്ചും കൊണ്ട് വിജയകരമായ ആത്മിക ജീവിതം നയിക്കാൻ എന്നെ പ്രാപ്തിപ്പെടുത്തേണമേ; പ്രാപ്തിപ്പെടുത്തുന്നതിനായി സ്തോത്രം'' എന്ന് ദൈവസന്നിധിയിൽ ആത്മാർത്ഥമായി പ്രാർത്ഥിച്ചു പറയുന്ന ഒരാളിന് തന്റെ ആഗ്രഹം സാധിച്ചു കിട്ടുമെന്നത് നിശ്ചയമാണ്. ക്ഷമയോടു കൂടെ, ലൂക്കോസ് 18–ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം മടുത്തുപോകാതെ അയാൾ പ്രാർത്ഥന തുടരണമെന്നേയുള്ളൂ. നമ്മുടെ സകല ആവശ്യങ്ങളും ഈ വിധത്തിൽ നാം ദൈവമുമ്പാകെ സമർപ്പിച്ചു പ്രാർത്ഥിക്കയും പ്രാർത്ഥന ദൈവം സ്വീകരിച്ചതിന് സ്തോത്രം ചെയ്യുന്നു എന്ന് പറകയും ചെയ്യേണ്ടതാണ്.

## അനുസരണത്തിന്റെ ഫലം

ദൈവത്തെ അനുസരിക്കുന്നതിന്റെ ഫലം എത്ര ശ്രേഷ്ഠമാണെന്നതിനെക്കുറിച്ച് ഈ ഭൂമിയിൽ വച്ചു വ്യക്തമായി മനസ്സിലാക്കുവാൻ നമുക്ക് സാധിക്കയില്ല. കർത്താവിനെ സ്നേഹിക്കുന്ന ഏവരും അവന്റെ കല്പനകളെ പ്രമാണിക്കുന്നു (യോഹ: 14:15) എന്നും "ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ളത് കണ്ണുകണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല" (1 കൊരി 2:9) എന്നും വചനത്തിൽ

പറഞ്ഞിരിക്കുന്നതിനാൽ കർത്താവിനെ സ്നേഹിച്ച് അവന്റെ കല്പനകളനുസരിക്കുന്നതിന്റെ പ്രതിഫലം നമുക്ക് ചിന്തിക്കാൻ കഴിയുന്നതിനെക്കാളൊക്കെ അധികമായിരിക്കും എന്നു മാത്രമേ പറയാൻ സാധിക്കയുള്ളു. പഴയനിയമത്തിൽ കാണുന്ന "രാജാക്കന്മാർ" ഒന്നാം പുസ്തകം 17-ാം അദ്ധ്യായം മുതൽ രണ്ടു രാജാ: 2-ാം അദ്ധ്യായം വരെയുള്ള ഭാഗങ്ങളും മത്തായിയുടെ സുവിശേഷം 17:1-8 വരെ വാക്യങ്ങളും വായിച്ചാൽ ദൈവത്തെ സ്നേഹിച്ച് അനുസരിക്കുന്നവർക്ക് ദൈവം നൽകുന്ന വലിയ പ്രതിഫലത്തെക്കുറിച്ചുള്ള ചെറിയ ഒരു സൂചന ലഭിക്കും; ദൈവത്തിന്റെ പ്രവാചകനായ ഏലിയാവിനെക്കുറിച്ചും ദൈവമുമ്പാകെ ഭീരുത്വവും അവിശ്വാസവും പ്രകടിപ്പിച്ച മഹാഭക്തനായിരുന്ന ഓബദ്യാവിനെക്കുറിച്ചും ഈ വചനഭാഗങ്ങളിൽ നിന്ന് പഠിക്കുമ്പോൾ ദൈവത്തെ വിശ്വസിക്കാനും അനുസരിക്കാനും കഴിയുന്നത് എത്ര ശ്രേഷ്ഠമായ കാര്യമാണെന്ന് നമുക്ക് ബോദ്ധ്യപ്പെടും.

യിസ്രായേൽ ജനം സത്യദൈവത്തെ ഉപേക്ഷിച്ച് ആഹാബ് രാജാവിന്റെ നേതൃത്വത്തിൽ ബാൽ എന്ന ദേവന്റെ വിഗ്രഹത്തെ നമസ്കരിക്കയും അവന് ബലിയർപ്പിക്കയും മറ്റും ചെയ്തുകൊണ്ടിരുന്ന കാലത്താണ് ഏലിയാവിനെ ദൈവം എഴുന്നേൽപ്പിച്ചത്. ജനത്തെ നേർവഴിക്ക് തിരിച്ചുവിടാൻ വേണ്ടിയുള്ള ശിക്ഷാക്രമത്തിന്റെ ഭാഗമായി ദേശത്ത് മഴ നിർത്തേണമേ എന്ന് ഏലിയാവ് പ്രാർത്ഥിക്കയും ദൈവം അതിൻപ്രകാരം പ്രവർത്തിക്കയും ചെയ്തു. ഏലിയാവിന്റെ പ്രാർത്ഥനയുടെ ഫലമായിട്ടാണ് മഴ നിന്നുപോയതെന്നറിഞ്ഞ ആഹാബ് രാജാവ് അദ്ദേഹത്തെ കണ്ടുപിടിച്ച് കൊല്ലുവാനായി രാജ്യത്തിനകത്തും പുറത്തും അന്വേഷണം നത്തി. പക്ഷെ ദൈവം തന്റെ ദാസനെ ഒളിപ്പിച്ചു കാത്തു പരിപാലിച്ചതിനാൽ ആഹാബിന് അദ്ദേഹത്തെ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. മഴ നിന്നതിനുശേഷം മൂന്നാം വർഷത്തിൽ ദൈവം ഏലിയാവിനോട്, "നീ ചെന്നു ആഹാബിന്നു നിന്നെത്തന്നെ കാണിക്ക; ഞാൻ ഭൂതലത്തിൽ മഴ പെയ്യിപ്പാൻ പോകുന്നു എന്നു പറഞ്ഞു" (1 രാജാക്കന്മാർ 18:1). തന്നെ എങ്ങനെയെങ്കിലും

കണ്ടുപിടിച്ചു കൊല്ലുവാൻ ദൂതന്മാരെ അയച്ച് അന്വേഷണം നടത്തിച്ചുകൊണ്ടിരുന്ന ആഹാബിന്റെ മുമ്പിലേക്ക് ചെല്ലുന്നതിനെക്കാൾ ഭേദം കടിച്ചുകീറുവാൻ തയ്യാറായി നിൽക്കുന്ന സിംഹത്തിന്റെ മുമ്പിലേക്ക് ചെല്ലുന്നതായിരിക്കുമെന്ന് ഏലിയാവിനറിയാമായിരുന്നു. പക്ഷെ, ദൈവത്തിന്റെ കല്പന അനുസരിക്കുന്നതിൽ അദ്ദേഹം യാതൊരു വൈമനസ്യവും കാണിച്ചില്ല; "എന്നെ കൊല്ലാനിരിക്കുന്ന ആഹാബിന്റെ അടുക്കലേക്ക് ദയവായി എന്നെ അയക്കരുതേ" എന്ന് ദൈവത്തോടപേക്ഷിക്കാൻ ഏലിയാവിന്റെ പക്കൽ ധാരാളം ന്യായമുണ്ടായിരുന്നു; എന്നാൽ അങ്ങനെ അദ്ദേഹം അപേക്ഷിച്ചില്ല; ദൈവകല്പന കൃത്യമായി അനുസരിക്കാൻ അദ്ദേഹം തയ്യാറായി; അതിൻപ്രകാരം ആഹാബിന്റെ അടുത്തേക്ക് യാത്ര പുറപ്പെടുകയും ചെയ്തു. വഴിയിൽവെച്ച് 'മഹാഭക്ത'നായിരുന്ന ഓബദ്യാവിനെ അദ്ദേഹം കണ്ടു. ഓബദ്യാവിന് വലിയ ദൈവഭക്തിയുണ്ടായിരുന്നെങ്കിലും ദൈവത്തെ പൂർണ്ണമായി അനുസരിക്കുന്ന സ്വഭാവമില്ലായിരുന്നു. ബാൽ വിഗ്രഹത്തെ സേവിക്കുന്നത് പാപമാണെന്ന് പറയുകയും അത് ചെയ്യുന്നവരെ ദൈവം ശിക്ഷിക്കുമെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്ത ഏലിയാവിന്റെ ധൈര്യം അദ്ദേഹത്തിനില്ലായിരുന്നു. ദൈവകല്പനകൾ അറിഞ്ഞിരുന്നു എങ്കിലും ദൈവഹിതത്തിനൊത്തവണ്ണം പ്രവർത്തിക്കുവാൻ അവന് പൂർണ്ണമനസ്സുണ്ടായിരുന്നില്ല. ദൈവത്തെക്കാളധികം അവൻ ആഹാബിനെയാണ് അനുസരിച്ചിരുന്നത്. ആഹാബിന്റെ ഗൃഹവിചാരകനായി ജോലി ചെയ്ത് ശമ്പളം വാങ്ങുകയും തന്റെ ജോലി നഷ്ടപ്പെടാനിട വരുന്ന വിധത്തിൽ ആഹാബിനിഷ്ടമല്ലാത്തതൊന്നും പറയാതിരിക്കയും ചെയ്യുക എന്നതായിരുന്നു അദ്ദേഹത്തിന്റെ നയം. ആഹാബിന്റെ വിഗ്രഹസേവ വലിയ പാപമാണെന്ന് ഏലിയാവ് പ്രഖ്യാപിച്ചപ്പോൾ അതിന്റെ നേരെ ഓബദ്യാവ് കണ്ണടച്ചു. ഏലിയാവ് ദൈവത്തെ പൂർണ്ണമായി അനുസരിച്ചപ്പോൾ ഓബദ്യാവ് ദൈവത്തെ വേണ്ടതുപോലെ അനുസരിക്കാതെ ദൈവത്തോട് രഹസ്യത്തിൽ ഭക്തികാണിക്കുന്നതുകൊണ്ട് തൃപ്തിപ്പെട്ടു.

എന്നാൽ ഏലിയാവ് യാതൊന്നും രഹസ്യത്തിൽ ചെയ്യണമെന്നാഗ്രഹിച്ചില്ല; ദൈവം കല്പിക്കുന്നതെന്തും അതുപോലെ ചെയ്യുക എന്നതായിരുന്നു അദ്ദേഹത്തിന്റെ നയം. അതുകൊണ്ട് ആഹാബിന്റെ മുമ്പിലേക്ക് ചെല്ലുക എന്ന് ദൈവം കല്പിച്ചപ്പോൾ അതനുസരിച്ചു; വഴിയിൽവെച്ച് ഓബദ്യാവിനെ കണ്ടപ്പോൾ താൻ ആഹാബിനെ കാണാൻ ആഗ്രഹിക്കുന്നതായി അറിയിക്കുക എന്നാവശ്യപ്പെട്ടു; അതിനെത്തുടർന്നുണ്ടായ സംഭവങ്ങൾ ദൈവത്തെ അനുസരിക്കുന്നവരിലൂടെ എത്ര വലിയ അത്ഭുതങ്ങളാണ് ദൈവം പ്രവർത്തിക്കുന്നത് എന്നതിനുദാഹരണങ്ങളാണ്. യഥാർത്ഥ ദൈവം ബാൽ ആണോ യഹോവയാണോ എന്ന് തെളിയിക്കുവാൻ ഏലിയാവ് ആഹാബിനെ വെല്ലുവിളിച്ചു. അതിൻപ്രകാരം ബാലിന്റെ പ്രവാചകന്മാർ ഒരു കാളയെ അറുത്ത് യാഗപീഠത്തിന്മേൽ വച്ചശേഷം ആകാശത്തുനിന്ന് തീയിറങ്ങി യാഗവസ്തുവിനെ ദഹിപ്പിക്കേണമേ എന്ന് പ്രാർത്ഥിച്ചു; വളരെ സമയം അവർ പ്രാർത്ഥിച്ചിട്ടു ഫലമുണ്ടാകാഞ്ഞപ്പോൾ ഏലിയാവ് യഹോവയ്ക്ക് യാഗപീഠം പണിയുകയും ഒരു കാളയെ അറുത്ത് ഖണ്ഡം ഖണ്ഡമാക്കി വിറകിന്മേൽ വച്ചിട്ട് മൂന്നു തവണ അതിന്റെ മീതെ വെള്ളമൊഴിച്ച് അവിടെയെങ്ങും തീയുടെ ഒരംശം പോലുമില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്തു. അതിന്റെ ശേഷം തന്റെ ദൈവമായ യഹോവയോട് അദ്ദേഹം പ്രാർത്ഥിച്ചു; ആ നിമിഷത്തിൽ ആകാശത്തുനിന്ന് തീയിറങ്ങി യാഗവസ്തുവും വിറകും മണ്ണും എല്ലാം ദഹിപ്പിച്ചു. ഇതുകണ്ട യിസ്രായേൽജനം മുഴുവൻ "യഹോവ തന്നെ ദൈവം; യഹോവ തന്നെ ദൈവം" എന്നു പറഞ്ഞു കവിണ്ണുവീഴുകയും ചെയ്തു.

ഇപ്രകാരം യിസ്രായേൽജനത്തെ മാനസ്സാന്തരത്തിലേക്ക് നയിച്ച ഏലിയാവിനെക്കുറിച്ച് തുടർന്ന് നാം വായിക്കുന്നത് അദ്ദേഹം മരണം കാണാതെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നാണ്. അദ്ദേഹത്തിന്റെ ശിഷ്യനായിരുന്ന എലീശയുടെ സാന്നിദ്ധ്യത്തിലായിരുന്നു ഇത് സംഭവിച്ചത്. പുതിയനിയമത്തിലേക്ക് വരുമ്പോൾ യേശുവിനോട് സംസാരിക്കുവാനായി

(മത്തായി 17:1-8) സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്ക് വന്ന രണ്ടു പേർ മോശെയും ഏലിയാവും ആയിരുന്നു എന്നു നാം കാണുന്നു. ഇതിൽ നിന്ന് തെളിയുന്നത്, തന്നെ സ്നേഹിക്കയും പൂർണ്ണമായി അനുസരിക്കയും ചെയ്ത ഏലിയാവിനെ ദൈവം വളരെയധികം മാനിച്ചിരിക്കുന്നുവെന്നാണ്; ദൈവസന്നിധിയിൽ അദ്ദേഹത്തിനുള്ള സ്ഥാനം വളരെ വലുതാണ്. ഈവിധം താൻ മാനിക്കപ്പെടാൻ പോകയാണ് എന്ന ചിന്തയൊന്നും ആഹാബിന്റെ മുമ്പിലേക്ക് പോയപ്പോൾ അദ്ദേഹത്തിന്റെ ഹൃദയത്തിലുണ്ടായിരുന്നെന്ന് ചിന്തിക്കുവാൻ ന്യായമില്ല. ദൈവം തന്നോട് കല്പിക്കുന്നത് ചെയ്യുക എന്നത് മാത്രമായിരുന്നു അദ്ദേഹത്തിന്റെ ഏക ചിന്ത; അതിൻപ്രകാരം പ്രവർത്തിച്ചതിനാൽ തനിക്ക് ഭാവന ചെയ്യാൻപോലും കഴിയാത്ത വിധത്തിൽ ദൈവം അദ്ദേഹത്തിന് പ്രതിഫലം നൽകുന്നതായി നാം മനസ്സിലാക്കുന്നു.

ഓബദ്യാവിനെ ഏലിയാവിനോട് താരതമ്യപ്പെടുത്തി നോക്കുമ്പോൾ നാം കാണുന്നത്, ദൈവത്തെ അനുസരിക്കുവാൻ മനസ്സുവെക്കാതെ അയാൾ വലിയ ഭോഷത്വം കാണിച്ചുവെന്നാണ്. അനുസരിക്കാനുള്ള മനുസ്സുണ്ടായിരുന്നെങ്കിൽ ഏലിയാവിനെപ്പോലെ ആരെയും ഭയപ്പെടാതെ ദൈവത്തെ വിശ്വസ്തതയോടെ സേവിച്ചുകൊണ്ട് ഈ ലോകത്തിൽ ജീവിക്കുന്നതിനും നിത്യതയിൽ വലിയ പ്രതിഫലത്തിന് അർഹനാകുവാനും അയാൾക്ക് കഴിഞ്ഞേനെ. എന്നാൽ ദൈവത്തിൽ ആഴമായി വിശ്വാസമർപ്പിക്കാനോ ദൈവത്തെ പൂർണ്ണമായി അനുസരിക്കാനോ അയാൾ തയ്യാറായില്ല; അതിനാൽ തനിക്ക് നേടാൻ കഴിയുമായിരുന്ന നിത്യമായ വലിയ പ്രതിഫലത്തിൽ അയാൾ കുറവ് വരുത്തി. നമുക്കോരോരുത്തർക്കും ഏലിയാവിനെയോ ഓബദ്യാവിനെയോ മാതൃകയാക്കിക്കൊണ്ട് ജീവിക്കാൻ സാധിക്കും; എലിയാവിനും ദാനിയേലിനുമൊക്കെ ഉണ്ടായതിൽ അധികമായ പരീക്ഷ നമുക്ക് നേരിട്ടിട്ടില്ല, നേരിടുകയുമില്ല. മാത്രമല്ല, കർത്താവിനോടുകൂടെ നാം നിൽക്കുന്ന പക്ഷം നമുക്ക് നേരിടുന്ന പരീക്ഷകളിൽ പരാജയപ്പെട്ടുപോകാൻ അവൻ നമ്മെ അനുവദിക്കയുമില്ല;

അതിനാൽ യേശുക്രിസ്തു നമ്മോടുകൂടെയുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ട്, നമ്മെ നേരിടുന്ന അഗ്നിപരീക്ഷകളെ ധൈര്യപൂർവ്വം പ്രാർത്ഥനയോടെ നാം നേരിടുകയാണ് വേണ്ടത്. ഓബദ്യാവിനെപ്പോലെ ഭീരുത്വവും രഹസ്യഭക്തിയുമല്ല നാം കാണിക്കേണ്ടത്. വചനത്തിൽനിന്ന് നാം മനസ്സിലാക്കുന്ന കർത്താവിന്റെ കല്പനകളോരോന്നും പൂർണ്ണമായി അനുസരിച്ച് ജീവിതത്തിൽ പ്രയോജനപ്പെടുത്തിക്കൊണ്ട് ഏലിയാവിനെപ്പോലെയുള്ള ധൈര്യശാലികളായി ദൈവാത്മശക്തിയോടെ നമുക്ക് മുന്നേറാം; നാം മുഖാന്തരം അനേകായിരങ്ങൾ നിത്യജീവന്റെ ഓഹരിക്കാരായിത്തീരുന്നതിനും ഒരിക്കലും അവസാനിക്കാതെ നിലനിൽക്കുന്ന വലിയ പ്രതിഫലത്തിന് ദൈവസന്നിധിയിൽ നാം അർഹരായിത്തീരുന്നതിനും അതിടയാക്കും.

## തന്ത്രങ്ങൾ തിരിച്ചറിയുക

ഏലിയാവിനെയും ദാനിയേലിനെയും മാതൃകയാക്കിക്കൊണ്ട് ദൈവകൽപ്പനകൾ അനുസരിച്ച് ജീവിക്കാൻ നാം തയ്യാറാകുമ്പോൾ അതിൽനിന്ന് നമ്മെ പിൻതിരിപ്പിക്കാൻ സാത്താൻ കഠിന പരിശ്രമം നടത്തുന്നു. ദൈവവചനത്തിൽനിന്ന് ചിലതൊക്കെ എടുത്തുമാറ്റുക, അതിനോട് ചിലതൊക്കെ കൂട്ടിച്ചേർത്ത്, കൽപ്പിച്ചതെന്താണ്, കൽപ്പിക്കാത്തതെന്താണ് എന്നതിനെപ്പറ്റി നമുക്ക് ചിന്താക്കുഴപ്പമുണ്ടാക്കുക, വചനം ദുർവ്വ്യാഖ്യാനം[5] ചെയ്തു

5. വചനം അരുളിച്ചെയ്ത ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തപ്പോൾ അവന്റെയടുക്കൽ സാത്താൻ ചെന്ന് അവനെ പരീക്ഷിക്കുന്നതിനായി വചനം ദുർവ്യാഖ്യാനം ചെയ്തതായി മത്താ. 4:1-11 വരെ വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നു. ദൈവപുത്രന്റെയടുത്തുപോലും ചെന്ന് വചനം ദുർവ്വ്യാഖ്യാനം ചെയ്യാൻ മടിക്കാത്ത സാത്താൻ അവന്റെ ദുർവ്വ്യാഖ്യാനങ്ങൾ ചെലവാക്കുന്നതിനായി മനുഷ്യരെ സമീപിക്കാൻ മടിക്കുമോ? ഒരിക്കലുമില്ല. അവന്റെ ദുർവ്യാഖ്യാനങ്ങളെ യേശുക്രിസ്തു നേരിട്ടത് ദൈവവചനത്താൽ തന്നെയാണ്; ദൈവവചനത്തിൽ പരസ്പരവൈരുദ്ധ്യം ഇല്ല; ഉണ്ടാവുക സാദ്ധ്യമല്ല. സാത്താൻ ദുർവ്യാഖ്യാനം നടത്തി നമ്മെ തെറ്റിദ്ധരിപ്പിക്കാനിടയുള്ള വചനഭാഗങ്ങൾ ശരിയായ നിലയിൽത്തന്നെ നമുക്ക് ധരിക്കാനിടയാകുന്നവിധം അവയുടെ അർത്ഥം വിശദീകരിക്കുന്ന മറ്റുവാക്യങ്ങൾ വചനത്തിൽ തന്നിട്ടുണ്ട്. ആ വാക്യങ്ങളുപയോഗിച്ചാണ് ദുർവ്വ്യാഖ്യാനങ്ങളെ നേരിടേണ്ടത്. കർത്താവ് അങ്ങനെ ചെയ്തു നമുക്ക് മാതൃക കാണിച്ചിരിക്കുന്നു.

നമ്മെ തെറ്റിദ്ധരിപ്പിക്കുക തുടങ്ങിയ നിരവധി തന്ത്രങ്ങൾ അവൻ നമുക്കെതിരെ പ്രയോഗിക്കുന്നു. അവയെ ശരിയായി മനസ്സിലാക്കി വചനമാകുന്ന ആത്മാവിന്റെ വാൾ ഉപയോഗിച്ച് അവനെ പരാജയപ്പെടുത്തുവാൻ നമുക്ക് സാധിക്കണം. ഈ വിഷയത്തിൽ ഒരു ഉദാഹരണമായി സ്നാനം എന്ന കല്പന അനുസരിക്കാനാഗ്രഹിക്കുന്ന ദൈവമക്കളെ അതിൽനിന്ന് പിന്തിരിപ്പിക്കാൻ സാത്താൻ പ്രയോഗിക്കുന്ന ചില തന്ത്രങ്ങൾ താഴെ ചൂണ്ടിക്കാണിക്കുന്നു.

ശരിയായ സ്നാനോപദേശം ഒരു വ്യക്തി മനസ്സിലാക്കി അനുസരിക്കാനാഗ്രഹിച്ചാൽ സാത്താൻ അയാളെ സമീപിച്ച് വചനത്തിൽ നിന്ന് ചിലതൊക്കെ എടുത്തു മാറ്റുക എന്ന തന്ത്രം ആദ്യം പ്രയോഗിച്ച് നോക്കുന്നു. അതിനായി അവൻ തന്റെ പ്രേരണയനുസരിച്ച് പ്രവർത്തിക്കുന്ന ഒരു ഉപദേഷ്ടാവിനെക്കൊണ്ട് അയാളോട് "സ്നാനമെന്നൊക്കെപ്പറയുന്നത് അത്ര പ്രാധാന്യമുള്ള കാര്യമല്ല; ക്രൂശിക്കപ്പെട്ടുകൊണ്ടിരുന്ന ദുഷ്പ്രവൃത്തിക്കാരൻ രക്ഷിക്കപ്പെട്ടില്ലേ? യേശുവിൽ വിശ്വസിച്ച ശേഷം അയാൾ സ്നാനപ്പെട്ടില്ലല്ലോ? സ്നാനം അത്യാവശ്യമാണ് എന്നു വന്നാൽത്തന്നെയും വിഷമിക്കാനില്ല; കാരണം നിങ്ങൾ ഒരു ശിശു ആയിരുന്നപ്പോൾത്തന്നെ (ആ വ്യക്തി ശിശുസ്നാനം ഉപദേശിക്കുന്ന ഒരു സഭയിലെ അംഗമാണെങ്കിൽ) സ്നാനം ഏറ്റവനാണ്; നിങ്ങളുടെ അമ്മയപ്പന്മാർ നിങ്ങളെ മാമ്മോദീസാ മുക്കിയതല്ലേ? അതുമതി; എപ്പോഴെങ്കിലും സ്നാനമേറ്റാൽ മതി; വിശ്വസിച്ചശേഷം സ്നാനമേൽക്കുന്നതും വിശ്വാസിക്കുന്നതിനു മുമ്പ് സ്നാനമേൽക്കുന്നതും തമ്മിൽ വ്യത്യാസമൊന്നുമില്ല; സ്നാനമേൽക്കുന്നയാളിന്റെ ശരീരം മുഴുവൻ വെള്ളത്തിൽ മുങ്ങണമെന്നൊക്കെ പറയുന്നത് വെറും അബദ്ധമാണ്; വെള്ളത്തിൽ മുങ്ങിയാലും ദേഹം നനയും; വെള്ളം ശരീരത്തിൽ തളിച്ചാലും ദേഹം നനയും; എങ്ങനെയെങ്കിലും നനഞ്ഞാൽ പോരേ? ഈ വക കാര്യങ്ങളിൽ ഇന്ന വിധത്തിലേ പാടുള്ളു എന്നൊന്നും ദൈവം പറഞ്ഞിട്ടില്ല; അതുകൊണ്ട് നിങ്ങൾ സ്നാനപ്പെടുവാൻ

പോകരുത്; അത് അനാവശ്യമാണ്" എന്ന് ഉപദേശിക്കുന്നു. ഈ ഉപദേശം അയാൾ സ്വീകരിക്കുമ്പോൾ സംഭവിക്കുന്നതെന്താണ്? സ്നാനത്തെക്കുറിച്ച് വ്യക്തമായി പറയുന്ന വേദഭാഗങ്ങളൊക്കെ അയാളെ സംബന്ധിച്ചിടത്തോളം വചനത്തിൽ നിന്ന് എടുത്തു മാറ്റപ്പെടുന്നു.

മേൽപറഞ്ഞ തന്ത്രം ഫലിക്കാതെ വരികയും സ്നാനത്തിന്റെ കാര്യം ചിന്തിക്കുന്നയാൾ കർത്താവിന്റെ ആ കല്പന അനുസരിക്കാൻ ഉറച്ച തീരുമാനം എടുക്കയും ചെയ്യുമ്പോൾ സാത്താൻ തന്റെ തന്ത്രം മാറ്റുന്നു. വചനത്തോടു കൂട്ടുചേർക്കുക എന്ന തന്റെ അടുത്ത ആയുധം അവൻ എടുത്തു പ്രയോഗിക്കുന്നു. അതിനായി അവൻ സമീപിക്കുന്നത് രക്ഷിക്കപ്പെട്ടവർ സ്നാനപ്പെടണമെന്ന് പ്രസംഗിക്കുന്നവരെത്തന്നെയാണ്. അവരുടെ ഹൃദയങ്ങളിൽ അവൻ ഇപ്രകാരം മന്ത്രിക്കുന്നു; - "പൊന്നണിയുന്നതു ശരിയല്ലെന്നു വചനത്തിൽ പറഞ്ഞിട്ടില്ലേ? ആഭരണമുള്ളവരെ സ്നാനപ്പെടുത്താൻ പാടില്ല, ആഭരണമുപേക്ഷിച്ചിട്ടുവരാൻ അവരോടു പറയണം." ഇതിന്റെ ഫലമായി സ്നാനപ്പെടാനാഗ്രഹിക്കുന്ന വ്യക്തിയോട് ആഭരണങ്ങളുപേക്ഷിക്കണം എന്ന് അവർ ആവശ്യപ്പെടുന്നു. ആ വ്യക്തി ആഭരണം ഉപേക്ഷിക്കാൻ ഇഷ്ടമില്ലാത്ത ആളോ, ഉപേക്ഷിക്കുന്നതിനു വൈഷമ്യമുള്ള ആളോ ആണെങ്കിൽ സ്നാനമേൽക്കുന്നതിൽ നിന്ന് പിന്തിരിയാനിടവരുന്നു. സ്നാനമേൽക്കുന്നതിന് ആഭരണമുപേക്ഷിക്കണം എന്ന് ചിലർ പഠിപ്പിക്കുന്നത് വചനാനുസൃതമാണോ എന്ന് പരിശോധിക്കുമ്പോഴാണ് ഈ ഉപദേശത്തിന്റെ പിന്നിലെ സാത്താന്യതന്ത്രം നമുക്ക് മനസ്സിലാകുന്നത്. ആ വിഷയം താഴെ വിശദീകരിച്ചിരിക്കുന്നു.

## വചനത്തിലെ കൽപ്പന

ദൈവമക്കളായ സ്ത്രീകളുടെ അലങ്കാരം പിന്നിയ തലമുടിയോ പൊന്നോ വസ്ത്രമോ ആയിരിക്കാൻ പാടില്ല, പിന്നെയോ സൽസ്വഭാവമായിരിക്കണം എന്ന് 1 പത്രോസ് 3 : 3-6 വരെ വാക്യ

ങ്ങളിലും, മുത്ത്, വിലയേറിയ വസ്ത്രം, പൊന്ന് എന്നിവകൊണ്ടല്ല, സൽപ്രവൃത്തികൾ കൊണ്ടാണ് അവർ തങ്ങളെത്തന്നെ അലങ്കരിക്കേണ്ടതെന്ന് 1 തിമോഥെയൊസ് 2 : 9-10 ലും പറഞ്ഞിട്ടുണ്ട്. എന്താണ് ദൈവമക്കൾ അലങ്കാരമായി ഉപയോഗിക്കേണ്ടതെന്നും എന്താണ് അലങ്കാരമായി ഉപയോഗിക്കരുതാത്തതെന്നും പറയുന്ന വാക്യങ്ങളാണിവ. അലങ്കാരം എന്ന പദത്തിന്റെ അർത്ഥമെന്താണെന്നു ഗ്രഹിച്ചെങ്കിലേ ഈ വാക്യങ്ങളുടെ ശരിയായ അർത്ഥം നമുക്കു മനസ്സിലാക്കുവാൻ സാധിക്കയുള്ളു. എന്തെങ്കിലും അസാധാരണ മേന്മ നമുക്കു പ്രദാനം ചെയ്തുകൊണ്ട് മറ്റുള്ളവരുടെ പ്രത്യേക ശ്രദ്ധ നമ്മിലേക്കാകർഷിക്കുന്ന ഒരു ഉപാധിക്കാണ് അലങ്കാരമെന്നു പറയുന്നത്; മറ്റുള്ളവരുടെ പ്രത്യേക ശ്രദ്ധ നമ്മിൽ പതിയുന്നതിനു തടസ്സം വരുത്തുന്ന ഉപാധികളെ അലങ്കാരമെന്നു പറയുകയില്ല. സാധാരണയിൽ മേന്മ കൂടിയ വിലയേറിയ വസ്ത്രം മറ്റുള്ളവരുടെ പ്രത്യേക ശ്രദ്ധ നമ്മിലേക്കാകർഷിക്കുന്നു; അത് അലങ്കാരമാണ്. സാധാരണ വസ്ത്രം മറ്റുള്ളവരുടെ ശ്രദ്ധ നമ്മിലേക്കാകർഷിക്കുന്നില്ല; വസ്ത്രമില്ലായ്മയുടെ പേരിലോ മോശമായ മുഷിഞ്ഞ വസ്ത്രത്തിന്റെ പേരിലോ നാം ആരുടെയും ശ്രദ്ധയിൽ പെടാതിരിക്കാൻ നമ്മെ സഹായിക്കുന്ന ഒരു ഉപാധി മാത്രമാണ് സാധാരണ വസ്ത്രം. അതിനാൽ അത് അലങ്കാരമല്ല. ഇതുപോലെ തന്നെ സാധാരണയിൽ കവിഞ്ഞ നിലയിൽ സ്വർണ്ണാഭരണങ്ങളണിയുമ്പോൾ മറ്റുള്ളവരുടെ പ്രത്യേക ശ്രദ്ധ നമ്മിലേക്കാകർഷിക്കപ്പെടുന്നു; ആ ആഭരണങ്ങൾ നമുക്ക് അലങ്കാരമാണ്. എന്നാൽ സാധാരണനിലയിൽ മാത്രം ആഭരണങ്ങളണിഞ്ഞാൽ ആരുടെയും ശ്രദ്ധ നമ്മിൽ പതിയാതിരിക്കുന്നതിനാണ് അതു സഹായിക്കുന്നത്. [ആഭരണം മിതമായി ധരിക്കുന്നവരല്ല, ഒട്ടും ധരിക്കാത്തവരും സാധാരണയിൽ കൂടുതൽ ധരിക്കുന്നവരുമാണല്ലോ ഇന്നത്തെ സമൂഹത്തിന്റെ ശ്രദ്ധയിൽ പെടുന്നത്.] മറ്റുള്ളവരുടെ ശ്രദ്ധ നമ്മിൽ പതിയാതിരിക്കുന്നതിനു സഹായിക്കുന്ന ഉപാധിയെ അലങ്കാരമെന്നു പറയുക സാദ്ധ്യമല്ലാത്തതിനാൽ സാധാരണനിലയിലുള്ള ആഭരണധാരണം അലങ്കാരമല്ല;

അതിനെ ദൈവവചനം നിരോധിക്കുകയോ അതിനെക്കുറിച്ച് എന്തെങ്കിലും പറയുകയോ ചെയ്തിട്ടില്ല; അതാണ് സത്യം. മേൽ പരാമർശിച്ച വേദഭാഗങ്ങളുടെ വിഷയം അസാധാരണമായ വിധത്തിൽ അഥവാ സാധാരണയിൽ കവിഞ്ഞ നിലയിൽ എന്തൊക്കെ നമുക്കുണ്ടായിരിക്കണമെന്നുള്ളതു മാത്രമാണ്. സാധാരണയിൽ കുറഞ്ഞനിലയിലോ ഒട്ടുമില്ലാതെയോ നമ്മിൽ വല്ലതും കാണപ്പെടണമോ എന്നുള്ളത് ഇവിടെ ചിന്താവിഷയമല്ല. വസ്ത്രം, മുടി, ആഭരണങ്ങൾ എന്നീ വിഷയങ്ങളിൽ സാധാരണയിൽ കവിഞ്ഞ നില കൈവരുത്താൻ ശ്രമിക്കുന്നതിനു പകരം സൽസ്വഭാവത്തിലും സൽപ്രവൃത്തികളിലും അസാധാരണത്വം കൈവരുത്തണമെന്നാണ് കല്പിച്ചിരിക്കുന്നത്.

## വചനവിരുദ്ധമായ ഉപദേശം

ആഭരണവർജ്ജനം പാലിക്കണമെന്ന ഉപദേശമോ സൂചനയോ വചനത്തിലില്ലാത്തതുകൊണ്ടു തന്നെയാണ് സ്നാനശുശ്രൂഷ നടന്ന ഒൻപതു സംഭവങ്ങൾ അപ്പോസ്തലപ്രവൃത്തികളിൽ പ്രസ്താവിച്ചിട്ടുള്ളതിലൊന്നിൽപോലും (അപ്പോ. പ്രവൃത്തി : 2:41, 8:12, 8:34-39, 9:18, 10: 47-48, 16:15,16: 32-33, 18 :8, 19:5) സ്നാനമേറ്റവർ ആഭരണങ്ങൾ ഊരിയെന്നോ അവരെക്കൊണ്ട് ഊരിപ്പിച്ചുവെന്നോ രേഖപ്പെടുത്തിക്കാണാത്തത്. അലങ്കാരമായി പൊന്നും വസ്ത്രവും അണിയുന്നതിനു പകരം സൽസ്വഭാവം അലങ്കാരമായി സ്വീകരിച്ചയാളിനുദാഹരണമായി 1 പത്രോസ് 3:5-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത് അബ്രഹാമിന്റെ ഭാര്യ സാറായെ ആണ്. അവൾ തന്നെത്താൻ അലങ്കരിച്ചതു തന്റെ ഭർത്താവിനോടു കാണിച്ച അസാധാരണമായ സ്നേഹബഹുമാനങ്ങളാകുന്ന സൽസ്വഭാവത്താലാണ്. ദൈവമക്കളുടെ അലങ്കാരത്തെപ്പറ്റി വചനത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം പ്രവർത്തിക്കുന്നതിന് അവൾ ആഭരണങ്ങൾ ഉപേക്ഷിച്ചില്ല: ഉപേക്ഷിച്ചതായി വചനത്തിൽ യാതൊരു സൂചനയുമില്ല. ഇതെല്ലാം വ്യക്തമാക്കുന്നത് ദൈവമക്കൾ ആഭരണങ്ങൾ സാധാ

രണ നിലയിൽ ഉപയോഗിക്കാൻ പാടില്ലെന്നോ ഉപയോഗിക്കുന്നതു യോഗ്യമല്ലെന്നോ വചനത്തിൽ ഒരിടത്തും സൂചിപ്പിച്ചിട്ടു പോലുമില്ലെന്നാണ്. സാമൂഹ്യസാമ്പത്തിക കാരണങ്ങളാലും കള്ളന്മാരുടെയും കൊള്ളക്കാരുടെയും ഉപദ്രവം പരിഗണിച്ചും ആഭരണങ്ങളുപേക്ഷിക്കുന്നതു നല്ല കാര്യം തന്നെയാണ്, പക്ഷെ അങ്ങനെ ചെയ്യണമെന്നു വചനത്തിൽ ഉപദേശമുണ്ടെന്നു പറയുന്നത് അസത്യമാണ്. സ്നാനപ്പെടണമെങ്കിൽ ആഭരണങ്ങളുപേക്ഷിക്കണമെന്നു പറയുന്നതു വചനവിരുദ്ധമായ ഉപദേശമാണ്; വചനത്തോടുള്ള കൂട്ടുചേർക്കലാണത്.[6] വചനത്തിലെ സ്നാനോപദേശം ശുദ്ധമായ വിധത്തിൽ കാത്തു സൂക്ഷിച്ച്, അതിനോടു യാതൊന്നും കൂട്ടുചേർക്കാതെ അനുസരിക്കുന്നതിനു നമുക്കു സാധിക്കണം; രക്ഷിക്കപ്പെട്ട ഏതൊരാളിന്റെയും സ്നാനത്തിന്, 'ഇടവക'യും 'സഭ'യും കഴുത്തിലെ മാലയും കയ്യിലെ വളയും ഒന്നും തടസ്സമായി തീരാൻ പാടില്ല. ഒരുവൻ വിശ്വാസത്താൽ യേശുവിലൂടെ മരിക്കയും പാപപരിഹാരം പ്രാപിച്ച് ഉയിർത്തെഴുന്നേൽക്കയും ചെയ്തതിന്റെ സാദൃശ്യവും സാത്താന്റെ മേൽ വിജയം വരിച്ചതിന്റെ പ്രഖ്യാപനവുമായ സ്നാനം ഏല്ക്കുന്നതിന്, യേശുക്രിസ്തുവിൽ അർപ്പിക്കുന്ന വിശ്വാസം എന്ന ഒരേ ഒരു യോഗ്യത മാത്രമേ ആവശ്യമുള്ളു; ആത്മാർത്ഥതയോടു കൂടെ യേശുവിന്റെ കർത്തൃത്വം (യജമാനത്വം) സ്വീകരിക്കുക എന്ന

6. സാധാരണ നിലയിലുള്ള ആഭരണധാരണം വചനം വിലക്കിയിട്ടില്ല. അതുകൊണ്ട്, ആഭരണങ്ങൾ ഇഷ്ടമില്ലാത്തവർ അവ ധരിക്കണമെന്ന് അർത്ഥമില്ല. വസ്ത്രംപോലെ ആഭരണങ്ങൾ മനുഷ്യന് ആവശ്യമുള്ളതല്ല. അതിനാൽ ലളിത ജീവിതത്തിന്റെ ഭാഗമായി ഒരാൾ അവ വേണ്ടെന്ന് വച്ചാൽ അത് നല്ല കാര്യമാണ്; ആഭരണവർജ്ജനമാചരിക്കണമെന്ന് വചനത്തിൽ ഉപദേശമില്ലെന്നും ആഭരണങ്ങളുടെ പേരിൽ സ്നാനവും മറ്റും വിലക്കുന്നത് തെറ്റാണെന്നും മാത്രമാണ് ഇവിടെ വ്യക്തമാക്കുന്നത്. അലങ്കാരത്തെക്കുറിച്ച് പറഞ്ഞിരിക്കുന്ന വചന ഭാഗങ്ങളുടെ അർത്ഥം ഇപ്രകാരമാണ് - "മറ്റുള്ളവരെ അപേക്ഷിച്ച് നിങ്ങൾക്ക് ശ്രേഷ്ഠതയുണ്ടാകേണ്ടത് അവർ ധരിക്കുന്നതിനെക്കാൾ വിശേഷതയേറിയ വസ്ത്രമോ ആഭരണങ്ങളോ നിങ്ങൾ ധരിക്കുന്നതുകൊണ്ടായിരിക്കരുത്; അവരുടെ മുടിയെക്കാൾ നിങ്ങളുടെ മുടി ഭംഗിയുള്ളതാക്കാൻ ശ്രമിക്കുന്നതു കൊണ്ടുമായിരിക്കരുത്; പിന്നെയോ അവരെക്കാൾ വളരെ കൂടുതൽ സൽസ്വഭാവവും സൽപ്രവൃത്തികളും നിങ്ങളിൽ കാണപ്പെടുന്നതു കൊണ്ടായിരിക്കണം."

ആ യോഗ്യത അനുപേക്ഷണീയമാണ്; അങ്ങനെയാണ് വചനം അനുശാസിക്കുന്നത്. ഇന്നത്തെ ലോകത്തിലുള്ള സകല ദൈവ മക്കളും ഇപ്രകാരം വിശ്വാസത്തിന്റെ മാത്രം അടിസ്ഥാനത്തിൽ സ്നാമേൽക്കയും മറ്റുള്ളവരെ സ്നാനമേൽക്കാൻ സഹായി ക്കുകയും ചെയ്യുകയാണ് ഈ വിഷയത്തിൽ സാത്താൻ പ്രയോഗിച്ചിരിക്കുന്ന തന്ത്രങ്ങളെ വിജയകരമായി നേരിടുന്നതി നുള്ള മാർഗ്ഗം.

## സഭ

'സഭ' എന്ന പദം വചനത്തിൽ ഉപയോഗിച്ചിരിക്കുന്നത് വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടം എന്ന അർത്ഥത്തിലാ ണെന്ന് 4-ാം പാഠത്തിൽ (ഫുട്ട് നോട്ട് : 9) പറഞ്ഞിട്ടുണ്ടല്ലോ; യേശുക്രിസ്തു മൂലമുള്ള പാപമോചനവും നിത്യരക്ഷയും ലഭിച്ച എല്ലാവരും ലോകത്തിൽ നിന്ന് ദൈവത്താൽ വിളിച്ചു വേർ തിരിക്കപ്പെട്ടവരാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ വിവിധ ജാതിക്കാരും ഭാഷക്കാരുമായ ആളുകളുടെ ഇടയിൽ നിന്ന് ഒന്നാം നൂറ്റാണ്ടുമുതൽ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവു വരെ യുള്ള കാലഘട്ടത്തിനുള്ളിൽ ഇപ്രകാരം വിളിച്ചു വേർതിരിക്ക പ്പെടുന്ന എല്ലാവരും കൂടിച്ചേരുന്ന വലിയ സംഘത്തിനാണ് 'സഭ' എന്നു വചനത്തിൽ പറഞ്ഞിരിക്കുന്നത്. ഈ അർത്ഥത്തിലാണ്. "കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനം പ്രതി സഭയോടു ചേർത്തു കൊണ്ടിരുന്നു" എന്ന് അപ്പോ: പ്രവൃ: 2:47-ൽ പറഞ്ഞിരിക്കുന്നത്. എന്നാൽ മറ്റൊരർത്ഥത്തിലും ഈ പദം വചനത്തിൽ ഉപയോഗി ച്ചിട്ടുണ്ട്; "ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ...." എന്ന് എബ്രായർ 10:24-ൽ പറയുന്നിടത്ത് ഒരു പ്രദേശത്തുള്ള ദൈവമക്കളുടെ കൂടിവരവിനെക്കുറിച്ചാണ് 'സഭ' എന്നു പറഞ്ഞിരിക്കുന്നത്. അവിടെ കൂടിവരുന്നവർ യേശു ക്രിസ്തുവിന്റെ ശരീരമാകുന്ന സാർവ്വത്രിക സഭയുടെ (കൊലോ. 1:18) ഒരു ചെറിയ ഭാഗമാണ്. ഓരോ സ്ഥലത്തുമുള്ള ദൈവ മക്കൾ അപ്പോസ്തലിക കാലം മുതൽ അതാതു സ്ഥലങ്ങളിൽ

കർത്താവിനെ ആരാധിക്കാനും കൂട്ടായ്മ അനുഭവിക്കാനും കൂടി വന്നിരുന്നു; “ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ” എന്ന് അപ്പോ : പ്രവൃ: 20:7–ൽ പറഞ്ഞിരിക്കുന്നത് ഇത്തരത്തിൽ നടന്ന ഒരു സഭാ യോഗത്തെ ഉദ്ദേശിച്ചാണ്.

## പ്രാദേശിക സഭകൾ

ലോകമൊട്ടുക്കുള്ള സകലജനവും സുവിശേഷം കേട്ടു വിശ്വ സിച്ചു രക്ഷിക്കപ്പെടണമെന്നും വചനം പഠിച്ച് അനുഭവമാക്കി കർത്താവിന്റെ യഥാർത്ഥ ശിഷ്യരായിത്തീരണമെന്നും അവർ അതാതു സ്ഥലങ്ങളിൽ സഭായോഗങ്ങൾ കൂടി ദൈവത്തെ സ്തുതിക്കയും അപ്പം നുറുക്കുകയും വചനം പഠിക്കുകയും കൂട്ടായ്മ ആചരിക്കയും പ്രാർത്ഥിക്കയും ചെയ്തുകൊണ്ടു ദൈവേഷ്ടപ്രകാരം ജീവിക്കണമെന്നുമാണ് ദൈവത്തിന്റെ ഹിതം. ഇങ്ങനെയുള്ള പ്രാദേശിക സഭകൾ ഓരോന്നും സ്ഥലകാല പരിമിതികൾക്കതീതമായി നിലകൊള്ളുന്ന ഏകവും സാർവ്വ ത്രികവുമായ യേശുക്രിസ്തുവിന്റെ സഭയുടെ ചെറിയ ചെറിയ ഭാഗങ്ങളായതിനാൽ അവയ്ക്ക് ഓരോന്നിനും ഈ സാർവ്വത്രിക സഭയുടെ സ്വാഭാവവിശേഷതകൾ ഉണ്ടായിരിക്കും. പ്രാദേശിക സഭ സ്ഥലകാലപരിമിതികൾക്കു വിധേയമായതിനാൽ അതി നുള്ള, സാർവ്വത്രിക സഭയുടെ സ്വാഭാവവിശേഷതകളും ഒരു പരിധിവരെ ആ പരിമിതികൾക്കു വിധേയമായിരിക്കും. വചന പ്രകാരമുള്ള ഒരു പ്രാദേശികസഭയുടെ വിവിധ സ്വഭാവ വിശേഷതകളിൽ ഏറ്റവും പ്രധാനമായ ചിലതു മാത്രം താഴെ ചൂണ്ടിക്കാണിക്കുന്നു.

## 1. വിശ്വസിക്കുന്നവരുടെ കൂട്ടം

ഒരു പ്രാദേശികസഭ സാർവ്വത്രിക സഭയുടെ ആ സ്ഥലത്തുള്ള അംഗങ്ങളാൽ രൂപീകൃതമായിരിക്കുന്നതിനാൽ യേശുക്രിസ്തു വിനെ രക്ഷിതാവും കർത്താവുമായി ഹൃദയത്തിൽ സ്വീകരിച്ചി

ട്ടുള്ളവർ മാത്രമാണ് അതിലെ അംഗങ്ങൾ. യേശുവിലുള്ള വിശ്വാസം അവർ ദൈവമുമ്പാകെയും മനുഷ്യമുമ്പാകെയും തങ്ങളുടെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ഏറ്റു പറയുന്നവരായിരിക്കും. സഭായോഗങ്ങൾ കൂടുമ്പോൾ തങ്ങൾക്കു ലഭിച്ച രക്ഷയോർത്തുകൊണ്ട് യേശുക്രിസ്തു മുഖാന്തരം അവർ പിതാവായ ദൈവത്തിനു സ്തോത്രം ചെയ്യുന്നു (കൊലൊസ്യർ 1:12-13). "അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നു കയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു" (1 കൊരിന്ത്യർ 11:23-26) എന്ന വചനപ്രകാരം അവർ തിരുവത്താഴ ശുശ്രൂക്ഷയിൽ പങ്കുകൊള്ളുകയും തങ്ങൾക്കു ലഭിച്ച വിലയേ റിയ രക്ഷയ്ക്കു കാരണം ക്രൂശിൽ പ്രദർശിപ്പിക്കപ്പെട്ട ദൈവ സ്നേഹമാണെന്നു പ്രഖ്യാപിക്കയും ചെയ്യുന്നു. ഇപ്രകാരം യേശു ക്രിസ്തു നൽകിയ രക്ഷയോർത്തു ദൈവ മുമ്പാകെ സ്തുതി സ്തോത്രയാഗങ്ങളർപ്പിക്കുന്ന വിശ്വാസികളുടെ കൂട്ടമായി ഒരു പ്രാദേശിക സഭ നിലകൊള്ളുന്നു. യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചിട്ടില്ലാത്തവർ ആ സഭയുടെ കൂടി വരവുകളിൽ സംബന്ധിച്ചാൽ അതു വെറും കാഴ്ച്ചക്കാരും കേൾവിക്കാരും എന്നനിലയിൽ മാത്രമായിരിക്കും. ജനനം മൂലം ആരും സാർവ്വത്രിക സഭയുടേയോ പ്രാദേശികസഭയുടേയോ അംഗമായിത്തീരുന്നില്ലെന്നതാണു വാസ്തവം. എന്നാൽ ഒരു പ്രാദേശികസഭയിലെ ഒരു കുടുംബത്തിൽ ഒരു ശിശു ജനിച്ചാൽ അതിന്റെ പേര് ആ സഭയിലെ രജിസ്റ്ററിൽ എഴുതുകയും മറ്റും ചെയ്യുന്നു. അത് ലോകപ്രകാരമുള്ള മതസാമൂഹ്യനിയമങ്ങൾ അനുസരിക്കുന്നതിനുവേണ്ടി ചെയ്യുന്ന ഒരു കാര്യം മാത്രമാണ്. ആത്മിക നിയമമനുസരിച്ച് രക്ഷിക്കപ്പെടുന്നതു വരെ ഏതൊരു മനുഷ്യനും സഭയ്ക്കു പുറത്താണ്; സഭയുടെ ആത്മികശുശ്രൂഷ കൾ വിശ്വാസികളും അവിശ്വാസികളും കൂടി ഒരുമിച്ചു ചേർന്നല്ല നടത്തേണ്ടത്; അവിശ്വാസികളുമായി ഇണയില്ലാപ്പിണ കൂടരുത്" എന്ന് 2 കൊരി: 6 : 14-17 വരെ വാക്യങ്ങളിൽ ഖണ്ഡിതമായി

പറഞ്ഞിട്ടുണ്ട്. അതിനാൽ സാർവ്വത്രികസഭയിലെന്നപോലെ പ്രാദേശിക സഭയിലും രക്ഷിക്കപ്പെട്ടിട്ടില്ലാത്തവർക്ക് ആത്മിക മായി യാതൊരു സ്ഥാനവും അംഗത്വവുമില്ലെന്നു വ്യക്തമാ കുന്നു. രക്ഷിക്കപ്പെട്ടവരെയും അല്ലാത്തവരെയും ഒരുമിച്ചു ചേർത്ത് അവരെ എല്ലാവരെയും ആത്മികശുശ്രൂഷകളിൽ പങ്കെടുപ്പിക്കുന്ന പ്രാദേശിക സഭകൾ ദൈവവചനത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്ന സഭകളാണ്. അവയുമായി രക്ഷിക്കപ്പെട്ട ദൈവമക്കൾക്കു ബന്ധമുണ്ടായിരിക്കരുതെന്നാണ് വചനം വ്യക്തമാക്കിയിരിക്കുന്നത്. അതിനാൽ യേശുവിനെ രക്ഷി താവും കർത്താവുമായി സ്വീകരിച്ചിട്ടുണ്ടെന്നു വായ്കൊണ്ട് ഏറ്റു പറയുകയും പ്രവൃത്തികളാൽ ഈ ഏറ്റുപറച്ചിൽ സത്യമെന്ന് തെളിയിക്കയും ചെയ്യുന്ന ആളുകൾ മറ്റുള്ളവരിൽ നിന്നു വേർപെട്ട് ഓരോ സ്ഥലത്തും ദൈവത്തെ സത്യത്തിലും ആത്മാ വിലും (യോഹ: 4:23) ആരാധിക്കുവാൻ ഒരുമിച്ചുചേരേണ്ട താണ്. ഒരു ദൈവപൈതൽ താമസിക്കുന്ന സ്ഥലത്ത് മറ്റു ദൈവ മക്കൾ ഇല്ലെങ്കിൽ ദൈവം അവരെ എഴുന്നേല്പിക്കാൻ പ്രാർ ത്ഥിച്ചുകൊണ്ട് ആ ആൾ അവിടെ സുവിശേഷ പ്രവർത്തനം നടത്തണം. അപ്പോൾ ആളുകൾ രക്ഷിക്കപ്പെടും; അവരുടെ സ്നാനം നടത്തുകയും അങ്ങനെ അവിടെ വിശ്വസിക്കുന്നവരുടെ കൂട്ടമായ വചനപ്രകാരമുള്ള ഒരു പ്രാദേശികസഭ രൂപീകരിക്ക യുമാണ് ചെയ്യേണ്ടത്.

## 2. തല ക്രിസ്തുവാണ്, മനുഷ്യനല്ല

സാർവ്വത്രികയുടെ സഭയുടെ തല ക്രിസ്തുവാണ് (കൊലോ. 1:18); പ്രാദേശികസഭയുടെ തലയും ക്രിസ്തു തന്നെയാണ്. സാർവ്വ ത്രികസഭ ക്രിസ്തുവിന്റെ ശരീരമാണ്; പ്രാദേശിക സഭ ഈ ശരീരത്തിന്റെ ഒരു ഭാഗമാണ്. നാം എല്ലാവരും ഏക ശരീരമാകു മാറ് ഒരേ ആത്മാവിൽ സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാ വിനെ പാനം ചെയ്തുമിരിക്കുന്നു" (1 കൊരിന്ത്യർ 12:13) എന്ന വചനപ്രകാരം സാർവ്വത്രിക സഭയുടെയും പ്രാദേശിക സഭയു

ടെയും എല്ലാ അംഗങ്ങളും യേശുക്രിസ്തുവിന്റെ ശരീരത്തിന്റെ വിവിധ അവയവങ്ങളാണ്. നമ്മുടെ ശരീരത്തിന്റെ വിവിധ അവയവങ്ങൾ തമ്മിലുള്ള പരസ്പര സഹകരണവും ബന്ധവും എപ്രകാരമാണോ അപ്രകാരം തന്നെയാണ് ഒരു പ്രാദേശിക സഭയിലെ സഹോദരീ സഹോദരൻമാർ തമ്മിൽ സഹകരണവും ബന്ധവും ഉണ്ടായിരിക്കേണ്ടത്. അവർ തമ്മിലുള്ളത് സാഹോദര്യബന്ധമാണ്; ഒരാൾ മറ്റുള്ളവരെ കീഴടക്കി ഭരിക്കുന്ന ബന്ധമല്ല. പ്രാദേശികസഭയെ നയിക്കാൻ പരിശുദ്ധാത്മാവു നിയോഗിക്കുന്ന (അപ്പോ: പ്രവൃ: 20:28) വചനപ്രകാരമുള്ള യോഗ്യതകളുള്ള അദ്ധ്യക്ഷൻമാർ എല്ലാവർക്കും ശുശ്രൂഷ ചെയ്യുന്നവരും (മത്തായി 20:26-29) ഇടയൻമാർ ആടുകളെ പരിപാലിക്കുന്നതു പോലെ (യോഹ: 21:15-18) തങ്ങളുടെ സഭയിലുള്ള സകലരുടെയും ആത്മികവും ഭൗതികവുമായ ക്ഷേമം ഉറപ്പു വരുത്തുന്നവരുമാണ്. അവർ ഒരിക്കലും യേശുക്രിസ്തുവിനു മാത്രമുള്ള, സഭയുടെ തല എന്ന സ്ഥാനം (കൊലൊസർ 1 :18) തങ്ങൾക്കുണ്ടെന്നവകാശപ്പെടുകയില്ല. ഇന്നത്തെ ലോകത്തിൽ കാണുന്ന പല പ്രാദേശികസഭകൾ ഒരുമിച്ചു ചേർന്ന് അവർക്കെല്ലാവർക്കും കൂടി ഒരു തലവനെ തെരഞ്ഞെടുത്ത് അദ്ദേഹത്തെ മെത്രാപ്പോലീത്ത ആയോ കർദിനാളായോ മാർപ്പാപ്പയായോ വാഴിക്കുന്ന സമ്പ്രദായം ദൈവവചനത്തിൽ ഉള്ളതല്ല. അതു പുരാതന റോമാസാമ്രാജ്യത്തിന്റെ രാഷ്ട്രീയ ഭരണക്രമം ക്രൈസ്തവ സഭയിലേക്കു പകർത്തിയതിന്റെ ഫലമായി രൂപം കൊണ്ട വചനവിരുദ്ധമായ ഭരണക്രമമാണ്. സഭയുടെ തല ക്രിസ്തുവാണെന്നംഗീകരിച്ചുകൊണ്ട് ദൈവവചനപ്രകാരം തങ്ങളോടു കൂടെയുള്ള ദൈവജനത്തെ മുന്നോട്ടു നയിക്കുന്ന ഒന്നിലധികം ഇടയൻമാർ (Pastors) അഥവാ മൂപ്പൻമാർ (Elders) ഒരു പ്രാദേശിക സഭയിൽ ഉണ്ടായിരിക്കണമെന്നു വചനം വ്യക്തമാക്കിയിട്ടുണ്ട് (യാക്കോബ് 5 :14). അവരുടെ കൂട്ടായ നേതൃത്വം ക്രിസ്തുവാകുന്ന തലയ്ക്കു കീഴ്പ്പെട്ടിരിക്കുന്നു; അവർക്കും ക്രിസ്തുവിനും മദ്ധ്യത്തിൽ നില്ക്കുന്ന മറ്റധികാരികൾ ആരുമില്ല. ഒന്നാം

നൂറ്റാണ്ടിൽ രൂപംകൊണ്ട സകല പ്രാദേശിക സഭകളും ഈ വിധത്തിൽ സ്വാതന്ത്ര്യവും ദൈവവചനത്താൽ നിയന്ത്രിക്കപ്പെട്ട ഇടയന്മാരാൽ നയിക്കപ്പെടുന്നവയുമായിരുന്നു. ഇന്നത്തെ കാലത്തും പ്രാദേശികസഭകൾ ഈ വിധത്തിൽ കാണപ്പെടേണ്ടതാണ്.

## 3. സഭാ കൂടിവരവുകൾ

അപ്പോ: പ്രവൃ: 2:41-42-ൽ നാം വായിക്കുന്നത് "അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു; അവർ അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു" എന്നാണ്. സഭാ കൂടിവരവുകളുടെ നാലു പ്രധാന ഉദ്ദേശ്യങ്ങൾ ഇവിടെ നാം കാണുന്നു. അവ വചനം പഠിക്കുക, കൂട്ടായ്മ ആചരിക്കുക അഥവാ അന്യോന്യമുള്ള ആശയവിനിമയത്തിലൂടെ സന്തോഷവും സന്താപവും പങ്കുവയ്ക്കുക, കർത്താവിന്റെ മരണത്തെ പ്രസ്താവിക്കുന്ന തിരുവത്താഴത്തിൽ പങ്കെടുക്കുക, പ്രാർത്ഥിച്ചു ദൈവത്തെ സ്തുതിക്കുക, തങ്ങളുടെ ആത്മികവും ഭൗമികവുമായ ആവശ്യങ്ങൾ ദൈവസന്നിധിയിൽ സ്തോത്രത്തോടെ സമർപ്പിക്കുക എന്നിവയായിരുന്നു. ഇന്നും പ്രാദേശികസഭകൾ ശരിയായ നിലയിൽ കൂടിവരുമ്പോൾ ഈ നാലു കാര്യങ്ങളും ആ കൂടിവരവുകളിൽ നമുക്കു കാണുവാൻ സാധിക്കും.

## 4. അദ്ധ്യക്ഷൻമാർ അഥവാ മൂപ്പൻമാർ (Elders)

പ്രാദേശികസഭയെ നയിക്കുന്നവർക്ക്, ഇടയന്മാർ (Pastors), മൂപ്പൻമാർ (Elders), അദ്ധ്യക്ഷന്മാർ (Bishops) മുതലായ പല പേരുകൾ വചനത്തിൽ നൽകിയിട്ടുണ്ട്. അവരുടെ ചുമതലകളുടെ വിവിധ വശങ്ങളെ ചൂണ്ടിക്കാണിക്കുന്ന പദങ്ങളാണിവ. ഒരു ഇടയൻ തന്റെ ആടുകളെ പരിപാലിക്കുന്നതുപോലെ സഭയിലെ വിശ്വാസികളെ സംരക്ഷിക്കാനും പരിപാലിക്കാനും ചുമതല

പ്പെട്ടവരാണ് അദ്ധ്യക്ഷന്മാർ (മൂപ്പൻമാർ). അവരുടെ യോഗ്യതകൾ 1 തിമോ: 3:1–7 വരെ വാക്യങ്ങളിലും തീത്തോസ് 1:6–9 വരെ വാക്യങ്ങളിലും വിവരിച്ചിരിക്കുന്നു. നിരപവാദ്യൻ, ഏകഭാര്യയുടെ ഭർത്താവ്, നിർമ്മദൻ, ശാന്തൻ, ഇന്ദ്രിയജയമുള്ളവൻ, സുശീലൻ, അതിഥിപ്രിയൻ, ഉപദേശിപ്പാൻ സമർത്ഥൻ, സ്വന്ത കുടുംബത്തെ നന്നായി ഭരിക്കുന്നവൻ, ദുർന്നടപ്പിന്റെ ശ്രുതിയോ അനുസരണക്കേടോ ഇല്ലാത്ത വിശ്വാസികളായ മക്കളുള്ളവൻ, സൽഗുണപ്രിയൻ, നീതിമാൻ, നിർമ്മലൻ, ഉപദേശപ്രകാരമുള്ള വിശ്വാസ്യവചനം മുറുകെപ്പിടിക്കുന്നവൻ, എല്ലാവരോടും നല്ല സാക്ഷ്യം പ്രാപിച്ചവൻ, മദ്യപ്രിയത്വം, കലഹസ്വാഭാവം, ദ്രവ്യാഗ്രഹം, കോപം, ശാഠ്യം ഇവയൊന്നും ഇല്ലാത്തവൻ എന്നിങ്ങനെയാണ് പ്രാദേശിക സഭയിൽ പരിശുദ്ധാത്മാവിനാൽ നിയമിക്കപ്പെടുന്ന ഒരു ഇടയന്റെ യോഗ്യതകൾ വചനത്തിൽ വിവരിച്ചിരിക്കുന്നത്. ഈ യോഗ്യതകളെല്ലാമുള്ള ആളുകളാണ് പ്രാദേശിക സഭയുടെ അദ്ധ്യക്ഷന്മാരായി ഇരിക്കേണ്ടത്.

## 5. ശുശ്രൂഷകൻമാർ (Deacons)

പ്രാദേശിക സഭയിൽ മൂപ്പൻമാരെക്കൂടാതെ ശുശ്രൂഷകന്മാരും ശുശ്രൂഷക്കാരത്തികളും ഉണ്ട്. കെംക്രെയസഭയിലെ ശുശ്രൂഷക്കാരത്തിയായ ഫേബയെക്കുറിച്ച് റോമർ 16:1–ൽ പറഞ്ഞിരിക്കുന്നതു ശ്രദ്ധേയമാണ്. ശുശ്രൂഷകന്മാർ ഘനശാലികളും വിശ്വാസത്തിന്റെ മർമ്മം ശുദ്ധമനസ്സാക്ഷിയിൽ വെച്ചുകൊള്ളുന്നവരും ഏകഭാര്യയുള്ള ഭർത്താക്കൻമാരും മക്കളെയും സ്വന്ത കുടുംബങ്ങളെയും നന്നായി ഭരിക്കുന്നവരും ആയിരിക്കണം എന്നും അവർ ഇരുവാക്കുകാരോ മദ്യപന്മാരോ ദുർല്ലാഭമോഹികളോ ആയിരിക്കാൻ പാടില്ലെന്നും 1 തിമോ: 3:8–10 വരെ വാക്യങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്നു. ഈ വചനഭാഗത്തു തന്നെ സ്ത്രീകളെക്കുറിച്ച് അവർ "ഘനശാലികളായി ഏഷണി പറയാതെ നിർമ്മദമാരും എല്ലാറ്റിലും വിശ്വസ്തമാരും ആയിരിക്കണം" എന്നു പറഞ്ഞിരിക്കുന്നത് പ്രധാനമായും ശുശ്രൂഷ

ക്കാരത്തികളായ സ്ത്രീകളെ ഉദ്ദേശിച്ചാണെന്നു നമുക്കു മനസ്സിലാക്കാൻ കഴിയും; ഘനശാലിത്വവും സ്വഭാവശ്രേഷ്ഠതയും ഇല്ലാത്ത സ്ത്രീകൾ ശുശ്രൂഷക്കാരത്തികളാകാൻ പാടില്ലെന്നാണ് ഇതിൽ നിന്നു ഗ്രഹിക്കേണ്ടത്.

## നമ്മുടെ സഭ

നാമോരോരുത്തരും ഏതെങ്കിലും പ്രാദേശികസഭയുടെ അംഗമായി മുന്നോട്ടു പോകേണ്ടവരാണ്. വചനപ്രകാരമുള്ള ഒരു പ്രാദേശികസഭയെ സംബന്ധിച്ച ഒഴിച്ചുകൂടാനാവാത്ത ചില അടിസ്ഥാനതത്വങ്ങൾ മുകളിൽ വിവരിച്ചു. നാം ബന്ധപ്പെട്ടു നിൽക്കുന്ന സഭ ഈ സത്യങ്ങൾക്കനുസൃതമായിട്ടാണോ മുന്നോട്ടുപോകുന്നതെന്നു പരിശോധിക്കാനും അല്ലെങ്കിൽ അതിനെ നേർവ്വഴിക്കു തിരിക്കാൻ ശ്രമിക്കുന്നതിനും നമുക്കു ചുമതലയുണ്ട്; നേർവ്വഴിക്കു തിരിക്കുക പ്രയാസമെന്നു തോന്നുന്ന പക്ഷം അതു വിട്ടുപിരിഞ്ഞ് വചനപ്രകാരമുള്ള ഒരു പ്രാദേശിക സഭ നമ്മുടെ സ്ഥലത്തുണ്ടെങ്കിൽ അതിനോടു ചേരുകയോ ഇല്ലെങ്കിൽ ഒന്ന് അവിടെ രൂപം കൊള്ളത്തക്കവണ്ണം കർത്താവിലാശ്രയിച്ചു പ്രവർത്തിക്കുകയോ ആണ് നാം ചെയ്യേണ്ടത്. ഈ വിഷയത്തിലുള്ള നമ്മുടെ ഉത്തരവാദിത്തങ്ങൾ ശരിയായി നിവർത്തിക്കാൻ വേണ്ട കൃപയ്ക്കായി കർത്താവിനോടപേക്ഷിക്കയും ദൈവേഷ്ടപ്രകാരമുള്ള ആ അപേക്ഷ കർത്താവു സ്വീകരിച്ചിരിക്കുന്നു എന്നു വിശ്വസിച്ചുകൊണ്ട് ധൈര്യത്തോടെ പ്രവർത്തിക്കാനാരംഭിക്കുകയും ചെയ്യണം; ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

# ചോദ്യങ്ങൾ

## (ആകെ മാർക്ക് 100)

1. a) സാത്താൻ ദൈവമക്കൾക്കെതിരെ പ്രയോഗിക്കുന്ന രണ്ടു പ്രധാനപ്പെട്ട തന്ത്രങ്ങളേവ?

   b) സാത്താന്റെ മേൽ വിജയം നേടുവാൻ നമുക്കു കഴിയുമോ? കഴിയുമെങ്കിൽ അതിന്റെ മാർഗ്ഗമെന്തെന്ന് ഒരു വാചകത്തിലെഴുതുക.

2. a) 'വിശ്വാസം' എന്നു വചനത്തിൽ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥമെന്താണ്?

   b) മർക്കൊസ് 11:23–24–ൽ വിശ്വാസത്തോടെ പ്രാർത്ഥിച്ചാൽ മലപോലും നീങ്ങി കടലിൽ പോകും എന്നു പറഞ്ഞിരിക്കുന്നതിന്റെ ആശയമെന്താണ്?

3. a) എന്തുകൊണ്ടാണ് രാജാവിന്റെ ഉദ്യോഗസ്ഥൻ ദാനിയേലിനും കൂട്ടുകാർക്കും രാജഭോജനത്തിനുപകരം ശാകപദാർത്ഥവും വെള്ളവും മാത്രം കൊടുത്തത്?

   b) ഭക്ഷണകാര്യത്തിൽ ദാനിയേലിനുണ്ടായ അനുഭവം തെളിയിക്കുന്ന സത്യമെന്താണ്?

4. a) ഒരാളിന്റെ വീട്ടിലെ മറ്റംഗങ്ങൾ വചനവിരുദ്ധമായ വിധത്തിലാണു പ്രാർത്ഥിക്കുക പതിവെങ്കിൽ അയാൾ ദൈവത്തോട് എന്താണ് പ്രാർത്ഥിക്കേണ്ടത്? വീട്ടുകാരോട് എന്താണ് പറയേണ്ടത്?

   b) ആത്മിക ജീവിതത്തിൽ നമ്മെ അഭിമുഖീകരിക്കുന്ന തടസ്സങ്ങൾ മാറ്റിക്കിട്ടാനുള്ള അപേക്ഷപ്രകാരം ദൈവം പ്രവർക്കുന്നില്ലെങ്കിൽ അതിന്റെ അർത്ഥമെന്താണ്?

5. a) നെബുഖദ്നേസർ രാജാവ് തീച്ചൂളയുടെ ചൂട് ഏഴു മടങ്ങു വർദ്ധിപ്പിക്കാൻ കാരണമെന്തായിരുന്നു?

b) ശദ്രക്കും മേശെക്കും അബേദ്നെഗോവും തീച്ചൂളയിൽ വീണതിന്റെ ഫലമായി ദൈവനാമം മഹത്വപ്പെട്ട തെങ്ങനെയെന്ന് ഒരു വാചകത്തിൽ എഴുതുക?

6. a) ദൈവമക്കൾക്കു വിജയിക്കാൻ കഴിയാത്ത പരീക്ഷ ഉണ്ടാകയില്ലെന്നു വ്യക്തമാക്കുന്ന വാക്യം ഉദ്ധരിക്കുക.

b) രക്ഷിക്കപ്പെട്ട ഒരാൾക്കു സ്നാനമേൽക്കുന്നതിനു തടസ്സം വല്ലതും അനുഭവപ്പെടുന്നെങ്കിൽ അയാൾ എന്തു ചെയ്യണം?

7. a) പിതാവായ ദൈവം തന്റെ മക്കളെ എത്രത്തോളം സ്നേഹിക്കുന്നു? അതു വ്യക്തമാക്കുന്ന വാക്യമേതാണ്?

b) യേശുക്രിസ്തു നമ്മെ എത്രത്തോളം സ്നേഹിക്കുന്നു? അതു വ്യക്തമാക്കുന്ന വാക്യമേതാണ്?

8. a) നമ്മുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടി (നന്ദി പറഞ്ഞു കൊണ്ട്) ദൈവമുമ്പാകെ സമർപ്പിക്കണമെന്നു പറഞ്ഞിരിക്കുന്നതിന്റെ ആശയമെന്താണ്?

b) കർത്താവിനെ അനുസരിക്കുന്നവർക്കുള്ള പ്രതിഫലം നമുക്കു ഭാവന ചെയ്യാനാവാത്തവിധം ശ്രേഷ്ഠമായിരിക്കുമെന്നു തെളിയിക്കുന്ന വാക്യമുദ്ധരിക്കുക.

9. a) ഏലിയാവിന്റെ പ്രാർത്ഥനപ്രകാരം എന്തുകൊണ്ടാണ് ദൈവം മഴ നിർത്തിയത്?

b) ദൈവത്തിന്റെ കല്പന എന്തുവന്നാലും അനുസരിക്കുന്ന സ്വഭാവം ഏലിയാവിനുണ്ടായിരുന്നെന്നു തെളിയിക്കുന്ന വസ്തുത ഏതാണ്?

10. a) ആഹാബ് ഏലിയാവിനെ വെറുത്തെങ്കിലും ഓബദ്യാവിനെ സ്നേഹിച്ചു തന്റെ ഗൃഹവിചാരകനായി ജോലി ചെയ്യാനനുവദിച്ചതിന്റെ കാരണമെന്തായിരുന്നു?

b) എങ്ങനെയാണ് ഏലിയാവ് അർപ്പിച്ച യാഗം ദൈവം സ്വീകരിച്ചു എന്നു തെളിഞ്ഞത്?

11. a) ഏലിയാവിന്റെ യാഗം ദൈവം സ്വീകരിച്ചതു കണ്ടപ്പോൾ യിസ്രായേൽ ജനം എന്തു ചെയ്തു?

b) ഏലിയാവിനെ ദൈവം വളരെയധികം മാനിച്ചിരിക്കുന്നു എന്നതിന്റെ രണ്ടു തെളിവുകൾ പറയുക?

12 a) യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ച ശേഷം സ്നാനമേൽക്കേണ്ട ആവശ്യമില്ല എന്ന ഉപദേശം ഒരാൾ സ്വീകരിച്ചാൽ അയാളെ സംബന്ധിച്ചിടത്തോളം ദൈവവചനത്തിൽ നിന്നു വല്ലതും എടുത്തുമാറ്റപ്പെടുന്നുണ്ടോ? ഉണ്ടെങ്കിൽ അതെന്താണ്?

b) വചനത്തിൽ നിന്നു സ്നാനോപദേശം എടുത്തുമാറ്റാനുള്ള തന്ത്രം ഫലിക്കാതെ വരുമ്പോൾ സാത്താൻ എന്തു ചെയ്യുന്നു?

13. a) അലങ്കാരം മറ്റുള്ളവരുടെ പ്രത്യേകശ്രദ്ധ നമ്മിലേക്കാകർഷിക്കുകയാണോ അതോ ആകർഷിക്കുന്നതു തടയുകയാണോ ചെയ്യുന്നത്?

b) സാധാരണ നിലയിലുള്ള ആഭരണധാരണം മറ്റുള്ളവരുടെ ശ്രദ്ധ നമ്മിൽ പതിയാനാണോ പതിയാതിരിക്കാനാണോ സഹായിക്കുന്നത്?

14. a) സാധാരണനിലയിൽ മാത്രം ഒരാൾ സൽപ്രവൃത്തികൾ ചെയ്താൽ അയാൾ സൽപ്രവൃത്തികളെന്ന അലങ്കാരമുള്ളവനായിരിക്കുമോ?

b) സാധാരണനിലയിൽമാത്രം വസ്ത്രം ധരിക്കുന്ന ഒരാൾ വസ്ത്രമെന്ന അലങ്കാരമുള്ളവനാണോ?

c) സാധാരണനിലയിൽ മാത്രം ആഭരണങ്ങളണിയുന്ന ആൾ പൊന്ന് അലങ്കാരമായി ധരിക്കുന്നയാളാണോ?

d) അലങ്കാരത്തെ സംബന്ധിച്ച പുതിയ നിയമത്തിലെ കല്പന പഴയനിയമകാലത്തു ജീവിതത്തിൽ അനുഭവമാക്കിയിരുന്ന സാറാ ആഭരണങ്ങൾ ഉപേക്ഷിച്ചയാളായിരുന്നുവോ?

15. a) സാധാരണനിലയിൽ ആഭരണം ധരിക്കുന്നതിനെക്കുറിച്ചോ വസ്ത്രം ധരിക്കുന്നതിനെക്കുറിച്ചോ മുടി ഭംഗിയാക്കുന്നതിനെക്കുറിച്ചോ 1 തിമോ: 2-10 ലും, 1 പത്രോസ് 3: 3 -6 ലും ഏതെങ്കിലും പറയുന്നുണ്ടോ?

b) അലങ്കാരമായ വസ്ത്രധാരണവും പൊന്നണിയലും മറ്റും പാടില്ലെന്നും സൽപ്രവൃത്തികൾ അലങ്കാരമായി നമുക്കുണ്ടായിരിക്കണമെന്നും വചനത്തിൽ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥമെന്താണ്?

16. a) അപ്പോസ്തലകാലത്തു സ്നാനമേല്ക്കുന്നതിനു മുമ്പ് ആളുകൾ ആഭരണങ്ങളുപേക്ഷിച്ചുവെന്നു ചിന്തിക്കുവാൻ വചനത്തിൽ വല്ല സൂചനയുമുണ്ടോ?

b ) സ്നാനമേൽക്കണമെങ്കിൽ ആഭരണങ്ങളുപേക്ഷിക്കണമെന്നു വ്യവസ്ഥ വയ്ക്കുന്നതു വചനാനുസൃതമാണോ? ഒരാൾ സ്വമനസ്സാ ആഭരണങ്ങൾ വേണ്ടെന്നു വയ്ക്കുന്നതിൽ വല്ല തെറ്റുമുണ്ടോ?

c) യേശുവിനെ രക്ഷിതാവായി സ്വീകരിച്ചശേഷം നിങ്ങൾ സ്നാനമേറ്റിട്ടുണ്ടോ? ഇല്ലെങ്കിൽ സ്നാനമേല്ക്കുവാനാഗ്രഹിക്കുന്നുവോ? [രക്ഷിക്കപ്പെട്ടിട്ടില്ലാത്തവർ ഇതിനുത്തരമായി "യേശുവിനെ രക്ഷിതാവായി സ്വീകരിച്ചിട്ടില്ല" എന്നെഴുതിയാൽ മതി]

17 a) യേശുക്രിസ്തുവിന്റെ സഭയിലെ അംഗങ്ങൾ എങ്ങനെയുള്ളവരാണ്? രക്ഷിക്കപ്പെട്ടിട്ടില്ലാത്ത ഒരാൾ അതിലെ അംഗമാണോ?

b) സാർവ്വത്രിക സഭയും പ്രാദേശിക സഭയും തമ്മിലുള്ള പ്രധാന വ്യത്യാസമെന്താണ്?

18. a) രക്ഷിക്കപ്പെട്ടവരെയും അല്ലാത്തവരെയും ഒരുമിച്ചു ചേർത്ത് ആത്മിക ശുശ്രൂഷകളിൽ പങ്കെടുപ്പിക്കുന്നതു ശരിയാണോ?

b) ഒരു സ്ഥലത്തു രക്ഷിക്കപ്പെട്ട ഒരാൾ മാത്രമേ ഉള്ളു വെങ്കിൽ അയാൾ അവിടെ ആത്മികജീവിതം നയിക്കാൻ എന്തുചെയ്യണം?

19. a) സാർവത്രിക സഭയുടെയും പ്രാദേശികസഭയുടെയും തല ആരാണ്?

b) പ്രാദേശിക സഭ നയിക്കപ്പെടുന്നത് ആരാലാണ്?

20. a) അദ്ധ്യക്ഷൻമാരുടെ (ഇടയൻമാരുടെ) യോഗ്യതകൾ എന്തൊക്കെയാണ്?

b) വചനപ്രകാരമുള്ള പ്രാദേശികസഭയോടാണ് നാം ബന്ധ പ്പെട്ടു നിൽക്കുന്നതെന്ന് എങ്ങനെ ഉറപ്പു വരുത്താം?

**“FOR I AM THE LORD YOUR GOD,
WHO UPHOLDS YOUR RIGHT HAND,
WHO SAYS TO YOU, DO NOT FEAR,
I WILL HELP YOU”
(ISAIAH 41:13)**

“നിന്റെ ദൈവമായ യഹോവ എന്ന ഞാൻ നിന്റെ വലങ്കൈ പിടിച്ചു നിന്നോട്: ഭയപ്പെടേണ്ട, ഞാൻ നിന്നെ സഹായിക്കും എന്നു പറയുന്നു”
(യെശയ്യാവ് 41:13)

**“AND WHEN I SAW HIM, I FELL AT HIS FEET AS A DEAD MAN. AND HE LAID HIS RIGHT HAND UPON ME SAYING, DO NOT BE AFRAID; I AM THE FIRST AND THE LAST AND THE LIVING ONE; AND I WAS DEAD; AND BEHOLD, I AM ALIVE FOREVER MORE, AND I HAVE THE KEYS OF DEATH AND OF HADES”
(REVELATION 1:17-18)**

“അവനെ കണ്ടിട്ടു ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാല്ക്കൽ വീണു. അവൻ വലങ്കൈ എന്റെ മേൽ വെച്ചു; ഭയപ്പെടേണ്ട, ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു. ഞാൻ മരിച്ചവൻ ആയിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു; മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്”
(വെളിപാട് 1:17–18)

# അത്ഭുത പ്രകാശത്തിലേക്ക്

## Lesson - VI

## ശിഷ്യത്വവും പ്രത്യാശയും

യേശുക്രിസ്തു തന്റെ സ്വർഗ്ഗാരോഹണത്തിന് അല്പം മുമ്പു ശിഷ്യന്മാരോടു കല്പിച്ചത്, “ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ” (മത്താ. 28:19-20) എന്നാണ്. യേശുക്രിസ്തു കല്പിച്ചതൊക്കെയും പ്രമാണിക്കണമെങ്കിൽ എന്തൊക്കെയാണു കല്പിച്ചതെന്ന് കൃത്യമായി നാം മനസ്സിലാക്കണം. അതു നമ്മെ മനസ്സിലാക്കുന്നതിനു വേണ്ടിയാണല്ലോ കർത്താവിന്റെ ശിഷ്യന്മാർ പരിശുദ്ധാത്മനിയോഗത്താൽ പുതിയ നിയമത്തിന്റെ പുസ്തകങ്ങളെല്ലാം എഴുതിയത്. ഈ ദൈവവചനം നമ്മോടു കല്പിച്ചിരിക്കുന്ന വിധത്തിൽ നാം പ്രവർത്തിച്ചുകൊണ്ടു ജീവിക്കുമ്പോഴാണ് യേശുക്രിസ്തുവിന്റെ ശിഷ്യത്വം നമ്മിൽ കാണപ്പെടുന്നത്. ശിഷ്യത്വത്തിന്റെ ചില പ്രധാനപ്പെട്ട വശങ്ങൾ ചൂണ്ടിക്കാണിച്ചശേഷം ദൈവമക്കളുടെ ഭാവി പ്രത്യാശയെക്കുറിച്ചു വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതെന്തൊക്കെയെന്നു ചുരുക്കമായി വിവരിക്കുകയാണ് ഈ പാഠത്തിൽ ചെയ്തിരിക്കുന്നത്. അങ്ങനെ ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും മാനവരാശിയുടെ കഴിഞ്ഞ കാലത്തെയും ഭാവികാലത്തെയും കുറിച്ചു വചനം വെളിപ്പെടുത്തിയിരിക്കുന്ന സുപ്രധാന സത്യങ്ങളെപ്പറ്റിയുമുള്ള ഒരു സംക്ഷിപ്ത

വിവരണം വേദപഠന കോഴ്സിന്റെ ഈ പാഠത്തോടുകൂടി ലഭിക്കുന്നു. ദൈവേഷ്ടപ്രകാരം ജീവിതം ക്രമീകരിച്ചുകൊണ്ട് വചനമാകുന്ന പാതയിലൂടെ ധൈര്യപൂർവ്വം മുമ്പോട്ടു പോയിത്തുടങ്ങുവാനും അങ്ങനെ വിജയകരമായ ക്രിസ്തീയ ജീവിതം ആരംഭിക്കുവാനും മതിയായ വേദപരിജ്ഞാനം ഈ കോഴ്സിന്റെ എല്ലാ പാഠങ്ങളും ശരിയായി പഠിക്കുന്ന ഒരാൾക്കു ലഭിക്കും. കൂടുതൽ മനസ്സിലാക്കേണ്ട കാര്യങ്ങൾ വിശ്വസ്തതയോടെ ദൈവത്തെ സേവിച്ചും മറ്റു ദൈവമക്കളുമായി കൂട്ടായ്മ ആചരിച്ചും കൊണ്ടു മുമ്പോട്ടു പോകുമ്പോൾ വചനത്തിൽ നിന്നു ഗ്രഹിക്കുവാൻ ദൈവം സഹായിക്കുമെന്നതിനു സംശയമില്ല. അതിനാൽ ഈ ആറാം പാഠത്തോടുകൂടി "അത്ഭുതപ്രകാശത്തിലേക്ക്" എന്ന പേരിലുള്ള വേദപഠനകോഴ്സ് അവസാനിക്കുകയാണ്. ഇതു പൂർണ്ണമായി പഠിക്കുന്ന ഏവരെയും ദൈവം ധാരാളമായി അനുഗ്രഹിക്കുവാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു. A, B, C, എന്നീ മൂന്നു ഭാഗങ്ങളായി ഈ പാഠം വിഭജിച്ചിരിക്കുന്നു. സത്യങ്ങൾ ശരിയായി ഗ്രഹിക്കാനും അവ ജീവിതത്തിൽ പ്രയോജനപ്പെടുത്താനും കൃപ നൽകണമേ എന്നു പ്രാർത്ഥിച്ചുകൊണ്ട് ശ്രദ്ധാപൂർവ്വം പഠിക്കുക.

## A. യേശുവിന്റെ കർത്തൃത്വം

യേശുവിന്റെ കർത്തൃത്വം ജീവിതത്തിൽ ശരിയായ നിലയിൽ അനുഭവമാകുമ്പോഴാണ് ഒരാൾ യേശുവിന്റെ ശിഷ്യനായിത്തീരുന്നത്. ആരുടെ നിർദ്ദേശങ്ങളാണോ ചോദ്യം ചെയ്യാതെ, മടികൂടാതെ, കേൾക്കുന്ന നിമിഷത്തിൽത്തന്നെ അനുസരിക്കുന്നത്, ആ ആളിനാണ് കർത്തൃത്വം (ഭരണം) നടത്തുന്നവൻ എന്ന അർത്ഥത്തിൽ "കർത്താവ്" എന്നു ഭാഷയിൽ പറയുന്നത്. മൂന്നാം പാഠത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ യേശുവിനെ കർത്താവായി സ്വീകരിക്കുക എന്നു പറഞ്ഞാൽ നമ്മുടെ സ്വയത്തെക്കാളും നമ്മുടെ അടുത്ത പ്രിയപ്പെട്ടവരെക്കാളും നമ്മുടെ സമുദായത്തെക്കാളും അതിന്റെ നേതാക്കന്മാരെക്കാളും എല്ലാം

ഉപരിയായി യേശുക്രിസ്തുവിനെ അനുസരിക്കുക എന്നാണർത്ഥം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ യേശുവിനെ കർത്താവായി സ്വീകരിച്ചശേഷം നമുക്കു നമ്മുടെ 'സ്വന്ത' മായ ആഗ്രഹങ്ങളും അഭിലാഷങ്ങളും ഒന്നുമില്ല; യേശു എന്നെക്കുറിച്ച് എന്താഗ്രഹിക്കുന്നുവോ അതു ഞാൻ ചെയ്യും' എന്ന വിചാരമാണ് പിന്നീടു നമ്മുടെ ഹൃദയത്തിൽ എപ്പോഴും നിറഞ്ഞു നില്ക്കുക. ഈ വിചാരം നമ്മുടെ ഹൃദയത്തെ ഭരിക്കുന്നതിനാൽ വചനത്തിലൂടെ യേശുക്രിസ്തു അരുളിച്ചെയ്തിട്ടുള്ള കാര്യങ്ങളെന്തൊക്കെയെന്നു സൂക്ഷ്മമായി പരിശോധിച്ചു തെറ്റു പറ്റാതെ മനസ്സിലാക്കാനുള്ള താല്പര്യം നമ്മിലുണ്ടായിരിക്കും; കൂടാതെ, വളരെ ശ്രദ്ധയോടെ നാം വചനം ധ്യാനിച്ചു മനസ്സിലാക്കുകയും ജീവിതത്തിൽ അനുഭവമാക്കിക്കൊണ്ടു മുമ്പോട്ടുപോകയും ചെയ്യും; നമ്മുടെ മതത്തിന്റെ അഥവാ സഭയുടെ പഠിപ്പിക്കലുകളും വചനത്തിൽ നിന്നു നാം മനസ്സിലാക്കുന്ന സത്യങ്ങളും തമ്മിൽ ഏതെല്ലാം കാര്യങ്ങളിലാണോ പൊരുത്തക്കേടുകൾ കാണുന്നത്, ആ കാര്യങ്ങളിലെല്ലാം വചനത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം മാത്രം നാം പ്രവർത്തിക്കും; അങ്ങനെ ചെയ്യുമ്പോൾ ആ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം നമ്മുടെ സമുദായത്തിന്റെ നിയമങ്ങൾക്കെതിരെ പ്രവർത്തിക്കുന്നവരായി നാം കാണപ്പെടും; മറ്റെല്ലാവരെക്കാളുമധികം നാം യേശുവിനെയാണനുസരിക്കുന്നതെന്നും യേശുവാണ് വാസ്തവമായി നമ്മുടെ ഹൃദയത്തിൽ കർത്തൃത്വം നടത്തുന്നതെന്നും അങ്ങനെയാണ് തെളിയുന്നത്. നമ്മുടെ സമൂഹത്തിന്റെ പഠിപ്പിക്കലും ദൈവവചന സത്യവും തമ്മിൽ പൊരുത്തമില്ലാതെ കാണപ്പെടുമ്പോൾ നാം അനുസരിക്കുന്നതെന്താണെന്നുള്ളതാണ് യേശുവിനെ നാം കർത്താവായി സ്വീകരിച്ചിട്ടുണ്ടോ ഇല്ലയോ എന്നു തെളിയിക്കുന്ന ഉരകല്ല്. എല്ലാറ്റിനും, എല്ലാവർക്കും, നമ്മുടെ 'സ്വയ'ത്തിന്റെ തന്നെ താല്പര്യങ്ങൾക്കും ഉപരിയായി യേശുവിനെ അനുസരിക്കും, അഥവാ ദൈവവചനം പ്രമാണിക്കും എന്ന മനോഭാവമുള്ള ആളുകൾ മാത്രമാണ് യഥാർത്ഥത്തിൽ യേശുവിനെ കർത്താവായി

സ്വീകരിച്ചിട്ടുള്ളവർ. അങ്ങനെയുള്ളവർക്കേ യേശുവിന്റെ ശിഷ്യരായിത്തീരുവാൻ സാധിക്കയുള്ളൂ. അതുകൊണ്ടാണ്. 'എന്നെക്കാൾ അധികം അപ്പനെയോ അമ്മയെയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല; തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കാത്തവൻ എനിക്കു യോഗ്യനല്ല' (മത്തായി 10: 37-38) എന്ന് യേശുക്രിസ്തു പറഞ്ഞത്. ഈ വചനപ്രകാരം മാതാപിതാക്കളെ അനുസരിക്കുന്നതു പോലും ദൈവവചനത്തിനു നിരക്കുന്ന വിധത്തിൽ മാത്രമേ ആയിരിക്കാൻ പാടുള്ളൂ; "മക്കളേ, നിങ്ങളുടെ അമ്മയപ്പൻമാരെ കർത്താവിൽ അനുസരിപ്പിൻ" എന്ന് എഫെ. 6:1 ൽ പറഞ്ഞിരിക്കുന്നത് ഇക്കാരണത്താലാണ്. കഷ്ടതയുടെയും വേദനയുടെയും മരണത്തിന്റെയും പ്രതീകമായ ക്രൂശെടുത്ത് യേശുവിനെ അനുഗമിക്കണം എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം ആഴമേറിയതാണ്. നമ്മുടെ 'സ്വയം' അഥവാ 'ഞാൻ' എന്ന ഭാവം മരിച്ചു എന്നും ഇനി ജീവിക്കുന്നത് ഞാനല്ല, യേശുക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത് (ഗലാത്യർ 2:20) എന്നും കരുതിക്കൊണ്ട് ദൈവവചനത്തിനു സമ്പൂർണ്ണമായി വിധേയപ്പെടണം എന്നാണതിന്റെ ആശയം. ഈ അനുഭവം നമ്മിലുണ്ടായിക്കഴിഞ്ഞാൽ 'എന്റെ' ഇഷ്ടം, 'ഞങ്ങളുടെ' സഭ, 'ഞങ്ങളുടെ' വിശ്വാസം, എന്നിത്യാദി ചിന്തകൾ നമ്മെ നിയന്ത്രിക്കയില്ല. ദൈവത്തിന്റെ ഇഷ്ടം എന്തോണോ അതു ഞാൻ ചെയ്യും എന്ന ചിന്ത മാത്രമായിരിക്കും നമ്മെ നിയന്ത്രിക്കുന്നത്. ഇതാണ് ക്രൂശെടുത്ത് യേശുവിനെ അനുഗമിക്കുന്ന അനുഭവം.[1] ഈ അനുഭവം ശരിയായ നിലയിൽ നമ്മിൽ ഉണ്ടാകുമ്പോഴാണ് യേശുവിന്റെ കർത്തൃത്വം നമ്മുടെ ഹൃദയത്തിന്മേൽ പൂർണ്ണമായി കാണപ്പെടുന്നതും നാം വാസ്തവമായി യേശുവിന്റെ ശിഷ്യരായി കാണപ്പെടുന്നതും.

---

1. മരംകൊണ്ടോ വെള്ളികൊണ്ടോ സ്വർണ്ണംകൊണ്ടോ കുരിശിന്റെ രൂപമുണ്ടാക്കി അതു ധരിച്ചുകൊണ്ടുനടന്നാൽ ക്രൂശെടുത്ത് യേശുവിനെ അനുഗമിക്കുന്ന അനുഭവമായി അതിരിക്കയില്ല, 'ഞാൻ' ക്രൂശിക്കപ്പെട്ടു കഴിഞ്ഞു, ഇനി എന്നിൽ ജീവിക്കുന്നതു ക്രിസ്തുവാണ് എന്ന് നമ്മുടെ വാക്കുകളും പ്രവൃത്തികളും തെളിയിക്കുന്നെങ്കിൽമാത്രമേ നാം ക്രൂശെടുത്തു യേശുവിനെ അനുഗമിക്കുന്നു എന്നു പറയാനൊക്കൂ.

## ദൈവ മക്കളോടുള്ള കൂട്ടായ്മ

യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചവർ ദൈവത്തിൽ നിന്നുള്ള പുതുജനനം പ്രാപിച്ചവരും ദൈവ മക്കൾ എന്ന പദവിയുള്ളവരും (യോഹ. 1: 12-13) ആയതിനാൽ അവർക്ക് അന്യോന്യം സഹോദരബന്ധമുണ്ട്. ശാരീരികബന്ധ മുള്ളവർക്ക് പരസ്പരമുള്ളതിനെക്കാൾ ദൃഢതരമായ സ്നേഹ ബന്ധമാണിത്. സ്നേഹത്തിന്റെ ആത്മാവായ ദൈവത്തിന്റെ പരിശുദ്ധാത്മാവ് അവരിൽ വസിക്കയും അവരെ നിയന്ത്രിക്കയും ചെയ്യുന്നതിലാണ് ഇങ്ങനെ കാണപ്പെടുന്നത്. ദൈവമക്കൾ അന്യോന്യം സ്നേഹിക്കുന്നതു[2] മൂലം അവർ പരസ്പരം അറിയു ന്നതിനും ഒരുമിച്ചു ചേർന്നു ദൈവത്തെ ആരാധിക്കുന്നതിനും ആത്മിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും തങ്ങളുടെ ഇടയിൽ വിഷമങ്ങളനുഭവിക്കുന്നവരെ സഹായിക്കുന്നതിനും താല്പര്യമുള്ളവരായിരിക്കും. ദൈവിക കുടുംബത്തിലെ അംഗ ങ്ങൾ എന്ന നിലയിൽ മറ്റുള്ള ദൈവമക്കളുടെ സുഖദുഃഖങ്ങൾ അവരോടു ചേർന്നു പങ്കിടുവാൻ നാം സന്നദ്ധരായിത്തീരുന്നത് ദൈവാത്മാവ് നമ്മെ നിയന്ത്രിക്കുന്നതിന്റെ ഒരു സ്വാഭാവിക ഫലം മാത്രമാണ്. യേശുവിനെ രക്ഷിതാവും, കർത്താവുമായി സ്വീക രിക്കയും ആ വസ്തുത പ്രവൃത്തികളിലൂടെ വെളിപ്പെടുത്തുകയും ചെയ്യുന്ന സകല ദൈവമക്കളെയും സ്നേഹിക്കുക, അവരിൽ ആരോടൊക്കെ ഇടപെടാൻ അവസരം ലഭിക്കുന്നുവോ അവരെ ല്ലാവരോടും സ്നേഹബന്ധം പുലർത്തുക, അവരോടൊരുമിച്ചു ചേർന്ന് ആത്മിക ശുശ്രൂഷകളിൽ പങ്കെടുക്കുക, നമ്മുടെ സഹായം ആവശ്യമായിരിക്കുന്നവരെ സന്തോഷത്തോടെ സഹാ യിക്കുക എന്നീ സ്വഭാവങ്ങൾ നമ്മിൽ കാണപ്പെടേണ്ടതാണ്. എങ്കിൽ മാത്രമേ മറ്റുള്ള ദൈവമക്കളോടു വചനപ്രകാരമുള്ള കൂട്ടായ്മ പുലർത്തുന്നവരാണു നാമെന്ന് പറയാനൊക്കൂ.

---

2. ദൈവമക്കൾ അന്യോന്യം സ്നേഹിക്കണമെന്നത് ഒരു കല്പനയായി 1 യോഹ. 4:7-8 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടേയില്ല എന്നാണ് അവിടെ നാം വായിക്കുന്നത്.

കർത്താവിന്റെ ശിഷ്യത്വം നമ്മിൽ വാസ്തവമായി കാണപ്പെടണമെങ്കിൽ ഈ കൂട്ടായ്മയുടെ അനുഭവം നമുക്കു തീർച്ചയായും ഉണ്ടായിരിക്കണം.

## സഭായോഗം

ദൈവമക്കളുടെ ആത്മിക ജീവിതപുരോഗതിയ്ക്ക് അത്യന്താപേക്ഷിതമായ ഒന്നാണ് സഭായോഗം. ദൈവത്തെ ആരാധിക്കുന്നതിനും അവർക്ക് അന്യോന്യം ആത്മിക കൂട്ടായ്മ ആചരിക്കുന്നതിനുമുള്ള അവസരമാണത്. അതുകൊണ്ടാണ്, ഒന്നാം നൂറ്റാണ്ടിലെ വിശ്വാസികളെക്കുറിച്ച്, "അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു" (അപ്പൊ. പ്രവൃ 2:42) എന്നു വചനത്തിൽ പറഞ്ഞിരിക്കുന്നത് ഒരുമനപ്പെട്ട് ഏക ഹൃദയത്തോടെ പ്രാർത്ഥിക്കുന്നതിനും ദൈവാത്മാവിനാൽ ശക്തീകരിക്കപ്പെടുന്നതിനും സഭായോഗങ്ങൾ ദൈവജനത്തെ പ്രാപ്തിപ്പെടുത്തുന്നു. ഒരുമനപ്പെട്ടു പ്രാർത്ഥിച്ചപ്പോൾ ദൈവജനം പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട് വചനം ധൈര്യത്തോടെ പ്രസ്താവിക്കുന്നവരായിത്തീർന്നു എന്ന് അപ്പൊ. പ്രവൃ 4:28 മുതലുള്ള വാക്യങ്ങളിൽ കാണുന്നു. ദൈവാരാധനയ്ക്കും പ്രാർത്ഥനയ്ക്കും വചനപഠനത്തിനും കൂട്ടായ്മ ആചരിക്കുന്നതിനും അവസരം നല്കുന്ന സഭായോഗങ്ങളെ ഉപേക്ഷയായി വിചാരിക്കരുതെന്ന് എബ്രായർ 10:24 ൽ നാം വായിക്കുന്നു. എല്ലാറ്റിനും ഉപരിയായി, കർത്താവു വീണ്ടും വരുവോളം നമുക്കുവേണ്ടിയുള്ള അവന്റെ മരണത്തെ പ്രസ്താവിക്കുന്ന കർത്തൃമേശയിൽ പങ്കെടുക്കുന്നതിനായി (1 കൊരിന്ത്യർ 11: 23-31) സഭായോഗത്തിൽ പതിവായി സംബന്ധിക്കേണ്ടത് അത്യാവശ്യമാണ്. എല്ലാ ആഴ്ചകളിലും ഒന്നാം ദിവസം ഇക്കാര്യത്തിനായി ദൈവജനം ഒരുമിച്ചു കൂടുന്ന പതിവ് അപ്പൊസ്തലികകാലത്ത് ആരംഭിച്ചു. അതുകൊണ്ടാണ്, "ആഴ്ച്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ" എന്ന് അപ്പൊ. പ്രവൃ, 20:7 ൽ നാം വായിക്കു

ന്നത്. അപ്പൊസ്തലിക മാതൃകപ്രകാരം ഇന്നും ദൈവമക്കൾ അതാതു സ്ഥലങ്ങളിൽ ഒരുമിച്ചു ചേർന്ന് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ (ഞായറാഴ്ച്ച) ദൈവത്തെ ആരാധിക്കുന്നതിനും വചനം പഠിക്കുന്നതിനും കൂട്ടായ്മ ആചരിക്കുന്നതിനുമായി വിനിയോഗിക്കേണ്ടതാണ്. കർത്താവിന്റെ ശിഷ്യത്വത്തിലേക്കു വളരുന്നതിന് ഇത് അത്യന്താപേക്ഷിതമാണ്.

## കർത്താവിനു കൊടുക്കുക.

നമ്മുടെ രക്ഷയ്ക്കായി യേശുക്രിസ്തു തന്റെ ജീവനെത്തന്നെ ക്രൂശിൽ ബലിയർപ്പിച്ചു എന്ന സത്യം നാം അംഗീകരിക്കുന്നതിന്റെ ഫലമായി ദൈവത്തോടു നമുക്കു വലിയ നന്ദിയും സ്നേഹവും തോന്നുമെന്നു മൂന്നാം പാഠത്തിൽ വ്യക്തമാക്കിയിട്ടുണ്ടല്ലോ. ദൈവത്തോടുള്ള സ്നേഹം നാം പ്രകടമാക്കുന്നത് കർത്താവ് തന്റെ വചനം മുഖാന്തരം നമ്മോടരുളിച്ചെയ്തിട്ടുള്ളതെല്ലാം അനുസരിക്കുന്നതു മൂലമാണെന്നും നാം മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ട്. തന്റെ ജീവൻ നല്കി നമ്മെ യേശുക്രിസ്തു വിലയ്ക്കു വാങ്ങിയിരിക്കയാണെന്നും അതിനാൽ ഇനി നാമോരോരുത്തരും താന്താങ്ങൾക്കുള്ളവരല്ല, നമ്മുടെ ജീവനും ശരീരവും എല്ലാം യേശുക്രിസ്തുവിന്റെ വകയാണെന്നു നാം കരുതണമെന്നും 1 കൊരിന്ത്യർ 6:19 ൽ പറഞ്ഞിരിക്കുന്നു. നമ്മുടെ ശരീരം കർത്താവിന്റെ വകയാണെന്നു നാം പരിഗണിക്കുമ്പോൾ നമ്മുടെ എല്ലാ കഴിവുകളും വരുമാനവും സ്വത്തും എല്ലാം തന്നെ ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ ഉപയോഗിക്കുവാൻ നാം സന്നദ്ധതയുള്ളവരായിത്തീരുന്നു. നമ്മുടെ കഴിവുകൾ എന്തിനായിട്ടാണു പയോഗിക്കേണ്ടതെന്ന് മത്താ. 28:19–20, 2 കൊരി. 8: 1–15, എഫെ. 2:10, ഗലാത്യർ 6:10, 1 തെസ്സലോനിക്യർ 5:4–15, 1 യോഹ. 3:16–17, എന്നീ വചനഭാഗങ്ങൾ വ്യക്തമാക്കുന്നു. നമ്മുടെ ശാരീരികവും ബുദ്ധിപരവും സാമ്പത്തികവും ആയ എല്ലാ കഴിവുകളും നാം മറ്റുള്ള ദൈവമക്കളുടെയും ദൈവമക്കളായിത്തീർന്നിട്ടില്ലാത്തവരുടെയും ആത്മികവും ഭൗതികവുമായ നന്മയ്ക്കുവേണ്ടി

ചെലവാക്കുന്നവരായിരിക്കണമെന്ന് ഈ വേദഭാഗങ്ങൾ നമ്മെ ഉദ്ബോധിപ്പിക്കുന്നു. സൽപ്രവൃത്തികൾക്കായിട്ടു നാം ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാണെന്ന് എഫെസ്യലേഖനത്തിൽ പറഞ്ഞിരിക്കുന്നതിൽ നിന്ന്, മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിൽ നാം എത്ര വലിയ താല്പര്യമാണു കാണിക്കേണ്ടതെന്നു മനസ്സിലാക്കാം. സ്നേഹത്തിന്റെയും ജീവന്റെയും ആത്മാവാകുന്ന പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിനു നാം കീഴ്പ്പെടുമ്പോൾ സൽപ്രവൃത്തികൾ ചെയ്യാനുള്ള പ്രേരണ സ്വാഭാവികമായിത്തന്നെ നമ്മിലുണ്ടാകുന്നുവെന്നതാണു സത്യം. അവസരം കിട്ടുന്നതുപോലെയാണു നാം നന്മ ചെയ്യേണ്ടതെന്നും ഗലാത്യലേഖനത്തിൽ പറഞ്ഞിരിക്കുന്നു; നാം മറ്റുള്ളവർക്കു നന്മചെയ്യുന്നവരാണെന്നു കാണിക്കാൻ വേണ്ടി, ഇല്ലാത്ത അവസരമുണ്ടാക്കി നന്മസ്വഭാവം പ്രദർശിപ്പിക്കാൻ ശ്രമിക്കുന്നതു ശരിയല്ല. അങ്ങനെ ചെയ്യുന്നത് വചനത്തിന് (മത്താ. 6: 1-4) വിരുദ്ധമായ നടപടി ആണ്. നമ്മുടെ മുമ്പാകെയുള്ള അവസരങ്ങൾ നാം കാണുമ്പോൾ അവയ്ക്കു നേരെ കണ്ണടയ്ക്കാതെ അവ പ്രയോജനപ്പെടുത്തണമെന്നതു മാത്രമാണ് ദൈവഹിതം. മറ്റുള്ളവർക്കു ചെയ്യേണ്ട ഏറ്റവും വലുതും ഒന്നാമത്തേതുമായ നന്മ അവരുടെ ആത്മികക്ഷേമത്തിനാവശ്യമായ രക്ഷാസന്ദേശം അവർക്കു നൽകുക എന്നതാണ്. അതുകൊണ്ടാണ് മത്താ 28:19-20 ൽ സകല ലോകത്തോടും സുവിശേഷം പ്രസംഗിച്ച് യേശുവിൽ വിശ്വസിക്കുന്ന ഏവരെയും കർത്താവിന്റെ ശിഷ്യത്വത്തിലേക്കു വഴി നടത്തുവാൻ നമ്മോടാജ്ഞാപിച്ചിരിക്കുന്നത്. രക്ഷാസന്ദേശം രക്ഷിക്കപ്പെട്ടിട്ടില്ലാത്തവർക്കു നല്കുകയും രക്ഷിക്കപ്പെടുന്നവരെ വചനം പഠിപ്പിച്ച് കർത്താവിന്റെ ശിഷ്യരാക്കിതീർക്കുകയും ചെയ്യുന്നതിനായി നമ്മുടെ പണവും കഴിവുകളും വിനിയോഗിക്കുന്നതോടൊപ്പം ദൈവമക്കളുടെയും അല്ലാത്തവരുടെയും ഭൗതികമായ ആവശ്യങ്ങളിൽ, സഹായമാവശ്യമായിരിക്കുന്നവർക്ക് നമ്മാലാവുന്ന സഹായം ചെയ്യുകയെന്നതും നമ്മുടെ ഒഴിച്ചുകൂടാനാവാത്ത ചുമതലയാണെന്ന് തെസ്സലോനിക്യ ലേഖന

ങ്ങളിൽ നാം കാണുന്നു. ഈ വിധത്തിൽ നന്മപ്രവൃത്തികൾ ക്കായി നാം പണം ചെലവു ചെയ്യുമ്പോൾ വാസ്തവത്തിൽ അതു കൊടുക്കുന്നത് മനുഷ്യർക്കല്ല, കർത്താവിനാണെന്നും അതിന്റെ പ്രതിഫലം ഒരു നാളിൽ അവൻ നമുക്കു നല്കുമെന്നും വചന ത്തിൽ നിന്നു മനസ്സിലാക്കാൻ സാധിക്കും. കർത്താവിന്റെ കല് പനപ്രകാരം നമ്മുടെ പണം വിനിയോഗിക്കുമ്പോൾ വാസ്തവ ത്തിൽ ആ പണം നമ്മുടെ സ്വന്തമെന്നു കരുതാതെ കർത്താവിന്റെ വകയാണെന്നു നാം കരുതുകയാണു ചെയ്യുന്നത്. അതായത് നമ്മുടെ പണം നാം കർത്താവിനു സമർപ്പിച്ചശേഷം അവന്റെ ഇഷ്ടപ്രകാരം അതു ചെലവാക്കുന്നു. അതിനാൽ രക്ഷാസന്ദേശം മറ്റുള്ളവരെ അറിയിക്കുന്നതിനും പ്രയാസങ്ങളനുഭവിക്കുന്ന ആളുകളെ സഹായിക്കുന്നതിനും വേണ്ടി നാം പണം വിനി യോഗിക്കുമ്പോൾ അതു നാം കൊടുക്കുന്നതു വാസ്തവത്തിൽ മനുഷ്യർക്കല്ല, കർത്താവിനു തന്നെയാണ്. “എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു” (മത്താ. 25:40) എന്ന് യേശുക്രിസ്തു പറഞ്ഞതിൽ നിന്ന് ഈ സത്യം വ്യക്തമാകുന്നു. അതിനാൽ ദൈവം നമുക്കു തന്നിട്ടുള്ള സാമ്പത്തികവും അല്ലാത്തതുമായ എല്ലാ കഴിവുകളും ദൈവഹിതപ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി ചെലവിടുന്ന തിനു നാം തയ്യാറാകണം. പഴയനിയമകാലത്ത് ദശാംശം (വരുമാനത്തിന്റെ പത്തിലൊന്ന്) ദൈവത്തിനു കൊടുക്കണമെന്നു വ്യവസ്ഥയുണ്ടായിരുന്നു. അതുകൊണ്ടാണ്, “എന്റെ ആലയ ത്തിൽ ആഹാരം ഉണ്ടാകേണ്ടതിനു നിങ്ങൾ ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്കു കൊണ്ടുവരുവിൻ; ഞാൻ നിങ്ങൾക്കു ആകാശത്തിന്റെ കിളിവാതിലുകളെ തുറന്നു സ്ഥലം പോരാതെ വരുവോളം നിങ്ങളുടെ മേൽ അനുഗ്രഹം പകരുകയില്ലയോ?......” എന്ന് മലാഖി പ്രവചനം 3:10 ൽ നാം വായിക്കുന്നത്. പുതിയ നിയമകാലത്ത് അഥവാ ഇന്നത്തെ കാലയളവിൽ നമ്മുടെ വരുമാനത്തിൽ നിന്നു കർത്താവിനായി വേർതിരിക്കേണ്ടതെത്ര

യാണെന്നു കൃത്യമായി വചനത്തിൽ പറഞ്ഞിട്ടില്ല; എത്രയും കുടുതൽ വേർതിരിച്ച് കർത്താവിന്റെ വേലയ്ക്കായും മറ്റുള്ളവരുടെ നന്മയ്ക്കായും നാം ചെലവിടുന്നുവോ അതനുസരിച്ച് ദൈവത്തിൽ നിന്നുള്ള അനുഗ്രഹങ്ങൾ നമുക്കു കൂടുതലായുണ്ടാകയും സ്വർഗ്ഗത്തിൽ നമ്മുടെ പ്രതിഫലത്തിന്റെ അളവു വർദ്ധിക്കയും ചെയ്യും. "എന്നാൽ ലോഭമായി വിതയ്ക്കുന്നവൻ ലോഭമായി കൊയ്യും എന്നു ഓർത്തുകൊൾവിൻ. അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ. സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു." (2 കൊരിന്ത്യർ 9:6-9) എന്നീ വചനഭാഗങ്ങൾ ശരിയായി നാം മനസ്സിലാക്കുമ്പോൾ ദശാംശമല്ല, അതിനേക്കാൾ അനേകമടങ്ങ് അധികമായി കർത്താവിനു നല്കുവാൻ നാം തയ്യാറാകുമെന്നതാണു സത്യം.

## ഉറപ്പും ധൈര്യവുമുള്ളവരായിരിക്കുക.

മരിച്ചവരുടെ ഉയിർത്തെഴുന്നേല്പിനെക്കുറിച്ചും ദൈവമക്കളായ നമ്മുടെ ഭാവി പ്രത്യാശയെക്കുറിച്ചും ചൂണ്ടിക്കാണിച്ചുകൊണ്ട് പൗലോസപ്പൊസ്തലൻ നമ്മെ ഉദ്ബോധിപ്പിച്ചിരിക്കുന്നത്, "ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നു അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ" (1 കൊരി. 15:58) എന്നാണ്. പ്രതികൂല സാഹചര്യങ്ങളെ കണ്ടു ഭയപ്പെടാതെ കർത്താവിന്റെ വചനം പൂർണ്ണമായി അനുസരിച്ചുകൊണ്ട് നാം മുമ്പോട്ടു പോകണം; ഭീഷണികൾക്കും പ്രയാസങ്ങൾക്കും മുമ്പിൽ മുട്ടുകുത്തുന്നവരായിട്ടല്ല, വചനം കൃത്യമായി മനസ്സിലാക്കി അനുസരിക്കയും അങ്ങനെ തന്നെ മറ്റുള്ളവരെ പഠിപ്പിക്കയും ചെയ്തുകൊണ്ടു നാം കർത്താവിന്റെ വേല നിർവ്വഹിക്കണം. മനുഷ്യരുടെ മുമ്പിൽ കുലുങ്ങാത്തവരായി നാം നിൽക്കുകയും ദൈവാത്മാവിനു പൂർണ്ണമായി കീഴ്പ്പെട്ടുകൊണ്ട് കർത്താവിനായി അദ്ധ്വാനിക്കയും ചെയ്യണം. തെറ്റായ ഉപദേശങ്ങൾക്കും

പാരമ്പര്യങ്ങൾക്കും കീഴ്പെടാതെ ധൈര്യത്തോടെ ഇന്നു നാം സത്യവചനത്തെ മുറുകെപ്പിടിക്കുന്നതുമൂലം നാശത്തിലേക്കു പൊയ്ക്കൊണ്ടിരിക്കുന്ന അനേകർ രക്ഷിക്കപ്പെടുമെന്നു മാത്ര മല്ല, ഒരു നാളിൽ വലിയ പ്രതിഫലം കർത്താവിൽ നിന്നു നമുക്കു ലഭിക്കയും ചെയ്യും. എബ്രായർ 10:35 ൽ നിന്ന് ഇക്കാര്യം വ്യക്ത മായി നമുക്കു മനസ്സിലാക്കാൻ സാധിക്കും. വാസ്തവമായി യേശുവിന്റെ കർത്തൃത്വം അനുഭവമാക്കിക്കൊണ്ട് വചനം കൃത്യ മായും സമ്പൂർണ്ണമായും അനുസരിച്ചു മുമ്പോട്ടു പോകുമ്പോ ഴാണ്, മനുഷ്യർ കുലുക്കാൻ ശ്രമിച്ചാലും കുലുങ്ങാത്ത, ഭയ പ്പെടുത്താൻ ശ്രമിച്ചാലും ഭയപ്പെടാത്ത, യോശുവയെപ്പോലുള്ള[3] വീരയോദ്ധാക്കളായി കർത്താവിന്റെ നാമത്തിൽ വൻ കാര്യങ്ങൾ ചെയ്യാൻ നമുക്കു സാധിക്കുന്നത്. അപ്പോൾ മാത്രമേ യേശുവിന്റെ ശിഷ്യത്വം ശരിയായ നിലയിൽ നമ്മുടെ ജീവിതത്തിൽ കാണ പ്പെടുകയുള്ളു. കർത്താവു നമ്മെക്കുറിച്ചാഗ്രഹിക്കുന്ന കാര്യങ്ങ ളെല്ലാം നിർവ്വഹിക്കാനാവശ്യമായ കഴിവുകൾ ദൈവം നമുക്കു നൽകുന്നതെങ്ങനെയെന്ന് ഇനി ചിന്തിക്കാം.

## B. കൃപാവരങ്ങൾ

### പെന്തെക്കൊസ്തു നാളിലെ അത്ഭുതം

യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്യുന്നതിനുമുമ്പ് തന്റെ ശിഷ്യൻമാരോട്, പരിശുദ്ധാത്മാവ് ഭൂമിയിലേക്കു വരു ന്നതുവരെ അവർ കാത്തിരിക്കണമെന്നും പരിശുദ്ധാത്മാവ് വന്ന് അവരിൽ ആവസിക്കുമ്പോൾ അവർ ശക്തി പ്രാപിച്ച് ഭൂമിയുടെ അറ്റത്തോളം തന്റെ സാക്ഷികളായിത്തീരുമെന്നും അരുളി

3. യിസ്രായേലിന്റെ നായകനായി ദൈവം എഴുന്നേല്പിച്ച യോശുവയ്ക്ക് ലഭിച്ച കല്പന 'നിന്റെ ദൈവമായ യഹോവ നീ പോകുന്നേടത്തൊക്കെയും നിന്നോടു കൂടെ ഉള്ളതുകൊണ്ടു ഉറപ്പും ധൈര്യവുമുള്ളവനായിരിക്ക; ഭയപ്പെടരുത്, ഭ്രമി ക്കയും അരുത് എന്നു ഞാൻ നിന്നോടു കല്പിച്ചുവല്ലോ' (യോശുവ 1:9) എന്നാ യിരുന്നു. ഈ കല്പനപ്രകാരം ധൈര്യത്തോടെ യോശുവ പ്രവർത്തിച്ചതിനാൽ യിസ്രായേലിനുവേണ്ടി വമ്പിച്ച വിജയങ്ങൾ നേടുവാൻ അദ്ദേഹത്തിനു കഴിഞ്ഞു വെന്നു വചനത്തിൽ നാം കാണുന്നു.

ച്ചെയ്തു. ഈ അരുളപ്പാട് അനുസരിച്ച് കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പിനു ശേഷം 50-ാം ദിവസം (പെന്തെക്കോസ്തു നാളിൽ) പരിശുദ്ധാത്മാവു ഭൂമിയിലേക്കു വന്നു. യെരുശലേമിൽ കർത്താവിന്റെ ശിഷ്യന്മാരുടെയും അവിടെ കൂടിയിരുന്നു പ്രാർത്ഥന കഴിച്ചു പോന്ന മറ്റുള്ളവരുടെയും മേൽ പരിശുദ്ധാത്മാവിന്റെ ശക്തി പകരപ്പെട്ടു. അപ്പോൾ അവർ അന്യഭാഷകളിൽ ദൈവത്തിന്റെ വൻകാര്യങ്ങൾ (യേശുമൂലമുള്ള പാപമോചനം, നിത്യരക്ഷ മുതലായവ) പ്രസംഗിക്കാൻ തുടങ്ങി (അപ്പോ. പ്രവൃ. 2:4-11). ഇപ്രകാരമൊരു കഴിവ് പരിശുദ്ധാത്മാവ് അവർക്ക് കൊടുത്തതിനു പ്രത്യേകമായ ഒരു ഉദ്ദേശ്യമുണ്ടായിരുന്നു. അപ്പോ. പ്രവൃ. 2:10-11 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നതുപോലെ പർത്ഥർ, മേദ്യർ, ഏലാമ്യർ, അറബികൾ തുടങ്ങിയ അന്യദേശക്കാർ അനേകർ ആ സമയത്ത് യെരുശലേമിലുണ്ടായിരുന്നു. അവരെല്ലാവരും യേശു മൂലമുള്ള സുവിശേഷം തങ്ങളുടെ മാതൃഭാഷകളിൽ ശിഷ്യന്മാർ പ്രസംഗിക്കുന്നത് ആ ശിഷ്യന്മാരിലുള്ള ദൈവാത്മശക്തിയുടെ വ്യക്തമായ തെളിവായി കാണുമെന്നതുകൊണ്ടും കൂടിയാണ് ഈ അന്യഭാഷാവരം ദൈവാത്മാവ് അന്നു നല്കിയത്. യേശുക്രിസ്തുമൂലമുള്ള രക്ഷയുടെ സന്ദേശം പ്രസംഗിക്കുന്ന വ്യക്തി, കേൾവിക്കാരുടെ മാതൃഭാഷയിൽ സംസാരിക്കുന്നതാണ് വചനത്തിലെ നടപടിക്രമം. ഇക്കാരണത്താലാണ്, പെന്തെക്കോസ്തു നാളിൽ അന്യഭാഷാവരം ലഭിച്ച പത്രോസ്, തന്റെ സ്വന്ത ഭാഷക്കാരായ യെഹൂദന്മാരോടു സംസാരിച്ചപ്പോൾ തനിക്കുണ്ടായിരുന്ന അന്യഭാഷാവരമുപയോഗിക്കാതെ അവർക്കു മനസ്സിലാകുന്ന, അവരുടെയും തന്റെയും മാതൃഭാഷയിൽ തന്നെ സുവിശേഷം പ്രസംഗിച്ചത് (അപ്പൊ. പ്രവൃ. 2:14-40).

## കൃപാവരങ്ങളുടെ ഉദ്ദേശ്യം

യേശുവിന്റെ ശിഷ്യന്മാർക്കു പരിശുദ്ധാത്മാവ് പല കൃപാവരങ്ങളും നല്കി; അതിന്റെ ഫലമായിട്ടാണ് ശക്തിയോടും

ധൈര്യത്തോടും കൂടെ വചനം പ്രസംഗിക്കുവാനും അനേകരെ രക്ഷയിലേക്കു നടത്തുവാനും അവർക്കു സാധിച്ചത്. കൃപാവരങ്ങൾ എന്തൊക്കെയാണെന്നും അവയുടെ ഉദ്ദേശ്യം എന്താണെന്നും ശരിയായി മനസ്സിലാക്കേണ്ടത് ആവശ്യമാണ്. പഴയനിയമകാലത്തു ദൈവത്തിന്റെ തിരുനിവാസം നിർമ്മിക്കുന്നതിനാവശ്യമായ വിശേഷജ്ഞാനം ബസലേൽ എന്നയാളിനു പരിശുദ്ധാത്മാവു നൽകി അവനെ ജ്ഞാനവും ബുദ്ധിയും അറിവും സകലവിധ സാമർത്ഥ്യവും കൊണ്ടു നിറച്ചതായി പുറപ്പാടു പുസ്തകം 35:30-33 വരെ വാക്യങ്ങളിൽ വായിക്കുന്നു. ദൈവഹിത പ്രകാരമുള്ള ഒരു കർത്തവ്യം നിർവ്വഹിക്കുന്നതിനുള്ള പ്രത്യേക കഴിവാണ് പരിശുദ്ധാത്മാവ് ബസലേലിനു കൊടുത്തത്. പെന്തെക്കോസ്തു നാളിൽ വിവിധ രാജ്യക്കാരായ ആളുകളെ അവരുടെ സ്വന്തം ഭാഷകളിൽത്തന്നെ സുവിശേഷം കേൾപ്പിക്കുക എന്ന ഉദ്ദേശ്യം സാധിക്കുന്നതിനായിരുന്നു കർത്താവ് തന്റെ ശിഷ്യന്മാർക്ക് അന്യഭാഷാവരം നൽകിയത്. കൃപാവരം എന്ന പദത്തിന് കൃപയാൽ ദൈവം ദാനമായി നൽകിയിരിക്കുന്ന വരം അഥവാ പ്രത്യേക കഴിവ് എന്നാണർത്ഥം. പ്രയോജനമുള്ള ചില കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടിയാണ് ആ കഴിവുകൾ ദൈവം തരുന്നത്; ദൈവംതരുന്ന കഴിവുകളിൽ (കൃപാവരങ്ങളിൽ) ഒന്നുപോലും എന്തെങ്കിലും കാര്യസാദ്ധ്യത (പ്രയോജനം) ഇല്ലാത്തതായി കാണപ്പെടുകയില്ല. ഒരു ശില്പിയുടെ കയ്യിലെ പണിയായുധങ്ങൾപോലെയാണ് ഈ കൃപാവരങ്ങൾ. ശില്പിയുടെ പണിയായുധങ്ങൾ തമാശ കാണിക്കാനോ രസിക്കാനോ ഉള്ള കളിപ്പാട്ടങ്ങളായി ഇരിക്കുന്നില്ല; അതുപോലെ തന്നെ കർത്താവിന്റെ ദാസീദാസന്മാർക്കു നൽകപ്പെടുന്ന കൃപാവരങ്ങളും യാതൊരു കാര്യസാദ്ധ്യതയും ഇല്ലാത്ത കഴിവുകളായി ഇരിക്കുന്നില്ല. അപ്പോസ്തലിക കാലത്തു ശിഷ്യന്മാർക്കു നല്കപ്പെട്ട കൃപാവരങ്ങളെന്തൊക്കെയായിരുന്നുവെന്നും അവ എന്തിനെല്ലാം വേണ്ടി ഉപയോഗിക്കപ്പെട്ടു എന്നും പരിശോധിക്കുമ്പോൾ ഈ സത്യങ്ങൾ നമുക്കു വ്യക്തമാകും.

## അന്യഭാഷാവരം

അപ്പോസ്തലിക കാലത്തു കർത്താവിന്റെ ശിഷ്യന്മാർക്കു നൽകപ്പെട്ട പല കൃപാവരങ്ങളിൽ ഒന്നായിരുന്നു അന്യഭാഷാ വരം. ഇതുമൂലം പെന്തെക്കോസ്തുനാളിൽ ശിഷ്യന്മാർക്ക് അത്ഭുതകരമായ ചില കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞതായി കണ്ടു വല്ലോ. അതിനുശേഷവും അന്യഭാഷാവരം ഉപയോഗിക്കപ്പെട്ട സന്ദർഭങ്ങളിലെല്ലാം പ്രയോജനകരമായ ചില കാര്യങ്ങൾ സാധിച്ചതായി നാം കാണുന്നു. അപ്പോ. പ്രവൃ. 10:14-28 വരെ വാക്യങ്ങളിൽ ഇപ്രകാരം നാം വായിക്കുന്നു. "ഈ വാക്കുകളെ പത്രോസ് പ്രസ്താവിക്കുമ്പോൾ തന്നെ വചനം കേട്ട എല്ലാവരുടെ മേലും പരിശുദ്ധാത്മാവ് വന്നു. അവർ അന്യഭാഷകളിൽ സംസാരിക്കുന്നതും ദൈവത്തെ മഹത്വീകരിക്കുന്നതും കേൾക്കയാൽ പത്രോസിനോടുകൂടെ വന്ന പരിച്ഛേദനക്കാരായ വിശ്വാസികൾ പരിശുദ്ധാത്മാവ് എന്ന ദാനം ജാതികളുടെ മേലും പകർന്നതു കണ്ടു വിസ്മയിച്ചു." കൊർന്നെല്യോസിന്റെ ഭവനത്തിൽ കൂടി വന്നിരുന്ന ആളുകൾ യേശുമൂലമുള്ള രക്ഷയെക്കുറിച്ചു പത്രോസിൽ നിന്നു കേട്ടപ്പോൾ സംഭവിച്ച കാര്യമാണ് ഇവിടെ വിവരിക്കുന്നത്. യെഹൂദരല്ലാത്ത ജാതികൾക്ക് യേശുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ട് സഭയുടെ അംഗങ്ങളായിത്തീരാൻ കഴിയുമോ എന്ന കാര്യത്തിൽ യെഹൂദക്രിസ്ത്യാനികൾക്കു സംശയമുണ്ടായിരുന്നു. അവരുടെ ആ സംശയം പരിഹരിക്കുന്നതിനും അവരെപ്പോലെ തന്നെ ജാതികൾക്കും യേശുവിൽ വിശ്വസിച്ചു പാപപരിഹാരം പ്രാപിച്ചു സഭയുടെ അംഗങ്ങളായിത്തീരാൻ കഴിയുമെന്ന് അവർക്കു ബോദ്ധ്യം വരുത്തുന്നതിനും അവിടെ അന്യഭാഷാവരം ഉപയോഗിക്കപ്പെട്ടു. പെന്തക്കൊസ്ത് നാളിൽ ശിഷ്യൻമാർ അന്യഭാഷകളിൽ സംസാരിച്ചതുപോലെ കൊർന്നെല്യോസിന്റെ ഭവനത്തിലുണ്ടായിരുന്നവരും അന്യഭാഷകളിൽ സംസാരിക്കുന്നതു കണ്ടപ്പോഴാണ് യെഹൂദക്രിസ്ത്യാനികൾ അവരെ സഭയുടെ അംഗങ്ങളായി സ്വീകരിച്ചതും അവരെ സ്നാനപ്പെടുത്താൻ തയ്യാറായതും

(അപ്പോ. പ്രവൃ. 10: 47–48). അപ്പോ. പ്രവൃ. 19: 1–7 വരെ വാക്യങ്ങളിൽ എഫെസോസിലെ ചില ശിഷ്യന്മാർ ആ പേരിൽ അറിയപ്പെട്ടിരുന്നെങ്കിലും വാസ്തവത്തിൽ യേശുവിന്റെ ശിഷ്യന്മാർ ആയിത്തീർന്നിട്ടുണ്ടോ എന്നു പൗലോസിനു സംശയമുണ്ടായിരുന്നു. തന്റെ സംശയനിവാരണത്തിനായി അദ്ദേഹം അവരോട് ചില ചോദ്യങ്ങൾ ചോദിച്ചു. അവയുടെ മറുപടിയിൽ നിന്ന്, അവർ വാസ്തവത്തിൽ യേശുവിൽ വിശ്വസിച്ചിരുന്നില്ല എന്നു വ്യക്തമായി. യേശുവിനെക്കുറിച്ച് അവർക്ക് അദ്ദേഹം പറഞ്ഞുകൊടുക്കയും അവർ യേശുവിൽ വിശ്വസിച്ച ശേഷം സ്നാനമേൽക്കുകയും ചെയ്തു. അദ്ദേഹം അവരുടെ മേൽ കൈവച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെ മേൽ വരികയും അവർ അന്യഭാഷകളിൽ സംസാരിക്കയും പ്രവചിക്കയും ചെയ്തു. ഇവിടെയും അന്യഭാഷാവരം ദൈവാത്മാവ് ഉപയോഗിച്ചത് ആ ആളുകൾ വാസ്തവമായി യേശുക്രിസ്തുവിൽ വിശ്വസിച്ചു എന്നും അവർ ദൈവത്താൽ സ്വീകരിക്കപ്പെട്ടു എന്നും സംശയരഹിതമായി തെളിയിക്കുന്നതിന് വേണ്ടി ആയിരുന്നു.

തക്കതായ ആവശ്യം ഇല്ലാതിരുന്ന അവസരങ്ങളിൽ അന്യഭാഷാവരം നല്കപ്പെട്ടിരുന്നതായി നാം കാണുന്നില്ല. കൊർന്നെല്യോസിന്റെ ഭവനത്തിൽ കൂടിവന്നിരുന്നവർക്ക് യേശുവിൽ വിശ്വസിച്ച നിമിഷത്തിൽ തന്നെ ഈ വരം ലഭിച്ചുവെങ്കിലും അതിശ്രേഷ്ഠ അപ്പോസ്തലനായ പൗലോസ് യേശുവിൽ വിശ്വസിച്ചപ്പോൾ അദ്ദേഹത്തിന് ഈ വരം കിട്ടിയതായി നാം വായിക്കുന്നില്ല (അപ്പോ. പ്രവൃ 9: 18); അതുപോലെ തന്നെ എത്യോപ്യക്കാരനായ ഷണ്ഡൻ യേശുവിൽ വിശ്വസിച്ചു സ്നാനമേറ്റെങ്കിലും അയാൾക്ക് അന്യഭാഷാവരം കിട്ടിയതായി നാം കാണുന്നില്ല (അപ്പോ പ്രവൃ 8: 34–39). അന്യഭാഷ എന്ന കൃപാവരം ദൈവം എല്ലാ വിശ്വാസികൾക്കും നൽകിയിരുന്നില്ല എന്നാണു വചനത്തിൽ നിന്നു മനസ്സിലാകുന്നത്. ഓരോരുത്തരെക്കുറിച്ചും ദൈവം ആഗ്രഹിക്കുന്ന ശുശ്രൂഷകൾ നിർവ്വഹിക്കാൻ സാധിക്കത്തക്കവണ്ണം തന്റെ ഇഷ്ടപ്രകാരം ദൈവാത്മാവ് അവർക്ക് നൽകുന്ന കഴിവുകളാണ് കൃപാവരങ്ങൾ എന്നു നാം നേരത്തെ

കണ്ടുവല്ലോ; 1 കൊരി 12-ാം അദ്ധ്യായത്തിൽ ഇക്കാര്യം വ്യക്തമായി പറയുകയും ചെയ്തിരിക്കുന്നു. ഈ സത്യങ്ങളുടെ വെളിച്ചത്തിൽ ചിന്തിച്ചാൽ അപ്പോസ്തലിക കാലത്തു തന്നെ എല്ലാവർക്കും അന്യഭാഷാവരം നൽകപ്പെടാതിരിക്കുന്നതിന്റെയും അക്കാര്യം 1 കൊരി. 12:30 ൽ പ്രത്യേകം ചൂണ്ടിക്കാണിച്ചിരിക്കുന്നതിന്റെയും കാരണം മനസ്സിലാക്കാൻ വിഷമമുണ്ടാകയില്ല.

ഒന്നാം നൂറ്റാണ്ടിൽ പലർക്കും നൽകപ്പെട്ടിരുന്ന ഭാഷാവരം നിഷ്പ്രയോജനമായ വിധത്തിൽ ഉപയോഗിക്കരുതെന്നു കല്പന നൽകപ്പെട്ടിരുന്നു. കൊരിന്തു പട്ടണത്തിലെ സഭയിൽ ആ ദേശത്തെ ഭാഷ സംസാരിക്കുന്നവർ മാത്രമേ ഉണ്ടായിരുന്നുള്ളു; അതിനാൽ ആ സഭയിൽ ഭാഷാവരം ലഭിച്ചിട്ടുള്ള ഒരാൾ അന്യഭാഷയിൽ സംസാരിച്ചാൽ എന്താണു സംസാരിക്കുന്നതെന്ന് അവിടെ ആർക്കും തിരിച്ചറിയാനൊക്കുകയില്ലെന്നും (1 കൊരി. 14:2) അയാളുടെ പ്രസംഗം നാട്ടുഭാഷയിലേക്കു തർജ്ജമ (വ്യാഖ്യാനം) ചെയ്യാൻ ആളില്ലെങ്കിൽ അയാൾ അന്യഭാഷയിൽ പ്രസംഗിക്കരുതെന്നും പൗലോസപ്പോസ്തലൻ അവരെ ഉദ്ബോധിപ്പിച്ചു (1 കൊരി. 14: 28). കേൾവിക്കാർക്ക് ഏറ്റവും നന്നായി മനസ്സിലാകുന്ന അവരുടെ സ്വന്തം ഭാഷയിൽ വേണം അവരോട് സംസാരിക്കേണ്ടത് എന്ന തത്ത്വത്തിന്റെ അടിസ്ഥാനത്തിലാണ് മറ്റു ഭാഷക്കാരെ വചനം കേൾപ്പിക്കുന്നതിനായി അന്യഭാഷാവരം കർത്താവു തന്റെ ശിഷ്യന്മാർക്കു നൽകിയത്. ഈ ഉദ്ദേശ്യമനുസരിച്ച് പ്രവർത്തിക്കുന്നതിനു വേണ്ടിത്തന്നെയായിരുന്നു ആ വരം ഏറ്റവും പ്രധാനമായി ഉപയോഗിക്കപ്പെട്ടത്. ചുരുക്കം ചില സന്ദർഭങ്ങളിൽ ചിലരുടെ സംശയപരിഹാരത്തിനായുംകൂടി ഈ കൃപാവരം അപ്പോസ്തലിക കാലത്ത് ഉപയോഗിക്കപ്പെട്ടതായി നാം കാണുന്നുണ്ട്.

## ചില കൃപാവരങ്ങൾ നിന്നുപോകാൻ കാരണം

അപ്പോസ്തലിക കാലത്തു കർത്താവു തന്റെ ശിഷ്യന്മാർക്കു നൽകിയിരുന്ന കൃപാവരങ്ങളിൽ വീര്യപ്രവൃത്തികൾ, രോഗശാന്തി, പ്രവചനം, അന്യഭാഷ, അന്യഭാഷാവ്യാഖ്യാനം (തർജ്ജമ)

ഇവയെല്ലാമുണ്ടായിരുന്നു. അതുകൊണ്ടാണ് മരിച്ചുപോയ തബീഥ[4]യെ ഉയിർപ്പിക്കാനും ജന്മനാ മുടന്തനായിരുന്നവനെ സൗഖ്യമാക്കാനും (അപ്പോ. പ്രവൃ. 3: 1–10) പത്രോസപ്പോസ്തലനു കഴിഞ്ഞത്. അന്ന് അപ്പോസ്തലൻമാർ മൂലം നടന്നിരുന്ന ഇത്തരത്തിലുള്ള വീര്യപ്രവൃത്തികൾ പിൽക്കാലത്ത് തുടർന്നതായി കാണുന്നില്ല; മാത്രമല്ല അന്നുതന്നെ ഈ വീര്യപ്രവൃത്തികൾ പ്രത്യേകമായ ദൈവാത്മപ്രേരണയനുസരിച്ചു മാത്രമേ ചെയ്യപ്പെട്ടിരുന്നുമുള്ളു. മരിച്ചവരെ ഉയിർപ്പിക്കാനുള്ള കഴിവ് പത്രോസിനു ദൈവം നൽകിയിരുന്നെങ്കിലും മരിച്ച ഏവരേയും ഉയിർപ്പിക്കാൻ അദ്ദേഹം തുനിഞ്ഞില്ല; രക്തസാക്ഷിയായി മരിച്ച, യോഹന്നാന്റെ സഹോദരനായ യാക്കോബിനെപ്പോലും ഉയിർപ്പിക്കാൻ അദ്ദേഹം ശ്രമിച്ചില്ല (അപ്പോ. പ്രവൃ. 12:1–3). അപ്പോസ്തലനായ പൗലോസിന്റെ തന്നെ കണ്ണിനു രോഗമുണ്ടായിരുന്നു എന്നും അതു ദൈവം മാറ്റിക്കൊടുത്തില്ല എന്നും ഗലാത്യർ 4:13–15;6–11 എന്നീ വചനഭാഗങ്ങൾ വ്യക്തമാക്കുന്നു. രോഗികളെ സൗഖ്യമാക്കുക, മരിച്ചവരെ ഉയിർപ്പിക്കുക തുടങ്ങിയ അത്ഭുതപ്രവൃത്തികൾ ചെയ്യുന്നത് അതിൽത്തന്നെ ഒരു ലക്ഷ്യമായിരുന്നില്ല; ഭൂമിയിലെ രോഗത്തിന്റെയും മരണത്തിന്റെയും പരിഹാരമാർഗ്ഗമായിട്ടല്ല വീര്യപ്രവൃത്തികളുടെ വരം അപ്പോസ്തലന്മാർക്ക് ദൈവം നൽകിയത്; അതിന്റെയും മറ്റു ചില കൃപാവരങ്ങളുടെയും ഉദ്ദേശ്യം വേറൊന്നായിരുന്നു: അപ്പോസ്തലന്മാർ പ്രസ്താവിക്കുന്നതു സാക്ഷാൽ ദൈവവചനം തന്നെയാണെന്നും അവർ എഴുതുന്ന ലേഖനങ്ങളും സുവിശേഷങ്ങളുമെല്ലാം ദൈവനിയോഗപ്രകാരം രേഖപ്പെടുത്തുന്ന തിരുവെഴുത്തുകൾ തന്നെയാണെന്നും ആളുകൾക്ക് ബോദ്ധ്യപ്പെടേണ്ടത് ആവശ്യമായിരുന്നു; പരിശുദ്ധാത്മാവ് അവർക്കു വീര്യപ്രവൃത്തികളുടെ വരം നൽകിക്കൊണ്ട് അവർ മൂലം ചില അവസരങ്ങളിൽ മരിച്ചവരെ ഉയിർപ്പിച്ചതും അനേകം രോഗികളെ സൗഖ്യമാക്കിയതും

4. തബീഥാ എന്ന, സൽപ്രവൃത്തികളിൽ സമ്പന്നയായിരുന്ന ഒരു സഹോദരി മരിച്ചപ്പോൾ പത്രോസ് അവിടെ ചെല്ലുകയും അവളെ ഉയിർത്തെഴുന്നേൽപ്പിക്കയും ചെയ്തു (അപ്പോ. പ്രവൃ. 9:36–42)

നിരവധി അത്ഭുതങ്ങൾ ചെയ്തതുമൊക്കെ ഈ ബോദ്ധ്യം ജനങ്ങളുടെ ഹൃദയങ്ങളിൽ ഉളവാക്കുന്നതിനു വേണ്ടിയായിരുന്നു. "കർത്താവു താൻ പറഞ്ഞു തുടങ്ങിയതും ദൈവം അടയാളങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ടും സാക്ഷിനിന്നതും കേട്ടവർ നമുക്കു ഉറപ്പിച്ചുതന്നതുമായ ഇത്ര വലിയ രക്ഷ..." എന്ന് എബ്രായർ 2:3-4 വാക്യങ്ങളിൽ കാണുന്നു. "അവർ പുറപ്പെട്ടു എല്ലാടത്തും പ്രസംഗിച്ചും കർത്താവ് അവരോട് കൂടെ പ്രവർത്തിച്ചും അവരാൽ നടന്ന അടയാളങ്ങളാൽ വചനത്തെ ഉറപ്പിച്ചും പോന്നു" എന്ന് മർക്കോസ് 16:20 ൽ വായിക്കുന്നു. നമ്മുടെ രക്ഷയുടെ വചനമാകുന്ന യേശുക്രിസ്തുവിന്റെ പുതിയനിയമം സാക്ഷാൽ ദൈവവചനം തന്നെയാണെന്ന് ഉറപ്പിക്കപ്പെട്ടത്, അതെഴുതിയ അപ്പോസ്തലന്മാരിലൂടെ പരിശുദ്ധാത്മാവു പ്രവർത്തിച്ച അടയാളങ്ങളാലും അത്ഭുതങ്ങളാലും വീര്യപ്രവൃത്തികളാലുമായിരുന്നു എന്നാണ് ഇതിൽ നിന്നു വ്യക്തമാകുന്നത്. പുതിയനിയമപുസ്തകങ്ങൾ ദൈവവചനമാണെന്നു തെളിയിക്കുന്നതിനായി ഉപയോഗിച്ച കൃപാവരങ്ങൾ ആ ഉദ്ദേശ്യം സാധിച്ചു കഴിഞ്ഞു തുടർന്നു നിലനിർത്തേണ്ട ആവശ്യമില്ലായിരുന്നു; അതുകൊണ്ടാണ്, അപ്പോസ്തലിക കാലത്തിനുശേഷം ആരും പത്രോസ് ചെയ്തതുപോലെ, വരുന്ന രോഗികളെയും അശുദ്ധാത്മാക്കൾ ബാധിച്ചവരായ എല്ലാവരെയും (അപ്പോ. പ്രവ. 5:16) സൗഖ്യമാക്കുന്നതായി നാം കാണാത്തത്.

## നീങ്ങിപ്പോയ വരങ്ങൾ

1 കൊരിന്ത്യർ 13-ാം അദ്ധ്യായത്തിൽ നീങ്ങിപ്പോകുന്ന ചില കാര്യങ്ങളെക്കുറിച്ചും നീങ്ങിപ്പോകാതെ നിലനില്ക്കുന്ന ചില കാര്യങ്ങളെക്കുറിച്ചും പറഞ്ഞിരിക്കുന്നു.നിലനില്ക്കുന്നതായി പറഞ്ഞിട്ടുള്ളവ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയാണ് (1 കൊരി. 13:13). ഇവ എന്നുവരെയാണു നീങ്ങിപ്പോകാതെ നിലനിൽക്കുന്നതെന്നു പറഞ്ഞിട്ടില്ല; അതു മനസ്സിലാക്കാൻ വിഷമമില്ല. സ്നേഹം ഒരിക്കലും നീങ്ങിപ്പോകുന്നതല്ല എന്ന്

ഈ അദ്ധ്യായം 8-ാം വാക്യത്തിൽ പറയുന്നു. നമ്മുടെ വിശ്വാസവും പ്രത്യാശയും യേശുക്രിസ്തുവിന്റെ രണ്ടാം വരവിങ്കൽ യാഥാർത്ഥ്യങ്ങളായി രൂപാന്തരപ്പെടും; ഇന്നു നാം വചനപ്രകാരം വിശ്വസിക്കയും ആശിക്കയും ചെയ്യുന്നത് അന്നു യാഥാർത്ഥ്യങ്ങളായി നമ്മുടെ മുമ്പാകെ രൂപാന്തരപ്പെട്ടിരിക്കുന്നതു നാം കാണും. അതിനാൽ ഇന്നു നമുക്കുള്ള വിശ്വാസവും പ്രത്യാശയും അതേ നിലയിൽ തുടരുന്നത് യേശുക്രിസ്തുവിന്റെ രണ്ടാം വരവുവരെയാണെന്നു നമുക്കു മനസ്സിലാക്കാം. എന്നാൽ ചില കൃപാവരങ്ങൾ ഇവ നിലനിൽക്കുന്നിടത്തോളം നിലനില്ക്കയില്ല, അവ നീങ്ങിപ്പോകും എന്നാണു വചനത്തിൽ പറഞ്ഞിരിക്കുന്നത്; അതായത് നമ്മുടെ വിശ്വാസവും പ്രത്യാശയും യേശുവിന്റെ രണ്ടാം വരവു വരെ നിലനില്ക്കുമ്പോൾ, നീങ്ങിപ്പോകുമെന്നു പറഞ്ഞിരിക്കുന്ന കൃപാവരങ്ങൾ അതുവരെ നിലനില്ക്കയില്ല, അതിനു മുമ്പായി അവ നീങ്ങിപ്പോകും എന്നാണർത്ഥം; നീങ്ങിപ്പോകുമെന്നു പറഞ്ഞിട്ടുള്ളവയിൽ പ്രധാനമായവ അന്യഭാഷാവരവും പ്രവചനവരവും (1 കൊരി. 13:8) ആണ്. അപ്പോസ്തലിക കാലത്തു ഭാഷാവരം ദൈവാത്മാവ് അന്നത്തെ വിശ്വാസികളിൽ പലർക്കും നൽകിയിരുന്നു എന്നു നാം കണ്ടതാണ്. അന്ന് ഉപയോഗിച്ചു കൊണ്ടിരുന്ന ഈ വരം ഇക്കാലത്ത് അന്നത്തെപ്പോലെ തന്നെ ഉപയോഗിക്കാനുള്ള കഴിവ് ദൈവം ആർക്കും നൽകിയിരിക്കുന്നതായി നാം അറിയുന്നില്ല. ഇന്ന് ഈ ഭാഷാവരം നിലവിലുണ്ടായിരുന്നെങ്കിൽ ഇംഗ്ലീഷുകാരനായ സായ്പ്പിന് മലയാളം പഠിക്കാതെ കേരളത്തിലുള്ളവരോട് മലയാളത്തിലും തമിഴരോട് തമിഴിലും വചനം സംസാരിക്കാൻ കഴിഞ്ഞേനേ; ഹിന്ദി പഠിച്ചിട്ടില്ലാത്ത മലയാളിക്കു വടക്കേ ഇന്ത്യയിലെ ഹിന്ദിക്കാരോടു ഹിന്ദിയിൽ ഒരു പ്രയാസവും കൂടാതെ ദൈവവചനം സംസാരിക്കാൻ കഴിഞ്ഞേനേ; ഇപ്രകാരമുള്ള യഥാർത്ഥമായ അന്യഭാഷാവരം ആർക്കും നൽകപ്പെട്ടിരിക്കുന്നതായി നാം കാണുന്നില്ല; അതിനാൽ അപ്പോസ്തലിക കാലം കഴിഞ്ഞതോടു കൂടിത്തന്നെ ഈ കൃപാവരം നിന്നുപോയി എന്നു വേണം മനസ്സിലാക്കുവാൻ.

'പ്രവചനം' എന്ന പദത്തിനു ഭാവിയിൽ സംഭവിക്കാനുള്ളതു ദൈവിക വെളിപ്പാടനുസരിച്ചു സംസാരിക്കുക (എഴുതുക) എന്ന അർത്ഥവും (വെളിപ്പാട് 22:7) ദൈവവചന സത്യങ്ങൾ വിശദീകരിച്ചു സംസാരിക്കുക എന്ന അർത്ഥവും (1 കൊരി. 14:3) ഉണ്ട്. ഇവയിൽ ഒന്നാമത്തെ അർത്ഥത്തിലുള്ള പ്രവചനവരമാണ് 1 കൊരി.[5] 13:8; വെളിപ്പാട് [6] 22:18 എന്നീ വാക്യങ്ങൾ പ്രകാരം നീങ്ങിപ്പോയിരിക്കുന്നത്. രണ്ടാമത്തെ അർത്ഥമനുസരിച്ചുള്ള പ്രവചനവരം നീങ്ങിപ്പോകുമെന്നു വചനത്തിൽ പറഞ്ഞിട്ടില്ല;

5. "......പ്രവചനവരമോ, അതു നീങ്ങിപ്പോകും; ഭാഷാവരമോ അതു നിന്നു പോകും; ജ്ഞാനമോ, അതു നീങ്ങിപ്പോകും. അംശമായി മാത്രം നാം അറിയുന്നു; അംശമായി മാത്രം പ്രവചിക്കുന്നു; പൂർണ്ണമായതു വരുമ്പോഴോ അംശമായതു നീങ്ങിപ്പോകും" (1 കൊരി. 13:8-10). നീങ്ങിപ്പോകും എന്നു ഇവിടെ പറഞ്ഞിരിക്കുന്ന ജ്ഞാനം ഏതാണെന്ന് അതിനു ശേഷം കാണുന്ന വാചകം വ്യക്തമാക്കുന്നു. അംശമായ (അപൂർണ്ണമായ) അറിവിനെ (ജ്ഞാനത്തെ)യാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്. അതു നീങ്ങിപ്പോയിട്ട് അതിന്റെ സ്ഥാനത്ത് പൂർണ്ണമായ അറിവ് (പൂർണ്ണമായ ജ്ഞാനം) വരുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഉള്ള ജ്ഞാനം നഷ്ടപ്പെട്ട് ദൈവമക്കൾ ഏതെങ്കിലും സമയത്ത് അജ്ഞാനികളായിത്തീരുമെന്നല്ല വാക്യത്തിന്റെ അർത്ഥം. ഈ ലേഖനം പൗലോസപ്പോസ്തലൻ കൊരിന്തു സഭയ്ക്കെഴുതിയപ്പോൾ, ഭാവിയിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചു പൂർണ്ണമായി പ്രസ്താവിക്കുന്ന ബൈബിളിന്റെ അവസാനപുസ്തകം (വെളിപ്പാടുപുസ്തകം) എഴുതപ്പെട്ടിരുന്നില്ല. അത് എഴുതപ്പെട്ട്, ദൈവവചനം പൂർണ്ണരൂപത്തിൽ ദൈവജനത്തിനു കിട്ടുന്നതുവരെ ദൈവത്തിന്റെ കാര്യപരിപാടികളെക്കുറിച്ചുള്ള അവരുടെ ജ്ഞാനം (അറിവ്) അപൂർണ്ണമായി (അംശമായി) ഇരിക്കും എന്നും ആ പുസ്തകവും കൂടി എഴുതപ്പെട്ടു കഴിയുമ്പോൾ അവയെകുറിച്ചുള്ള പൂർണ്ണമായ ജ്ഞാനം അവർക്ക് ലഭിക്കുമെന്നുമാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ഇത്തരത്തിലുള്ള ജ്ഞാനത്തിന്റെ ഒരു ഉദാഹരണം അപ്പോ. പ്രവൃ. 21:10-12 വാക്യങ്ങളിൽ കാണാൻ സാധിക്കും. വെളിപ്പാടു പുസ്തകം യോഹന്നാൻ അപ്പോസ്തലൻ എഴുതുന്നതുവരെ ഭാവികാല സംഭവങ്ങളെക്കുറിച്ച് ദൈവാത്മാവ് വെളിപ്പെടുത്തിയിരുന്നത് അംശമായി മാത്രമായിരുന്നു. ദൈവവചനം പൂർണ്ണരൂപത്തിൽ വെളിപ്പെടുത്തിക്കഴിഞ്ഞു തന്റെ കാര്യപരിപാടികൾ അംശമായ നിലയിൽ ആർക്കും വെളിപ്പെടുത്തി കൊടുക്കേണ്ട ആവശ്യം ഉണ്ടായിരിക്കയില്ല; അതിനാൽ വെളിപ്പാടു പുസ്തകവും കൂടെ എഴുതപ്പെട്ടു ബൈബിൾ പൂർണ്ണമായ രൂപത്തിൽ നൽകപ്പെടുന്നതോടെ 'അംശമായ (പ്രവചന) ജ്ഞാനം' നീങ്ങിപ്പോകും എന്നാണ് ഈ വേദഭാഗത്തു ദൈവാത്മാവു വ്യക്തമാക്കിയിരിക്കുന്നത്.

6. "ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ: അതിനോടു ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവനു വരുത്തും" (വെളി. 22:18). ഈ വാക്യത്തിന്റെ അർത്ഥം ഈ പുസ്തകം എഴുതിക്കഴിഞ്ഞതോടു കൂടി പ്രവചനവരം [വചന സത്യങ്ങൾ വിശദീകരിക്കുന്ന പ്രവചനവരമല്ല] നിന്നുപോയി എന്നാണ്.

അതു നീങ്ങിപ്പോയിട്ടില്ലാത്തതുകൊണ്ടാണ് ദൈവവചന സത്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള പ്രസംഗങ്ങൾ ഇന്നും നമുക്കു കേൾക്കാൻ കഴിയുന്നത്.

## വിശ്വാസം

വിശ്വാസത്തെ ഒരു കൃപാവരമായി 1 കൊരി. 12:9 ൽ വിശേഷിപ്പിച്ചിരിക്കുന്നു. രക്ഷയ്ക്കടിസ്ഥാനമായ വിശ്വാസമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. ദൈവത്തിന്റെ ശക്തി നമ്മിലൂടെ വ്യാപരിക്കുന്നതിനും കർത്താവിന്റെ നാമത്തിൽ മഹത്തായ കാര്യങ്ങൾ ചെയ്യുന്നതിനും നമ്മെ പ്രാപ്തിപ്പെടുത്തുന്ന വിശ്വാസത്തെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ഈ വിശ്വാസത്തിന്റെ പ്രയോജനത്തെപ്പറ്റി എഫെസ്യർ 1:19 ൽ "വിശ്വസിക്കുന്ന നമുക്കു വേണ്ടി വ്യാപരിക്കുന്ന അവന്റെ (യേശുക്രിസ്തുവിന്റെ) ശക്തിയുടെ അളവറ്റ വലിപ്പം..." എന്നു പറഞ്ഞിരിക്കുന്നു. ആകാശത്തിലെ സകല നക്ഷത്രങ്ങളും ഗോളങ്ങളും ഭൂമിയിലെ സകല ജീവജാലങ്ങളും സൃഷ്ടിക്കുകയും യിസ്രായേലിന്നുവേണ്ടി ചെങ്കടൽ വിഭാഗിച്ചു കൊടുത്ത് അവരെ ഉണങ്ങിയ നിലത്തുകൂടി മറുകരയിലേക്കു നടത്തുകയും ചെയ്ത (പുറപ്പാട് 14-ാം അദ്ധ്യായം) സർവ്വശക്തനായ ദൈവത്തിന്റെ അളവറ്റ ശക്തിയെ ഭൂമിയിലേക്കു പ്രവഹിപ്പിക്കുന്ന സ്വിച്ചാണ് നമുക്കു നൽകപ്പെട്ടിരിക്കുന്ന വിശ്വാസം[7] എന്ന കൃപാവരം. ഇതിന്റെ വിലയും പ്രാധാന്യവും ദൈവമക്കളായ നാം വളരെക്കുറച്ചേ മനസ്സിലാക്കിയിട്ടുള്ളു. പരിശുദ്ധാത്മനിറവിന്റെ ഫലമായിട്ടാണ് ഈ കൃപാവരം നമുക്കു ലഭിക്കുന്നത്. ഇതു ലഭിക്കുന്ന വിശ്വാസികൾക്കു മാത്രമേ ഇന്നു കർത്താവിനു വേണ്ടി വൻകാര്യങ്ങൾ ചെയ്യുവാനും

7. വിശ്വാസം എന്ന കൃപാവരം കൊണ്ടർത്ഥമാക്കുന്നത് ദൈവഹിതത്തെക്കുറിച്ചുള്ള വ്യക്തമായ ദർശനവും ദൈവികവാഗ്ദത്തങ്ങളിലുള്ള ഉറപ്പേറിയ ആശ്രയവും അവയനുസരിച്ചു പ്രവർത്തിക്കാനുള്ള സന്നദ്ധതയുമാണ്. യിസ്രായേൽ ജനത്തെ മിസ്രയീമിൽ (ഈജിപ്തിൽ) നിന്ന് കനാൻനാട്ടിലേക്കു നയിച്ച മോശെയുടെയും കനാൻ നാടു കീഴടക്കിയ യോശുവയുടെയും ജീവിതാനുഭവങ്ങൾ പരിശോധിച്ചാൽ (പുറപ്പാട്, യോശുവ എന്നീ പഴയനിയമ പുസ്തകങ്ങൾ വായിക്കുക) ഒരു കൃപാവരമെന്ന നിലയിൽ വിശ്വാസത്തിന്റെ പ്രാധാന്യവും പ്രയോജനവും മനസ്സിലാക്കാം.

അനേകരെ രക്ഷയിലേക്കു നടത്തുവാനും സാധിക്കയുള്ളു. ഈ കൃപാവരത്തിന്റെ പ്രാധാന്യവും പ്രയോജനവും അതുമൂലം സാധിക്കാൻ കഴിയുന്ന കാര്യങ്ങളും നമുക്കു ചിന്തിക്കാൻ കഴിയുന്നതിലപ്പുറമാണ്. ഇതു നമ്മിൽ എങ്ങനെ ഉണ്ടാകയും വർദ്ധിക്കയും ചെയ്യുമെന്നത് റോമർ 10:17 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. 'ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു' എന്ന് അവിടെ നാം വായിക്കുന്നു. പ്രാർത്ഥനയോടുകൂടെ വചനം ധ്യാനിക്കുന്നതിന്റെ ഫലമായി ദൈവാത്മാവ് ഈ കൃപാവരം നമുക്കു നൽകുന്നു. വചനം ധ്യാനിക്കാനും പ്രാർത്ഥിക്കാനും വചന സത്യങ്ങൾ അനുസരിക്കാനും നാം എത്ര അധികം താല്പര്യം കാണിക്കുന്നുവോ അത്രയും അധികമായ അളവിൽ ഈ കൃപാവരവും നമുക്കു ലഭിക്കും. നമ്മുടെ ആത്മിക ജീവിതം വിജയകരമാക്കിത്തീർക്കുന്ന ഈ കൃപാവരം വേണ്ടതുപോലെ നമ്മിൽ ഉണ്ടായാൽ മറ്റുള്ള കൃപാവരങ്ങളും ധാരാളമായി നമുക്കു ലഭിക്കുമെന്നതിനു സംശയമില്ല.

## മറ്റു വരങ്ങൾ

1 കൊരിന്ത്യർ 12,13,14 അദ്ധ്യായങ്ങളിൽ അനേക കൃപാവരങ്ങളെക്കുറിച്ചു പറഞ്ഞിട്ടുണ്ട്; അപ്പോസ്തലന്മാർക്കും അന്നത്തെ വിശ്വാസികൾക്കും ചെയ്തുതീർക്കാനുണ്ടായിരുന്ന എല്ലാ കാര്യങ്ങളും പിൽക്കാലത്തെ വിശ്വാസികൾക്കു ചെയ്യാനില്ലാത്തതുകൊണ്ടാണ് അവർക്കുണ്ടായിരുന്ന ചില കൃപാവരങ്ങൾ നീങ്ങിപ്പോകുമെന്ന് 13-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നതെന്നു നാം കണ്ടുവല്ലൊ. അപ്പോസ്തലന്മാരുടെ എഴുത്തുകൾ സാക്ഷാൽ ദൈവവചനമാണെന്നു തെളിയിക്കുന്നതിനുപയോഗിച്ച കൃപാവരങ്ങളും നീങ്ങിപ്പോകുന്ന കൃപാവരങ്ങളെന്നു പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നവയുമൊഴിച്ച് ബാക്കിയുള്ള എല്ലാ കൃപാവരങ്ങളും ഇന്നു നിലവിലുണ്ടെന്നതിനു സംശയമില്ല. പരിശുദ്ധാത്മാവിന്റെ ഫലമായ സ്നേഹവും കൃപാവരങ്ങളായ വിശ്വാസം, അതിന്റെ ഫലമായ പ്രത്യാശ, സഹായം ചെയ്യാനുള്ള വരം, പരിപാലനവരം (1 കൊരി. 12:28), വചനസത്യങ്ങൾ വിശദീ

കരിച്ചു സംസാരിക്കുന്നതിനുള്ള കഴിവാകുന്ന പ്രവചനവരം, ഇവയെല്ലാം ഇന്നു ദൈവമക്കളിൽ ധാരാളമായി കാണപ്പെടേണ്ട താണ്. എങ്കിൽമാത്രമേ നാം ഇന്നു ചെയ്യണമെന്നു ദൈവം ആഗ്ര ഹിക്കുന്ന ആത്മിക ശുശ്രൂഷകൾ ചെയ്യാൻ നമുക്കു സാധിക്കുക യുള്ളൂ. ആ ആത്മിക ശുശ്രൂഷകളെ സംബന്ധിച്ചിടത്തോളം ഈ കൃപാവരങ്ങൾ നമ്മുടെ പണിയായുധങ്ങളാണ്. ഈ ആയുധങ്ങ ളെല്ലാം നമ്മുടെ കൈവശമുണ്ടെന്നും അവ മൂർച്ചയുള്ളവയായി ത്തന്നെ ഇരിക്കുന്നുവെന്നും നാം ഉറപ്പു വരുത്തേണ്ടിയിരിക്കുന്നു. യേശുവിന്റെ കർത്തൃത്വത്തിനു വാസ്തവമായി വിധേയപ്പെട്ടു കൊണ്ട് പ്രാർത്ഥനയോടെ വചനം ധ്യാനിക്കുന്നതിന്റെ ഫലമായി നമുക്കു വചനസത്യങ്ങൾ ശരിയായി ഗ്രഹിക്കാനും അവ പൂർണ്ണ മായി അനുസരിച്ചു ജീവിക്കാനും കഴിയും; അപ്പോൾ നാം ദൈവാ ത്മാവിനെ അനുസരിച്ചു ജീവിക്കയും മറ്റുള്ളവരെ ആത്മാർത്ഥ മായി സ്നേഹിക്കയും ചെയ്യും. ആത്മാവിന്റെ ഫലമായ സ്നേഹം നമ്മിൽ ധാരാളമായി കാണപ്പെടുമ്പോൾ ആത്മാവു നൽകുന്ന കൃപാ വരങ്ങളും നമ്മിൽ ധാരാളമായി കാണപ്പെടും. ഇതു നമ്മുടെ ജീവിതത്തിൽ സംഭവിക്കുമ്പോഴാണ് നമുക്കു വളരെ ഫലപ്രദമായി ദൈവമുമ്പാകെ പ്രവർത്തിക്കാൻ കഴിയുന്നത്.

## സകലത്തിനും മതിയായവനായ ദൈവം

ദൈവവചനപ്രകാരം നമ്മുടെ ജീവിതം ക്രമീകരിച്ചുകൊണ്ടു മുന്നോട്ട് പോകുമ്പോൾ നമ്മുടെ സകല ആത്മികവും ഭൗതികവു മായ ആവശ്യങ്ങളെ ദൈവം തന്റെ ഹിതപ്രകാരം നടത്തിത്തന്നു കൊണ്ടിരിക്കുന്നതായി നമുക്കു കാണാൻ കഴിയയും "മുമ്പെ അവന്റെ (ദൈവത്തിന്റെ) രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും" (മത്തായി 6:33); "ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർ ത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്ര ത്തോടു കൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ

കാക്കും” (ഫിലി. 4:6–7); “അവൻ (യേശുക്രിസ്തു) നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ (1 പത്രോ. 5:7); ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നേ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു”... (റോമർ 8: 28) എന്നിങ്ങനെ ദൈവാത്മാവ് നമ്മോട് അരുളിച്ചെയ്തിരിക്കുന്നു. നമ്മുടെ ഏതൊരാവശ്യവും സാധിച്ചുതരണമേ എന്ന് യോഹന്നാൻ 16:24 അനുസരിച്ച് യേശുക്രിസ്തുവിന്റെ നാമത്തിൽ പിതാവായ ദൈവത്തോടു നാം അപേക്ഷിക്കണം. അപേക്ഷ സ്വീകരിക്കപ്പെട്ടു എന്നു വിശ്വസിച്ചുകൊണ്ട്, അതിനായി ദൈവത്തിന് യേശു ക്രിസ്തു മുഖാന്തരം സ്തോത്രം ചെയ്യണം (നന്ദി പറയണം); ദൈവമുമ്പാകെ നാം ഉണർത്തിക്കുന്ന ആവശ്യം വാസ്തവത്തിൽ നമ്മുടെ നന്മയ്ക്കുതകുന്നതും ദൈവഹിതപ്രകാരമുള്ളതുമാണെങ്കിൽ 1 യോഹ. 5: 14 പ്രകാരം ദൈവം തീർച്ചയായും അതു സാധിപ്പിച്ചു തരും. ഈ വിധത്തിൽ ദൈവസന്നിധിയിൽ ശ്രദ്ധയോടെ പ്രാർത്ഥിച്ചതിന്റെ ഫലമായി തന്റെ ജനത്തിനു വേണ്ടി ദൈവം അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുള്ളതിനു പല ഉദാഹരണങ്ങളുമുണ്ട്; മരണകരമായ രോഗങ്ങൾ ബാധിച്ചവർക്ക് തന്റെ ജനത്തിന്റെ പ്രാർത്ഥനകേട്ട് ഡോക്ടർമാരെ ഉപയോഗിച്ചും അല്ലാതെയും ദൈവം സൗഖ്യം നൽകിയിട്ടുണ്ട്;[8]

8. ഇതോടുള്ള ബന്ധത്തിൽ നാം ഓർത്തിരിക്കേണ്ട വളരെ പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്: നിത്യനാശത്തിലേക്കു നയിക്കുന്ന പാപമെന്ന ഭയങ്കരമായ ആത്മികരോഗത്തിന്റെ സൗഖ്യമാണ് എത്ര വലിയ ശാരീരികരോഗത്തിന്റെ സൗഖ്യത്തെക്കാളും വലതും അത്ഭുതകരവുമായ സൗഖ്യം; ഈ സൗഖ്യം സ്വീകരിക്കാൻ മനസ്സുള്ള ഏതൊരുവനും ജീവന്റെ വചനം മനസ്സിലാക്കിക്കൊടുക്കുന്നതിലൂടെ അതു നൽകുവാനുള്ള അധികാരവും പ്രാപ്തിയും ദൈവം തന്റെ മക്കൾക്കു നല്കിയിരിക്കുന്നു. മരിച്ച ഒരാളിനെ ഉയിർപ്പിച്ച് ഈ ലോക ജീവിതം ഏതാനും നാളുകൾ കൂടി അയാൾക്കു നീട്ടി കൊടുക്കുന്നതിനെക്കാൾ വളരെയധികം അത്ഭുതകരമായ കാര്യമാണ് പാപത്തിനധീനരായി ആത്മികമായി മരിച്ച അവസ്ഥയിൽ (എഫെ.2:1) കിടക്കുന്നവർക്കു രക്ഷാസന്ദേശം നൽകി അവരെ നിത്യജീവനുള്ളവരായി രൂപാന്തരപ്പെടുത്തുന്നത്. അതിനാൽ, അപ്പോസ്തലനായ പത്രോസിനുണ്ടായിരുന്ന വീര്യപ്രവൃത്തികളുടെ വരം നമുക്കില്ലാത്തതിന്റെ പേരിൽ എന്തോ ശ്രേഷ്ഠതക്കുറവ് ഉണ്ടെന്നു ചിന്തിക്കുന്നതു ശരിയല്ല. കാരണം വീര്യപ്രവൃത്തികളുടെ വരത്തെക്കാളും അന്യഭാഷാവരത്തെക്കാളും ഒക്കെ വളരെയേറെ ശ്രേഷ്ഠമായവയാണ് ഇന്നു നമുക്കുള്ള മറ്റു കൃപാവരങ്ങൾ.

അപ്പോസ്തലിക കാലത്തു നിലവിലിരുന്ന വീര്യപ്രവൃത്തികളുടെ വരം ഇന്നു കാണാത്തതുകൊണ്ട് ഒരാളുടെ രോഗ സൗഖ്യത്തിനു വേണ്ടി നാം സ്തോത്രത്തോടെ പ്രാർത്ഥിച്ചാൽ ദൈവം കേൾക്ക യില്ല എന്നല്ല ചിന്തിക്കേണ്ടത്. അന്നു പ്രവർത്തിച്ചതിനെക്കാൾ വലിയ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ ഇന്നും ദൈവം ശക്ത നാണ്; നമ്മുടെ പ്രാർത്ഥനയ്ക്കുത്തരമായി ദൈവം അവ പ്രവർ ത്തിക്കയും ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ ഇന്നു നമ്മുടെ പ്രാർത്ഥനകേട്ട് അത്ഭുതകരമായി ഒരാളിന്റെ രോഗം ദൈവം സൗഖ്യമാക്കിയാൽ അതിന്റെ അടിസ്ഥാനത്തിൽ, പത്രോസിനു ദൈവം കൊടുത്തിരുന്ന വീര്യപ്രവൃത്തികളുടെ കൃപാവരം നമുക്കു കിട്ടിയിരിക്കുന്നു എന്നോ ഏതു രോഗിക്കുവേണ്ടി നാം പ്രാർത്ഥിച്ചാലും സൗഖ്യം ലഭിക്കും എന്നോ അല്ല നാം ചിന്തി ക്കേണ്ടത്; ഫിലിപ്യർ 4:6-7; 1 പത്രോസ് 5:7; 1 യോഹന്നാൻ 5:14 എന്നീ വാക്യങ്ങൾ പ്രകാരം ആ ആളിന്റെ ആത്മിക നന്മയ്ക്ക് ഉതകുന്ന വിധത്തിൽ ഉത്തരം നൽകിയിരിക്കുന്നു എന്നു മാത്ര മാണ് നാം മനസ്സിലാക്കേണ്ടത്.

## ധൈര്യത്തോടെ മുന്നേറുക

സർവ്വശക്തനായ ദൈവം നമ്മോടു കൂടെയുള്ളതിനാൽ അധൈര്യപ്പെടാതെ കർത്താവിന്റെ കല്പനകളനുസരിച്ചു ജീവിക്കാൻ വേണ്ട പ്രാപ്തി നമുക്കു ലഭിക്കും. നമ്മുടെ ശക്തി യുടെ ഉറവിടം ദൈവവചനമാണെന്നതു മറക്കരുത്. ഒരു ശിശുവിനു പാൽ എത്രത്തോളം ആവശ്യമായിരിക്കുന്നുവോ അത്രത്തോളം ദൈവമക്കൾക്കു ദൈവവചനം ആവശ്യമായിരി ക്കുന്നു എന്ന് 1 പത്രോ 2:2 ൽ പറഞ്ഞിരിക്കുന്നു. ഈ ആത്മികാ ഹാരം ഭക്ഷിക്കുന്നതിനാൽ നാം ശക്തിയുള്ളവരും ലോകത്തിലെ പ്രതികൂലങ്ങളെ അതിജീവിക്കാൻ പ്രാപ്തിയുള്ളവരുമായി രൂപാന്തരപ്പെടുന്നു. വചനധ്യാനവും പ്രാർത്ഥനയും[9] വേണ്ടതു പോലെ നമ്മുടെ ജീവിതത്തിലുണ്ടെങ്കിൽ പഴയനിയമത്തിൽ

9. അടുത്ത പേജിൽ

യോശുവയോടു ദൈവം അരുളിച്ചെയ്ത വാക്കുകൾ[10] നമ്മുടെ ജീവിതത്തിൽ അനുഭവമായി കാണപ്പെടുകയും നമ്മുടെ ആത്മിക ജീവിതം അനുഗ്രഹിക്കപ്പെടുകയും ചെയ്യും; സംശയമില്ല.

## C. നമ്മുടെ പ്രത്യാശ അഥവാ ഇനി സംഭവിപ്പാനുള്ളത്.

ദൈവമക്കളായ നമ്മുടെ ഭാവി പ്രത്യാശയെക്കുറിച്ച് ആവശ്യമായ സത്യങ്ങൾ വചനം വെളിപ്പെടുത്തിയിട്ടുണ്ട്. കഷ്ടങ്ങളും പ്രയാസങ്ങളും സഹിച്ചുകൊണ്ട് വിശ്വസ്തതയോടെ ദൈവത്തെ സേവിക്കുകയും മറ്റുള്ളവരെ യേശുക്രിസ്തുവിന്റെ ശിഷ്യത്വത്തിലേക്കു നയിക്കയും ചെയ്യുന്നവർക്ക് ഒരു നാളിൽ വിലയേറിയതും നിത്യത മുഴുവൻ നിലനില്ക്കുന്നതുമായ പ്രതിഫലം കർത്താവു നൽകും; അതോടുള്ള ബന്ധത്തിൽ വചനത്തിൽ കാണുന്ന സത്യങ്ങളുടെ വളരെ ചെറിയ ഒരുസംക്ഷിപ്തരൂപം താഴെ കൊടുക്കുന്നു. (പഴയനിയമത്തിലെ 'ദാനിയേൽ', പുതിയ നിയമത്തിലെ 'യോഹന്നാനു ഉണ്ടായ വെളിപ്പാട്' എന്നീ പുസ്തകങ്ങളിൽ നിന്നാണ് ഈ സത്യങ്ങൾ നാം മനസ്സിലാക്കുന്നത്.)

---

9. പ്രാർത്ഥനയാൽ ശക്തി പ്രാപിക്കുകയും വചനത്താൽ നിറയുകയും ചെയ്യുമ്പോഴാണ് ശരിയായ ആത്മനിറവിന്റെ അനുഭവം നമുക്കുണ്ടാകുന്നത് (അപ്പോ. പ്രവൃ. 4:24-31). വിശ്വാസത്താൽ യേശുവിനെ കൈക്കൊള്ളുന്ന നിമിഷത്തിൽത്തന്നെ ക്രിസ്തുവിന്റെ ആത്മാവ് (പരിശുദ്ധാത്മാവ്) നമ്മിലായിത്തീരുകയും (റോമർ 8:9) നാം പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെടുകയും (എഫെസ്യർ 1:14) പരിശുദ്ധാത്മാവിൽ സ്നാനമേല്ക്കയും (1 കൊരി. 12:13) പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെടുകയും (2 കൊരി. 1:21-22) ചെയ്യുന്നുണ്ട്; എങ്കിലും ആത്മനിറവിന്റെ അനുഭവം ദിനം തോറും വീണ്ടും വീണ്ടും നമ്മിൽ ഉണ്ടാകേണ്ടതാവശ്യമാണ്. അതിനാൽ പ്രാർത്ഥനയും വചനധ്യാനവും നമ്മുടെ ആത്മിക ജീവിതപുരോഗതിയ്ക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്ത കാര്യങ്ങളാണ്.
10. "ഈ ന്യായപ്രമാണ പുസ്തകത്തിലുള്ളതു നിന്റെ വായിൽ നിന്നു നീങ്ങിപ്പോകരുത്; അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിന്നു നീ രാവും പകലും അതു ധ്യാനിച്ചുകൊണ്ടിരിക്കണം; എന്നാൽ നിന്റെ പ്രവൃത്തി സാധിക്കും; നീ കൃതാർത്ഥനായും ഇരിക്കും. നിന്റെ ദൈവമായ യഹോവ നീ പോകുന്നേടത്തൊക്കെയും നിന്നോടുകൂടെ ഉള്ളതുകൊണ്ടു ഉറപ്പും ധൈര്യവുമുള്ളവനായിരിക്ക; ഭയപ്പെടരുത്, ഭ്രമിക്കയും അരുത് എന്നു ഞാൻ നിന്നോടു കൽപ്പിച്ചുവല്ലോ" (യോശുവ 1 : 7-9).

## കർത്താവിന്റെ രണ്ടാമത്തെ വരവ്.

തന്റെ ശിഷ്യന്മാരെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത യേശു ക്രിസ്തു (അപ്പോ. പ്രവൃ 1: 9-11) തന്നിൽ വിശ്വസിക്കുന്ന ജീവനോടിരിക്കുന്നവരെയും വിശ്വസിച്ച ശേഷം മരിച്ചു മൺ മറഞ്ഞവരെയും തന്റെ സന്നിധിയിലേക്കു ചേർത്തുകൊള്ളുവാൻ വേഗത്തിൽ വീണ്ടും വരും. "ഇതാ ഞാൻ വേഗം വരുന്നു; ഓരോരുത്തനു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടു പ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്" (വെളിപ്പാട് 22:12) എന്നു നാം വായിക്കുന്നു. യേശുക്രിസ്തു വീണ്ടും വരുമ്പോൾ സംഭവി ക്കാൻ പോകുന്നതിനെപ്പറ്റി ഇപ്രകാരം വചനത്തിൽ കാണുന്നു; "കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദ ത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർ ത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതി രേൽപാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും" (1 തെസ്സ. 4:16-17). കർത്താ വായ യേശുക്രിസ്തു സ്വർഗ്ഗീയ സൈന്യത്തോടുകൂടെ മദ്ധ്യാ കാശത്തിലേക്കാണു[11] വരുന്നത്; അപ്പോൾ നേരത്തെ മരിച്ചു മൺ മറഞ്ഞുപോയ ദൈവമക്കൾ ഉയിർത്തെഴുന്നേറ്റു[12] പുതിയ ശരീര ത്തോടു കൂടെയും ജീവനോടെ ഭൂമിയിൽ ഇരിക്കുന്ന ദൈവ മക്കൾ രൂപാന്തരം പ്രാപിച്ച ശരീരത്തോടുകൂടെയും യേശു ക്രിസ്തുവിനെ എതിരേൽക്കാൻ മേഘങ്ങളിൽ എടുക്കപ്പെടും. അങ്ങനെ യേശുവിൽ വിശ്വാസം അർപ്പിച്ച് ദൈവവചനപ്രകാര മുള്ള പാപപരിഹാരം സ്വീകരിച്ച സകല ജനവും അന്ന് തേജസ്

11. യേശുക്രിസ്തു സ്വർഗ്ഗത്തിൽ നിന്നു വരുമ്പോൾ സഭ ആകാശമേഘങ്ങളിൽ അവനെ എതിരേൽക്കും എന്നു വചനത്തിൽ പറഞ്ഞിരിക്കുന്നതിനാലാണ് മദ്ധ്യാ കാശത്തിലേക്ക് എന്ന പദപ്രയോഗം ഇവിടെ ഉപയോഗിച്ചിരിക്കുന്നത് ഇതിന്റെ ആശയം സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും ഇടയ്ക്കുള്ള സ്ഥാനം എന്നാണ്.

12. ഉയിർത്തെഴുന്നേൽക്കുന്നതു വരെ അവരുടെ ആത്മാക്കൾ ക്രിസ്തുവിനോടു കൂടെ സ്വർഗ്ഗത്തിൽ ആയിരിക്കുമെന്ന് ഫിലിപ്പ്യർ 1:23 ൽ നിന്നു മനസ്സിലാക്കാം.

കരിക്കപ്പെട്ട സ്വർഗ്ഗീയ ശരീരങ്ങളോടു കൂടെ യേശുക്രിസ്തുവിന്റെ മുമ്പാകെ നിൽക്കും. ക്രിസ്തുവിനോടു കൂടെ അവർ സ്വർഗ്ഗത്തിൽ ഏഴുവർഷം ചെലവഴിക്കും എന്ന് ദാനിയേൽ പ്രവചനവും വെളിപ്പാടു പുസ്തകവും പഠിക്കുമ്പോൾ നമുക്കു മനസ്സിലാകുന്നു. ഈ ഏഴുവർഷത്തിനുള്ളിൽ അവർക്കോരുത്തർക്കും കർത്താവിൽ നിന്നു പ്രതിഫലം ലഭിക്കും; അവർ ഭൂമിയിലായിരുന്നപ്പോൾ എത്രത്തോളം ദൈവവചനം അനുസരിച്ച്, ദൈവേഷ്ടപ്രകാരമുള്ള പ്രവൃത്തികൾ ചെയ്തുകൊണ്ടു ജീവിച്ചുവോ അതിനു തക്ക പ്രതിഫലമായിരിക്കും ലഭിക്കുന്നത്. 1 കൊരി. 3:11-15; മത്തായി 10:42; 2തിമോ. 4:7-8; വെളിപ്പാട് 22:12 തുടങ്ങിയ നിരവധി വേദഭാഗങ്ങൾ ഈ സത്യം ചൂണ്ടിക്കാണിക്കുന്നു.

ദൈവമക്കൾ യേശുക്രിസ്തുവിനോടുകൂടെ സ്വർഗ്ഗത്തിൽ ആയിരിക്കുന്ന ഏഴുവർഷം ഭൂമിയിൽ എതിർക്രിസ്തു എന്നു വചനത്തിൽ വിശേഷിപ്പിക്കപ്പെട്ടിരിക്കുന്ന ഒരു വലിയ ഭരണാധികാരിയുടെ വാഴ്ച നടക്കുമെന്നു വെളിപ്പാടു പുസ്തകത്തിൽ നിന്നു നാം മനസ്സിലാക്കുന്നു. ലോകം മുഴുവനും തന്നെ ഈ ഭരണാധികാരിയുടെ കൊടിക്കീഴിൽ അണിനിരക്കും. അവൻ ആദ്യത്തെ മൂന്നര വർഷം യെഹൂദ ജാതിയെ കഠിനമായി പീഡിപ്പിക്കയില്ല. എന്നാൽ മൂന്നര വർഷം കഴിയുമ്പോൾ അവൻ യെഹൂദജാതിയെ അതികഠിനമായി പീഡിപ്പിക്കാനാരംഭിക്കയും ലോകത്തിന്റെ ചരിത്രത്തിൽ ഇന്നു വരെയുണ്ടായിട്ടില്ലാത്ത മഹാപീഡനം ആ ജാതി സഹിക്കേണ്ടതായി വരികയും ചെയ്യും. ഭൂമിയിൽ നടക്കുന്ന അതിക്രമങ്ങളുടെ ഫലമായി അക്കാലത്തു ഭൂവാസികളുടെമേൽ വലിയ ശിക്ഷാവിധി ദൈവം തന്റെ ദൂതന്മാർ മുഖേന നടത്തുകയും ചെയ്യും. അക്കാലത്ത് എതിർക്രിസ്തുവിനെ അനുസരിക്കാതെ സത്യദൈവത്തെ സേവിക്കുകയെന്നതു സാധാരണ മനുഷ്യർക്കെല്ലാം അസാദ്ധ്യമായിരിക്കും. എന്നാൽ ഒരു വിഭാഗം ജനങ്ങൾക്ക് അതിനുള്ള കൃപ ലഭിക്കും; സ്വർഗ്ഗത്തിൽ നിന്ന് അയയ്ക്കപ്പെടുന്ന കർത്താവിന്റെ രണ്ടു

സാക്ഷികളും യെഹൂദവംശത്തിൽ നിന്ന് ദൈവം തെരഞ്ഞെടുക്കുന്ന നൂറ്റിനാല്പത്തിനാലായിരം ആളുകളും (വെളി. 7:4) അന്നു ഭൂമിയിൽ സത്യദൈവത്തെ അനുസരിച്ചു ജീവിക്കുന്നതിന്റെ മാർഗ്ഗം അറിയിച്ചു കൊണ്ടിരിക്കും. അവരുടെ വാക്കു കേൾക്കയും എതിർ ക്രിസ്തുവിനെ അനുസരിക്കാതിരിക്കയും ചെയ്യുന്നവർ കൊല്ലപ്പെടും; അവരുടെ ആത്മാക്കൾക്കു രക്ഷ ലഭിക്കും. ദൈവത്തിന്റെ നാമത്തിൽ പ്രസംഗിച്ചുകൊണ്ടിരിക്കുന്ന ആ രണ്ടു സാക്ഷികൾ ഏഴുവർഷം അവസാനിക്കാറാകുമ്പോൾ എതിർ ക്രിസ്തുവിനാൽ കൊല്ലപ്പെടും; അവരുടെ ശവങ്ങൾ മൂന്നര ദിവസം തെരുവീഥിയിൽ കിടക്കും; അവരുടെ മരണത്തിൽ എതിർക്രിസ്തുവിന്റെ ജനം സന്തോഷിച്ച് ആനന്ദിക്കയും അന്യോന്യം സമ്മാനങ്ങൾ കൊടുത്തയ്ക്കയും ചെയ്യും.[13] എന്നാൽ മൂന്നര ദിവസം കഴിയുമ്പോൾ ദൈവത്തിൽ നിന്നു ജീവശ്വാസം അവരിൽ വന്ന് അവർ ഉയിർത്തെഴുന്നേല്ക്കയും അവരെ കാണുന്നവർ ഏവരും ഭയപരവശരായിത്തീരുകയും ചെയ്യും. അവരുടെ ശത്രുക്കൾ അവരെ നോക്കി നില്ക്കുമ്പോൾ ത്തന്നെ അവർ സ്വർഗ്ഗത്തിലേക്കു കയറിപ്പോകയും ഭൂമിയിൽ വലിയൊരു ഭൂകമ്പവും സംഹാരവും ഉണ്ടാകയും ചെയ്യും. ഇതിനുശേഷം എതിർക്രിസ്തുവിന്റെ ഭൂമിയിലെ വാഴ്ച്ച അവസാനിപ്പിക്കുന്നതിനും അവനാൽ പീഡിപ്പിക്കപ്പെട്ടുകൊണ്ടിരുന്ന യെഹൂദജാതിയെ രക്ഷിക്കുന്നതിനും ഭൂമിയിൽ തന്റെ രാജ്യം സ്ഥാപിക്കുന്നതിനും വേണ്ടി സ്വർഗ്ഗത്തിൽ നിന്ന് യേശുക്രിസ്തു സ്വർഗ്ഗീയ സൈന്യത്തോടും തന്റെ സകല ജനത്തോടും കൂടെ ഭൂമിയിലേക്കു വരും. എതിർക്രിസ്തു തന്റെ സർവ്വസൈന്യത്തോടും കൂടെ യേശുക്രിസ്തുവിനെതിരെ യുദ്ധം[14] ചെയ്യാൻ

---

13. വെളിപ്പാട് 11 : 3-13 വരെ വാക്യങ്ങൾ നോക്കുക.

14. ഹർമ്മെഗദ്ദോൻ എന്ന് എബ്രായ ഭാഷയിൽ പറയുന്ന സ്ഥലത്തായിരിക്കും എതിർക്രിസ്തു തന്റെ സൈന്യങ്ങളെ ഒന്നിച്ചുകൂട്ടുന്നത്. വെളിപ്പാടു പുസ്തകം 16-ാം അദ്ധ്യായം 12-ാം വാക്യം മുതൽ 19-ാം അദ്ധ്യായം അവസാനിക്കുന്നതു വരെ വായിച്ചാൽ എതിർക്രിസ്തുവിനും കള്ളപ്രവാചകനും സംഭവിക്കുന്ന വലിയ പരാജയത്തെക്കുറിച്ചു മനസ്സിലാക്കാൻ സാധിക്കും.

തയ്യാറാകും; ഹർമ്മെഗദ്ദോൻ യുദ്ധം എന്നു വെളിപ്പാടു പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ആ യുദ്ധത്തിൽ എതിർക്രിസ്തുവിന്റെ സൈന്യം മുഴുവനും സംഹരിക്കപ്പെടും; അവനും അവന്റെ സഹായിയായ കള്ള പ്രവാചകനും ജീവനോടെ തീപ്പൊയ്കയിലേക്ക് (നിത്യനരകത്തിലേക്ക്) തള്ളപ്പെടും: അവരെ നിയന്ത്രിച്ചിരുന്ന സാത്താൻ ബന്ധിതനായി അഗാധകൂപത്തിൽ (തടവറയിൽ) അടയ്ക്കപ്പെടുകയും ചെയ്യും.[15] അതിനെത്തുടർന്ന് യേശുക്രിസ്തു തന്റെ ജനത്തോടു കൂടെ ഭൂമിയിൽ വാഴ്ച ആരംഭിക്കും (വെളി. 20:4-6). എതിർക്രിസ്തുവിന്റെ മഹാപീഡനത്തിലൂടെ കടന്നുപോകുന്ന യെഹൂദജാതിയിൽ ജീവനോടെ ശേഷിക്കുന്നവർ വളരെ വർദ്ധിച്ചു പെരുകുകയും ഭൂമിയിൽ നിറയുകയും ചെയ്യും; ഹർമ്മഗദ്ദോൻ യുദ്ധത്തിൽ നശിച്ചുപോകാതെ രക്ഷപ്പെടുന്ന ജാതികളിൽപ്പെട്ട ആളുകളും വർദ്ധിച്ചുപെരുകും. ആയിരം വർഷങ്ങൾ യേശുക്രിസ്തു തന്റെ ജനത്തോടുകൂടെ ഈ ഭൂമിയിൽ വാഴ്ച നടത്തും. ഈ കാലയളവു മുഴുവൻ സാത്താൻ തടവിലായിരിക്കും; മനുഷ്യരുടെ ഹൃദയങ്ങളെ ഇന്നത്തെപ്പോലെ വശീകരിക്കാനും അവരെക്കൊണ്ട് ദുഷ്ടത പ്രവർത്തിപ്പിക്കാനും അവനു സാധിക്കയില്ല. "ചെന്നായും കുഞ്ഞാടും ഒരുമിച്ചു മേയും; സിംഹം കാള എന്നപോലെ വൈയ്ക്കോൽ തിന്നും; സർപ്പത്തിനു പൊടി ആഹാരമായിരിക്കും; എന്റെ വിശുദ്ധ പർവ്വതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല എന്നു യഹോവ അരുളിച്ചെയ്യുന്നു" (യെശയ്യാവ് 65:25) എന്ന് ബി.സി. 700 നോടടുത്തു നടത്തപ്പെട്ട പ്രവചനം ഈ കാലഘട്ടത്തിലാണ് നിവൃത്തിയാകുന്നത്.

## അന്ത്യയുദ്ധവും ഭൂമിയുടെ ശുദ്ധീകരണവും

യേശുക്രിസ്തുവിന്റെ ആയിരമാണ്ടു വാഴ്ചയുടെ അവസാനത്തിൽ സാത്താൻ തടവിൽ നിന്ന് അഴിച്ചുവിടപ്പെടും;

15. വെളിപ്പാട് 19:19 മുതൽ 20:3 വരെയുള്ള വാക്യങ്ങൾ നോക്കുക.

അപ്പോൾ അവൻ ഭൂമിയിലുള്ള ജനങ്ങളിൽ അനേകരെ വശീകരിച്ച് യേശുക്രിസ്തുവിനെതിരെ യുദ്ധം ചെയ്യാൻ തയ്യാറാകും. അതിനെക്കുറിച്ചു വചനത്തിൽ ഇപ്രകാരം നാം വായിക്കുന്നു: “അവൻ ഭൂമിയുടെ നാലുദിക്കിലുമുള്ള ജാതികളായി സംഖ്യയിൽ കടല്പുറത്തെ മണൽപോലെയുള്ള ഗോഗ്, മാഗോഗ് എന്നിവരെ യുദ്ധത്തിനായി കൂട്ടിച്ചേർക്കേണ്ടതിനു വശീകരിപ്പാൻ പുറപ്പെടും. ഇപ്രകാരം വശീകരിക്കപ്പെടുന്ന ജനസമൂഹം ഭൂമിയിൽ പരക്കെ ചെന്നു വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയ നഗരത്തെയും വളയും; എന്നാൽ ആകാശത്തു നിന്നു തീ ഇറങ്ങി അവരെ സമ്പൂർണ്ണമായി നശിപ്പിക്കും; അവരെ വഞ്ചിച്ച പിശാചിനെ മൃഗവും[16] കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും; അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും” (വെളിപ്പാട് 20: 8-10). ആകാശത്തുനിന്ന് തീയിറങ്ങി സാത്താൻപക്ഷത്തുള്ള സകല ജനവും നശിപ്പിക്കപ്പെടുമ്പോൾ യേശുക്രിസ്തുവും തന്റെ ജനം മുഴുവനും സ്വർഗ്ഗത്തിലേക്കു പോകും. ഭൂമി മുഴുവൻ അഗ്നിയിൽ വെന്തെരിഞ്ഞു ശുദ്ധീകരിക്കപ്പെടും; അപ്പോൾ സംഭവിക്കുന്ന കാര്യത്തെക്കുറിച്ചാണ്, “അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞു പോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും” എന്ന് 2 പത്രോസ് 3:10-ൽ പറഞ്ഞിരിക്കുന്നത്. ജലപ്രളയമുണ്ടായപ്പോൾ നോഹയെയും കുടുംബത്തെയും ദൈവം രക്ഷിച്ചതുപോലെ ഭൂമി അഗ്നിയിൽ വെന്തെരിയുമ്പോൾ ഒരു വിഭാഗം ജാതികളെയും ദൈവം രക്ഷിക്കും എന്ന് ചിന്തിക്കാൻ വചനത്തിൽ ന്യായം കാണുന്നുണ്ട്.

## അന്ത്യ ന്യായവിധി

ആയിരമാണ്ടു വാഴ്ചയുടെ അവസാനത്തിൽ തന്റെ ജനത്തോടുകൂടെ സ്വർഗ്ഗത്തിലേക്കു പോകുന്ന യേശുക്രിസ്തു

16. എതിർ ക്രിസ്തു (അന്തിക്രിസ്തു).

ന്യായാധിപനായി വെള്ളസിംഹാസനത്തിൽ പ്രത്യക്ഷനാകും. പാപപരിഹാരം പ്രാപിക്കാതെ ആദാമിന്റെ കാലം മുതൽ ഭൂമിയുടെ അഗ്നിശുദ്ധീകരണം വരെ ഈ ലോകത്തിൽ ജീവിച്ചു മരിക്കുന്ന സകലരെയും അവൻ ന്യായം വിധിക്കും. അവരെല്ലാവരും ഭൂമി അഗ്നിയിൽ ശുദ്ധീകരിക്കപ്പെടുന്നതോടുകൂടി ഉയിർത്തെഴുന്നേല്പിക്കപ്പെട്ട് ന്യായവിധിക്കായുള്ള യേശുക്രിസ്തുവിന്റെ വെള്ള സിംഹാസനത്തിനു മുമ്പിൽ ഹാജരാക്കപ്പെടും. അതിനെക്കുറിച്ചു വചനത്തിൽ ഇപ്രകാരം നാം വായിക്കുന്നു; "ഞാൻ വലിയൊരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽ നിന്നും ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിനു ഒത്തവണ്ണം മരിച്ചവർക്കു അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി. സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; ഓരോരുത്തനു അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു. ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും" (വെളിപ്പാട് 20:11-15). ഇന്ന് യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച് ദൈവവചനപ്രകാരം ജീവിതം ക്രമീകരിക്കാൻ കൂട്ടാക്കാത്ത സകല മനുഷ്യരും അന്നു നിത്യശിക്ഷാവിധിക്കിരയാകും. അനീതിയും ദുഷ്ടതയും പ്രവർത്തിച്ചിട്ട്, ശിക്ഷയിലകപ്പെടാതെ ഇന്നു തന്ത്രപൂർവ്വം രക്ഷനേടുന്ന സകല 'മിടുക്ക'ന്മാരും അന്നു പരാജയം സമ്മതിച്ച് യേശുക്രിസ്തുവിന്റെ മുമ്പാകെ കുമ്പിടും; "ദൈവം നല്ലതും തീയതുമായ സകല പ്രവൃത്തിയെയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്കു വരുത്തുമല്ലോ" (സഭാപ്രസംഗി 12:14) എന്ന

വചനം നിവൃത്തിയാകും. ലോകാരംഭം മുതൽ ഭൂമിയുടെ അഗ്നിയാലുള്ള ശുദ്ധീകരണം വരെയുള്ള കാലഘട്ടത്തിനുള്ളിൽ, പാപമോചനം പ്രാപിക്കാത്ത മനുഷ്യർ ചെയ്തിട്ടുള്ള സകല ദുഷ്പ്രവൃത്തികളും അന്നു വെളിപ്പെടും; യാതൊന്നും വെളിപ്പെടാതെ മറഞ്ഞിരിക്കയില്ല. ഓരോരുത്തരും തങ്ങളുടെ പാപപ്രവൃത്തികൾക്ക് അനുസൃതമായ നിത്യശിക്ഷാവിധിയിലേക്കു തള്ളപ്പെടും. അവരിലുള്ള പാപസ്വഭാവത്തിന് ഒരു കാലത്തും മാറ്റം വരിക സാദ്ധ്യമല്ല; അതിനാൽ അവരുടെ ശിക്ഷാവിധിയും നിത്യമായിരിക്കും, പാപവും അതിന്റെ സകല മാലിന്യങ്ങളും ഈ വിധത്തിൽ എന്നെന്നേക്കുമായി നരകത്തിൽ കുഴിച്ചുമൂടപ്പെടും.

## പുതിയ ആകാശം, പുതിയ ഭൂമി, പുതിയ യെരൂശലേം

അഖിലാണ്ഡത്തിൽ നിന്നു പാപവും അതിന്റെ ദോഷങ്ങളും തുടച്ചു നീക്കപ്പെട്ടു കഴിഞ്ഞ്, പുതിയ ആകാശവും പുതിയ ഭൂമിയും നാം കാണും (ഇന്നത്തെ ഭൂമി അഗ്നിയാൽ ശുദ്ധീകരിച്ച ശേഷമാണ് ദൈവം അതു നിർമ്മിക്കുന്നത്). ഈ വിഷയത്തെപ്പറ്റി വചനത്തിൽ നാം ഇപ്രകാരം വായിക്കുന്നു:-"ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല. പുതിയ യെരൂശലേം എന്ന വിശുദ്ധ നഗരം ഭർത്താവിന്നായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്നു, ദൈവസന്നിധിയിൽനിന്നു തന്നെ, ഇറങ്ങുന്നതും ഞാൻ കണ്ടു. സിംഹാസനത്തിൽ നിന്നു ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടതു; ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടു കൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ തുടച്ചു കളയും; ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല, ഒന്നാമത്തേതു കഴിഞ്ഞുപോയി; സിംഹാസനത്തിൽ ഇരിക്കുന്നവൻ: ഇതാ, ഞാൻ സകലവും പുതുതാക്കുന്നു എന്നു

അരുളിച്ചെയ്തു. എഴുതുക, ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു എന്നും അവൻ കല്പിച്ചു”വെളി. 21;1-5)

ഇവിടെ പറഞ്ഞിരിക്കുന്ന പുതിയ യെരൂശലേം എന്ന സ്വർഗ്ഗീയനഗരത്തിന്റെ ഒരു വിവരണം വെളിപ്പാട് 21:10-27 വരെ വാക്യങ്ങളിൽ കാണുന്നു. യേശുക്രിസ്തുവിന്റെയും തന്റെ ജനത്തിന്റെയും വാസസ്ഥാനമായി ഈ നഗരം ഇരിക്കും; ദൈവതേജസ്സ് നിറഞ്ഞിരിക്കുന്ന ആ നഗരത്തെ പ്രകാശിപ്പിപ്പാൻ സൂര്യനോ ചന്ദ്രനോ വേണ്ടിവരികയില്ല. യേശുക്രിസ്തു അതിന്റെ വിളക്ക് ആയിരിക്കും. പുതിയ ഭൂമിയിൽ ഉണ്ടായിരിക്കുന്ന ചില ജാതികളെക്കുറിച്ച് വെളിപ്പാട് 21:24 ലും 22:2 ലും കാണുന്നു. ദുഃഖവും മരണവുമില്ലാത്ത പുതിയ ഭൂമിയിൽ ദൈവത്തോടും തന്റെ ജനത്തോടും കൂടെ വസിക്കാൻ പോകുന്ന ഈ ജാതികൾ ആരായിരിക്കുമെന്നോ അവരെക്കുറിച്ചുള്ള ദൈവോദ്ദേശ്യങ്ങൾ എന്തായിരിക്കുമെന്നോ വചനത്തിൽ പറയുന്നില്ല. ദൈവസന്നിധിയിൽ എത്തിക്കഴിഞ്ഞേ ആ കാര്യങ്ങൾ നമുക്കു വ്യക്തമാകയുള്ളു. ഏതായാലും അനന്തവിശാലമായ അഖിലാണ്ഡത്തിലെ കോടാനുകോടി ഗോളങ്ങളെ ദൈവം സൃഷ്ടിച്ചിരിക്കുന്നതിനു പിന്നിൽ തീർച്ചയായും തന്റെ ദിവ്യോദ്ദേശ്യങ്ങളുണ്ടെന്നതിനു സംശയമില്ല. അവയെല്ലാം ഇപ്പോൾ നാമറിയേണ്ട ആവശ്യമില്ല; പരിമിതമായ നമ്മുടെ ബുദ്ധികൊണ്ട് അവ മനസ്സിലാക്കാൻ സാദ്ധ്യവുമല്ല; അതിനാലായിരിക്കാം വചനത്തിൽ അതു വെളിപ്പെടുത്തിയിട്ടില്ലാത്തത്.

## ഇപ്പോൾ ചെയ്യേണ്ടത്

ഇപ്പോൾ നാം മനസ്സിലാക്കി പ്രയോജനപ്പെടുത്തേണ്ട സകല കാര്യങ്ങളും വചനത്തിൽ വെളിപ്പെടുത്തിത്തന്നിരിക്കുന്നു. അതിൻപ്രകാരം നാം ചെയ്യേണ്ട കാര്യങ്ങളുടെ രത്നചുരുക്കം ഇതാണ്: പാപത്തിന്റെ അടിമത്തത്തിൽ നിന്നു വിടുതൽ കിട്ടുവാൻ യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ച് ആ

വിശ്വാസം ദൈവമുമ്പാകെയും മനുഷ്യമുമ്പാകെയും ഏറ്റു പറയുക; യേശുവിലൂടെ വിശ്വാസത്താൽ പാപത്തിനു മരിച്ച് പാപപരിഹാരം പ്രാപിച്ച് നിത്യജീവനോടുകൂടി ഉയിർത്തെഴു ന്നേറ്റിരിക്കുന്നു എന്ന ആന്തരിക സത്യം കർത്താവിന്റെ കല്പന പ്രകാരം സ്നാനത്തിലൂടെ ദൃശ്യമാക്കി പ്രഖ്യാപിക്കുക; ദൈവ വചനം പ്രാർത്ഥനയോടുകൂടെ പഠിക്കുക; ഗ്രഹിക്കുന്ന വചന സത്യങ്ങൾ വേഗത്തിൽ അനുഭവമാക്കുക; ദൈവകല്പനകൾ അനുസരിക്കുന്നതിനായി മാനുഷകല്പനകൾ (സഭാനിയമങ്ങൾ മതാചാരങ്ങൾ തുടങ്ങിയവ) ധിക്കരിക്കേണ്ടി വരുന്നെങ്കിൽ ധൈര്യപൂർവ്വം അതും ചെയ്യുക; വചന സത്യങ്ങൾ മനസ്സിലാക്കി അനുസരിക്കുന്നവരായി കാണപ്പെടുന്ന ദൈവമക്കളോടു ചേർന്ന് ദൈവത്തെ ആരാധിക്കയും സ്തുതിക്കയും ചെയ്യുക; അങ്ങനെ യുള്ളവർ നമ്മുടെ സ്ഥലത്തില്ലെങ്കിൽ അവിടെ ഒരു കൂട്ടം ആളുകൾ വിശ്വസ്തതയോടെ ദൈവത്തെ സേവിക്കുന്നവരായി എഴുന്നേല്ക്കത്തക്കവണ്ണം സുവിശേഷപ്രവർത്തനം നടത്തുക; അതുവരെ മറ്റു സ്ഥലങ്ങളിലുള്ള, വചനപ്രകാരം ജീവിക്കുന്ന ദൈവമക്കളോടു സഹകരിച്ച് ദൈവത്തെ ആരാധിക്കുക; ലോക ത്തിലുള്ള നമ്മുടെ സകല സഹോദരീസഹോദരൻമാരും സുവിശേഷം കേട്ടു വിശ്വസിച്ചു രക്ഷിക്കപ്പെടേണ്ടതിനും അവർ വചനം പഠിച്ച് അനുഭവമാക്കി കർത്താവിന്റെ വിശ്വസ്ത ശിഷ്യരായിത്തീരേണ്ടതിനായും ഹൃദയഭാരത്തോടുകൂടെ പ്രാർത്ഥിക്കുക; നമുക്കുള്ള സകല കഴിവുകളും രക്ഷയിലേക്കു വന്നിട്ടില്ലാത്തവരെ സുവിശേഷം അറിയിക്കുന്നതിനായും വിശ്വസിക്കുന്നവരെ വചനം പഠിപ്പിച്ച് യേശുവിന്റെ ശിഷ്യത്വത്തി ലേക്കു നയിക്കുന്നതിനായും ഉപയോഗിക്കുക. ഇക്കാര്യങ്ങൾ നാം ചെയ്യുന്ന പക്ഷം നിത്യനാശത്തിലേക്കു പിശാചിന്റെ വഞ്ചനയിലകപ്പെട്ട് പൊയ്ക്കൊണ്ടിരിക്കുന്ന ഭൂമിയിലെ എണ്ണമറ്റ ജനകോടികളെ യേശുക്രിസ്തുവിന്റെ രക്ഷയിലേക്കും നിത്യ ജീവനിലേക്കും നിത്യസ്വാതന്ത്ര്യത്തിലേക്കും നയിക്കുവാൻ നമുക്കു സാധിക്കും; മാത്രമല്ല, നിത്യതയിൽ നിലനില്ക്കുന്ന

വലിയ പ്രതിഫലത്തിന്നു നാം അർഹരായിത്തീരുകയും ചെയ്യും. അതിനാൽ "നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നു അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ" (1കൊരി. 15; 58) എന്ന വചനപ്രകാരം ഇപ്പോൾ നമുക്കു പ്രവർത്തിക്കാം. ഇവിടെ അവസാനിക്കുന്ന "അത്ഭുത പ്രകാശത്തിലേക്കു" എന്ന വേദപഠനകോഴ്സ് അതിനു നമ്മെ സഹായിക്കട്ടെ.

"നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിക്കുവാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹി വർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു" (1 പത്രോസ് 2:9)

"ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും പലരെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും" (ദാനിയേൽ 12:3).

# ചോദ്യങ്ങൾ

# A

1 മതത്തിന്റെ (സഭയുടെ) പഠിപ്പിക്കലുകളും വചന സത്യങ്ങളും തമ്മിൽ പൊരുത്തക്കേട് ഉണ്ടെന്നു കണ്ടാൽ യേശുവിനെ കർത്താവായി സ്വീകരിച്ച ഒരു വ്യക്തി എന്തു ചെയ്യണം?

2 ക്രൂശെടുത്ത് യേശുവിനെ അനുഗമിക്കുക എന്നു പറയുന്നതിന്റെ ആശയം ഒറ്റ വാചകത്തിൽ ചുരുക്കി എഴുതുക

3 a) അന്യോന്യം സ്നേഹിക്കാനുള്ള പ്രേരണ ദൈവമക്കൾക്കുണ്ടാകുന്നത് എന്തുകൊണ്ടാണ്?

b) മറ്റുള്ള ദൈവമക്കളോടു വചനപ്രകാരമുള്ള കൂട്ടായ്മ പുലർത്താൻ നാം എന്തു ചെയ്യണം?

4 a) സഭായോഗത്തിന്റെ പ്രധാന ഉദ്ദേശ്യങ്ങൾ ചുരുക്കി ഒറ്റ വാചകത്തിൽ എഴുതുക.

b) ഞായാറാഴ്ച ദിവസം ദൈവരാധനയ്ക്കായും ആത്മിക കൂട്ടായ്മയ്ക്കായും വിനിയോഗിക്കണമെന്നു പറയുന്നതിന്റെ ന്യായമെന്താണ്?

5 നമ്മെക്കുറിച്ചും നമുക്കുള്ള വസ്തുവകകളെക്കുറിച്ചും 1 കൊരി. 6:19 ന്റെ വെളിച്ചത്തിൽ നാം എന്താണ് ചിന്തിക്കേണ്ടത്?

6 നമ്മുടെ കഴിവുകളും സ്വത്തുക്കളും മറ്റും എന്തിനായിട്ടാണ് നാം ഇപ്പോൾ ഉപയോഗിക്കേണ്ടത്?

7 സൽപ്രവൃത്തികൾ ചെയ്യാനുള്ള പ്രേരണ തികച്ചും സ്വാഭാവികമായിത്തന്നെ നമ്മിലുണ്ടാകുവാൻ നാമെന്തു ചെയ്യണം?

8 മറ്റുള്ളവർക്കു നന്മ ചെയ്യേണ്ട വിധത്തെപ്പറ്റി ഗലാത്യർ 6:10ൽ നിന്നും മത്തായി 6:1-4 വരെ വാക്യങ്ങളിൽ നിന്നും എന്താണു മനസ്സിലാകുന്നത്?

9 സുവിശേഷമറിയിക്കുന്നതിനും സൽപ്രവൃത്തികൾ ചെയ്യുന്നതിനും നാം പണം വിനിയോഗിക്കുമ്പോൾ ആ പണം വാസ്തവത്തിൽ കർത്താവിനാണു കൊടുക്കുന്നതെന്നു വിചാരിക്കാൻ ന്യായമെന്താണ്?

10 a) ദൈവത്തിനു കൊടുക്കുന്നതിനെപ്പറ്റി പഴയ നിയമകാലത്തെ പ്രമാണമെന്തായിരുന്നു?

b) പുതിയ നിയമകാലത്തെ പ്രമാണമെന്താണെന്ന് ഒറ്റ വാചകത്തിലെഴുതുക.

11 പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ചുകൊണ്ട് ഇന്നു ദൈവവചനം അനുസരിച്ചാൽ എന്തു പ്രയോജനം ഉണ്ടാകും?

12 യോശുവയെപ്പോലെ ദൈവത്തിന്റെ കരങ്ങളിൽ വീരയോദ്ധാക്കളായിത്തീരുവാൻ നാം എന്തു ചെയ്യണം?

# B

13 a) പെന്തക്കോസ്തുനാളിൽ ഏതെല്ലാം അന്യനാട്ടുകാരാണ് യെരൂശലേമിലുണ്ടായിരുന്നതായി വചനത്തിൽ കാണുന്നത്?

b) അപ്പോസ്തലന്മാർ സംസാരിക്കുന്നതു കേട്ടപ്പോൾ അവർക്ക് എന്തുകൊണ്ടാണ് അത്ഭുതം തോന്നിയത്?

14 a) അന്യഭാഷാവരം ദൈവാത്മാവ് അപ്പോസ്തലന്മാർക്ക് നല്കിയതിന്റെ പിന്നിലെ ഉദ്ദേശ്യങ്ങളെന്തൊക്കയായിരുന്നു?

b) അന്യഭാഷകളിൽ അപ്പോസ്തലന്മാർ സംസാരിച്ച വിഷയം എന്തായിരുന്നു?

15 a) സുവിശേഷപ്രസംഗത്തിനുപയോഗിക്കേണ്ട ഭാഷയെപ്പറ്റി വചനത്തിൽ കാണുന്ന പ്രമാണമെന്താണ്?

b) പെന്തക്കോസ്തുനാളിൽ യെരുശലേമ്യരായ യെഹൂദന്മാരോടു പത്രോസ് സുവിശേഷം പ്രസംഗിച്ചത് അന്യഭാഷയിലോ സ്വന്തം ഭാഷയിലോ? എങ്ങനെ അതു മനസ്സിലാക്കാം?

16 a) ബസലേലിനു ചില പ്രത്യേക കഴിവുകൾ ദൈവാത്മാവു കൊടുത്തതിന്റെ ഉദ്ദേശ്യമെന്തായിരുന്നു?

b) 'കൃപാവരം' എന്ന പദത്തിന്റെ അർത്ഥമെന്താണ്?

17 ദൈവമക്കൾക്കു പരിശുദ്ധാത്മാവ് കൃപാവരങ്ങൾ നൽകിയിരിക്കുന്നതിന്റെ പിന്നിലെ ഉദ്ദേശ്യമെന്താണ്?

18 a) കൊർന്നെല്യൊസിന്റെ ഭവനത്തിൽ കൂടിയിരുന്ന ആളുകൾ എന്തു ചെയ്തപ്പോഴാണ് അവർക്ക് അന്യഭാഷാവരം കിട്ടിയത്?

b) അവർ അന്യഭാഷയിൽ സംസാരിക്കുന്നതു കേട്ടപ്പോൾ യെഹൂദ ക്രിസ്ത്യാനികൾക്ക് എന്തു മനസ്സിലായി?

19 അവരെ പത്രോസിനോടുകൂടെയുണ്ടായിരുന്ന ആളുകൾ സഭയുടെ അംഗങ്ങളായി അംഗീകരിച്ചുവോ? എങ്കിൽ തെളിവെന്താണ്?

20 a) എഫെസോസിലെ ശിഷ്യന്മാർ യേശുവിൽ വിശ്വസിച്ചിരുന്നില്ല എന്നു മനസ്സിലായപ്പോൾ പൗലോസപ്പോസ്തലൻ എന്തു ചെയ്തു?

b) എപ്പോഴാണ് അവർ അന്യഭാഷകളിൽ സംസാരിക്കയും പ്രവചിക്കയും ചെയ്തത്?

21 a) അപ്പോസ്തലനായ പൗലോസോ, എത്യോപ്യക്കാരനായ ഷണ്ഡനോ രക്ഷിക്കപ്പെട്ടു സ്നാനമേറ്റയുടൻ അന്യഭാഷകളിൽ സംസാരിച്ചതായി കാണാതിരിക്കുന്നതിൽ നിന്നു നാം എന്താണ് അന്യഭാഷാവരത്തെക്കുറിച്ച് മനസ്സിലാക്കേണ്ടത്?

b) അപ്പോസ്തലിക കാലത്ത് എല്ലാവർക്കും അന്യഭാഷാ വരം ലഭിച്ചിരുന്നില്ല എന്നു വ്യക്തമാക്കുന്ന വാക്യം ഉദ്ധരിക്കുക.

22 a) അന്യഭാഷയെക്കുറിച്ച് അത് ആരും തിരിച്ചറിയുന്നി ല്ലല്ലോ എന്ന് 1 കൊരി.14:2 ൽ പറഞ്ഞിരിക്കുന്നതിന്റെ ആശയമെന്താണ്?

b) അന്യഭാഷയിൽ സംസാരിക്കുന്നത് എപ്പോൾ ഏതു വിധത്തിലായിരിക്കണമെന്നാണ് 1 കൊരി. 14:27-28 ൽ കല്പിച്ചിരിക്കുന്നത്?

23 a) മരിച്ചുപോയ തബീഥയെ ഉയിർപ്പിച്ച പത്രോസ് രക്ത സാക്ഷിയായിത്തീർന്ന യാക്കോബിനെ ഉയിർപ്പിക്കാൻ ശ്രമിച്ചതായി വചനത്തിൽ കാണുന്നില്ല; ഇതിൽ നിന്നെ ന്താണു നാം മനസ്സിലാക്കേണ്ടത്?

b) ഭൂമിയിലുള്ള രോഗങ്ങളുടെയും മരണത്തിന്റെയും പരിഹാരമാർഗ്ഗമായിട്ടാണോ വീര്യപ്രവൃത്തികളുടെ വരം അപ്പോസ്തലന്മാർക്ക് ദൈവം നൽകിയത്?

24 a) വീര്യപ്രവൃത്തികളും അത്ഭുതങ്ങളും പ്രവർത്തിക്കാനുള്ള വരം കർത്താവ് അപ്പോസ്തലന്മാർക്ക് നല്കിയതിന്റെ പിന്നിലെ ഉദ്ദേശ്യമെന്തായിരുന്നു?

b) ആ ഉദ്ദേശ്യം വെളിപ്പെടുത്തുന്ന ഒരു വാക്യം ഉദ്ധരി ക്കുക.

25 a) പത്രോസ് ചെയ്തതുപോലെയുള്ള വീര്യപ്രവൃത്തികൾ ഇന്ന് ആരെങ്കിലും ചെയ്യുന്നുണ്ടോ?

b) ഇല്ലെന്നു വിചാരിക്കാൻ വചനത്തിൽ ന്യായമുണ്ടോ?

26 a) ഇന്നു നമുക്കുള്ള വിശ്വാസവും പ്രത്യാശയും അതേ നിലയിൽ തുടരുന്നത് എന്നു വരെയാണ്?

b) സ്നേഹം, വിശ്വാസം, പ്രത്യാശ ഇവ നിലനില്ക്കു ന്നിടത്തോളം നിലനില്ക്കാത്തവ എന്തൊക്കെയാണ്?

27 ഭാഷാവരവും പ്രവചനവരവും എന്ന്, ഏതു കാലഘട്ടത്തിൽ നീങ്ങിപ്പോകുമെന്നാണ് വചനത്തിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്നത്?

28 ഇന്നു ഭാഷാവരം നിലവിലിരിക്കുന്നില്ല എന്ന് അനുഭവത്തിന്റെ വെളിച്ചത്തിൽ പറയാൻ കഴിയുമോ? എങ്കിൽ അതിന്റെ ന്യായമെന്താണ്?

29 a) 'പ്രവചനം' എന്നു വചനത്തിൽ പറഞ്ഞിരിക്കുന്നതിന്റെ രണ്ട് അർത്ഥങ്ങളേവ?

b) ഏത് അർത്ഥത്തിലുള്ള പ്രവചനവരമാണ് നീങ്ങിപ്പോയിരിക്കുന്നത്?

30 a) 'ജ്ഞാനം' നീങ്ങിപ്പോകും എന്ന് 1 കൊരി. 13:8 ൽ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥമെന്താണ്? ഒറ്റ വാചകത്തിലെഴുതുക

b) ദൈവമക്കൾ ഏതെങ്കിലും സമയത്തു ജ്ഞാനം ഇല്ലാത്തവരായിത്തീരുമോ?

31 a) 'പൂർണ്ണമായതു വരുമ്പോൾ' എന്ന പദപ്രയോഗത്തിന്റെ അർത്ഥമെന്താണ്?

b) വെളിപ്പാട് 22:18 പ്രകാരം പ്രവചനവരം എപ്പോഴാണ് നീങ്ങിപ്പോയത്?

32 a) വിശ്വാസമെന്ന കൃപാവരം കൊണ്ടുള്ള പ്രയോജനമെന്താണ്? ഒറ്റവാചകത്തിൽ എഴുതുക.

b) ഈ കൃപാവരം ധാരാളമായി നമ്മിൽ കാണപ്പെടുവാൻ എന്തു ചെയ്യണം?

33 a) ഏതൊക്കെ കൃപാവരങ്ങളാണ് ഇന്നു നിലവിലിരിക്കുന്നത്?

b) ഗലാത്യർ 5:22 അനുസരിച്ച് പരിശുദ്ധാത്മാവ് നമ്മിൽ ഉളവാക്കുന്ന സ്വാഭാവവിശേഷതകളെന്തൊക്കയാണ്?

34 a) യേശുക്രിസ്തുവിന്റെ നാമത്തിൽ വേണം നാം പിതാവായ ദൈവത്തോടു പ്രാർത്ഥിക്കേണ്ടതെന്നു പറഞ്ഞിരിക്കുന്ന വാക്യം ഉദ്ധരിക്കുക.

b) സ്തോത്രത്തോടെ നമ്മുടെ അപേക്ഷകൾ സമർപ്പിക്കുക എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥമെന്താണ്?

35 a) രോഗത്തിൽ നിന്നും മറ്റും അത്ഭുതകരമായി സൗഖ്യം നൽകേണ്ടതിനായി ഇന്നു ദൈവത്തോടു പ്രാർത്ഥിക്കുന്നതുകൊണ്ടു പ്രയോജനമുണ്ടാകുമോ? എല്ലായ്പ്പോഴും നമ്മുടെ ആഗ്രഹപ്രകാരം തന്നെ സൗഖ്യം ലഭിക്കുമോ?

b) ഇന്ന് ഒരാളിന്റെ പ്രാർത്ഥനയ്ക്കുത്തരമായി ഒരു രോഗിക്ക് അത്ഭുതകരമായ സൗഖ്യം കിട്ടിയാൽ പ്രാർത്ഥിച്ചയാളിനു വീര്യപ്രവൃത്തികളുടെ വരം ലഭിച്ചിരിക്കുന്നു എന്നു പറയാമോ?

36 ഒരാളെ രക്ഷയിലേക്കു നയിക്കുന്നത് മരിച്ച ഒരാളിനെ ഉയിർപ്പിക്കുന്നതിനെക്കാൾ വിലയേറിയതും ശ്രേഷ്ഠവുമായ പ്രവൃത്തിയാണെന്നു പറയാൻ കാരണമെന്ത്?

37 നമ്മുടെ ആത്മികാഹാരം എന്താണ്?

38 a) പരിശുദ്ധാത്മാവിനാൽ നിറയുന്നതിനു നാം എന്തു ചെയ്യണം?

b) ആത്മനിറവുണ്ടായപ്പോൾ ശിഷ്യന്മാർ എന്തുചെയ്തുവെന്നാണ് അപ്പോ. പ്രവൃ. 4:31 ൽ കാണുന്നത്?

# C

39 യേശുക്രിസ്തു ഇനി സ്വർഗ്ഗത്തിൽ നിന്നു മദ്ധ്യാകാശത്തിലേക്കു വരുമ്പോൾ തന്നിൽ വിശ്വസിച്ചവർക്ക് (മരിച്ചുപോയവർക്കും ജീവനോടിരിക്കുന്നവർക്കും) എന്തു സംഭവിക്കും?

40 ക്രിസ്തു സഭയോടുകൂടി സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു വരുന്നത് എത്രനാൾ കഴിഞ്ഞിട്ടായിരിക്കും? രക്ഷിക്കപ്പെട്ട ഓരോരുത്തർക്കും എന്തടിസ്ഥാനത്തിലാണ് കർത്താവു പ്രതിഫലം നൽകുന്നത്?

41 a) യെഹൂദജാതിയോട് എതിർക്രിസ്തു ഏതുവിധത്തിലായിരിക്കും ഇടപെടുന്നത്?

b) അക്കാലത്ത് സത്യദൈവത്തെക്കുറിച്ചും രക്ഷാമാർഗ്ഗത്തെക്കുറിച്ചും മനുഷ്യർ എങ്ങനെ അറിയും?

42 a) എതിർക്രിസ്തുവിനെ അനുസരിക്കാതെ സത്യദൈവത്തെ അനുസരിക്കുന്നവർക്ക് എന്തു സംഭവിക്കും?

b) രണ്ടു സാക്ഷികൾക്ക് ഒടുവിൽ എന്തു സംഭവിക്കും?

43 എതിർക്രിസ്തു യേശുക്രിസ്തുവിനെതിരെ യുദ്ധം ചെയ്യാനൊരുമ്പെടുന്നതിന്റെ ഫലം എന്തായിരിക്കും?

44 a) യേശുക്രിസ്തു എത്രകാലമാണ് ഈ ഭൂമിയിൽ രാജാധിരാജാവായി വാഴുന്നത്?

b) ഈ വാഴ്ചക്കാലത്ത് യെഹൂദജാതിയ്ക്ക് എപ്രകാരമുള്ള അനുഗ്രഹമാണ് ലഭിക്കുന്നത്?

45 a) യേശുക്രിസ്തു ഭൂമിയിൽ വാഴുമ്പോൾ സാത്താൻ എവിടെയായിരിക്കും?

b) ഇന്നത്തെപ്പോലെ അന്ന് മനുഷ്യർ പരസ്പരം അനീതി പ്രവർത്തിക്കുമോ?

46 a) യേശുക്രിസ്തുവിന്റെ വാഴ്ചയുടെ അവസാനത്തിൽ മനുഷ്യർ അവനെതിരെ യുദ്ധത്തിനു തയ്യാറാകുന്നതെന്തുകൊണ്ടാണ്?

b) ആ അന്തിമയുദ്ധത്തിന്റെ ഫലമായി സാത്താന് എന്തു സംഭവിക്കും? മനുഷ്യർക്ക് എന്തു സംഭവിക്കും?

47 a) ഭൂമി അഗ്നിയാൽ ശുദ്ധീകരിക്കപ്പെടുമ്പോൾ യേശുക്രിസ്തുവും തന്റെ ജനവും എവിടെയായിരിക്കും?

b) വെള്ളസിംഹാസനത്തിൽ യേശുക്രിസ്തു പ്രത്യക്ഷപ്പെടുന്നത് എന്തിനുവേണ്ടിയാണ്?

48 a) പാപപരിഹാരം പ്രാപിക്കാതെ മരിച്ചയാളുകൾ എല്ലാം എങ്ങനെയാണ് വെള്ള സിംഹാസനത്തിനു മുമ്പാകെ ഹാജരാക്കപ്പെടുന്നത്?

b) അവർക്കോരോരുത്തർക്കും എപ്രകാരമുള്ള ശിക്ഷയാണ് ലഭിക്കുക?

49 a) പുതിയ ആകാശവും പുതിയ ഭൂമിയും എപ്പോഴാണ് ദൈവം നിർമ്മിക്കുന്നത്?

b) പുതിയ യെരുശലേം എന്ന സ്വർഗ്ഗീയ നഗരത്തെ പ്രകാശിപ്പിക്കുവാൻ സൂര്യനോ ചന്ദ്രനോ വേണ്ടി വരാത്തത് എന്തുകൊണ്ടാണ്?

50 a) നിത്യതയിൽ നാം ആകാശമണ്ഡലത്തിലെ പ്രഭപോലെയും നക്ഷത്രങ്ങളെപ്പോലെയും ശോഭിക്കുവാൻ ഇപ്പോഴെന്തു ചെയ്യണം?

b) അതു ചെയ്യുവാൻ നിങ്ങൾ കർത്താവിലാശ്രയിച്ചു തീരുമാനിച്ചിട്ടുണ്ടോ?

**“HE WHO TESTIFIES TO THESE THINGS SAYS,
YES, I AM COMING QUICKLY.
AMEN, COME LORD JESUS” (REVELATION 22:20)**

“ഇതു സാക്ഷീകരിക്കുന്നവൻ: അതേ, ഞാൻ വേഗം വരുന്നു എന്ന് അരുളിച്ചെയ്യുന്നു; ആമേൻ, കർത്താവായ യേശുവേ വരണമേ” (വെളിപാട് 22:20)

**“AND I SAW A NEW HEAVEN AND A NEW EARTH;
FOR THE FIRST HEAVEN AND THE
FIRST EARTH PASSED AWAY,
AND THERE IS NO LONGER ANY SEA..**

“ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല...

**AND I HEARD A LOUD VOICE FROM THE
THRONE SAYING, BEHOLD, THE TABERNACLE
OF GOD IS AMONG MEN, AND HE SHALL DWELL
AMONG THEM, AND THEY SHALL BE HIS PEOPLE
AND GOD HIMSELF SHALL BE AMONG THEM”
(REVELATION 21:1-3)**

സിംഹാസനത്തിൽ നിന്ന് ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടതു: ഇതാ മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം. അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും”
(വെളിപാട് 21:1–3)